കേരള സർക്കാർ

SECOND ALL INDIA SURVEY OF
EDUCATIONAL ADMINISTRATION

# 1979-ലെ
# കേരള ജില്ലാഭരണ ആക്റ്റ്
## (1980-ലെ 7-ാം ആക്റ്റ്)

(1990 സെപ്റ്റംബർ മാസം 30-ാം തീയതി വരെ
ഭേദഗതി ചെയ്ത പ്രകാരമുള്ളത്)

NIEPA DC
D07812

5483
342
KER-D

©
കേരള സർക്കാർ
1990

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
THIRUVANANTHAPURAM, 1991

DISTRICT ADMINISTRATION ACT

# 1979-ലെ

# കേരള ജില്ലാഭരണ ആക്റ്റ്

(1980-ലെ 7-ാം ആക്റ്റ്)

(1990 സെപ്റ്റംബർ മാസം 30-ാം തീയതി വരെ ഭേദഗതി ചെയ്ത പ്രകാരമുള്ളത്)

SECOND ALL INDIA SURVEY OF EDUCATIONAL ADMINISTRATION

34/17/MC

D 5483

342.
KER-D

LIBRARY & DOCUMENTATION CENTRE
National Institute of Educational
Planning and Administration.
17-B, Sri Aurobindo Marg,
New Delhi-110016
DOC, No. D-7812
Date 26-10-93

# 1979-ലെ കേരള ജില്ലാഭരണ ആക്റ്റ്

(1980-ലെ 7-ാം ആക്റ്റ്)
(30-9-1990 വരെ ഭേദഗതി ചെയ്ത പ്രകാരമുള്ളത്)

ഉള്ളടക്കം

പീഠിക


അദ്ധ്യായം I

വകുപ്പുകൾ

പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും
2 നിർവ്വചനങ്ങൾ

അദ്ധ്യായം II

ജില്ലാ കൗൺസിലുകൾ

3. ജില്ലാ കൗൺസിലുകളുടെ രൂപീകരണം
4. ജില്ലാ കൗൺസിലുകളുടെ ഘടന
5. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സീററുകൾ സംവരണം ചെയ്യൽ
6. വനിതകൾക്കു സീററു സംവരണം
7. ജില്ലയെ ഡിവിഷനുകളായി വിഭജിക്കൽ
8. അച്ചടി തെററുകൾ മുതലായവ തിരുത്തുന്നതിനുള്ള അധികാരം
9. അംഗത്വത്തിനുള്ള യോഗ്യത
10. വോട്ടർമാരും വോട്ടർ പട്ടികകളും
11. വോട്ടവകാശം
12. ജീവനക്കാരുടെ അയോഗ്യത
13. വിട്ടുകളഞ്ഞു
14. സ്ഥാനാർത്ഥികളുടെ അയോഗ്യത
15. തിരഞ്ഞെടുപ്പുകളുടെ നടപടിക്രമം
16. അംഗങ്ങളുടെ ഉദ്യോഗ കാലാവധി
17. പ്രത്യേക തിരഞ്ഞെടുപ്പുകൾ
18. നേരത്തെയുള്ള ജില്ലാ കൗൺസിൽ അധികാരത്തിൽ തുടരുന്നതാണ്

19. അംഗങ്ങളുടെ അയോഗ്യത
20. സ്ഥാനത്തേയ്ക്ക് അംഗങ്ങളെ തിരിച്ചെടുക്കൽ
21. തിരഞ്ഞെടുപ്പ് സാധുത്വം തീരുമാനിക്കൽ
22. അംഗങ്ങളുടെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ
22എ. ഒരു ജില്ലാ കൗൺസിലിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ അഥവാ ഒരു സ്ററാൻഡിംഗ് കമ്മിററിയുടെ ചെയർമാനോ ആകാൻ അർഹതയില്ലാത്ത ചില ആളുകൾ
23. ജില്ലാ കൗൺസിലിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും
24. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പും ഉദ്യോഗ കാലാവധിയും
25. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും സ്ഥാനത്തേക്കുളള സത്യപ്രതിജ്ഞ
26. പ്രസിഡന്റിന്റെ കൃത്യങ്ങൾ
27. വൈസ്പ്രസിഡന്റിന്റെ കൃത്യങ്ങൾ
28. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും കൃത്യങ്ങൾ സംബന്ധിച്ച് അധികാരലബ്ധിയും ഏല്പിച്ചുകൊടുക്കലും അവരുടെ സ്ഥാനങ്ങളിലുണ്ടാകാവുന്ന ഒഴിവുകൾ നികത്തലും
29. പ്രസിഡന്റിന്റെ അടിയന്തിരാധികാരങ്ങൾ
30. സ്ററാൻറിംഗ് കമ്മിററികൾ
31. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സ്ററാൻറിംഗ് കമ്മിററികളുടെ ചെയർമാൻമാർ, മററംഗങ്ങൾ എന്നിവരുടെ നിശ്ചിത അലവൻസുകളും മററു പുറംവരവുകളും
32. സെക്രട്ടറിയും അദ്ദേഹത്തിന്റെ ചുമതലകളും
33. സെക്രട്ടറിയുടെ കൃത്യങ്ങൾ അദ്ദേഹത്തിന്റെ അഭാവത്തിൽ മററ് ഉദ്യോഗസ്ഥൻമാർ വിനിയോഗിക്കുന്നത്.
34. സെക്രട്ടറിയുടെ കൃത്യങ്ങൾ ഏല്പിച്ചുകൊടുക്കൽ
35. കത്തിടപാടുകളുടെ മാർഗ്ഗം
36. ജില്ലാ കൗൺസിലിലെ ജീവനക്കാർ
37. ജില്ലാ കൗൺസിൽ യോഗങ്ങൾ
38. ഓരോ അംഗത്തിന്റെയും അവകാശങ്ങൾ
39. നടപടികളുടെ മിനിററ്സ്
40. റിക്കാർഡുകൾ ആവശ്യപ്പെടുന്നതിന് ജില്ലാ കൗൺസിലിനും പ്രസിഡന്റിനുമുളള അധികാരം
41. ജില്ലാ കൗൺസിലിന്റെയും സ്ററാൻറിംഗ് കമ്മിററികളുടേയും നടപടി ക്രമങ്ങൾ
42. പ്രസിഡന്റിലോ, വൈസ് പ്രസിഡന്റിലോ അഥവാ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനിലോ ഉളള അവിശ്വാസം സംബന്ധിച്ച പ്രമേയം
43. പ്രസിഡന്റിന്റേയോ വൈസ് പ്രസിഡന്റിന്റേയോ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാന്റേയോ അംഗത്തിന്റേയോ രാജി

## അദ്ധ്യായം III

## ജില്ലാ കൗൺസിലുകളുടെ കൃത്യങ്ങളും അധികാരങ്ങളും ആസ്തികളും


44. ജില്ലാ കൗൺസിലുകളുടെ അധികാരങ്ങളും കൃത്യങ്ങളും

45. പഞ്ചായത്തുകൾ ഭരണം നടത്തുന്ന വിഷയങ്ങളിൻമേൽ ജില്ലാ കൗൺസിലുകൾക്കുള്ള അധികാരം

46. സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കുന്നതിനുള്ള അധികാരം

47. ജില്ലാ കൗൺസിലുകൾക്ക് ആവശ്യമുള്ള സ്ഥാവരവസ്തുക്കൾ വിലയ്ക്കെടുക്കൽ

48. പ്രസിഡൻറിൻെറ മേലന്വേഷണാധികാരങ്ങൾ


## അദ്ധ്യായം IV

## ധനകാര്യം


49. വിട്ടുകളഞ്ഞത്

50. ഗ്രാൻറുകൾ

51. ജില്ലാ കൗൺസിലുകൾക്കുവേണ്ടിയുള്ള ധനകാര്യ കമ്മീഷൻ

52. പദ്ധതികൾക്കും പ്രോജക്ററുകൾക്കും ഗ്രാൻറുകളും വായ്പകളും

53. വായ്പകൾ വാങ്ങുന്നതിനു ജില്ലാ കൗൺസിലുകൾക്കുള്ള അധികാരം

54. ഫീസ് പിരിക്കൽ

55. ജില്ലാ കൗൺസിൽ ഫണ്ട്

56. ജില്ലാ കൗൺസിൽ ഫണ്ടിൽനിന്നുള്ള ചെലവ്

57. ബഡ്ജററ് തയ്യാറാക്കുകയും അനുമതി നല്കുകയും ചെയ്യുന്നത്

58. ബഡ്ജററിൻമേൽ സർക്കാരിനുള്ള അധികാരങ്ങൾ

59. ബഡ്ജററിൽ തുക കൊള്ളിക്കാതെ യാതൊരു തുകയും ചെലവാക്കാൻ പാടില്ലെന്ന്

60. കണക്കുകളും ആഡിററും

61. പിരിഞ്ഞുകിട്ടാത്ത തുകകൾ എഴുതിത്തള്ളുന്നത്

62. സർക്കാർ നല്കുന്ന വായ്പകളും മുൻകൂറുകളും വസൂലാക്കൽ


## അദ്ധ്യായം V

## നിയന്ത്രണം


63. നയസംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം

64. ചില സംഗതികളിൽ ജില്ലാ കൗൺസിലുകൾ അധികാരങ്ങൾ വിനിയോഗിക്കുന്നതും കൃത്യങ്ങൾ ചെയ്യുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം

65. പദ്ധതികളോ പരിപാടികളോ സംസ്ഥാനത്തൊട്ടാകെയോ അഥവാ ഏതെങ്കിലും ഭാഗത്തേക്കു വേണ്ടിയോ ഏറ്റെടുക്കുന്നതിന് സർക്കാരിനുള്ള അധികാരം

66. നിയന്ത്രണാവശ്യങ്ങൾക്കുവേണ്ടി സർക്കാരിനുള്ള അധികാരങ്ങൾ

67. ഭരണ റിപ്പോർട്ട്

68. ജില്ലാ കൗൺസിലിന്റെ പ്രമേയം റദ്ദാക്കുന്നതിനോ നിറുത്തിവയ്ക്കുന്നതിനോ സർക്കാരിനുള്ള അധികാരം

69. ജില്ലാ കൗൺസിൽ വരുത്തുന്ന വീഴ്ചയിൽ നടപടി എടുക്കുന്നതിന് സർക്കാരിനുള്ള അധികാരം

70. പ്രസിഡന്റിനേയോ, വൈസ്-പ്രസിഡന്റിനേയോ, സ്റ്റാന്റിംഗ് കമ്മിററി ചെയർമാനേയോ നീക്കം ചെയ്യുന്നതിന് സർക്കാരിനുള്ള അധികാരം

71. ജില്ലാ കൗൺസിൽ പിരിച്ചുവിടലും ദുർബലപ്പെടുത്തലും

72. ജില്ലാ കൗൺസിലിനുവേണ്ടിയോ അതിന്റെ അഭാവത്തിലോ നടപടി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരങ്ങളും അതിന്റെ ഫണ്ടിന്റെ ബാദ്ധ്യതയും


## അദ്ധ്യായം VI

## പുനരവലോകനവും പുനശ്ശോധനയും


73. ജില്ലാ കൗൺസിലിന് അതിന്റെ ഉത്തരവുകൾ പുന:പരിശോധന ചെയ്യാമെന്ന്

74. റിവിഷനുള്ള സർക്കാരിന്റെ അധികാരം


## അദ്ധ്യായം VI A

## തെരഞ്ഞെടുപ്പു കുററങ്ങൾ


74എ. തെരഞ്ഞെടുപ്പു ദിവസവും തെരഞ്ഞെടുപ്പ് ദിവസത്തിന്റെ തലേ ദിവസവും പൊതുയോഗം നിരോധിക്കൽ

74ബി. തെരഞ്ഞെടുപ്പ് യോഗങ്ങളിൽ കലക്കമുണ്ടാക്കൽ

74സി. പോളിംഗ് സ്റേറഷനുകളിലോ അവയ്ക്കടുത്തുവച്ചോ ഉള്ള ക്രമരഹിതമായ പെരുമാററത്തിനുള്ള ശിക്ഷ

74ഡി. പോളിംഗ് സ്റേറഷനിലോ അതിനടുത്തോ വച്ചു വോട്ടുപിടിക്കുന്നത് നിരോധിക്കൽ

74ഇ. പോളിംഗ് സ്റേറഷനിൽനിന്ന് ബാലററ് പേപ്പറോ ബാലററ് പെട്ടിയോ മാററുന്നത് ഒരു കുററമാണ്

74എഫ്. മററു കുററങ്ങളും അവയ്ക്കുള്ള ശിക്ഷകളും

74ജി. തെരഞ്ഞെടുപ്പിന്റെ രഹസ്യം പാലിക്കാതിരിക്കൽ

74എച്ച്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർ മുതലായവർ സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ പാടില്ല

74ഐ. തെരഞ്ഞെടുപ്പിൽ നിയമവിരുദ്ധമായി വാഹനങ്ങൾ വാടകയ്ക്കെടുക്കുകയോ കരസ്ഥമാക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ

74ജെ. സർക്കാർ വകുപ്പുകളിലെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും അല്ലെങ്കിൽ മററ് അധികാരസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും ലിസ്ററ് നൽകണമെന്ന്

74കെ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക കർത്തവ്യങ്ങളുടെ ലംഘനങ്ങൾ

74എൽ. തെരഞ്ഞെടുപ്പാവശ്യങ്ങൾക്ക് പരിസരങ്ങളും മററും ആവശ്യപ്പെടൽ

74എം. തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഓരോ വിഭാഗം ആളുകൾക്കിടയിൽ ശത്രുത വളർത്തൽ

74എൻ. ലഘുലേഖകൾ, പോസ്ററുകൾ മുതലായവ പ്രിൻറുചെയ്യുന്നതിനുള്ള നിയന്ത്രണം

## അദ്ധ്യായം VII

## ചട്ടങ്ങളും ഉപനിയമങ്ങളും ശിക്ഷകളും

75. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനുള്ള അധികാരം

76. ജില്ലാ കൗൺസിലിനു ഉപനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും അവയുടെ ലംഘനത്തിനുള്ള ശിക്ഷയും

77. അയോഗ്യതയുള്ളപ്പോൾ അംഗമായോ പ്രസിഡൻറായോ വൈസ് പ്രസിഡൻറായോ പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ

78. ഒരു ജീവനക്കാരൻ കരാറുപണിയിൽ അവകാശബന്ധം ആർജിച്ചാലുള്ള പിഴ

79. വാർത്ത നൽകാതിരുന്നതിനോ തെററായ വാർത്ത നൽകുന്നതിനോ ഉള്ള ശിക്ഷ

80. നോട്ടീസ് നീക്കം ചെയ്യുകയോ മായ്ച്ചുകളയുകയോ ചെയ്യുന്നതിനുള്ള ശിക്ഷ

81. ജില്ലാ കൗൺസിലിനെ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ

82. പിഴകൾ ജില്ലാ കൗൺസിലിലേക്ക് വരവു വയ്ക്കേണ്ടതാണെന്ന്

## അദ്ധ്യായം VIII

## പൊതുവും പലവകയും

83. പ്രവൃത്തികൾ നടത്തുന്നതിൽ ജില്ലാ കൗൺസിലിനുള്ള അധികാരങ്ങൾ

84. ജോയിൻറ് കമ്മിററിയുടെ നിയമനം

85. ജില്ലാ കൗൺസിലും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാക്കൽ

86. ജില്ലാ കൗൺസിലിൻെറ നടപടികൾ അനൗപചാരികത മുതലായവ മൂലം അസാധുവാക്കാൻ പാടില്ലെന്ന്

87. നോട്ടീസ് ഉത്തരവ് മുതലായവയുടെ ഫോറം, അവ നടപ്പാക്കുന്നതിനുള്ള സമയനിർണ്ണയം, വീഴ്ച വരുത്തുമ്പോഠം അവ നടപ്പാക്കുന്നതിനുള്ള അധികാരം എന്നിവ

88. പ്രസിഡൻറിനും വൈസ്-പ്രസിഡൻറിനും സെക്രട്ടറിക്കും അദ്ദേഹത്തിൻെറ പ്രതിനിധികഠംക്കും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം

89. കുടിശ്ശികകഠം ഭൂനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണെന്ന്

90. ഉപയോഗിക്കാത്ത സബ്സിഡികളും ഗ്രാൻറുകളും വസൂലാക്കുന്നതിനുള്ള അധികാരം

91. ഉത്തമവിശ്വാസത്തോടെ ചെയ്ത പ്രവർത്തികഠംക്ക് സംരക്ഷണം

92. ജില്ലാ കൗൺസിലിൻെറ അധികാരസ്ഥാനങ്ങഠംക്കും അവരുടെ ഉദ്യോഗസ്ഥൻമാർക്കും എതിരായി വ്യവഹാരം ബോധിപ്പിക്കൽ

93. ശിക്ഷാനടപടിയെടുക്കുന്നതിന് അധികാരപ്പെട്ട ആളുകഠം

94. കുററങ്ങഠം രാജിയാക്കൽ

95. പ്രോസിക്യൂഷനുവേണ്ടിയുള്ള അനുമതി

96. തെരഞ്ഞെടുപ്പു നടപടികളിൽ ഇഞ്ചംഗ്ഷനുകഠം അനുവദിക്കാൻ പാടില്ലെന്ന്

97. സ്വത്തിൻെറ നഷ്ടമോ ദുർവ്യയമോ ദുർവിനിയോഗമോ സംബന്ധിച്ച് പ്രസിഡൻറിനും, വൈസ്-പ്രസിഡൻറിനും, സെക്രട്ടറിക്കും അംഗങ്ങഠംക്കുമുള്ള ബാദ്ധ്യത

98. നികുതിനിർണ്ണയം മുതലായവ ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്ന്

99. പോലീസുദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങഠം

100. ജില്ലാ കൗൺസിലിൻെറ തൊഴിലാളികഠം മുതലായവർ പൊതുജീവനക്കാരാണെന്ന്

101. അധികാരം ഏൽപ്പിച്ചുകൊടുക്കൽ

101എ. വൈഷമ്യങ്ങഠം നീക്കം ചെയ്യൽ

102. ചില നിയമങ്ങഠംക്കുള്ള ഭേദഗതികഠം

## പട്ടിക

ഒന്നാം പട്ടിക — ജില്ലാ കൗൺസിലുകളിൽ നിക്ഷിപ്തമായ കാര്യങ്ങളും വിഷയങ്ങളും

രണ്ടാം പട്ടിക — സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുള്ള ഫാറം

മൂന്നാം പട്ടിക — സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുള്ള ഫാറം

നാലാം പട്ടിക — 1960-ലെ കേരള പഞ്ചായത്ത് ആക്ററിനുള്ള (1960-ലെ 32) ഭേദഗതികഠം

അഞ്ചാം പട്ടിക —1961–ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട് (1961–ലെ 30)–ന്റെ ഭേദഗതികൾ

ആറാം പട്ടിക —1960–ലെ കേരള മുനിസിപ്പാലിററി ആക്ററ് (1961–ലെ 14) –ന്റെ ഭേദഗതി

ഏഴാം പട്ടിക —1960–ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്ററിനുള്ള (1960–ലെ 30) ഭേദഗതി

എട്ടാം പട്ടിക —1972–ലെ കേരള സസ്യരോഗങ്ങളും കീട ബാധകളും ആക്ററിനുള്ള (1972–ലെ 25) ഭേദഗതികൾ

ഒൻപതാം പട്ടിക —1961–ലെ കേരള കന്നുകാലി അതിക്രമിച്ചു കടക്കൽ ആക്ററിനുള്ള (1961–ലെ 26) ഭേദഗതി

പത്താം പട്ടിക —തൂക്കങ്ങളും അളവുകളും (നടപ്പാക്കൽ) സംബന്ധിച്ച് 1958–ലെ കേരള ആക്ടിനുള്ള (1958–ലെ 45) ഭേദഗതി

പതിനൊന്നാം പട്ടിക —1950–ലെ തിരുവിതാംകൂർ–കൊച്ചി ഫിഷറീസ് ആക്ററിനുള്ള (1950–ലെ 34) ഭേദഗതി

പന്ത്രണ്ടാം പട്ടിക —1927–ലെ ഇൻഡ്യൻ ഫിഷറീസ് (മദിരാശി ഭേദഗതി) ആക്ററുമൂലം (1929–ലെ 11–ാം മദിരാശി ആക്ററ്) ഭേദഗതി ചെയ്യപ്പെട്ട 1897–ലെ ഇൻഡ്യൻ ഫിഷറീസ് ആക്ററിനുള്ള (1897–ലെ 4–ാം കേന്ദ്ര ആക്ററ്) ഭേദഗതി.

പതിമൂന്നാം പട്ടിക — 1955–ലെ തിരുവിതാംകൂർ–കൊച്ചി പൊതുജനാരോഗ്യ ആക്ററിനുള്ള (1955–ലെ 16) ഭേദഗതികൾ

പതിനാലാം പട്ടിക —1939–ലെ മദിരാശി പൊതുജനാരോഗ്യ ആക്ററിനുള്ള (1939–ലെ 111–ാം മദിരാശി ആക്ററ്) ഭേദഗതികൾ

പതിനഞ്ചാം പട്ടിക —1956–ലെ തിരുവിതാംകൂർ–കൊച്ചി ജലസേചന ആക്ററിനുള്ള (1956–ലെ 7) ഭേദഗതികൾ

പതിനാറാം പട്ടിക —1952–ലെ തിരുവിതാംകൂർ കൊച്ചി ജലസേചന കുളങ്ങൾ (സംരക്ഷണവും നന്നാക്കലും) ആക്ററിനുള്ള (1952–ലെ 23) ഭേദഗതി

പതിനേഴാം പട്ടിക —1949–ലെ മദിരാശി ജലസേചന കുളങ്ങൾ (നന്നാക്കൽ) ആക്ററ് (1949–ലെ 19) നുള്ള ഭേദഗതി

പതിനെട്ടാം പട്ടിക —1943–ലെ മദിരാശി ജലസേചനപ്പണികൾ (നന്നാക്കലും പരിഷ്ക്കരണവും നിർമ്മാണവും) ആക്ററിനുള്ള ഭേദഗതി

പത്തൊൻപതാം പട്ടിക —1947–ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്ററിനുള്ള (1947–ലെ) ഭേദഗതി

ഇരുപതാം പട്ടിക —1955–ലെ മദിരാശി ജലസേചന (അഭിവൃദ്ധി നികുതി ചുമത്തൽ) ആക്ററിനുള്ള (1955–ലെ 3–ാം മദിരാശി ആക്ററ്) ഭേദഗതി

ഇരുപത്തൊന്നാം പട്ടിക —1967–ലെ കേരള ജലസേചനപ്പണികൾ (കൂട്ടായ പ്രവർത്തനംമൂലം നടപ്പാക്കൽ) ആക്ററിനുള്ള ഭേദഗതി (1967–ലെ 20)

ഇരുപത്തിരണ്ടാം പട്ടിക —1961–ലെ കേരള സർവ്വേ–അതിരടയാള ആക്ററിനുള്ള (1961–ലെ 37) ഭേദഗതി

ഇരുപത്തിമൂന്നാം പട്ടിക —പാർക്കുകളും, കളിസ്ഥലങ്ങളും തുറസ്സായ സ്ഥലങ്ങളും (സൂക്ഷിക്കലും നിയന്ത്രിക്കലും) ചെയ്യുന്നത് സംബന്ധിച്ച് 1969–ലെ ആക്ററിനുള്ള (1969 ലെ 2) ഭേദഗതി

ഇരുപത്തിനാലാം പട്ടിക —1096–ലെ തിരുവിതാംകൂർ പൊതുതോടുകളും പൊതുകടത്തുകളും ആക്ററിനുള്ള (1096–ലെ 6) ഭേദഗതി

ഇരുപത്തിയഞ്ചാം പട്ടിക —1890–ലെ മദിരാശി തോടുകളും പൊതു കടത്തുകളും ആക്ററിനുള്ള (1890–ലെ 2–ാം മദിരാശി ആക്ററ്) ഭേദഗതി

ഇരുപത്തിയാറാം പട്ടിക —1082–ലെ കൊച്ചി കടത്തുകളും ടോളും ആക്ററിനുള്ള ഭേദഗതി

ഇരുപത്തിഏഴാം പട്ടിക —1958–ലെ കേരള വിദ്യാഭ്യാസ ആക്ററിനുള്ള (1959–ലെ 6) ഭേദഗതി

ഇരുപത്തിയെട്ടാം പട്ടിക —വിട്ടുകളഞ്ഞത്

ഇരുപത്തി ഒൻപതാം പട്ടിക —1120–ലെ കൊച്ചി യാചക ആക്ററിനുള്ള (1120–ലെ 21) ഭേദഗതി

മുപ്പതാം പട്ടിക —1964–ലെ കേരള ഭൂവികസന ആക്ററിനുള്ള (1964–ലെ 17) ഭേദഗതി

മുപ്പത്തിഒന്നാം പട്ടിക —1961–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ആക്ററിനുള്ള (1961–ലെ 20 ഭേദഗതി)

മുപ്പത്തിരണ്ടാം പട്ടിക —1958–ലെ കേരള സിനിമ (നിയന്ത്രിത) ആക്ററിനുള്ള (1958–ലെ 32) ഭേദഗതി

മുപ്പത്തിമൂന്നാം പട്ടിക —1961–ലെ കേരള ഭൂനികുതി ആക്ററിനുള്ള (1961 ലെ 13) ഭേദഗതി

മുപ്പത്തിനാലാം പട്ടിക —1980–ലെ കേരള സമുദ്ര മത്സ്യ ബന്ധന (നിയന്ത്രണ) ആക്ററിന്റെ (1981–ലെ 10) ഭേദഗതി

മുപ്പത്തി അഞ്ചാം പട്ടിക —1959–ലെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ആക്ററിന്റെ (1957–ലെ 9) ഭേദഗതി.

മുപ്പത്താറാം പട്ടിക —1989–ലെ കേരള പബ്ലിക് ലൈബ്രറി (കേരള ഗ്രന്ഥശാലാ സംഘം) ആക്ററിന്റെ (1989–ലെ 15) ഭേദഗതി

# 1979—ലെ കേരള ജില്ലാഭരണ ആക്റ്റ്

(1980—ലെ 7—ാം ആക്റ്റ്)

ജില്ലാ കൗൺസിലുകൾ രൂപീകരിച്ച് ജില്ലാതലത്തിൽ വികേന്ദ്രീകൃത ഭരണ സമ്പ്രദായം വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

പീഠിക.—ജില്ലാ കൗൺസിലുകൾ രൂപീകരിക്കുകയും അങ്ങനെയുള്ള ജില്ലാ കൗൺസിലുകൾക്ക് സംസ്ഥാന സർക്കാരിന്റെ ചില അധികാരങ്ങളും പ്രവൃത്തികളും ഏൽപ്പിച്ചുകൊടുക്കുകയും ചെയ്ത് ജില്ലാതലത്തിൽ ഒരു ജനായത്ത വികേന്ദ്രീകൃത ഭരണ സമ്പ്രദായത്തിന് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 1979—ലെ കേരള ജില്ലാഭരണ ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് നിശ്ചയിക്കാവുന്ന തീയതിയിൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ വ്യത്യസ്ത പ്രദേശങ്ങൾക്കും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ഈ ആക്റ്റ് നടപ്പിൽ വരുന്നതു സംബന്ധിച്ച് അപ്രകാരമുള്ള ഏതെങ്കിലും വ്യവസ്ഥയിലുള്ള ഏതെങ്കിലും പരാമർശം ആ വ്യവസ്ഥ നടപ്പിൽ വരുന്നതു സംബന്ധിച്ചുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മററുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) ''തദ്ദേശ ഗവൺമെന്റ് കമ്മീഷണർ'' എന്നതിന് ജില്ലാ കൗൺസിലുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും സംബന്ധിച്ച് ഈ ആക്റ്റുപ്രകാരം തദ്ദേശ ഗവൺമെന്റ് കമ്മീഷണറുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിയമിക്കുന്ന ഗവൺമെന്റ് സെക്രട്ടറിയുടെ പദവിക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) ''തിരഞ്ഞെടുപ്പ് ഡയറക്ടർ'' എന്നതിന് 1951-ലെ ജനപ്രാതിനിദ്ധ്യ ആക്ററിൽ (1951-ലെ 43-ാം കേന്ദ്ര ആക്ററ്) നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള മുഖ്യതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

[1][(സി) ''ജില്ല'' എന്നാൽ 1924-ലെ കൻേറാൺമെൻറ് ആക്ററ് (1924-ലെ 2-ാം കേന്ദ്ര ആക്ററ്) പ്രകാരം പ്രഖ്യാപിക്കപ്പെട്ട ഒരു കൻേറാൺമെൻറിൻെറ അതിർത്തികൾക്കുള്ളിലുള്ള പ്രദേശം ഒഴികെയുള്ള ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു;]

(ഡി) ''ജില്ലാ കൗൺസിൽ'' എന്നതിന് 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു;

(ഇ) ''ലോക്കൽ ഫണ്ട് അക്കൗണ്ട്സ് എക്സാമിനർ'' എന്നതിന് സർക്കാർ നിയമിക്കുന്ന ലോക്കൽ ഫണ്ട് അക്കൗണ്ട് എക്സാമിനർ എന്നർത്ഥമാകുന്നു;

(എഫ്) ''തദ്ദേശഭരണ സ്ഥാപനം'' എന്നതിന് [2][''ഏതെങ്കിലും ജില്ലയിൽ ബന്ധപ്പെട്ട ജില്ലാ കൗൺസിലും താലൂക്ക് സിമിതികളും''] എന്ന വാക്കുകൾകൂടി ചേർക്കേണ്ടതാണ്;] ഏതെങ്കിലും നഗരത്തിൽ, ബന്ധപ്പെട്ട നഗരത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ എന്നും, ഏതെങ്കിലും മുനിസിപ്പാലിററിയിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിൽ എന്നും, ഏതെങ്കിലും പഞ്ചായത്തു പ്രദേശത്ത്, ബന്ധപ്പെട്ട പ ചായത്തെന്നും, ഒരു ടൗൺഷിപ്പിൻെറ അധികാരാതിർത്തിക്കകത്തുള്ള ഏതെങ്കിലും പ്രദേശത്ത്, ബന്ധപ്പെട്ട ടൗൺഷിപ്പു കമ്മിററി എന്നും അർത്ഥമാകുന്നു.

(ജി) ''അംഗം'' എന്നതിന് [3][ ] ജില്ലാ കൗൺസിലിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(എച്ച്) ''മുനിസിപ്പൽ കോർപ്പറേഷൻ'' എന്നതിന് 1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ററ് (1961-ലെ 30)-ൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു നഗരത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ഐ) ''മുനിസിപ്പാലിററി'' എന്നതിന് 1960-ലെ കേരള മുനിസിപ്പാലിററികൾ ആക്ററ് (1961-ലെ 14)-ൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിററി എന്നർത്ഥമാകുന്നു;

(ജെ) ''പഞ്ചായത്ത്'' എന്നതിന് 1960-ലെ കേരള പഞ്ചായത്ത് ആക്ററ് (1960-ലെ 32)-ൻ കീഴിൽ ഒരു പഞ്ചായത്ത് പ്രദേശത്തിൻെറ തദ്ദേശ ഭരണത്തിനുവേണ്ടി രൂപീകരിച്ചതോ അഥവാ രൂപീകരിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ സമിതി എന്നർത്ഥമാകുന്നു;

---

[1] 1990-ലെ 18-ാം ആക്ററുപ്രകാരം പകരം ചേർത്തത്.

[2] 1989-ലെ 35-ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

[3] 1989-ലെ 35-ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.

(കെ) ''പഞ്ചായത്തു പ്രദേശം'' എന്നതിന് 1960-ലെ കേരള പഞ്ചായത്ത് ആക്ററ് (1960-ലെ 32)-ൻ കീഴിൽ പ്രഖ്യാപിച്ചതോ അഥവാ പ്രഖ്യാപിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും തദ്ദേശ പ്രദേശം എന്നർത്ഥമാകുന്നു;

(എൽ) ''നിർണ്ണയിക്കപ്പെട്ട'' എന്നതിന് ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എം) ''പ്രസിഡൻറ്'' എന്നതിന് ജില്ലാ കൗൺസിലിൻെറ പ്രസിഡൻറ് എന്നർത്ഥമാകുന്നു;

(എൻ) ''ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ച് ''പദവി'' എന്നതിന് ശമ്പള സ്കെയിലിൻെറയോ അഥവാ അതതു സമയം കേരള ഗവർണ്ണർ പുറപ്പെടുവിക്കുന്ന ''മുൻഗണനാ ക്രമപ്പട്ടിക''യിൽ അയാൾക്ക് നൽകുന്ന മുൻഗണന ക്രമത്തിൻെറയോ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള അയാളുടെ പദവി എന്നർത്ഥമാകുന്നു;

(ഒ) ''പട്ടിക ജാതിക്കാർ'', ''പട്ടിക വർഗ്ഗക്കാർ'' എന്നിവയ്ക്കു ഇൻഡ്യൻ ഭരണഘടനയിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(പി) ''സെക്രട്ടറി'' എന്നതിന് ജില്ലാ കൗൺസിലിൻെറ സെക്രട്ടറി എന്നർത്ഥമാകുന്നു;

[1](പിപി) ''താലൂക്ക് സമിതി'' എന്നതിന് 1960-ലെ കേരള പഞ്ചായത്ത് ആക്ററിൽ (1960-ലെ 32) ഈ ആക്ററിലെ നാലാം പട്ടികമൂലം ചേർക്കപ്പെട്ട പ്രസ്തുത ആക്ററിലെ [2][128-എ വകുപ്പു] പ്രകാരം രൂപീകരിക്കപ്പെട്ട താലൂക്ക് സമിതി എന്നർത്ഥമാകുന്നു;

(ക്യൂ) ''ടൗൺഷിപ്പ്'' എന്നതിന് 1961-ലെ ഗുരുവായൂർ ടൗൺഷിപ്പ് ആക്ററ് (1961-ലെ 43) 2-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന ഗുരുവായൂർ ടൗൺഷിപ്പ് എന്നർത്ഥമാകുന്നു;

(ആർ) ''വൈസ് പ്രസിഡൻറ്'' എന്നതിന് ജില്ലാ കൗൺസിലിൻെറ വൈസ് പ്രസിഡൻറ് എന്നർത്ഥമാകുന്നു;

(എസ്) ഈ ആക്ററിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ ഈ ആക്ററിൽ നിർവ്വചിച്ചിട്ടില്ലാത്തതും 1960-ലെ കേരള പഞ്ചായത്ത് ആക്ററിൽ (1960-ലെ 32) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആ ആക്ററിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

---

1 1989-ലെ 35-ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

2 1990-ലെ 18-ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

## അദ്ധ്യായം II

### ജില്ലാ കൗൺസിലുകൾ

3. ജില്ലാ കൗൺസിലുകളുടെ രൂപീകരണം.—(1) സർക്കാർ ഗസററിൽ പരസ്യംമൂലം, പരസ്യത്തിൽ പ്രത്യേകം പറയാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി ഓരോ ജില്ലയ്ക്കും ഓരോ ജില്ലാ കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഏതൊരു ജില്ലാ കൗൺസിലും ശാശ്വത പിൻതുടർച്ചാവകാശവും ഒരു പൊതു മുദ്രയും, സ്ഥാവരവും ജംഗമവും ആയ വസ്തു സമ്പാദിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിക്കുന്നതിനും കരാറിലേർപ്പെടുന്നതിനും അധികാരമുള്ള ജില്ലയുടെ പേരോടുകൂടിയ ഏകാംഗയോഗമായിരിക്കുന്നതും, ഈ ആക്ററുമൂലമോ അതിൻകീഴിലോ അല്ലെങ്കിൽ തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമംമൂലമോ നിയമത്തിൻകീഴിലോ ചുമത്തപ്പെട്ട ഏതെങ്കിലും നിയന്ത്രണത്തിനോ ഉപാധിക്കോ വിധേയമായി, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതും ഏത് ആവശ്യങ്ങൾക്കുവേണ്ടി അതു രൂപീകരിച്ചുവോ ആ ആവശ്യങ്ങൾക്കുവേണ്ടി ആവശ്യമോ ഉചിതമോ യുക്തമോ ആയിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യേണ്ടതുമാകുന്നു.

[1][4. ജില്ലാ കൗൺസിലുകളുടെ ഘടന.—ഓരോ ജില്ലാ കൗൺസിലും സർക്കാരിന് ഗസററിൽ വിജ്ഞാപനംമൂലം, ജില്ലയിലെ ജനസംഖ്യയുടെ ഓരോ അമ്പതിനായിരത്തിനോ അതിൻെറ അംശത്തിനോ ഒരംഗം എന്ന തോതിൽ നിശ്ചയിക്കപ്പെടുകയും നിർണ്ണയിക്കപ്പെട്ട വിധത്തിൽ തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത അംഗസംഖ്യ ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ഓരോ ജില്ലാ കൗൺസിലിലേയും അംഗസംഖ്യ ഇരുപതിൽ കുറവോ നാല്പതിൽ കൂടുതലോ ആകാൻ പാടില്ലാത്തതും ഏററവും കുറവും ഏററവും കൂടുതലും നിശ്ചയിക്കുന്നതിന് ഈ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ജനസംഖ്യയുടെ പരിധിയിൽ ആവശ്യമുള്ളിടത്തോളം വ്യതിയാനങ്ങൾ വരുത്തുന്നത് നിയമാനുസൃതമായിരിക്കുന്നതുമാണ്.]

5. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സീററുകൾ സംവരണം ചെയ്യൽ.—(1) ഓരോ ജില്ലാ കൗൺസിലിലും പട്ടികജാതിക്കാർക്ക് സീററുകൾ സംവരണം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ച് സംവരണം ചെയ്യുന്ന സീററുകളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ചിട്ടുള്ളതായ സീററുകളുടെ എണ്ണം [2][4-ാം വകുപ്പിൻകീഴിൽ] നിശ്ചയിച്ചിട്ടുള്ള ജില്ലാ കൗൺസിലിലെ ആകെ അംഗങ്ങളുടെ എണ്ണത്തിൻെറ പത്തു ശതമാനമായിരിക്കുകയോ, അഥവാ ജില്ലയിലെ പട്ടികജാതിക്കാർക്ക് ആ ജില്ലയിലുള്ള മൊത്തം ജനസംഖ്യയുമായി എന്തനുപാതമുണ്ടോ കഴിയുന്നിടത്തോളം അതിനു തുല്യമായ അനുപാതം അതിന് ജില്ലാ കൗൺസിലിൽ ആകെയുള്ള

[1] 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

[2] 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

സീററുകളുമായി ഉണ്ടായിരിക്കത്തക്കവണ്ണമോ, ഇവയിൽ ഏതാണോ കൂടുതൽ അപ്രകാരം ആയിരിക്കേണ്ടതുമാകുന്നു.

(3) പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ പതിനായിരമോ അതിൽ കൂടുതലോ ആയിരിക്കുന്ന ഏതൊരു ജില്ലയിലും, ആ ജില്ലയിലെ ജില്ലാ കൗൺസിലിൽ പട്ടികവർഗ്ഗക്കാർക്കുകൂടി ഒരു സീററു സംവരണം ചെയ്യേണ്ടതാണ്.

(4) (1)-ം (3)-ം ഉപവകുപ്പുകളിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ പട്ടികജാതിയിലോ പട്ടികവർഗ്ഗങ്ങളിലോപെട്ട ആളുകളെ ജില്ലാ കൗൺസിലിലെ സംവരണം ചെയ്യാത്ത സീററുകളിൽ തിരഞ്ഞെടുപ്പിന് നിൽക്കുന്നത് തടയുന്നതായി കരുതാൻ പാടുള്ളതല്ല.

[1][എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം പട്ടിക ജാതിയിലോ, പട്ടികവർഗ്ഗത്തിലോപെട്ട ഒരു വനിതയ്ക്കായി സംവരണം ചെയ്യപ്പെട്ട സീററ്, ഈ വകുപ്പുപ്രകാരം പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ വേണ്ടി സംവരണം ചെയ്യപ്പെടേണ്ട സീററുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് കണക്കിലെടുക്കാൻ പാടില്ലാത്തതാകുന്നു:

മാത്രമല്ല ഈ വകുപ്പുപ്രകാരം പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സീററുകൾ സംവരണം ചെയ്യപ്പെടേണ്ടത് അപ്രകാരമുള്ള ജാതിക്കാരുടെയോ വർഗ്ഗക്കാരുടെയോ ജനസംഖ്യ എവിടെയാണോ ഏററവും കൂടുതലുള്ളത് അങ്ങനെയുള്ള സീററുകളിലേയ്ക്കായിരിക്കേണ്ടതുമാണ്."

[2][6. വനിതകൾക്ക് സീററുസംവരണം.—(1) ഓരോ ജില്ലാ കൗൺസിലിലും ഏററവും കൂടുതൽ വനിതാ വോട്ടർമാർ ഉള്ള സീററുകൾ വനിതകൾക്കു വേണ്ടി സംവരണം ചെയ്യപ്പെടേണ്ടതും അവ 4-ാം വകുപ്പുപ്രകാരം നിജപ്പെടുത്തി ചെയ്യപ്പെട്ട അംഗസംഖ്യയുടെ മുപ്പതു ശതമാനത്തിൽ കുറയാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ അപ്രകാരം സംവരണം ചെയ്യപ്പെട്ട സീററുകളിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഏററവും കൂടുതൽ ആളുകൾ ഉള്ള ഒരു സീററ് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു വനിതയ്ക്കു വേണ്ടി ആയിരിക്കേണ്ടതുമാണ്.

മാത്രമല്ല ഈ വകുപ്പുപ്രകാരം വനിതകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള സീററുകളും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഏററവും കൂടുതൽ ജനസംഖ്യയുള്ളതും 5-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി സംവരണം ചെയ്യേണ്ടതും ഒരേ സീററു തന്നെ ആകുകയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള സീററുകൾ നല്കുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവർക്ക് മുൻഗണന നല്കേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത ഏററവും കൂടുതൽ വനിതാ വോട്ടർമാർ ഉള്ള തുല്യമായ അത്രയും എണ്ണം മററു സീററുകൾ ഈ വകുപ്പുപ്രകാരം വനിതകൾക്കായി സംവരണം ചെയ്യപ്പെടേണ്ടതുമാണ്.

---

1 1989-ലെ 35-ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

2 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

(2) (1)—ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ വനിതകൾക്കുവേണ്ടി സംവരണം ചെയ്തിട്ടില്ലാത്ത സീററുകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് വനിതകളെ തടയുന്നതായോ, വനിതകൾക്കായി സംവരണം ചെയ്യപ്പെട്ട സീററുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽനിന്ന് പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ട വനിതകളെ തടയുന്നതായോ കരുതാൻ പാടില്ലാത്തതാകുന്നു.]

7. ജില്ലയെ ഡിവിഷനുകളായി വിഭജിക്കൽ.—(1) ജില്ലാ കൗൺസിലിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിനായി തിരഞ്ഞെടുപ്പു ഡയറക്ടർ ഗസററിൽ വിജ്ഞാപനംമൂലം,—

(എ) ജില്ലയെ എത്ര സീററുകളുണ്ടോ അത്രയും ഡിവിഷനുകളായി വിഭജിക്കേണ്ടതും അങ്ങനെയുള്ള ഡിവിഷനുകളുടെ അതിരുകൾ യാതൊരു പഞ്ചായത്ത് പ്രദേശത്തെയോ, മുനിസിപ്പാലിററിയുടെ വാർഡിനെയോ, നഗരത്തിലെ ഡിവിഷനെയോ രണ്ടോ അതിലധികമോ ഭാഗങ്ങളായി വേർതിരിക്കാത്തവിധത്തിൽ നിശ്ചയിക്കേണ്ടതും;

എന്നാൽ ഡിവിഷനുകളിലെ ജനസംഖ്യ, പ്രായോഗികമാകുന്നിടത്തോളം തുല്യമായിരിക്കേണ്ടതും;

(ബി) പട്ടികജാതിക്കാർക്കോ പട്ടിക വർഗ്ഗക്കാർക്കോ [1][കൂടാതെ വനിതകൾക്കും] വേണ്ടി സംവരണം ചെയ്യേണ്ട ഡിവിഷനോ ഡിവിഷനുകളോ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നിശ്ചയിക്കേണ്ടതുമാകുന്നു.

(2) തിരഞ്ഞെടുപ്പു ഡയറക്ടർ—

(എ) (1)—ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ച് അദ്ദേഹത്തിനുള്ള നിർദ്ദേശങ്ങൾ ഏതു തീയതിയിലോ അതിനുശേഷമോ ആണ് നിർദ്ദേശങ്ങൾ വീണ്ടും താൻ പരിഗണിക്കുന്നത് എന്ന് പ്രത്യേകം പറഞ്ഞുകൊണ്ടും നോട്ടീസിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന ഒരു തീയതിക്കു മുൻപായി നിർദ്ദേശങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ വല്ലതുമുണ്ടെങ്കിൽ അവ ക്ഷണിച്ചു കൊണ്ടും ഉള്ള ഒരു നോട്ടീസോടും കൂടി ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും;

(ബി) അപ്രകാരം പ്രത്യേകം പറഞ്ഞിരിക്കുന്ന തീയതിക്കുമുൻപായി തനിക്ക് ലഭിക്കാവുന്ന എല്ലാ ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും;

(സി) പട്ടികജാതിക്കാർക്കോ പട്ടിക വർഗ്ഗക്കാർക്കോ, [1][കൂടാതെ വനിതകൾക്കും] സംവരണം ചെയ്യേണ്ട ഡിവിഷനോ ഡിവിഷനുകളോ അതിൽ പ്രത്യേകം പറഞ്ഞുകൊണ്ട് ഡിവിഷനുകളുടെ അതിർത്തി നിർണ്ണയിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(3) ഈ വകുപ്പുപ്രകാരം തിരഞ്ഞെടുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്.

---

1 1989—ലെ 35—ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

8. അച്ചടി തെററുകൾ മുതലായവ തിരുത്തുന്നതിനുള്ള അധികാരം.—തിരഞ്ഞെടുപ്പ് ഡയറക്ടർക്ക് അതതു സമയം, ഗസററിൽ വിജ്ഞാപനം മൂലം, 7–ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിലുള്ള ഏതെങ്കിലും അച്ചടിത്തെററോ അശ്രദ്ധ മൂലമുള്ള തെററിൽനിന്നോ അഥവാ വിട്ടുകളഞ്ഞതിൽനിന്നോ അതിൽ ഉണ്ടാകുന്ന ഏതെങ്കിലും തെററോ തിരുത്താവുന്നതാണ്.

9. അംഗത്വത്തിനുള്ള യോഗ്യത.—ഒരു ജില്ലാ കൗൺസിലിലെ ഒരു സീററ് നികത്തുന്നതിന് ഒരാൾ,—

(എ) ആ ജില്ലയിലെ ഏതെങ്കിലും ഡിവിഷനിലെ വോട്ടറായിരിക്കുകയും റിട്ടേണിംഗ് ആഫീസറുടേയോ തിരഞ്ഞെടുപ്പ് ഡയറക്ടർ ഈ ആവശ്യാർത്ഥം അധികാരപ്പെടുത്തുന്ന മറേറതെങ്കിലും ആളുടേയോ മുൻപാകെ രണ്ടാം പട്ടികയിൽ ഈ ആവശ്യത്തിലേക്കായി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു സത്യപ്രതിജ്ഞയോ, ദൃഢപ്രതിജ്ഞയോ എഴുതി ഒപ്പിട്ടു കൊടുക്കുകയും;

(ബി) ഇരുപത്തിയഞ്ചു വയസ്സിൽ കുറയാതെ പ്രായമുണ്ടായിരിക്കുകയും;

(സി) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോവേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സീററിൻെറ സംഗതിയിൽ, അതതു സംഗതി പോലെ, ഏതെങ്കിലും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടിരിക്കുകയും ചെയ്യാത്തപക്ഷം യോഗ്യതയുള്ളവനായിരിക്കുന്നതല്ല.

10. വോട്ടർമാരും വോട്ടർപട്ടികകളും.—[1][(1) അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് അവകാശമുള്ള ആളുകൾ തിരഞ്ഞെടുപ്പിനുള്ള അറിയിപ്പ് പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെയോ അസംബ്ലി നിയോജക മണ്ഡലങ്ങളുടെയോ, പാർലമെൻറു നിയോജക മണ്ഡലങ്ങളുടെയോ വോട്ടർ പട്ടികകളിൽ ഏതാണോ ഏററവും പുതിയത് അതിൽ വോട്ടർമാരായി പേര് രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള ആളുകൾ ആയിരിക്കേണ്ടതാണ്.

വിശദീകരണം.—തദ്ദേശഭരണസ്ഥാപനങ്ങളുടെ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നിടത്ത്, ഗുരുവായൂർ ടൗൺഷിപ്പ് പ്രദേശത്തെ വോട്ടുചെയ്യാൻ അവകാശമുള്ള ആളുകൾ തിരഞ്ഞെടുപ്പിനുള്ള അറിയിപ്പ് പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ ആ പ്രദേശത്തെ അസംബ്ലി നിയോജകമണ്ഡലത്തിൻെറയോ പാർലമെൻറ് നിയോജകമണ്ഡലത്തിൻെറയോ വോട്ടർപട്ടികയിൽ ഏതാണോ ഏററവും പുതിയത് അതിലുള്ളവർ ആയിരിക്കേണ്ടതാണ്.]

[2][(1എ) (1)–ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)–ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വോട്ടർ പട്ടിക ജില്ലാ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിൻെറ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ട വർഷത്തിൽ തയ്യാ

റാക്കിയതോ, പുതുക്കിയതോ അല്ലാത്ത ഒന്നായിരിക്കുകയോ അഥവാ പ്രസ്തുത തെരഞ്ഞെടുപ്പ് പട്ടിക, തുടർന്നുള്ള ഒരു ഇൻറൻസീവ് റിവിഷൻ [2]നടത്താതെ പുതുക്കിയ ഒന്നായിരിക്കുകയോ ചെയ്യുന്നിടത്ത് (2)–ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം, തെരഞ്ഞെടുപ്പ് ഡയറക്ടറുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിൻകീഴിലും ഓരോ ജില്ലാ കൗൺസിലിനുവേണ്ടിയും ഓരോ വോട്ടർ പട്ടിക തയ്യാറാക്കേണ്ടതാണ്. ജില്ലയിൽ സാധാരണയായി താമസിക്കുകയും വോട്ടർ പട്ടിക അപ്രകാരം തയ്യാറാക്കപ്പെടുന്ന വർഷത്തിലെ ജനുവരി 1–ാം തീയതി 18 വയസ്സിൽ കുറവല്ലാതിരിക്കുകയും ചെയ്യുന്ന ഓരോ ആളിനും 1950–ലെ ജനപ്രാതിനിധ്യ ആക്ററിലെ (1950–ലെ 43–ാം കേന്ദ്ര ആക്ററ്) 16–ാം വകുപ്പ് പ്രകാരമുള്ള ഒരു വോട്ടർ പട്ടികയിൽ രജിസ്ട്രേഷന് അയാൾ അയോഗ്യനെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, അപ്രകാരം തയ്യാറാക്കപ്പെടുന്ന വോട്ടർ പട്ടികയിൽ പേർ ഉൾപ്പെടുത്തപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.''

(1ബി) 1950–ലെ ജനപ്രാതിനിധ്യ ആക്ററി (1950–ലെ 43 ാം കേന്ദ്ര ആക്ററ്) ൻ കീഴിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 1960–ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ഇൻറൻസീവ് റിവിഷനെ സംബന്ധിക്കുന്ന വ്യവസ്ഥകൾ, പ്രസ്തുത ചട്ടങ്ങളിലെ IV–ാം ഭാഗത്തിലുള്ള വ്യവസ്ഥകൾ ഒഴികെയുള്ളവ, ഇൻഡ്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും, ഉപദേശങ്ങളും, ഫാറങ്ങളും, മാർഗ്ഗരേഖകളും സഹിതം ആവശ്യമായ ഭേദഗതികളോടുകൂടി (1എ) ഉപവകുപ്പിൻെറ ആവശ്യത്തിലേക്ക് ബാധകമാകുന്നതാണ്.]

(2) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം സർക്കാർ നിർണ്ണയിക്കാവുന്ന ഇടവേളകളിൽ, ജില്ലയിലെ ഡിവിഷനുകൾക്കോ ഡിവിഷനുകളുടെ ഭാഗങ്ങൾക്കോ വേണ്ട വോട്ടർപട്ടികകൾ കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

11. <u>വോട്ടവകാശം</u>.—10–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഡിവിഷനിലേയോ ഒരു ഡിവിഷനിലെ ഭാഗത്തിൻെറയോ വോട്ടർപട്ടികയിൽ തൽസമയം പേര് ചേർത്തിട്ടുള്ള ഏതൊരാൾക്കും ആ ഡിവിഷനിൽ നിന്നുള്ള ഒരംഗത്തിൻെറ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

12. <u>ജീവനക്കാരുടെ അയോഗ്യത</u>.—ഒരു ജില്ലാ കൗൺസിലിലേയോ, സംസ്ഥാന സർക്കാരിലേയോ, കേന്ദ്രസർക്കാരിലേയോ അഥവാ സർക്കാർ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലേയോ അഥവാ ഒരു തദ്ദേശാധികാരസ്ഥാനത്തിലേയോ [3][സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ അൻപതു ശതമാനത്തിലധികം ഷെയറുകൾ ഉള്ള ഏതെങ്കിലും കമ്പനിയിലേയോ ഒരു സ്ററാററ്യൂട്ടറി ബോർഡിലേയോ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയിലേയോ] യാതൊരു ജീവനക്കാരനോ ഒരു ജില്ലാ കൗൺസിലിൽ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ സ്ഥാനം വഹിക്കുന്നതിനോ യോഗ്യനായിരിക്കുന്നതല്ല.

[4][ ]

---

1 1989–ലെ 35–ാം ആക്ററ് പ്രകാരം പകരം ചേർത്തത്.
2 1990–ലെ 18–ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.
3 1989–ലെ 35–ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.
4 1989–ലെ 35–ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.

14. സ്ഥാനാർത്ഥികളുടെ അയോഗ്യത.— (1) സദാചാര വിരുദ്ധ കുററങ്ങളിൽപ്പെടുന്ന ഏതെങ്കിലും കുററത്തിന് രണ്ടുവർഷത്തിൽ കവിഞ്ഞ കാലത്തേക്ക് ഒരു ക്രിമിനൽ കോടതിയാൽ തടവു ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരാൾ (അപ്രകാരമുള്ള വിധി അസ്ഥിരപ്പെടുത്തിയിട്ടില്ലാതിരിക്കേണ്ടതാണ്) ശിക്ഷ അനുഭവിക്കുമ്പോഴും അത് അവസാനിക്കുന്ന തീയ്തി മുതൽ അഞ്ചു കൊല്ലത്തേക്കും ഒരംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(2) തിരഞ്ഞെടുപ്പു തീയതിയിൽ ഒരാൾ—

(എ) സ്ഥിരബുദ്ധിയില്ലാത്തവനായി വിധിക്കപ്പെട്ടിരിക്കുകയോ അഥവാ

(ബി) ഒരു വിദേശ രാജ്യത്തിലെ പൗരത്വം സ്വമേധയാ സ്വീകരിച്ചിരിക്കുകയോ; അഥവാ

(സി) തദ്ദേശഭരണ സ്ഥാപനത്തിലേക്കുള്ള തിരഞ്ഞെടുപ്പുകളെ സംബന്ധിച്ച് നിയമപ്രകാരം ശിക്ഷാർഹമായ തിരഞ്ഞെടുപ്പു സംബന്ധിച്ച ഏതെങ്കിലും കുററത്തിന് ഒരു ക്രിമിനൽക്കോടതി ശിക്ഷിച്ചിരിക്കുകയോ അഥവാ ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ച ദുർനടപടിമൂലം ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിൽ അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ചെയ്യുകയും അപ്രകാരമുള്ള ശിക്ഷയുടേയോ അയോഗ്യതയുടെയോ തീയതി മുതൽ അഞ്ചു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുകയോ; അഥവാ

(ഡി) ഒരു നിർദ്ധനനായി വിധിക്കപ്പെടുന്നതിനുള്ള ഒരപേക്ഷകനായിരിക്കുകയോ അല്ലെങ്കിൽ ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ; അഥവാ

(ഇ) ഒരു കമ്പനിയിലെ ഓഹരിക്കാരൻ (ഒരു ഡയറക്ടറല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുവദിക്കുന്ന പ്രകാരമൊഴികെയോ ജില്ലാ കൗൺസിലുമായി ഉണ്ടാക്കിയ ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ ജില്ലാ കൗൺസിലിനുവേണ്ടി ചെയ്യുന്ന ഏതെങ്കിലും പണിയിൽ താൽപ്പര്യമുണ്ടായിരിക്കുകയോ ചെയ്യുകയാണെങ്കിൽ, അയാൾ ഒരംഗമായി തിരഞ്ഞെടുക്കുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

വിശദീകരണം.—ഒരാൾ താൻ ഒരു സഹകരണ സംഘത്തിലെ ഡയറക്ടറോ അംഗമോ ഔദ്യോഗിക ഭാരവാഹിയോ ആയിരിക്കുന്ന കാരണത്താലോ ജില്ലാ കൗൺസിലിൻെറ കാര്യങ്ങൾ സംബന്ധിച്ച് ഏതെങ്കിലും പരസ്യം പ്രസിദ്ധപ്പെടുത്താവുന്ന ഏതെങ്കിലും വർത്തമാനപ്പത്രത്തിൽ ഓഹരിയോ അവകാശബന്ധമോ തനിക്ക് ഉണ്ടെന്നുള്ള കാരണത്താലോ അഥവാ ഒരു കടപ്പത്രം താൻ കൈവശം വച്ചിരിക്കുകയോ അല്ലെങ്കിൽ ജില്ലാ കൗൺസിലോ അതിനു വേണ്ടിയോ എടുത്തിരിക്കുന്ന വായ്പയിൽ മററു വിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്ന കാരണത്താലോ ഈ വകുപ്പു പ്രകാരം അയോഗ്യനായിരിക്കുന്നതല്ല; അഥവാ

(എഫ്) ജില്ലാ കൗൺസിലിനുവേണ്ടി ഒരു അഭിഭാഷകനായി നിയമിക്കപ്പെടുകയോ; അഥവാ

19. അംഗങ്ങളുടെ അയോഗ്യത.—21–ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരംഗം താഴെപ്പറയുന്ന സംഗതികളിൽ ആ സ്ഥാനം വഹിക്കുന്ന ആൾ അല്ലാതായിത്തീരുന്നതാണ്:—

(എ) 14–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള ശിക്ഷക്കും അപ്രകാരമുള്ള കുററത്തിനും ഒരു ക്രിമിനൽക്കോടതിയാൽ വിധിക്കപ്പെട്ടിരിക്കുകയോ:

എന്നാൽ ഈ ഖണ്ഡപ്രകാരമുള്ള അയോഗ്യത വിധിയുടെ തീയതി മുതൽ മൂന്നു മാസം കഴിയുന്നതുവരെയോ അഥവാ ആ കാലത്തിനകം ആ വിധി സംബന്ധിച്ച് ഒരു അപ്പീലോ റിവിഷനുള്ള അപേക്ഷയോ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, കോടതി ആ അപ്പീലോ അപേക്ഷയോ തീർപ്പാക്കുന്നതുവരെയോ പ്രാബല്യത്തിൽ വരുന്നതല്ല; അഥവാ

(ബി) ബുദ്ധിസ്ഥിരതയില്ലാത്തവനായി വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(സി) ഒരു വിദേശ സംസ്ഥാനത്തെ പൗരത്വം സ്വമേധയാ സ്വീകരിച്ചിരിക്കുകയോ; അഥവാ

(ഡി) തദ്ദേശ സർക്കാരുകളെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിൻ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും തിരഞ്ഞെടുപ്പു കുററത്തിന് ഒരു ക്രിമിനൽക്കോടതിയാൽ ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ച അഴിമതി പ്രവർത്തികൾമൂലം ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിൽ നിന്നും അയോഗ്യനാക്കപ്പെട്ടിരിക്കുകയോ; അഥവാ

(ഇ) ഒരു നിർദ്ധനനായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ നിർദ്ധനനായി വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(എഫ്) ഒരു കമ്പനിയിലെ ഒരു ഓഹരിക്കാരൻ (ഡയറക്ടറല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ മൂലം അനുവദിക്കുന്നപ്രകാരമൊഴികെയോ ജില്ലാ കൗൺസിലുമായി ഉണ്ടാക്കിയ ഏതെങ്കിലും നിലവിലുള്ള കരാറിലോ കൗൺസിലിനുവേണ്ടി ചെയ്യുന്ന ജോലിയിലോ ഏതെങ്കിലും അവകാശബന്ധം ആർജിക്കുകയോ;

വിശദീകരണം.—ഒരാൾ ഒരു സഹകരണ സംഘത്തിന്റെ ഡയറക്ററോ അംഗമോ അഥവാ ഔദ്യോഗിക ഭാരവാഹിയോ അഥവാ അങ്ങനെയുള്ള ജില്ലാ കൗൺസിലിന്റെ കാര്യങ്ങൾ സംബന്ധിച്ച ഏതെങ്കിലും പരസ്യം പ്രസിദ്ധപ്പെടുത്താവുന്ന ഏതെങ്കിലും വർത്തമാന പത്രത്തിൽ ഓഹരിയോ അവകാശ ബന്ധമോ തനിക്ക് ഉണ്ടെന്നുള്ള കാരണത്താലോ അഥവാ ഒരു കടപ്പത്രം താൻ കൈവശം വച്ചിരിക്കുകയോ അല്ലെങ്കിൽ ജില്ലാ കൗൺസിലോ അതിന് വേണ്ടിയോ എടുത്തിരിക്കുന്ന വായ്പയിൽ മററു വിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്ന കാരണത്താലോ ഈ ഖണ്ഡപ്രകാരം അയോഗ്യനായിരിക്കുന്നതല്ല; അഥവാ

(ജി) ജില്ലാ കൗൺസിലിനുവേണ്ടി ഒരു അഭിഭാഷകൻ എന്ന നിലയിൽ ഏർപ്പെട്ടിരിക്കുകയോ അഥവാ കൗൺസിലിനെതിരായി ഒരു അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ; അഥവാ

(എച്ച്) ജില്ലയിലെ താമസം അവസാനിപ്പിച്ചിരിക്കുകയോ;

വിശദീകരണം.—ഒരാൾ ഏതെങ്കിലും ഗൃഹത്തിൽ അതിന്റെ ഏതെങ്കിലും ഭാഗം അവകാശമുണ്ടെന്ന നിലയ്ക്ക് ഉറക്കറയായി വല്ലപ്പോഴും ഉപയോഗിക്കുകയാണെങ്കിൽ അയാൾക്ക് ആ ഗൃഹത്തിൽ ''താമസം'' ഉണ്ടെന്നോ അഥവാ ''താമസിക്കുന്നു'' എന്നോ കരുതേണ്ടതും ഒരാൾ അങ്ങനെയുള്ള ഏതെങ്കിലും ഗൃഹത്തിലോ അതിന്റെ ഭാഗത്തോ ഇല്ലായിരിക്കുകയോ അഥവാ അയാൾ താമസിക്കുന്നതായ മററാരു പാർപ്പിടം അയാൾക്ക് ഉണ്ടായിരിക്കുകയോ ചെയ്യുന്നു എന്ന കാരണത്താൽ മാത്രം അങ്ങനെയുള്ള ഗൃഹത്തിൽ ഏതു സമയത്തും തിരിച്ചെത്തുന്നതിന് അയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുകയും തിരിച്ചെത്തുന്നതിനുള്ള തന്റെ ഉദ്ദേശം അയാൾ ഉപേക്ഷിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ അങ്ങനെയുള്ള ഗൃഹത്തിലോ അതിന്റെ ഭാഗത്തോ താമസിക്കുന്നത് അവസാനിച്ചതായി കരുതാൻ പാടില്ലാത്തതുമാകുന്നു; അഥവാ

(ഐ) ഒരു അഡ്വക്കേററായോ വക്കീലായോ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുകയോ; അഥവാ

(ജെ) [1][ ]

(കെ) ജില്ലാ കൗൺസിലിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങൾക്ക് ജില്ലാ കൗൺസിലിന്റെ അനുമതി കൂടാതെ ഹാജരാകാതിരിക്കുകയോ:

എന്നാൽ ഒരംഗം സ്വയം ഹാജരാകാത്ത യാതൊരു യോഗവും താഴെപ്പറയുന്ന സംഗതികളാൽ അയാൾക്കെതിരായി കണക്കിലെടുക്കുവാൻ പാടില്ലാത്തതാകുന്നു:—

(i) ആ യോഗത്തിന്റെ യഥാവിധിയുള്ള നോട്ടീസ് അയാൾക്ക് നൽകാതിരിക്കുകയോ; അല്ലെങ്കിൽ

(ii) ഒരു സാധാരണ യോഗത്തിന് നിർണ്ണയിക്കപ്പെട്ടതിനേക്കാൾ ചുരുങ്ങിയ സമയത്തെ നോട്ടീസ്—നൽകിയതിന് ശേഷം നടത്തിയ യോഗമായിരിക്കുകയോ; അല്ലെങ്കിൽ

(iii) അംഗങ്ങളുടെ അഭ്യർത്ഥനയിൻമേൽ നടത്തിയ യോഗമായിരിക്കുകയോ ആണെങ്കിൽ.

20. സ്ഥാനത്തേയ്ക്ക് അംഗങ്ങളെ തിരിച്ചെടുക്കൽ.—19-ാം വകുപ്പ് (കെ) എന്ന ഖണ്ഡത്തിൻ കീഴിൽ ഒരാൾ അംഗം അല്ലാതായിത്തീരുമ്പോൾ സെക്രട്ടറി ആ വസ്തുത ആ ആളേയും പ്രസിഡന്റിനേയും രേഖാമൂലം ഉടൻ തന്നെ അറിയിക്കേണ്ടതും ആ കാര്യം ജില്ലാ കൗൺസിലിലേയ്ക്ക് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. അങ്ങനെയുള്ള ആൾ

[1] 1989-ലെ 35-ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.

(3) നിർണ്ണയിക്കപ്പെട്ട വിധത്തിൽ തിരഞ്ഞെടുപ്പ് ഫലപ്രദമായി നടത്തുന്നതിന് ആവശ്യമാകാവുന്ന എല്ലാ പ്രവർത്തികളും കാര്യങ്ങളും ചെയ്യുന്നത് റിട്ടേണിങ്ങ് അഫീസറുടെ കർത്തവ്യമായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം നടത്തിയ ഒരു തിരഞ്ഞെടുപ്പിൽ പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ അതതു സംഗതി പോലെ, പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ തിരഞ്ഞെടുക്കുന്നതിന് ഒരു പുതിയ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

(5) പ്രസിഡൻറ്, അംഗമായുള്ള തൻെറ ഉദ്യോഗ കാലാവധി അവസാനിക്കുമ്പോഴോ അല്ലെങ്കിൽ അയാരം സദാചാര ദൂഷ്യം സംബന്ധിച്ച കുററത്തിന് ഒരു നിയമകോടതിയാൽ തടവു ശിക്ഷയ്ക്ക് വിധിക്കപ്പെടുമ്പോഴോ അദ്ദേഹം മററുവിധത്തിൽ അംഗമല്ലാതാക്കുമ്പോഴോ തൻെറ സ്ഥാനം ഒഴിഞ്ഞതായി കരുതേണ്ടതാണ്.

(6) ഒരു വൈസ് പ്രസിഡൻറ്—

(എ) അംഗമായുള്ള തൻെറ ഉദ്യോഗകാലാവധി അവസാനിക്കുമ്പോഴോ സദാചാര ദൂഷ്യം സംബന്ധിച്ച ഏതെങ്കിലും കുററത്തിന് ഒരു നിയമ കോടതിയാൽ തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുമ്പോഴോ അഥവാ അദ്ദേഹം മററു വിധത്തിൽ അംഗമല്ലാതാകുമ്പോഴോ അഥവാ

(ബി) പ്രസിഡൻറായി തന്നെ തെരഞ്ഞെടുക്കുമ്പോഴോ തൻെറ സ്ഥാനം ഒഴിഞ്ഞതായി കരുതേണ്ടതാണ്.

25. <u>പ്രസിഡൻറിൻേറയും വൈസ് പ്രസിഡൻറിൻേറയും സ്ഥാനത്തേയ്ക്കുള്ള സത്യപ്രതിജ്ഞ.</u>—(1) പ്രസിഡൻറും വൈസ് പ്രസിഡൻറും തങ്ങളുടെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുൻപ് സർക്കാർ ഈ ആവശ്യത്തിലേക്കായി നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെൻറു സെക്രട്ടറിയുടെ പദവിക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻെറ മുൻപാകെ മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ ഒരു സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തു ഒപ്പിട്ടുകൊടുക്കേണ്ടതാണ്.

(2) ഒരു ആകസ്മിക ഒഴിവു നികത്തുന്ന പ്രസിഡൻേറാ വൈസ് പ്രസിഡൻേറാ തങ്ങളുടെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് മൂന്നാം പട്ടികയിൽ കൊടുത്തിരിക്കുന്ന ഫാറത്തിൽ ഒരു സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പിട്ടുകൊടുക്കേണ്ടതാണ്.

26. <u>പ്രസിഡൻറിൻെറ കൃത്യങ്ങൾ.</u>—പ്രസിഡൻറ് ജില്ലാ കൗൺസിലിൻെറ കാര്യനിർവ്വഹണത്തലവനായിരിക്കുന്നതും ഈ ആക്ററും അതു പ്രകാരമുണ്ടാക്കിയ ചട്ടങ്ങളുംമൂലം പ്രസിഡൻറിൽ ചുമത്തപ്പെട്ട എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുകയോ നല്കപ്പെട്ട എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും ചെയ്യേണ്ടതാകുന്നു.

27. <u>വൈസ് പ്രസിഡൻറിൻെറ കൃത്യങ്ങൾ.</u>—വൈസ് പ്രസിഡൻറ്,—

(എ) ഈ ആക്ററും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളും മൂലം വൈസ്പ്രസിഡൻറിൽ ചുമത്തപ്പെട്ട എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുകയും നൽകപ്പെട്ട എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും;

(ബി) ഈ ആക്ററ് പ്രകാരം പ്രസ്തുത ആവശ്യത്തിലേക്കായി ഉണ്ടാക്കുന്ന ചട്ടങ്ങൾക്കു വിധേയമായി അതതു സമയം പ്രസിഡൻറ് രേഖാമൂലമായ ഉത്തരവുമൂലം അദ്ദേഹത്തിന് ഏല്പിച്ചുകൊടുക്കുന്ന പ്രകാരമുള്ള പ്രസിഡൻറിൻെറ അധികാരങ്ങൾ വിനിയോഗിക്കുകയും അപ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

28. പ്രസിഡൻറിൻെറയും വൈസ് പ്രസിഡൻറിൻെറയും കൃത്യങ്ങൾ സംബന്ധിച്ച് അധികാരലബ്ധിയും ഏല്പിച്ചുകൊടുക്കലും അവരുടെ സ്ഥാനങ്ങളിലുണ്ടാകാവുന്ന ഒഴിവുകൾ നികത്തലും.—(1) പ്രസിഡൻറിൻെറ സ്ഥാനത്ത് ഒഴിവുണ്ടാകുമ്പോൾ, ഒരു പുതിയ പ്രസിഡൻറ് സ്ഥാനം ഏൽക്കുന്നതുവരെ പ്രസിഡൻറിൻെറ കൃത്യങ്ങൾ വൈസ് പ്രസിഡൻറ് നിർവ്വഹിക്കേണ്ടതാണ്.

(2) പ്രസിഡൻറ് പതിനഞ്ച് ദിവസത്തിൽ കൂടുതൽ അധികാരാതിർത്തിയിൽ തുടർച്ചയായി ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ അപ്രാപ്തനായിതീരുകയോ ചെയ്യുന്നപക്ഷം, അദ്ദേഹത്തിൻെറ കൃത്യങ്ങൾ അപ്രകാരം ഇല്ലാതിരിക്കുകയോ അപ്രാപ്തനായിത്തീരുകയോ ചെയ്യുന്ന കാലത്ത്, നിർണ്ണയിക്കപ്പെട്ടാവുന്നപ്രകാരമുള്ള പരിതഃസ്ഥിതികളിലൊഴികെ വൈസ് പ്രസിഡൻറിൽ നിക്ഷിപ്തമാകുന്നതാണ്.

(3) പ്രസിഡൻറിൻെറ സ്ഥാനം ഒഴിവാകുകയും വൈസ് പ്രസിഡൻറിൻെറ സ്ഥാനത്തിൽ ഒന്നുകിൽ ഒഴിവുണ്ടാകുകയോ അല്ലെങ്കിൽ വൈസ് പ്രസിഡൻറ് തുടർച്ചയായി പതിനഞ്ചു ദിവസത്തിൽ കൂടുതൽ അധികാരാതിർത്തിയിൽ ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ അപ്രാപ്തനായിത്തീരുകയോ ചെയ്യുകയും ചെയ്യുമ്പോൾ പ്രസിഡൻറിൻെറ കൃത്യങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പരിതഃസ്ഥിതികളിലൊഴികെ, താഴെ പറയുന്ന മുൻഗണനാക്രമത്തിൽ സ്ററാൻറിംഗ് കമ്മിററികളുടെ ചെയർമാൻമാരിൽ നിക്ഷിപ്തമാകുന്നതാണ്, അതായത്—

(എ) ധനകാര്യ സ്ററാൻറിംഗ് കമ്മിററി;

(ബി) വികസന സ്ററാൻറിംഗ് കമ്മിററി;

(സി) ക്ഷേമകാര്യ സ്ററാൻറിംഗ് കമ്മിററി,

(ഡി) പൊതുമരാമത്ത് സ്ററാൻറിംഗ് കമ്മിററി;

(ഇ) വിദ്യാഭ്യാസ സ്ററാൻറിംഗ് കമ്മിററി.

(4) വൈസ് പ്രസിഡൻറിൻെറ സ്ഥാനത്ത് ഒഴിവുണ്ടാകുകയോ അല്ലെങ്കിൽ വൈസ് പ്രസിഡൻറ് പതിനഞ്ചു ദിവസത്തിൽ കൂടുതൽ അധികാരാതിർത്തിയിൽ തുടർച്ചയായി ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ അപ്രാപ്തനായിത്തീരുകയോ ചെയ്യുന്നപക്ഷം, അദ്ദേഹത്തിൻെറ കൃത്യങ്ങളും അധികാരങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പരിതഃസ്ഥിതികളിലൊഴികെ, (3)-ാം ഉപവകുപ്പിൽ പ്രത്യേകം പറയുന്ന മുൻഗണനാക്രമത്തിൽ സ്ററാൻറിംഗ് കമ്മിററികളുടെ ചെയർമാൻമാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(5) (1), (2), (3) അഥവാ (4)-ാം ഉപവകുപ്പിൻകീഴിൽ പ്രസിഡൻറിൻേറയോ വൈസ് പ്രസിഡൻറിൻേറയോ കൃത്യങ്ങൾ ആരിൽ നിക്ഷിപ്തമാകുന്നുവോ അദ്ദേഹം നിർണ്ണയിക്കപ്പെട്ടാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, അതതു സംഗതി പോലെ,

ഒരു പുതിയ പ്രസിഡൻറോ വൈസ്പ്രസിഡൻറോ, തിരഞ്ഞെടുക്കപ്പെടുകയും, അതതു സംഗതിപോലെ, സ്ഥാനമേല്ക്കുകയോ അല്ലെങ്കിൽ അധികാരാതിർത്തിയിൽ മടങ്ങിവരികയോ അല്ലെങ്കിൽ അപ്രാപ്തിയിൽ നിന്നും വിമുക്തനാകുകയോ ചെയ്യുന്നതുവരെ അപ്രകാരമുള്ള കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(6) ഈ ആവശ്യാർത്ഥം സർക്കാർ ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി, പ്രസിഡൻറിന്, രേഖാമൂലമായ ഉത്തരവുമൂലം, തന്റെ ഏതെങ്കിലും കൃത്യങ്ങൾ വൈസ് പ്രസിഡൻറിനോ അഥവാ വൈസ് പ്രസിഡൻറിന്റെ സ്ഥാനത്ത് ഒഴിവുള്ള സംഗതിയിലോ അഥവാ വൈസ് പ്രസിഡൻറ് അധികാരാതിർത്തിയിൽ ഇല്ലാതിരിക്കുമ്പോഴോ അഥവാ പ്രാപ്തനായിത്തീരുമ്പോഴോ ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ താൻ പ്രത്യേകം പറയാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായും താൻ നിശ്ചയിക്കാവുന്ന കാലത്തേക്കും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(7) പ്രസിഡൻറിന് ഏതുസമയത്തും (6)–ാം ഉപവകുപ്പു പ്രകാരം താൻ പുറപ്പെടുവിച്ച ഏതൊരുത്തരവും റദ്ദുചെയ്യാവുന്നതും അതനുസരിച്ച്, അതതു സംഗതിപോലെ, വൈസ്പ്രസിഡൻറോ, സ്ററാൻറിംഗ് കമ്മിററി ചെയർമാനോ പ്രസിഡൻറിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്നത് അവസാനിക്കുന്നതുമാണ്.

29. <u>പ്രസിഡൻറിന്റെ അടിയന്തിരാധികാരങ്ങൾ.</u>— പ്രസിഡൻറിന്, അടിയന്തിരമായ സാഹചര്യത്തിൽ, ബന്ധപ്പെട്ട സ്ററാൻറിംഗ് കമ്മിററി ചെയർമാനുമായി ആലോചിച്ച് ജില്ലാ കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യുന്നത് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനോ നിർദ്ദേശിക്കാവുന്നതും അപ്രകാരമുള്ള പണി നടത്തുന്നതിനോ പ്രവർത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ ജില്ലാ കൗൺസിലിന്റെ ഫണ്ടിൽ നിന്നും നല്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

എന്നാൽ,—

(എ) അദ്ദേഹം, ഏതെങ്കിലും പ്രത്യേക പണി നടത്തുന്നതോ ഏതെങ്കിലും പ്രത്യേക പ്രവൃത്തി ചെയ്യുന്നതോ നിരോധിക്കുന്ന ജില്ലാ കൗൺസിലിന്റെ ഏതെങ്കിലും തീരുമാനം ലംഘിച്ചുകൊണ്ട് ഈ വകുപ്പു പ്രകാരം പ്രവർത്തിക്കാൻ പാടില്ലാത്തതും;

(ബി) അദ്ദേഹം ഈ വകുപ്പിൻകീഴിൽ എടുത്ത നടപടിയും അതിനുള്ള കാരണവും ജില്ലാ കൗൺസിലിലേക്ക് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും;

(സി) അദ്ദേഹം ഒരു ലക്ഷം രൂപയിലധികം ചെലവു വരുന്ന ഏതെങ്കിലും പണി നടത്താനോ പ്രവൃത്തി ചെയ്യാനോ നിർദ്ദേശിക്കുവാൻ പാടില്ലാത്തതുമാകുന്നു.

**30. സ്ററാൻറിംഗ് കമ്മിററികൾ.**—(1) ഓരോ ജില്ലാ കൗൺസിലിലും താഴെ പറയുന്ന സ്ററാൻറിംഗ് കമ്മിററികൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) എസ്ററാബ്ലിഷ്മെൻറ് കാര്യങ്ങൾ, നിയമ കാര്യങ്ങൾ, തദ്ദേശാധികാരസ്ഥാപനങ്ങൾ, റവന്യൂ, റവന്യൂറിക്കാർഡുകൾ വച്ചു പോരൽ, തൂക്കങ്ങളും അളവുകളും, പലവകയും ശേഷിച്ച കാര്യങ്ങളും എന്നിവ കൈകാര്യം ചെയ്യുന്ന ജനറൽ സ്ററാൻറിംഗ് കമ്മിററി;

(ബി) ധനകാര്യം കൈകാര്യം ചെയ്യുന്ന ധനകാര്യ സ്ററാൻറിംഗ് കമ്മിററി;

(സി) വ്യവസായം, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യവികസനം, ക്ഷീരവ്യവസായ വികസനം ഉൾനാടൻ മൽസ്യബന്ധനം, മണ്ണുസംരക്ഷണം എന്നിവ കൈകാര്യം ചെയ്യുന്ന വികസന സ്ററാൻറിംഗ് കമ്മിററി;

(ഡി) ഹരിജനക്ഷേമം, ആരോഗ്യ സർവ്വീസുകൾ, നാട്ടുചികിൽസ, സാമൂഹ്യക്ഷേമം എന്നിവ കൈകാര്യം ചെയ്യുന്ന ക്ഷേമകാര്യ സ്ററാൻറിംഗ് കമ്മിററി;

(ഇ) ജലസേചനം, പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്, റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് സ്ററാൻറിംഗ് കമ്മിററി;

(എഫ്) വിദ്യാഭ്യാസം, സംസ്ക്കാരം, കായികവിനോദങ്ങളും കളികളും എന്നിവ കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ സ്ററാൻറിംഗ് കമ്മിററി.

(2) ഓരോ സ്ററാൻറിംഗ് കമ്മിററിയിലും, ജില്ലാ കൗൺസിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള ജില്ലാ കൗൺസിലിലെ [1][അംഗങ്ങൾ] അവരുടെ ഇടയിൽനിന്നും ആനുപാതികപ്രാതിനിദ്ധ്യ സമ്പ്രദായമനുസരിച്ച് ഒററക്കൈമാററ വോട്ടുമൂലം തിരഞ്ഞെടുക്കുന്ന ചെയർമാനെ ഉൾപ്പെടുത്താതെ ആറിൽ കവിയാത്ത അംഗങ്ങൾ, ഉണ്ടായിരിക്കുന്നതാണ്.

(3) വൈസ്പ്രസിഡൻറ് ജനറൽ സ്ററാൻറിംഗ് കമ്മിററിയുടെ എക്സ്ഒഫിഷ്യോ അംഗവും ചെയർമാനുമായിരിക്കുന്നതാണ്.

(4) മറേറതൊരു സ്ററാൻറിംഗ് കമ്മിററിയുടെയും ചെയർമാനെ ജില്ലാ കൗൺസിലിലെ [1][അംഗങ്ങൾ] അവരുടെ ഇടയിൽ നിന്നും ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

(5) ഈ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററിയുടെ പ്രസിഡൻറോ, വൈസ്പ്രസിഡൻറോ, ചെയർമാനോ മറേറതെങ്കിലും സ്ററാൻറിംഗ് കമ്മിററിയിൽ ഒരംഗമായി തിരഞ്ഞെടുക്കപ്പെടുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(6) സ്ററാൻറിംഗ് കമ്മിററികളുടെ അധികാരങ്ങളും കൃത്യങ്ങളും ഈ ആവശ്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

---

1. 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

(7) ഈ ആവശ്യാർത്ഥം സർക്കാർ ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി, ജില്ലാ കൗൺസിലിന് ഒരു സ്റ്റാൻറിംഗ് കമ്മിററിയുടെ ഏതെങ്കിലും അധികാരങ്ങളോ കൃത്യങ്ങളോ അതിന്റെ ചെയർമാന് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

31. പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, സ്റ്റാൻറിംഗ് കമ്മിററികളുടെ ചെയർമാൻമാർ, മററംഗങ്ങൾ എന്നിവരുടെ നിശ്ചിത അലവൻസുകളും മററു പുറംപരവുകളും.—

[1][(1) ജനറൽ കമ്മിററികളല്ലാത്ത ഓരോ സ്റ്റാൻറിംഗ് കമ്മിററിയുടെയും പ്രസിഡൻറിനും വൈസ്പ്രസിഡൻറിനും ചെയർമാനും നിർണ്ണയിക്കപ്പെടാവുന്ന നിശ്ചിത പ്രതിമാസ അലവൻസ് നല്കേണ്ടതാണ്.];

(2) പ്രസിഡൻറിനും വൈസ്പ്രസിഡൻറിനും അവരുടെ ഉദ്യോഗകാലാവധി മുഴുവനും അതിനുശേഷം തൊട്ടടുത്തുവരുന്ന പതിനഞ്ചു ദിവസക്കാലത്തേക്കും, ജില്ലാ കൗൺസിൽ തലസ്ഥാനത്ത് സജ്ജമാക്കിയ ഒരു ഭവനം വാടക നൽകാതെയും ആ ഭവനത്തിന്റെ അററകുററപ്പണി സംബന്ധിച്ച് വ്യക്തിപരമായി, അതതു സംഗതിപോലെ, പ്രസിഡൻറിനോ വൈസ്പ്രസിഡൻറിനോ യാതൊരു ചെലവും ഉണ്ടാകാതെയും ഉപയോഗിക്കുന്നതിനോ; അല്ലെങ്കിൽ അപ്രകാരം സജ്ജമാക്കിയ ഭവനം ഉപയോഗിക്കുന്നതിനും അതിന്റെ അററകുററപ്പണിക്കു പകരം [1][നിർണ്ണയിക്കപ്പെടാവുന്ന വീട്ടുവാടക അലവൻസിനോ] അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ജില്ലാ കൗൺസിൽ പ്രസിഡൻറിനും വൈസ്പ്രസിഡൻറിനും അവരുടെ ഉദ്യോഗകാലാവധി മുഴുവനും അതിനുശേഷം അടുത്ത പതിനഞ്ചു ദിവസക്കാലത്തേക്കും ഉപയോഗിക്കുന്നതിനായി യോജിച്ച വാഹനങ്ങൾ അവ ഉപയോഗിക്കുകയും അററകുററപ്പണി നടത്തുകയും ചെയ്യുന്നതു സംബന്ധിച്ച് ജില്ലാ കൗൺസിൽ ഉണ്ടാക്കാവുന്ന ഉപനിയമങ്ങൾക്കു വിധേയമായി നൽകേണ്ടതാണ്.

(4) പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും, സ്റ്റാൻറിംഗ് കമ്മിററികളും ചെയർമാനും പൊതുക്കാര്യത്തിനായി യാത്ര ചെയ്യുമ്പോൾ, അതതു സമയം ഒന്നാം ക്ലാസ് സർക്കാരുദ്യോഗസ്ഥൻമാർക്ക് അവകാശമുള്ള നിരക്കിലുള്ള യാത്രപ്പടിക്കും ദിനബത്തയ്ക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രസിഡൻറും, വൈസ്പ്രസിഡൻറും അല്ലാത്ത ജില്ലാ കൗൺസിലിലെ ഏതൊരംഗത്തിനും—

(എ) ജില്ലാ കൗൺസിലിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന് ഒന്നാം ക്ലാസ് സർക്കാരുദ്യോഗസ്ഥൻമാർക്ക് അതതു സമയം അവകാശപ്പെട്ട നിരക്കിലുള്ള യാത്രപ്പടിയും ദിനബത്തയും;

[1][(ബി) ജില്ലാ കൗൺസിലിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെയോ, യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിററിംഗ് ഫീസ്.]

---

1. 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

## ജീവനക്കാർ

[1][32. സെക്രട്ടറിയും അദ്ദേഹത്തിന്റെ ചുമതലകളും.—(1) ജില്ലാ കളക്ടർ ബന്ധപ്പെട്ട ജില്ലാ കൗൺസിലിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയും അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ആയിരിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കൗൺസിലിന്റെ ഭരണനിർവ്വഹണത്തിൽ സെക്രട്ടറിയെ സഹായിക്കുന്നതിന് അനുയോജ്യമായ പദവിയിലുള്ള വേണ്ടത്ര ഉദ്യോഗസ്ഥൻമാരെ ജോയിന്റ് സെക്രട്ടറിമാരായി നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സർക്കാരിന് നിയമിക്കാവുന്നതുമാണ്.

(2) സെക്രട്ടറി,—

(എ) ജില്ലാ കൗൺസിലുകളുടെയും ജനറൽ സ്ററാൻറിംഗ് കമ്മിററിയുടെയും ഫൈനാൻസ് സ്ററാൻറിംഗ് കമ്മിററിയുടെയും യോഗങ്ങളിൽ സംബന്ധിക്കുകയും, അവയിലെ ചർച്ചകളിൽ പങ്കുകൊള്ളുകയും, എന്നാൽ ഏതെങ്കിലും പ്രമേയം അവതരിപ്പിക്കാനോ വോട്ടു ചെയ്യുവാനോ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല;

(ബി) 34-ാം വകുപ്പിനുവിധേയമായി, ജില്ലാ കൗൺസിലിന്റെ ഒരു കമ്മിററിയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ആരം ആവശ്യപ്പെടുകയാണെങ്കിൽ ആ യോഗത്തിൽ സംബന്ധിക്കുകയും;

(സി) ജില്ലാ കൗൺസിലിന്റെ പ്രമേയങ്ങൾ നടപ്പിൽ വരുത്തുകയും;

(ഡി) പ്രസിഡൻറിന്റെ സാമാന്യമായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും വിധേയമായി ജില്ലാ കൗൺസിലുകളുടെ കീഴിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരെയും നിയന്ത്രിക്കുകയും;

(ഇ) ഈ ആക്ററുപ്രകാരമോ, അതിൻകീഴിലോ സെക്രട്ടറിയുടെമേൽ ചുമത്തപ്പെട്ടതോ അദ്ദേഹത്തിന് നൽകപ്പെട്ടതോ ആയ എല്ലാ ചുമതലകളും വഹിക്കുകയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്.

(3) സെക്രട്ടറിക്ക് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ളതല്ലാത്ത, ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററിയുടെ യോഗത്തിൽ സംബന്ധിക്കുന്നതിന് ജോയിന്റ് സെക്രട്ടറിയെ അധികാരപ്പെടുത്താവുന്നതാണ്.]

33. സെക്രട്ടറിയുടെ കൃത്യങ്ങൾ അദ്ദേഹത്തിന്റെ അഭാവത്തിൽ മററ് ഉദ്യോഗസ്ഥൻമാർ വിനിയോഗിക്കുന്നത്.—സർക്കാരിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം 32-ാം വകുപ്പുപ്രകാരം നിയമിച്ച ഏതെങ്കിലും ജോയിന്റ് സെക്രട്ടറിയേയോ മറെറതെങ്കിലും ഉദ്യോഗസ്ഥനേയോ സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ എല്ലാമോ ഏതെങ്കിലുമോ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.

34. സെക്രട്ടറിയുടെ കൃത്യങ്ങൾ ഏല്പിച്ചുകൊടുക്കൽ.—സെക്രട്ടറിക്ക് പ്രസിഡൻറിന്റെ അനുമതിയോടുകൂടി, രേഖാമൂലമായ ഉത്തരവുമൂലം, തന്റെ ഏതെങ്കിലും കൃത്യങ്ങൾ ഏതെങ്കിലും ജോയിന്റ് സെക്രട്ടറിക്കോ ജില്ലാ കൗൺസിലിന്റെ മററു ഉദ്യോഗസ്ഥനോ അദ്ദേഹം പ്രത്യേകം പറയാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിയന്ത്രണത്തിനും വിധേയമായി ഏല്പിച്ചു കൊടുക്കാവുന്നതാണ്.

---

[1] 1989-ലെ 35-ാം ആക്ററ് പ്രകാരം [illegible] ചേർത്തത്.

35. കത്തിടപാടുകളുടെ മാർഗ്ഗം.—(1) ജില്ലാ കൗൺസിൽ അയയ്ക്കുന്നതോ അഥവാ ജില്ലാ കൗൺസിലിനെ സംബോധന ചെയ്തുകൊണ്ടുള്ളതോ ആയ എല്ലാ കത്തിടപാടുകളും സെക്രട്ടറിയുടെ പേരിലായിരിക്കേണ്ടതാണ്.

(2) സർക്കാരിൽനിന്നോ അഥവാ സർക്കാരിന്റെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരിൽ നിന്നോ ജില്ലാ കൗൺസിലിന്റെ കീഴിൽ ജോലിചെയ്യുന്ന ജീവനക്കാർക്കോ അല്ലെങ്കിൽ നേരെ മറിച്ചോ അയയ്ക്കുന്ന എല്ലാ കത്തിടപാടുകളും ജില്ലാ കൗൺസിലിന്റെ ഉപനിയമങ്ങളാലും ഇതു സംബന്ധിച്ച് സർക്കാരുണ്ടാക്കുന്ന ചട്ടങ്ങളാലും മററു വിധത്തിൽ അനുവദിക്കുന്നിടത്തോളം ഒഴികെ ജില്ലാ കൗൺസിൽ മുഖാന്തിരം മാത്രം ആയിരിക്കേണ്ടതാണ്.

36. ജില്ലാ കൗൺസിലിലെ ജീവനക്കാർ.—(1) (എ) നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, സർക്കാരിന് ജില്ലാ കൗൺസിലിന്റെ പ്രവർത്തനത്തിന്, ആവശ്യമാകാവുന്ന അവരുടെ ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും ഒരു ജില്ലാ കൗൺസിലിന്റെ അധീനതയിൽ വിട്ടുകൊടുക്കാവുന്നതാകുന്നു.

(ബി) സർക്കാർ, 32-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെയോ അഥവാ ഈ ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ ജില്ലാ കൗൺസിലിന്റെ അധീനതയിൽ വിട്ടുകൊടുക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെയോ ജീവനക്കാരെയോ പ്രസിഡന്റുമായി ആലോചിക്കാതെയും; പ്രസ്തുത ഉദ്യോഗസ്ഥനോ ജീവനക്കാരനോ ജില്ലാ കൗൺസിലിനു കീഴിൽ മൂന്നു കൊല്ലത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ പ്രസിഡന്റിന്റെ സമ്മതത്തോടുകൂടിയല്ലാതെയും ഒരു ജില്ലാ കൗൺസിലിലെ സർവ്വീസിൽ നിന്നും പുറത്തേക്ക് സ്ഥലം മാററാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഉദ്യോഗക്കയററമോ റിവർഷനോ കാരണമായുള്ള സ്ഥലമാററമാണെങ്കിൽ അപ്രകാരമുള്ള സമ്മതം ആവശ്യമില്ലാത്തതാണ്.

(സി) ജില്ലാ കൗൺസിലിന്റെ അധീനതയിൽ വിട്ടുകൊടുത്തിട്ടുള്ള ഉദ്യോഗസ്ഥൻമാരും ജീവനക്കാരും എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി സർക്കാർ ജീവനക്കാരായി തുടരുന്നതും, അവരുടെ സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും സർക്കാരിന്റെ കീഴിൽ അവർക്കു ബാധകമാകുന്ന അതേ തരത്തിലുള്ളതായി തുടരുന്നതുമാണ്:

എന്നാൽ ജില്ലാ കൗൺസിലിന്റെ അധീനതയിൽ സേവനം വിട്ടുകൊടുത്തിട്ടുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ അഥവാ സർക്കാർ ജീവനക്കാരന്റേയോ പേരിൽ അച്ചടക്ക നടപടികൾ എടുക്കേണ്ടിയിരിക്കുമ്പോൾ പ്രസിഡന്റിന് അന്വേഷണം നടത്താനും അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി അയാൾക്കു ബാധകമായിട്ടുള്ള ചട്ടങ്ങളിൻകീഴിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ മേൽ ശിക്ഷ ചുമത്തുന്നതിന് അധികാരമുള്ള അധികാരസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) എന്ന ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആവശ്യാർത്ഥം ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി, ഏതു സർക്കാർ ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ സേവനമാണ് ജില്ലാ കൗൺസിലിന്റെ അധീനതയിൽ

വിട്ടുകൊടുത്തിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും ആളുടെമേൽ ചെറിയ ശിക്ഷകൾ ചുമത്തുന്നതിന് ജില്ലാ കൗൺസിലിൻെറ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ഏതെങ്കിലും ചെറിയ ശിക്ഷ ചുമത്തിക്കൊണ്ടുള്ള സെക്രട്ടറിയുടെ ഏതെങ്കിലും ഉത്തരവിനെതിരായുള്ള ഒരു അപ്പീൽ പ്രസിഡൻറിൻെറ മുൻപിൽ ബോധിപ്പിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിനുകീഴിലുള്ള ഒരു അപ്പീൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും സമയത്തിനകവും ബോധിപ്പിച്ചിരിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപ്പീൽ ലഭിക്കുമ്പോൾ പ്രസിഡൻറ് അപ്പീൽ വാദിക്കു പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം, ഏതു ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നത് ആ ഉത്തരവ് സ്ഥിരപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്നു കരുതുന്ന മററുത്തരവിടുകയോ ചെയ്യാവുന്നതാണ്.

(6) (7)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി സർക്കാർ ഏതൊരു ജില്ലാ കൗൺസിലിലെയും ജീവനക്കാരുടെ എണ്ണവും ഉദ്യോഗപ്പേരുകളും ഗ്രേഡുകളും അവർക്കു നൽകേണ്ട ശമ്പളവും, ഫീസും അലവൻസുകളും നിശ്ചയിക്കേണ്ടതും സർക്കാരിന് അവയ്ക്കു മാററം വരുത്താവുന്നതുമാണ്.

(7) സർക്കാരിന്—

(എ) ജില്ലാ കൗൺസിലിലെ ജീവനക്കാരെ നിയമിക്കാവുന്ന അധികാരസ്ഥാനങ്ങളേയും അങ്ങനെയുള്ള ജീവനക്കാരുടെ തരംതിരിക്കൽ, തിരഞ്ഞെടുപ്പുരീതികൾ, ശമ്പളവും അലവൻസുകളും, അച്ചടക്കവും പെരുമാററവും, സേവനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ചും;

(ബി) ജില്ലാ കൗൺസിലിൻെറ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കൽ സംബന്ധിച്ചും;

(സി) പട്ടികജാതിയിലും, പട്ടികവർഗ്ഗത്തിലും മററുപിന്നോക്ക വിഭാഗങ്ങളിലുംപെട്ട പൗരൻമാർക്ക് നിയമനം സംവരണം ചെയ്യുന്നതു സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## നടപടിക്രമങ്ങൾ

**37.** ജില്ലാ കൗൺസിൽ യോഗങ്ങൾ.— (1) ഏതൊരു ജില്ലാ കൗൺസിലും നിർണ്ണയിക്കപ്പെടാവുന്ന സമയത്തും സ്ഥലത്തും (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും യോഗം ചേരേണ്ടതും അതിൻെറ യോഗങ്ങളിലെ കാര്യനിർവ്വഹണം സംബന്ധിച്ച് (യോഗത്തിൻെറ കോറം ഉൾപ്പെടെ) അപ്രകാരമുള്ള നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്:

എന്നാൽ ജില്ലാ കൗൺസിലിൻെറ ഏതെങ്കിലും രണ്ടുയോഗങ്ങൾക്കിടയ്ക്ക് മുപ്പത്തൊന്നു ദിവസത്തിൽ കൂടുതൽ സമയം കഴിയാൻ പാടില്ലാത്തതാണ്.

(2) ജില്ലാ കൗൺസിലിന്റെ ഏതൊരു യോഗവും പ്രസിഡന്റോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ 28—ാം വകുപ്പിൻകീഴിൽ പ്രസിഡന്റിന്റെ അധികാരങ്ങൾ നിക്ഷിപ്തമാകുന്ന ആളോ അല്ലെങ്കിൽ പ്രസിഡന്റിന്റെയും അങ്ങനെയുള്ള ആളിന്റേയും അഭാവത്തിൽ ആ യോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ ആ അവസരത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനു തിരഞ്ഞെടുക്കുന്ന അംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(3) പ്രസിഡന്റോ അഥവാ (2)-ാം ഉപവകുപ്പിൻകീഴിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന മറ്റേതെങ്കിലും ആളോ ക്രമനില പാലിക്കേണ്ടതും യോഗങ്ങളിൽ വച്ചോ യോഗം സംബന്ധിച്ചോ ഉണ്ടാകുന്ന എല്ലാ ക്രമപ്രശ്നങ്ങളും തീരുമാനിക്കേണ്ടതുമാണ്. ഏതെങ്കിലും ക്രമപ്രശ്നം സംബന്ധിച്ച് യാതൊരു ചർച്ചയും പാടില്ലാത്തതും ക്രമപ്രശ്നം സംബന്ധിച്ച് ആദ്ധ്യക്ഷം വഹിക്കുന്ന പ്രസിഡന്റിന്റെയോ മറ്റാളിന്റേയോ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

38. ഓരോ അംഗത്തിന്റെയും അവകാശങ്ങൾ.—(1) ഓരോ അംഗത്തിനും സർക്കാർ ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസിഡന്റിനോടും മറ്റ് ഔദ്യോഗിക ഭാരവാഹികളോടും ജില്ലാ കൗൺസിലിന്റെ ഭരണാധികാരത്തിൽപ്പെടുന്ന കാര്യങ്ങൾ സംബന്ധിച്ച് ചോദ്യം ചോദിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഏതൊരു അംഗത്തിനും പ്രസിഡന്റിന് യഥാവിധിയുള്ള നോട്ടീസ് നൽകിയതിനുശേഷം ജില്ലാ കൗൺസിലിന്റെ റിക്കാർഡുകൾ ഓഫീസ് സമയത്ത് നോക്കാവുന്നതാണ്:

എന്നാൽ പ്രസിഡന്റിന്, രേഖാമൂലം നൽകിയ കാരണങ്ങളാൽ, അപ്രകാരം നോക്കുന്നതിനുള്ള അനുവാദം നിരസിക്കാവുന്നതാണ്.

39. നടപടികളുടെ മിനിറ്റ്സ്.—ജില്ലാ കൗൺസിലിന്റെ ഏതൊരു യോഗനടപടിയുടേയും മിനിറ്റ്സിന്റെ ഒരു പകർപ്പ് യോഗത്തിന്റെ തീയതി മുതൽ പത്തുദിവസത്തിനകം സെക്രട്ടറി പ്രസിഡന്റിന്റെ അംഗീകാരത്തോടു കൂടി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

40. റിക്കാർഡുകൾ ആവശ്യപ്പെടുന്നതിന് ജില്ലാ കൗൺസിലിനും പ്രസിഡന്റിനുമുള്ള അധികാരം.—ജില്ലാ കൗൺസിലിനോ പ്രസിഡന്റിനോ സെക്രട്ടറി എന്ന നിലയിൽ അദ്ദേഹത്തിന്റെ അധീനതയിലുള്ള ഏതൊരു രേഖയും ഹാജരാക്കുന്നതിന് ജില്ലാ കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെടാവുന്നതും അതിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി, സെക്രട്ടറി അപ്രകാരമുള്ള ഏതൊരു അഭ്യർത്ഥനയും നിറവേറ്റേണ്ടതുമാണ്.

41. ജില്ലാ കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും നടപടിക്രമങ്ങൾ.—ഏതൊരു ജില്ലാ കൗൺസിലിന്റേയോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ നടപടികൾ ഈ ആവശ്യാർത്ഥം സർക്കാർ ഉണ്ടാക്കാവുന്ന ചട്ടങ്ങളും സർക്കാരിന്റെ അംഗീകാരത്തോടുകൂടി ജില്ലാ കൗൺസിൽ ഉണ്ടാക്കുന്ന (അപ്രകാരമുള്ള ചട്ടങ്ങൾക്കോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ വിരുദ്ധമല്ലാത്ത) ഉപനിയമങ്ങളുംമൂലം നിയന്ത്രിക്കേണ്ടതാണ്.

**42. പ്രസിഡൻറിലോ, വൈസ് പ്രസിഡൻറിലോ അഥവാ സ്ററാൻഡിംഗ് കമ്മിററിയുടെ ചെയർമാനിലോ ഉള്ള അവിശ്വാസം സംബന്ധിച്ച പ്രമേയം.—**

(1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രസിഡൻറിലോ വൈസ് പ്രസിഡൻറിലോ സ്ററാൻറിംഗ് കമ്മിററി ചെയർമാനിലോ ഉള്ള വിശ്വാസമില്ലായ്മ കാണിക്കുന്ന ഒരു പ്രമേയം ഇതിൽ പറഞ്ഞിരിക്കുന്ന നടപടിക്രമമനുസരിച്ച് അവതരിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശം സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലുള്ളതും ജില്ലാ കൗൺസിലിന് അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ അ ഞ്ചിലൊന്നിൽ കുറയാതെവരുന്ന ജില്ലാ കൗൺസിലിലെ [1][അംഗങ്ങൾ] ഒപ്പിട്ടതുമായ രേഖാമൂലമായ നോട്ടീസ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിൻെറ ഒരു പകർപ്പോടുകൂടി നോട്ടീസ് ഒപ്പിട്ട് ഏതെങ്കിലും ജില്ലാ കൗൺസിലംഗം നേരിട്ട് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

(3) സെക്രട്ടറി, പ്രമേയം പരിഗണിക്കുന്നതിനുവേണ്ടിയുള്ള ജില്ലാ കൗൺസിലിലെ [1][അംഗങ്ങളുടെ] ഒരു യോഗം (2)-ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസ് അദ്ദേഹത്തിന് നൽകിയ തീയതി മുതൽ പതിനഞ്ചുദിവസത്തിനു ശേഷമല്ലാത്തതും അദ്ദേഹം നിശ്ചയിക്കുന്നതുമായ സമയത്ത് ജില്ലാ കൗൺസിൽ ആഫീസിൽവച്ച് നടത്തുന്നതിന്, വിളിച്ചുകൂട്ടേണ്ടതാണ്.

(4) സെക്രട്ടറി ഈ വകുപ്പുപ്രകാരം നടത്തുന്ന ഏതൊരുയോഗവും അതിന് നിശ്ചയിച്ച സമയത്തെ സംബന്ധിച്ച് പത്തു പൂർണ്ണ ദിവസത്തിൽ കുറയാത്ത നോട്ടീസ് ജില്ലാ കൗൺസിലിലെ [1][അംഗങ്ങൾക്ക്] നൽകേണ്ടതാണ്.

(5) ഈ വകുപ്പുപ്രകാരം വിളിച്ചുകൂട്ടുന്ന ഒരു യോഗത്തിൽ—

(എ) പ്രമേയം വൈസ് പ്രസിഡൻറിനോ അഥവാ ഒരു സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ എതിരായിട്ടാണെങ്കിൽ പ്രസിഡൻറും;

(ബി) പ്രമേയം പ്രസിഡൻറിനെതിരായിട്ടാണെങ്കിൽ, വൈസ് പ്രസിഡൻറും;

(സി) അതതു സംഗതിപോലെ, പ്രസിഡൻറിനോ, വൈസ് പ്രസിഡൻറിനോ അഭാവംമൂലമോ മററു വിധത്തിലോ (എ) എന്ന ഖണ്ഡത്തിലോ (ബി) എന്ന ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ 28-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മുൻഗണനാക്രമത്തിൽ സ്ററാൻറിംഗ് കമ്മിററിയുടെ ഒരു ചെയർമാനും ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്:

എന്നാൽ ഒരു ചെയർമാൻെറ പേരിലാണ് അവിശ്വാസപ്രമേയമെങ്കിൽ ആ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാൻ ഒരു മീററിംഗിൽ ആദ്ധ്യക്ഷം വഹിക്കാൻ പാടുള്ളതല്ല.

(6) ഈ വകുപ്പുപ്രകാരമുള്ള പ്രമേയം പരിഗണിക്കുന്ന ആവശ്യത്തിലേക്കായി വിളിച്ചുകൂട്ടിയ ഒരു യോഗം മാനുഷികനിയന്ത്രണാതീതമായ കാരണങ്ങളാലല്ലാതെ മാററിവയ്ക്കാൻ പാടില്ലാത്തതാണ്.

---

[1] 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

(7) ഈ വകുപ്പു പ്രകാരം വിളിച്ചുകൂട്ടിയ യോഗം ആരംഭിച്ച ഉടൻതന്നെ ആദ്ധ്യക്ഷം വഹിക്കുന്ന ആറം ഏതു പ്രമേയം പരിഗണിക്കുന്നതിനാണോ ജില്ലാ കൗൺസിൽ വിളിച്ചുകൂട്ടിയത് ആ പ്രമേയം യോഗത്തിന്റെ മുൻപാകെ വായിക്കേണ്ടതും അതിന്റെ ചർച്ച ആരംഭിച്ചതായി പ്രഖ്യാപിക്കേണ്ടതുമാണ്.

(8) ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും പ്രമേയം സംബന്ധിച്ച ചർച്ച മാനുഷികനിയന്ത്രണാതീതമായ കാരണങ്ങളാലല്ലാതെ മാററിവയ്ക്കാൻ പാടില്ലാത്തതാണ്.

(9) ഏതെങ്കിലും പ്രമേയം സംബന്ധിച്ച ചർച്ച യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ച സമയം മുതൽ നാലു മണിക്കൂർ കഴിയുമ്പോഠം, അതിനുമുൻപ് അത് അവസാനിച്ചിട്ടില്ലെങ്കിൽ, സ്വമേധയാ അവസാനിക്കുന്നതും, അതതു സംഗതിപോലെ ചർച്ച അവസാനിക്കുമ്പോഴോ അപ്രകാരമുള്ള നാലുമണിക്കൂർ സമയം കഴിയുമ്പോഴോ പ്രമേയം വോട്ടിനിടേണ്ടതുമാണ്.

(10) ആദ്ധ്യക്ഷം വഹിക്കുന്ന ആറം പ്രമേയത്തിന്റെ യോഗ്യതയെ പററി സംസാരിക്കാൻ പാടില്ലാത്തതും എന്നാൽ അദ്ദേഹത്തിന് ഏതെങ്കിലും രണ്ടാം വോട്ടോ, കാസ്ററിംഗ് വോട്ടോ വിനിയോഗിക്കുന്നതിനുള്ള അവകാശമില്ലാതെ അതിൻമേൽ വോട്ടുചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(11) യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് പ്രമേയത്തിന്റെ പകർപ്പും അതിൻമേൽ വോട്ടുചെയ്തതിന്റെ ഫലവും സഹിതം യോഗം അവസാനിച്ച ഉടനെതന്നെ സെക്രട്ടറി സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(12) യോഗം കൂടുന്ന ദിവസം സ്ഥാനം വഹിച്ചിരുന്ന ജില്ലാ കൗൺസിലിന്റെ [1][അംഗങ്ങളുടെ] ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസാക്കുന്ന പക്ഷം, സർക്കാർ, ഗസററുവിജ്ഞാപനംവഴി അതതു സംഗതിപോലെ, പ്രസിഡൻറിനേയോ, വൈസ് പ്രസിഡൻറിനെയോ, ഒരു സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനേയോ നീക്കം ചെയ്യേണ്ടതാണ്.

(13) മേൽപറഞ്ഞ പ്രകാരമുള്ള ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസാക്കിയിരിക്കുകയോ അഥവാ കോറം ഇല്ലാത്തതിനാൽ യോഗം നടത്താൻ കഴിയാതെവരികയോ ചെയ്യുന്നപക്ഷം, അതതു സംഗതിപോലെ, യോഗത്തിന്റെ തീയതി മുതൽക്കോ യോഗത്തിന് നിശ്ചയിച്ച തീയതി മുതൽക്കോ ആറു മാസം കഴിയുന്നതുവരെ അതേ പ്രസിഡൻറിൻേറയോ, വൈസ് പ്രസിഡൻറിൻേറയോ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാൻേറയോ പേരിൽ വിശ്വാസമില്ലായ്മ കാണിക്കുന്ന പിന്നീടുള്ള ഏതെങ്കിലും പ്രമേയത്തിനുള്ള നോട്ടീസ് സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

(14) ഈ വകുപ്പുപ്രകാരം പ്രമേയം സംബന്ധിച്ച യാതൊരു നോട്ടീസും അതതു സംഗതിപോലെ, പ്രസിഡൻേറാ വൈസ് പ്രസിഡൻേറാ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ ഉദ്യോഗം ഏററെടുക്കുന്നതു മുതൽ ആറു മാസത്തിനകം സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

---

[1] 1989-ലെ 35-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

**43. പ്രസിഡൻറിൻേറയോ വൈസ് പ്രസിഡൻറിൻേറയോ സ്ററാൻറിംഗ കമ്മിററിയുടെ ചെയർമാൻേറയോ അംഗത്തിൻേറയോ രാജി.—**

(1) പ്രസിഡൻറിനോ, വൈസ് പ്രസിഡൻറിനോ, ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററി ചെയർമാനോ അഥവാ എക്സ് ഒഫിഷ്യോ അംഗമല്ലാത്ത മററ് ഏതെങ്കിലും അംഗത്തിനോ പ്രസിഡൻറായോ വൈസ് പ്രസിഡൻറായോ ചെയർമാനായോ അംഗമായോ ഉളള നിലയിലുളള തൻെറ സ്ഥാനം ജില്ലാ കൗൺസിലിന് രേഖാമൂലമായ നോട്ടീസ് നൽകിക്കൊണ്ട് രാജിവയ്ക്കാവുന്നതും നോട്ടീസ് സെക്രട്ടറിക്ക് നൽകേണ്ടതും അദ്ദേഹം അത് ജില്ലാ കൗൺസിലിൻെറ അടുത്ത യോഗം മുൻപാകെ വയ്ക്കേണ്ടതുമാണ്. രാജിക്കുളള നോട്ടീസ് സെക്രട്ടറിക്ക് നേരിട്ട് നൽകാത്തപക്ഷം, അദ്ദേഹം രാജിസംബന്ധിച്ച നോട്ടീസ് കൈപ്പററിയാൽ, ജില്ലാ കൗൺസിൽ മുൻപാകെ അത് വയ്ക്കുന്നതിന്മുൻപ് അതിൻെറ യാഥാർത്ഥ്യം സംബന്ധിച്ച് ബന്ധപ്പെട്ട ആളിൽനിന്നും സ്ഥിരീകരണം വാങ്ങേണ്ടതാണ്.

(2) (1)—ാം ഉപവകുപ്പുപ്രകാരമുളള ഒരു രാജി, ജില്ലാ കൗൺസിലിൻെറ യോഗത്തിനുമുൻപാകെ നോട്ടീസ് വയ്ക്കുന്ന തീയതിയിലും അന്നുമുതൽക്കും ആ യോഗം തീരുമാനിക്കുന്നതിനുമുൻപ്, ബന്ധപ്പെട്ട ആരം അത് പിൻവലിക്കാത്തപക്ഷം, പ്രാബല്യത്തിൽ വരുന്നതാണ്.

## അദ്ധ്യായം III

# ജില്ലാ കൗൺസിലുകളുടെ കൃത്യങ്ങളും അധികാരങ്ങളും ആസ്തികളും

**44. ജില്ലാ കൗൺസിലുകളുടെ അധികാരങ്ങളും കൃത്യങ്ങളും.—**ഈ ആക്ററിലെ വ്യവസ്ഥകരംക്കും നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകരംക്കും നിയന്ത്രണങ്ങരംക്കും വിധേയമായി ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുളള കാര്യങ്ങരം സംബന്ധിച്ചുളള ഒരു ജില്ലയിലെ ഭരണം, ഗസററിൽ വിജ്ഞാപനം വഴി സർക്കാർ പ്രത്യേകം പറയാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി ജില്ലാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്:

എന്നാൽ പ്രസ്തുത പട്ടികയിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യത്തിനുമോ അല്ലെങ്കിൽ അപ്രകാരമുളള ഏതെങ്കിലും കാര്യത്തിൽപ്പെടുന്ന വ്യത്യസ്ഥ വിഷയങ്ങരംക്കോ വ്യത്യസ്ഥ തീയതികരം പ്രത്യേകം പറയാവുന്നതാണ്.

(2) സർക്കാരിന് ഗസററിൽ വിജ്ഞാപനംവഴി ഏതെങ്കിലും കാര്യം സംബന്ധിച്ച് വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന സർക്കാരിൻെറ (ഏതെങ്കിലും) അധികാരങ്ങളും കൃത്യങ്ങളും അതിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന നിയന്ത്രണങ്ങരംക്കും വ്യവസ്ഥകരംക്കും വിധേയമായി ജില്ലാ കൗൺസിലുകരംക്ക് അതതു സമയം ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(3) ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം കഴിയുന്നതും വേഗം സർക്കാർ, (1)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുളള കാര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും പദ്ധതികളും, കെട്ടിടങ്ങളും മററു വസ്തുക്കളും ആസ്തി ബാദ്ധ്യതകളും ജില്ലാ കൗൺസിലുകരംക്ക് കൈമാററം ചെയ്യേണ്ടതാണ്:

എന്നാൽ സർക്കാർ ജില്ലാ കൗൺസിലുകൾക്ക് സംസ്ഥാന വ്യാപകമായി പ്രാധാന്യമുള്ള ഏതെങ്കിലും പരിശീലന സ്ഥാപനമോ, ഗവേഷണ സ്ഥാപനമോ അഥവാ ഏതെങ്കിലും പരിപാടിയോ, പ്രോജക്റ്റോ, പദ്ധതികളോ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

(4) ഏതെങ്കിലും സ്ഥാപനമോ, പരിപാടിയോ, പ്രോജക്റ്റോ, പദ്ധതിയോ, (3)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനകളുടെ വ്യാപ്തിയിൽപെടുന്നുണ്ടോ എന്ന് ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, ആ പ്രശ്നം സർക്കാർ തീരുമാനിക്കേണ്ടതും, അതിൻമേലുള്ള അവരുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**45. പഞ്ചായത്തുകൾ ഭരണം നടത്തുന്ന വിഷയങ്ങളിൻമേൽ ജില്ലാ കൗൺസിലുകൾക്കുള്ള അധികാരം.**—(1) 1960-ലെ കേരള പഞ്ചായത്ത് ആക്റ്റിൽ (1960-ലെ 32) എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ കൗൺസിലുകൾക്ക് അവരുടെ യഥാക്രമമുള്ള അധികാരാതിർത്തികൾക്കുള്ളിൽ പ്രസ്തുത ആക്റ്റ് VII-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച ഭരണം നടത്തുന്നതിനുംകൂടി അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരമുള്ള ഏതെങ്കിലും വിഷയത്തിന്റെ കീഴിൽ വരുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച ജില്ലാ കൗൺസിൽ എടുത്ത ഏതൊരു നടപടിയും പ്രാബല്യത്തിലിരിക്കുന്നതും പഞ്ചായത്ത് എടുത്ത അപ്രകാരമുള്ള ഏതൊരു നടപടിയും ജില്ലാ കൗൺസിലിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായിരിക്കുന്നതുമാകുന്നു.

(2) ഈ ആക്റ്റിലെയും 1960-ലെ കേരളാ പഞ്ചായത്ത് ആക്റ്റിലേയും (1960-ലെ 32) വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്തുകൾക്ക്, പ്രസ്തുത ആക്റ്റിൽ 6-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ചു ഭരണം നടത്തുന്നതിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതും ജില്ലാകൗൺസിലുകൾക്ക് പ്രസ്തുത പട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് നിയമാനുസരണമായി എടുത്തിട്ടുള്ള യാതൊരു തീരുമാനത്തെയും ചോദ്യം ചെയ്യുന്നതിന് യാതൊരു അധികാരവുമുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) ഈ ആക്റ്റിലേയോ അഥവാ തത്സമയം നിലവിലുള്ള മറ്റേതെങ്കിലും ആക്റ്റിലേയോ വ്യവസ്ഥകൾക്ക് വിധേയമായി, ജില്ലാ കൗൺസിൽ അതിന്റെ അധികാരപ്രദേശത്തിനകത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൻമേൽ പൊതു മേൽനോട്ടവും നിയന്ത്രണവും വിനിയോഗിക്കേണ്ടതാകുന്നു.

(4) ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്കു വിധേയമായി, ജില്ലാ കൗൺസിൽ അതിന്റെ അധികാരാതിർത്തിക്കുള്ളിലുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏതെങ്കിലും നിയമപ്രകാരം അവയിൽ നിക്ഷിപ്തമായിട്ടുള്ള കൃത്യങ്ങളുടെ ശരിയായ നിർവഹണത്തിന് ആവശ്യമായ ഭരണപരവും, സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകേണ്ടതാകുന്നു.

**46. സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കുന്നതിനുള്ള അധികാരം.**—ഒരു ജില്ലാ കൗൺസിലിന് അതിന്റെ ഫണ്ടുകൾ വിനിയോഗിക്കാവുന്ന വല്ല കാര്യവും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി സംഭാവനകളോ അഥവാ തികച്ചും അതു സംബന്ധിച്ച ട്രസ്റ്റുകളോ സ്വീകരിക്കാവുന്നതും അത് പരിപൂർണ്ണമായും അപ്രകാരമുള്ള കാര്യത്തിനുവേണ്ടി ഉപയോഗിക്കേണ്ടതുമാകുന്നു.

**47. ജില്ലാ കൗൺസിലുകൾക്ക് ആവശ്യമുള്ള സ്ഥാവരവസ്തുക്കൾ വിലയ്ക്കെടുക്കൽ.**—ഈ ആക്ററോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ, ഉപനിയമങ്ങളോ അല്ലെങ്കിൽ മറേറതെങ്കിലും നിയമമോ പ്രകാരം അതിൻമേൽ ചുമത്തപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതു സംബന്ധിച്ച പൊതു ആവശ്യത്തിനുവേണ്ടി ജില്ലാ കൗൺസിലിന് ആവശ്യമുള്ള ഏതെങ്കിലും സ്ഥാവരവസ്തു [1]["1894-ലെ സ്ഥലമെടുപ്പ് ആക്ററ് (1894-ലെ 1-ാം കേന്ദ്ര ആക്ററിലെ)] വ്യവസ്ഥകൾ പ്രകാരം, വിലയ്ക്കെടുക്കാവുന്നതും, അപ്രകാരമുള്ള വസ്തു സംബന്ധിച്ച് പ്രസ്തുത ആക്ടിൻ കീഴിൽ തീർപ്പു കൽപ്പിച്ച് പ്രതിഫലവും അത് വിലയ്ക്കെടുക്കുന്നതിന് നേരിട്ട മറേറതെങ്കിലും ചെലവുകളും നൽകുമ്പോൾ പ്രസ്തുത വസ്തു ജില്ലാ കൗൺസിലിന് കൈമാററം ചെയ്യപ്പെട്ടതായും അതിൽ നിക്ഷിപ്തമാക്കപ്പെട്ടതായും തീരുന്നതുമാണ്.

**48. പ്രസിഡൻറിൻെറ മേലന്വേഷണാധികാരങ്ങൾ.**—പ്രസിഡൻറിന് ഈ ആക്ററുമൂലമോ അഥവാ അതിൻ കീഴിലോ ജില്ലാ കൗൺസിലുകളെ ഏൽപ്പിച്ച കൃത്യങ്ങൾ സംബന്ധിച്ച് ഒന്നും രണ്ടും പട്ടികകളിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന ജില്ലയിലെ ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ മേൽ പരിപൂർണ്ണമായ മേലന്വേഷണ നിയന്ത്രണമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## ധനകാര്യം

49 [2][ ]

**50. ഗ്രാൻറുകൾ.**—സർക്കാർ, ഈ ആവശ്യാർത്ഥം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി ജില്ലാ കൗൺസിലുകൾക്ക് ഈ ആക്ററ് പ്രകാരമുള്ള അവയുടെ കൃത്യങ്ങൾ ശരിയായി നിർവഹിക്കുന്നതിന് ആവശ്യമായ ഗ്രാൻറുകൾ നൽകേണ്ടതാകുന്നു.

**51. ജില്ലാ കൗൺസിലുകൾക്കുവേണ്ടിയുള്ള ധനകാര്യക്കമ്മീഷൻ.**—[3][(1) ജില്ലാ കൗൺസിലുകൾ ആദ്യമായി രൂപീകരിച്ച ദിവസം മുതൽ ആറു മാസങ്ങൾക്കുള്ളിലും, അതിനുശേഷം ഓരോ അഞ്ചുവർഷം കഴിയുമ്പോഴും, അല്ലെങ്കിൽ സർക്കാർ ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള മറേറതെങ്കിലും സമയങ്ങളിലും, ഉത്തരവുമൂലം, ഒരു ചെയർമാനും മററ് രണ്ട് അംഗങ്ങളും ഉൾക്കൊള്ളുന്ന ഒരു ഫൈനാൻസ് കമ്മീഷനെ സർക്കാർ രൂപീകരിക്കേണ്ടതാണ്.]

(2) ധനകാര്യകമ്മീഷൻ ജില്ലാ കൗൺസിലുകളുടെ വരവു ചെലവ് പ്രശ്നങ്ങൾ പരിശോധിക്കേണ്ടതും,

(എ) സർക്കാരിൽനിന്നും ജില്ലാ കൗൺസിലിലേക്കുള്ള സഹായത്തിൻെറ മാതൃക;

---

[1] 1990-ലെ 18-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.
[2] 1989-ലെ 35-ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.
[3] 1989-ലെ 35-ാം ആക്ക്ററ് പ്രകാരം പകരം ചേർത്തത്.

(ബി) സർക്കാരിൽനിന്നും ജില്ലാ കൗൺസിലുകൾക്കുള്ള സഹായ ധനത്തെ നിയന്ത്രിക്കുന്നതിനുള്ള തത്വങ്ങൾ;

(സി) ഏതു തീയതിമുതലാണ് സഹായധനമോ സഹായമോ നൽകേണ്ടത്;

(ഡി) ആ ജില്ലയിൽ സർക്കാർ ചുമത്തിയതും പിരിച്ചെടുത്തതുമായ ഏതെങ്കിലും നികുതിയുടെ ഒരു ശതമാനം ജില്ലാ കൗൺസിലിനെ ഏൽപ്പിക്കുന്നതിനുള്ള സാദ്ധ്യത;

(ഇ) ജില്ലാ കൗൺസിലുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി സർക്കാർ കമ്മീഷന് റഫർ ചെയ്ത മറേറതെങ്കിലും കാര്യം എന്നിവകളെ ക്കുറിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യേണ്ടത് കമ്മീഷന്റെ കടമയായിരിക്കുന്നതുമാണ്.

(3) ധനകാര്യകമ്മീഷന്റെ ചെയർമാനോ, ഒരു അംഗത്തിനോ, തന്റെ സ്വന്തം കൈപ്പടയിലെഴുതിയതും സർക്കാരിന്റെ ധനകാര്യവകുപ്പു സെക്രട്ടറിയെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതുമായ കത്തുമൂലം രാജിവെയ്ക്കാവുന്നതും എന്നാൽ അദ്ദേഹം സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ആ സ്ഥാനത്ത് തുടരേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിലുള്ള ചെയർമാന്റേയോ അംഗത്തിന്റെയോ രാജിമൂലമോ മറേറതെങ്കിലും കാരണത്താലോ ഉണ്ടായ ആകസ്മികമായ ഒഴിവ് പുതിയ നിയമനംമൂലം നികത്താവുന്നതും അങ്ങനെ നിയമിക്കപ്പെട്ട ചെയർമാനോ അംഗത്തിനോ ആരുടെ സ്ഥാനത്തേയ്ക്കാണോ നിയമിക്കപ്പെട്ടത് ആ ചെയർമാനോ അംഗമോ സ്ഥാനം വഹിക്കുമായിരുന്ന ശേഷിക്കുന്ന കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതുമാണ്.

(5) ഈ ആക്ററിൻ കീഴിലുണ്ടാക്കാവുന്ന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കാവുന്നതുപോലെ ധനകാര്യക്കമ്മീഷൻ അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവഹണത്തെ സംബന്ധിച്ചുള്ള അങ്ങനെയുള്ള നടപടിച്ചട്ടങ്ങൾ അനുസരിക്കേണ്ടതുമാകുന്നു.

(6) ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന അങ്ങനെയുള്ള തീയതിമുതൽ ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള അനുയോജ്യമായ ഭേദഗതികളോടെ സർക്കാർ ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സ്വീകരിക്കേണ്ടതാണ്.

52. പദ്ധതികൾക്കും പ്രോജക്ററുകൾക്കും ഗ്രാൻറുകളും, വായ്പകളും.—(1) സർക്കാരിന് ഈ ആവശ്യത്തിനുവേണ്ടി അവർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ജില്ലാ കൗൺസിൽ ചെയ്യുന്ന ഏതെങ്കിലും സംഗതികൾക്കുവേണ്ടി പ്രത്യേക പദ്ധതികളോ പ്രോജക്ററുകളോ പരിപാടികളോ അഥവാ പ്ലാനുകളോ നടത്തുന്നതിന് ആവശ്യമെന്നു അവർ കരുതുന്ന കൂടുതൽ ഗ്രാൻറുകളും വായ്പകളും ജില്ലാ കൗൺസിലുകൾക്ക് നൽകാവുന്നതാകുന്നു.

(2) ഏതൊരു ജില്ലാ കൗൺസിലും ഈ വകുപ്പിൻ കീഴിലുള്ള, ഗ്രാൻറുകളോ വായ്പകളോ, ഏതത് പ്രത്യേക ആവശ്യത്തിനോ ആവശ്യങ്ങൾക്കോ വേണ്ടിയാണോ അങ്ങനെയുള്ള ഗ്രാൻറുകളോ വായ്പകളോ കൊടുത്തിട്ടുള്ളത് അവയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ സർക്കാർ കൊടുക്കുന്ന വായ്പകൾ സംബന്ധിച്ച് 1963-ലെ കേരള തദ്ദേശ സ്ഥാപന വായ്പകൾ ആക്ററിലെയും (1963-ലെ 30) അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ ബാധകമാകുന്നതാകുന്നു.

53. വായ്പകൾ വാങ്ങുന്നതിനു ജില്ലാ കൗൺസിലുകൾക്കുള്ള അധികാരം.—ഒരു ജില്ലാ കൗൺസിലിന്, 1963-ലെ കേരള തദ്ദേശ സ്ഥാപന വായ്പകൾ ആക്ററിലേയും (1963-ലെ 30) അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്ററിലേയോ അഥവാ നിലവിലുള്ള മറെറതെങ്കിലും നിയമത്തിലേയോ, വ്യവസ്ഥകളിൻ കീഴിൽ ജില്ലാ കൗൺസിലിന്റെ ഫണ്ടുകൾ ഉപയോഗിക്കാവുന്ന ആവശ്യങ്ങൾക്കുവേണ്ടി വരുന്ന ഏതെങ്കിലും തുക കടം വാങ്ങാവുന്നതാകുന്നു.

54. ഫീസ് പിരിയ്ക്കൽ.—ഈ ആവശ്യത്തിനുവേണ്ടി സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ജില്ലാ കൗൺസിലിന് അവ പൂർണ്ണമായോ ഭാഗികമായോ നടത്തുന്നതോ അഥവാ സാമ്പത്തികസഹായം നൽകുന്നതോ ആയ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളിൽനിന്നും അവ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിരക്കിലുള്ള ഫീസ് പിരിച്ചെടുക്കാവുന്നതുമാകുന്നു.

55. ജില്ലാ കൗൺസിൽ ഫണ്ട്.—(1) കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ വേണ്ടി സ്വീകരിക്കുന്ന പണം ഒഴികെ, ജില്ലാ കൗൺസിൽ വാങ്ങുന്ന എല്ലാ പണവും ''ജില്ലാ കൗൺസിൽ ഫണ്ട്'' എന്ന പേരിലുള്ള ഒരു ഫണ്ട് ആയിരിക്കുന്നതും ഈ ആക്ററിലേയും ഈ ആവശ്യത്തിന് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുകയും ചെലവാക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പ്രത്യേക ഫണ്ടുകൾ രൂപീകരിക്കുന്നതിന് ജില്ലാ കൗൺസിലുകളോട് നിർദ്ദേശിക്കാവുന്നതും സർക്കാർ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള വരവുകൾ അതിൽ വരവു വയ്ക്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന വിധത്തിൽ അപ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കുകയും ചെലവാക്കുകയും ചെയ്യേണ്ടതുമാകുന്നു.

[1][(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ജില്ലാകൗൺസിൽ ഫണ്ടിന്റെ വരവിൽ കൊള്ളിച്ചിട്ടുള്ള തുകകളും, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മററു ഫണ്ടുകളും, ജില്ലയിലെ സർക്കാർ ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.]

56. ജില്ലാ കൗൺസിൽ ഫണ്ടിൽനിന്നുള്ള ചെലവ്.—(1) ജില്ലാ കൗൺസിൽ ഫണ്ട് അതതു സമയം സർക്കാർ ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്കുവിധേയമായി, ഈ ആക്ററിൻ കീഴിലുള്ള ജില്ലാ കൗൺസിലിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്ന ആവശ്യത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാകുന്നു.

---

[1] 1989-ലെ 35-ാം ആക്ററ്പ്രകാരം കൂട്ടിച്ചേർത്തത്.

(2) ജില്ലയിലുള്ള ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനം (1)–ാം ഉപവകുപ്പുപ്രകാരം ജില്ലാ കൗൺസിൽഫണ്ട് ഉപയോഗിക്കാവുന്ന ഏതെങ്കിലും കാര്യത്തിനുവേണ്ടി വഹിക്കുന്ന ചെലവ് ജില്ലാ നിവാസികൾക്കു പ്രയോജനപ്പെടത്തക്കവിധത്തിലുളളതാണെങ്കിൽ, ജില്ലാ കൗൺസിലിന്, സർക്കാരിന്റെ അനുമതിയോടുകൂടിയും, അവരിൽ അപ്രകാരം നിർദ്ദേശിക്കപ്പെടുകയാണെങ്കിലും അപ്രകാരമുള്ള ചെലവിനുവേണ്ടി ന്യായമായ സബ്സിഡി നൽകേണ്ടതാകുന്നു.

(3) ഒരു ജില്ലാകൗൺസിലിന്, അതിന്റെ ഫണ്ടിൽനിന്നും, ഉണ്ടാക്കാവുന്നപ്രകാരമുള്ള ചട്ടങ്ങൾക്കുവിധേയമായി, അതിന്റെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി അങ്ങനെയുള്ള വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സംഘങ്ങൾക്കോ പ്രത്യേകം പറയാവുന്നപ്രകാരമുള്ള തിട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി സാമ്പത്തികസഹായം അനുവദിക്കാവുന്നതാകുന്നു.

57. ബഡ്ജററ് തയ്യാറാക്കുകയും അനുമതി നൽകുകയും ചെയ്യുന്നത്.—(1) സെക്രട്ടറി ഓരോ വർഷവും [1][ജനുവരി 31] തീയതിക്കുമുമ്പ് അടുത്ത വർഷത്തെ ഉദ്ദേശ വരവുചെലവുകൾ കാണിച്ചുകൊണ്ടുള്ള ഒരു ബഡ്ജററ് തയ്യാറാക്കി ധനകാര്യ സ്ററാൻറിംഗ് കമ്മിററിയുടെ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

(2) ധനകാര്യ സ്ററാൻറിംഗ് കമ്മിററി ബഡ്ജററ് പരിഗണിക്കുകയും ആവശ്യമുള്ളിടത്തോളം ഭേദഗതി വരുത്തുകയും ചെയ്തതിനുശേഷം ധനകാര്യ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാൻ [2][മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച] കൂടേണ്ട ജില്ലാകൗൺസിൽ യോഗത്തിൽ ജില്ലാകൗൺസിൽ മുമ്പാകെ ബഡ്ജററ് വയ്ക്കേണ്ടതാകുന്നു.

(3) ജില്ലാകൗൺസിൽ അതിന് യുക്തമെന്ന് തോന്നുന്നപ്രകാരമുള്ള ഭേദഗതികളോടുകൂടി ബഡ്ജററിന് അനുമതി നൽകേണ്ടതാകുന്നു.

(4) ജില്ലാകൗൺസിൽ ബഡ്ജററ് ഏതുവർഷം സംബന്ധിച്ചുള്ളതാണോ ആ വർഷാരംഭത്തിനു മുമ്പ് ബഡ്ജററ് എസ്ററിമേററ് അവസാനമായി പാസ്സാക്കേണ്ടതും ഉടൻതന്നെ അതിന്റെ പകർപ്പുകൾ സർക്കാരിനും ലോക്കൽഫണ്ട് അക്കൗണ്ട് എക്സാമിനർക്കും സമർപ്പിക്കേണ്ടതുമാകുന്നു.

(5) ഒരു ജില്ലാ കൗൺസിൽ ഒരു വർഷത്തിനിടയിൽ വരവുകളോ അഥവാ അത് ഏറെറടുക്കുന്ന വിവിധ പ്രവൃത്തികൾ സംബന്ധിച്ചു ചെലവാക്കേണ്ട തുകകളുടെ വിതരണമോ സംബന്ധിച്ച് ബഡ്ജററിൽ കാണിച്ചിട്ടുള്ള തുകകളിൽ മാററം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുകയാണെങ്കിൽ (1)–ം (2)–ം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ ഒരു സപ്ലിമെൻററിയോ അഥവാ പുതുക്കിയതോ ആയ ബഡ്ജററ് തയ്യാറാക്കി അനുമതി നല്കാവുന്നതും അതിന്റെ പകർപ്പുകൾ സർക്കാരിനും ലോക്കൽ ഫണ്ട് അക്കൗണ്ട് എക്സാമിനർക്കും സമർപ്പിക്കേണ്ടതുമാകുന്നു.

---

[1] 1989–ലെ 35–ാം ആക്ററ്പ്രകാരം പകരം ചേർത്തത്.

[2] 1989–ലെ 35–ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

(6) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എല്ലാ ജില്ലാ കൗൺസിലുകളുടെയും ആദ്യ ബഡ്ജററുകൾ സർക്കാർ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത് നിയമാനുസൃതമായിരിക്കും.

58. ബഡ്ജററിൻമേൽ സർക്കാരിനുള്ള അധികാരങ്ങൾ.—സർക്കാരിന് ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസരണമായിരിക്കുന്നതിനുവേണ്ടി ജില്ലാ കൗൺസിലുകളോട് അതിന്റെ എസ്ററിമേററുകൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിക്കാവുന്നതാകുന്നു.

59. ബഡ്ജററിൽ തുകകൊള്ളിക്കാതെ യാതൊരു തുകയും ചെലവാക്കാൻ പാടില്ലെന്ന്.—നിർബന്ധിതമായ അടിയന്തിര സംഗതിയിലൊഴികെ, യാതൊരു തുകയും ആ തുക 56–ാം വകുപ്പിൻകീഴിൽ അനുമതി നല്കിയിട്ടുള്ള ബഡ്ജററ് എസ്ററിമേററിൽ ഉൾപ്പെടുത്തുകയും ചെലവ് നേരിടുന്ന സമയം അതു പ്രാബല്യത്തിലിരിക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം ഒരു ജില്ലാ കൗൺസിലോ അഥവാ അതിനുവേണ്ടിയോ ചെലവാക്കാൻ പാടില്ലാത്തതാകുന്നു.

60. കണക്കുകളും ആഡിററും.—(1) ജില്ലാ കൗൺസിൽ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള കണക്കുകൾ സൂക്ഷിക്കുകയും അപ്രകാരമുള്ള സ്റേറററ്മെൻറുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ഏതൊരു ജില്ലാ കൗൺസിലിന്റെയും വരവു ചെലവു കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള ഫാറങ്ങളിൽ ഓരോ സാമ്പത്തിക വർഷത്തേക്കും വച്ചു പോരേണ്ടതാകുന്നു.

(3) ഓരോ ശീർഷകത്തിൻകീഴിലും ലഭിക്കുന്ന ജില്ലാ കൗൺസിലിന്റെ വരവ്, എസ്ററാബ്ലിഷ്മെൻറ് ചാർജുകൾ, ഏറെറടുക്കുന്ന ജോലികൾ, ഓരോ ജോലിക്കും ചെലവാക്കിയ തുക, ചെലവാകാതെയിരിക്കുന്ന ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ ആ ബാക്കി, ചട്ടങ്ങൾപ്രകാരം ആവശ്യപ്പെടാവുന്ന മററ് വിവരങ്ങൾ എന്നിവ കാണിച്ചുകൊണ്ട് ഒരു ജില്ലാ കൗൺസിലിന്റെ ഓരോ വാർഷിക കണക്കിന്റെയും സംക്ഷേപം നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള ഫാറത്തിൽ ജില്ലാകൗൺസിൽ തയ്യാറാക്കുകയും അടുത്ത സാമ്പത്തികവർഷം രണ്ടാംമാസം പതിനഞ്ചാം തീയതി കഴിയുന്നതിനു മുമ്പ് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(4) ലോക്കൽഫണ്ട് അക്കൗണ്ട് എക്സാമിനറും അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളുകളും ജില്ലാ കൗൺസിലിന്റെ ആഡിററർമാർ ആയിരിക്കുന്നതും ജില്ലാ കൗൺസിലിന്റെ കണക്കുകളുടെ തുടർച്ചയായ ആഡിററ് സൂക്ഷിക്കേണ്ടതുമാകുന്നു.

(5) ആഡിററർമാർക്ക്, ബന്ധപ്പെട്ട ആൾക്കു അയാളുടെ കേസ് വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം , നിയമവിരുദ്ധമായി ചെലവാക്കിയ ഏതൊരു ഇനം ചെലവും അനുവദിക്കാതിരിക്കാവുന്നതും അങ്ങനെയുള്ള ചെലവ് ചെയ്യുകയോ ചെലവാക്കുന്നതിനു അധികാരം നല്കുകയോ ചെയ്യുന്ന ആളുടെമേൽ അധികചെലവായി ചുമത്താവുന്നതും അയാളുടെ അശ്രദ്ധയോ സ്വഭാവദൂഷ്യമോമൂലം ഉണ്ടായ ഏതെങ്കിലും കുറവിന്റേയോ, നഷ്ടത്തിന്റേയോ അഥവാ ലാഭകരമല്ലാത്ത ചെലവു സംബന്ധിച്ചുള്ളതോ അഥവാ അയാൾ കണക്കിൽ കൊള്ളിക്കാനുള്ളതും

എന്നാൽ കൊള്ളിച്ചിട്ടില്ലാത്തതും ആയതോ ആയ ഏതെങ്കിലും തുക അതിനുത്തരവാദിയായ ഏതെങ്കിലും ആളുടെ മേൽ ചുമത്താവുന്നതും അങ്ങനെയുള്ള ഏതൊരു സംഗതിയിലും, അങ്ങനെയുള്ള ആളിൽനിന്നും ലഭി ക്കേണ്ട തുക സാക്ഷ്യപ്പെടുത്തേണ്ടതുമാകുന്നു. എന്നാൽ പ്രസ്തുത ചെലവ് വഹിച്ച തീയതി മുതൽ നാലുകൊല്ലക്കാലത്തിനുശേഷം ഈ ഉപവകുപ്പിൻ കീഴിലുള്ള അധിക ചെലവ് ഈടാക്കാൻ പാടുള്ളതല്ല.

വിശദീകരണം.—ആരുടെ അശ്രദ്ധയോ പെരുമാററ ദൂഷ്യമോ ആണ് അങ്ങനെയുള്ള ഏതെങ്കിലും കുറവിനോ നഷ്ടത്തിനോ കാരണമാകു കയോ ഇടയാക്കുകയോ ചെയ്തിട്ടുള്ളത് അയാൾക്ക്, തന്റെ അശ്ര ദ്ധയോ പെരുമാററ ദൂഷ്യമോ ഉണ്ടായിരുന്നാൽക്കൂടി, മററേതെങ്കിലും ആളുടെ അശ്രദ്ധയോ പെരുമാററ ദൂഷ്യമോ കൊണ്ടല്ലാതെ ഈ കുറവോ നഷ്ടമോ സംഭവിക്കുമായിരുന്നില്ലെന്ന് വാദിക്കുവാൻ സാധിക്കുന്നതല്ല.

(6) ആഡിററർമാർ, അനുവദിക്കാതിരിക്കലിനേയോ, അധിക ചെലവി നേയോ, ചെലവിനേയോ സംബന്ധിച്ച അവരുടെ തീരുമാനത്തിന്റെ കാരണം രേഖാമൂലമായി പ്രസ്താവിക്കേണ്ടതും അപ്രകാരമുള്ള തീരുമാനത്തിന്റെ ഒരു പകർപ്പ് ആരുടെ പേരിലാണ് അത് ചുമത്തിയിരിക്കുന്നത് അയാളുടെ പേരിൽ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ററ്) സമൻസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നട ത്തേണ്ടതുമാകുന്നു.

(7) ഏതെങ്കിലും അനുവദിക്കാതിരിക്കലോ, അധിക ചെലവോ, ചെലവുചുമത്തലോ കാരണമായി സങ്കടമനുഭവിക്കുന്ന ഏതൊരു ആളും ആഡിററർമാരുടെ തീരുമാനം അയാളെ അറിയിച്ചതിനുശേഷം പതിനാലു ദിവസത്തിനകം ഒന്നുകിൽ—

(എ) അപ്രകാരമുള്ള അനുവദിക്കാതിരിക്കലോ അധിക ചെലവോ ചെലവോ ചുമത്തിയത് അസ്ഥിരപ്പെടുത്തുന്നതിന് ജില്ലാക്കോടതി മുമ്പാകെ ഒരു അപേക്ഷ ബോധിപ്പിക്കേണ്ടതും കോടതി ആവശ്യമായ തെളിവുകൾ എടുത്ത തിനുശേഷം പരിത സ്ഥിതികളിൽ അതിന് യുക്തമെന്ന് തോന്നാവുന്ന പ്രകാരം ചെലവുകൾ സംബന്ധിച്ച ഉത്തരവുകളോടുകൂടി അപ്രകാരമുള്ള അനുവദിക്കാതിരിക്കലോ അധികച്ചെലവോ ചുമത്തിയത് സ്ഥിരീകരിക്കു കയോ ഭേദഗതി വരുത്തുകയോ അഥവാ കുറവു ചെയ്യുകയോ ചെയ്യേണ്ടതും; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള അപേക്ഷയ്ക്കുപകരം സർക്കാരിന് അപ്പീൽ കൊടുക്കാവുന്നതും സർക്കാർ അവർക്ക് യുക്തമെന്ന് തോന്നുന്നപ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാകുന്നു.

(8) (7)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡപ്രകാരം കോടതിക്കു അപേക്ഷകൊടുത്തിട്ടുള്ള സംഗതിയിൽ, അതിൽ ആഡിററർമാർ മാത്രം എതിർ കക്ഷി ആയിരിക്കുന്നതും അപേക്ഷകൻ സർക്കാരിനേയോ അല്ലെങ്കിൽ മറേറതെ ങ്കിലും വ്യക്തിയേയോ നടപടികളിൽ കക്ഷി ചേർക്കാൻ പാടില്ലാത്തതു മാകുന്നു.

(9) (7)-ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡത്തിൻകീഴിൽ സർക്കാ രിന് ജില്ലാ കൗൺസിലിന്റെ നിയന്ത്രണത്തിൽ വിട്ടുകൊടുത്തിട്ടുള്ള അവരുടെ

Planning and Administration,
17-B, Sri Aurobindo Marg,
New Delhi-110016
DOC, No D-7812
Date 26/10/92



ഏതെങ്കിലും ഉദ്യോഗസ്ഥൻമാരോ അഥവാ ജീവനക്കാരോ ഒരു അപ്പീൽ ബോധിപ്പിക്കുന്ന സംഗതിയിൽ, സർക്കാർ അത് കൈകാര്യം ചെയ്യുവാൻ ശമ്പളത്തിൽ നിന്ന് വസൂലാക്കാനുള്ള ശിക്ഷ സംബന്ധിച്ച ഉത്തരവിനെതിരായി ബോധിപ്പിക്കുന്ന ഒരു അപ്പീലിൻമേലുള്ള നടപടി പാലിക്കേണ്ടതാകുന്നു.

(10) (7)–ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡപ്രകാരം ജില്ലാ കോടതിയുടെ തീരുമാനത്തിൽ നിന്നും ഹൈക്കോടതിയിൽ അപ്പീൽ സ്വീകാര്യമായിരിക്കുന്നതാണ്.

(11) ഈ ആക്ററിൻകീഴിൽ ഒരാളിൽനിന്നും കിട്ടാനുള്ളതാണെന്ന് ആഡിററർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഏതൊരു തുകയും, ആഡിററർമാരുടെ തീരുമാനം അയാളെ അറിയിക്കുന്ന തീയതിക്കുശേഷം മുപ്പതു ദിവസത്തിനകം തീരുമാനത്തിനെതിരായി അങ്ങനെയുള്ള ആരം ആ സമയത്തിനകം കോടതിയിൽ അപേക്ഷ ബോധിപ്പിക്കുകയോ അഥവാ സർക്കാരിൽ അപ്പീൽ ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, അങ്ങനെയുള്ള ആരം സെക്രട്ടറിക്കു നൽകേണ്ടതും, ആ തുക അപ്രകാരം കൊടുക്കാതിരിക്കുന്നെങ്കിലോ അഥവാ കിട്ടേണ്ടതായി കോടതിയോ സർക്കാരോ പ്രഖ്യാപിക്കുന്നപ്രകാരമുള്ള തുകയോ, അത് ഭൂനികുതി കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കേണ്ടതുമാകുന്നു.

(12) യാതൊരു അംശദാനവും, ആഡിററർമാരുടെ ശമ്പളത്തിനും അലവൻസുകൾക്കും വേണ്ടിയോ അഥവാ ജില്ലാ കൗൺസിലിന്റെ കണക്കുകൾ ആഡിററുചെയ്യുന്നതിൽ വരുന്ന മററുവല്ല ചെലവുകൾക്കും വേണ്ടിയോ സർക്കാർ ജില്ലാകൗൺസിലിൽനിന്നും വസൂലാക്കാൻ പാടില്ലാത്തതാകുന്നു.

61. പിരിഞ്ഞുകിട്ടാത്ത തുകകൾ എഴുതിത്തള്ളുന്നത്.—നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ഒരു ജില്ലാകൗൺസിൽ, ഒരു കാരാർപ്രകാരമോ അഥവാ മററുവിധത്തിലോ അതിനു കിട്ടേണ്ടതായ ഏതെങ്കിലും സംഖ്യയോ അഥവാ അതു സംബന്ധിച്ച് നല്കേണ്ടതായ ഏതെങ്കിലും തുകയോ അതിന്റെ അഭിപ്രായത്തിൽ ആ സംഖ്യയോ തുകയോ വസൂലാക്കാൻ സാദ്ധ്യമല്ലെന്ന് അതിന് അഭിപ്രായമുള്ള പക്ഷം എഴുതിത്തള്ളാവുന്നതാകുന്നു:

എന്നാൽ ജില്ലാ കൗൺസിലിന് കിട്ടാനുള്ള ഏതെങ്കിലും തുക പിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവാദിയാണെങ്കിൽ, വസൂലാക്കാൻ സാദ്ധ്യമല്ലാത്തതാണെന്നുള്ള കാരണത്താൽ അതു സംബന്ധിച്ച് നൽകേണ്ടതായ അങ്ങനെയുള്ള തുക എഴുതിത്തള്ളാനുള്ള അധികാരം സർക്കാരോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രം ജില്ലാ കൗൺസിലോ വിനിയോഗിക്കേണ്ടതാകുന്നു.

62. സർക്കാർ നല്കുന്ന വായ്പകളും മുൻകൂറുകളും വസൂലാക്കൽ.—(1) 1963–ലെ കേരള തദ്ദേശസ്ഥാപന വായ്പകൾ ആക്ററിൽ (1963–ലെ 30) എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഉത്തരവുമൂലം, ജില്ലാ കൗൺസിലിന്റെ ഫണ്ടുകൾ കൈവശമുള്ള ഏതൊരാളോടും അങ്ങനെയുള്ള ഫണ്ടിനെതിരെ അധികൃത വായ്പകളുടെ ആവശ്യത്തിനുള്ള ചാർജുകൾ ഒഴികെ, മറെറാരു ചാർജുകൾക്കും മുൻഗണനയായി തങ്ങൾ ജില്ലാ കൗൺസിലിന് ഈ ആക്ററിൻകീഴിൽ അതിന്റെ ഫണ്ടുകൾ വിനിയോഗിക്കാവുന്ന ഏതെങ്കിലും ആവശ്യത്തിനുവേണ്ടി നൽകിയ ഏതെങ്കിലും വായ്പയോ മുൻകൂറോ തങ്ങൾക്കു നല്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)–ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഉത്തരവ് ആരെയാണോ അറിയിക്കുന്നത് അയാൾ അപ്രകാരമുള്ള ഉത്തരവ് അനുസരിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

അദ്ധ്യായം V

# നിയന്ത്രണം

63. നയസംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ദേശീയ നയങ്ങൾ സംബന്ധിക്കുന്ന കാര്യങ്ങളിൽ സർക്കാർ ജില്ലാ കൗൺസിലിന് നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ ജില്ലാ കൗൺസിലുകൾക്ക് ബാധകമായിരിക്കുന്നതുമാകുന്നു.

64. ചില സംഗതികളിൽ ജില്ലാ കൗൺസിലുകൾ അധികാരങ്ങൾ വിനിയോഗിക്കുന്നതും കൃത്യങ്ങൾ ചെയ്യുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—സർക്കാരിന്, അതതു സമയം, ഏതു അധികാരസ്ഥാനമാണ് അപ്രകാരമുള്ള കൃത്യങ്ങളും, അധികാരങ്ങളും, കർത്തവ്യങ്ങളും ചെയ്യുകയോ വിനിയോഗിക്കുകയോ അഥവാ നിർവ്വഹിക്കുകയോ ചെയ്യേണ്ടത് എന്ന ഏതെങ്കിലും സംശയമോ അഥവാ അവ്യക്തതയോ ദൂരീകരിക്കുന്നതിന് കൃത്യനിർവ്വഹണം, അധികാര വിനിയോഗം, കർത്തവ്യാനുഷ്ഠാനം എന്നിവ സംബന്ധിച്ച് ആവശ്യമെന്ന് അവർക്ക് തോന്നാവുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ എല്ലാമോ അഥവാ ഏതെങ്കിലുമോ ജില്ലാ കൗൺസിലുകൾക്ക് രേഖാമൂലമായ ഉത്തരവുമൂലം നൽകാവുന്നതും, അതതു സംഗതിപോലെ, അങ്ങനെയുള്ള ജില്ലാ കൗൺസിലോ കൗൺസിലുകളോ, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

65. പദ്ധതികളോ പരിപാടികളോ സംസ്ഥാനത്തൊട്ടാകെയോ അഥവാ ഏതെങ്കിലും ഭാഗത്തേക്കു വേണ്ടിയോ ഏറ്റെടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.—ഈ ആക്റ്റ്മൂലം ഒരു ജില്ലാ കൗൺസിലിന് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള ഏതെങ്കിലും സാമ്പത്തിക–ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച ഏതെങ്കിലും പദ്ധതിയോ അഥവാ പരിപാടിയോ സംസ്ഥാനത്തൊട്ടാകയോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ജില്ലാ ഉൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തിനോ വേണ്ടി തയ്യാറാക്കുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്തൊട്ടാകെയോ അഥവാ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തേയോ അഥവാ അപ്രകാരമുള്ള ഏതെങ്കിലും പ്രദേശത്തേയോ സംബന്ധിക്കുന്ന ഏതെങ്കിലും പദ്ധതിയോ പരിപാടിയോ ഏറ്റെടുക്കുന്നതിനോ ഉള്ള സർക്കാരിന്റെ അധികാരത്തെ ഈ ആക്റ്റിലെ യാതൊന്നും തന്നെ ബാധിക്കുന്നതല്ല.

66. നിയന്ത്രണാവശ്യങ്ങൾക്ക് വേണ്ടി സർക്കാരിനുള്ള അധികാരങ്ങൾ.—സർക്കാരിന്—

(എ) ഏതെങ്കിലും ജില്ലാ കൗൺസിലിന്റെ കൈവശമോ അഥവാ നിയന്ത്രണത്തിൻ കീഴിലോ ഉള്ള ഏതെങ്കിലും രേഖകളോ രജിസ്റ്ററോ അഥവാ മറ്റേതെങ്കിലും പ്രമാണങ്ങളോ ആവശ്യപ്പെടാവുന്നതും;

(ബി) ഏതെങ്കിലും ജില്ലാ കൗൺസിലിനോട് ഏതെങ്കിലും റിട്ടേണോ, പ്ലാനോ, എസ്റ്റിമേറ്റോ, സ്റ്റേറ്റ്മെന്റോ, കണക്കുകളോ സ്ഥിതിവിവരക്കണക്കുകളോ നൽകുന്നതിനാവശ്യപ്പെടാവുന്നതും;

(സി) ഏതെങ്കിലും ജില്ലാ കൗൺസിലിനോട് അപ്രകാരമുള്ള ജില്ലാ കൗൺസിലുമായി ബന്ധമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച ഏതെങ്കിലും വിവരമോ റിപ്പോർട്ടോ നൽകുന്നതിനാവശ്യപ്പെടാവുന്നതും;

(ഡി) ഏതെങ്കിലും ജില്ലാ കൗൺസിലിനോട് ഏതെങ്കിലും അവകാശവാദം ഉപേക്ഷിക്കുന്നതിനോ അഥവാ ആദായ മാർഗ്ഗമായ ഏതെങ്കിലും സ്ഥാപനം അടച്ചിടുന്നതിനോ മുമ്പ് അവരുടെ മുന്നനുമതി വാങ്ങുന്നതിനാവശ്യപ്പെടാവുന്നതും;

(ഇ) ഏതെങ്കിലും ജില്ലാ കൗൺസിലിന്റെ നടപടികളേയോ കർത്തവ്യങ്ങളേയോ സംബന്ധിച്ചുള്ള ഏതെങ്കിലും നിരീക്ഷണങ്ങൾ അതിന്റെ പരിഗണനയ്ക്കുവേണ്ടി എഴുതി രേഖപ്പെടുത്താവുന്നതുമാകുന്നു.

67. ഭരണ റിപ്പോർട്ട്.—(1) ഓരോ വർഷവും, [1][ഏപ്രിൽ 1-ാം തീയതിക്ക് ശേഷവും സർക്കാർ നിശ്ചയിക്കാവുന്ന തീയതിക്കുശേഷമല്ലാതെയും കഴിയുന്നത്ര വേഗം ഏതൊരു ജില്ലാ കൗൺസിലും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങളോടുംകൂടി മുൻ സാമ്പത്തിക വർഷത്തെ അതിന്റെ അധികാരാതിർത്തിക്കുള്ളിലുള്ള തദ്ദേശാധികാരസ്ഥാനങ്ങളുടെ ഭരണ റിപ്പോർട്ടുമുൾപ്പെടെയുള്ള അതിന്റെ ഭരണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാകുന്നു.

(2) സെക്രട്ടറി പ്രസിഡന്റുമായി ആലോചിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അത് ജില്ലാ കൗൺസിലിന്റെ വേണ്ടത്ര പരിഗണനയ്ക്ക് ശേഷം അതിൻമേലുള്ള അതിന്റെ പ്രമേയത്തോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതുമാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ടും പ്രമേയവും ഈ ആവശ്യാർത്ഥം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി ജില്ലാ കൗൺസിൽ നിർദ്ദേശിക്കാവുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

68. ജില്ലാ കൗൺസിലിന്റെ പ്രമേയം റദ്ദാക്കുന്നതിനോ നിറുത്തിവയ്ക്കുന്നതിനോ സർക്കാരിനുള്ള അധികാരം.—(1) സർക്കാരിന്, രേഖാമൂലമായ ഉത്തരവുമൂലം, ഒരു ജില്ലാ കൗൺസിലോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയോ പാസാക്കിയ ഏതെങ്കിലും പ്രമേയമോ അഥവാ എടുത്ത ഏതെങ്കിലും തീരുമാനമോ അഥവാ ആരംഭിച്ച ഏതെങ്കിലും നടപടിയോ അവരുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള പ്രമേയമോ, തീരുമാനമോ നടപടിയോ—

(എ) നിയമപരമായി പാസാക്കുകയോ എടുക്കുകയോ, ആരംഭിക്കുകയോ ചെയ്തതല്ലെന്നോ, അഥവാ

---

1 1989-ലെ 35-ാം ആക്ടുപ്രകാരം പകരം ചേർത്തത്

(ബി) ഈ ആക്ററോ, അഥവാ മറേറതെങ്കിലും നിയമമോമൂലം നൽകപ്പെട്ട അധികാരങ്ങൾക്കതീതമോ അഥവാ ദുർവിനിയോഗിച്ചുകൊണ്ടു ള്ളതോ ആണെന്നോ കാണുന്നപക്ഷം റദ്ദാക്കാവുന്നതാണ്.

(2) സർക്കാർ (1)—ാം ഉപവകുപ്പുപ്രകാരം നടപടി എടുക്കുന്നതിന് മുമ്പ് ജില്ലാ കൗൺസിലിന് വിശദീകരിക്കുന്നതിനും പുന:പരിഗണിക്കുന്ന തിനും ഒരവസരം നൽകേണ്ടതാകുന്നു.

69. ജില്ലാ കൗൺസിൽ വരുത്തുന്ന വീഴ്ചയിൽ നടപടി എടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) ഈ ആക്ററ്മൂലമോ അതിൻ കീഴിലോ ചുമത്തിയ ഏതെങ്കിലും കർത്തവ്യം നിറവേററുന്നതിലോ അഥവാ സർക്കാർ നിയമാനുസൃതമായി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവുകൾ നടപ്പിലാ ക്കുന്നതിലോ, ഒരു ജില്ലാ കൗൺസിലോ അതിന്റെ പ്രസിഡന്റോ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് സർക്കാരിന് എപ്പോഴെങ്കിലും തോന്നുകയാണെങ്കിൽ അവർക്ക്, രേഖാമൂലമായ ഉത്തരവുകൾമൂലം, അങ്ങനെയുള്ള കർത്തവ്യം നിർവ്വഹിക്കുന്നതിനോ അഥവാ അങ്ങനെയുള്ള ഉത്തരവ് നടപ്പാക്കുന്നതിനോ ഉള്ള സമയം നിശ്ചയിക്കാവുന്നതാകുന്നു.

(2) (1)—ാം ഉപവകുപ്പുപ്രകാരം നിശ്ചയിച്ച സമയത്തിനകം അപ്രകാരമുള്ള കർത്തവ്യം നിറവേററുകയോ അഥവാ അപ്രകാരമുള്ള ഉത്തരവ് നടപ്പാക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, സർക്കാരിന് എന്തുകൊണ്ട് ഈ വകുപ്പുപ്രകാരം തുടർന്നുള്ള നടപടികൾ എടുക്കാൻ പാടില്ല എന്ന് വിശദീകരിക്കുന്നതിന് ന്യായമായ ഒരവസരം അതതു സംഗതിപോലെ, ജില്ലാ കൗൺസിലിനോ അഥവാ അതിന്റെ പ്രസിഡന്റിനോ നൽകിയതിനു ശേഷം ആ കർത്തവ്യം നിർവ്വഹിക്കുന്നതിനോ അഥവാ ആ പ്രവർത്തി നടത്തുന്ന തിനോ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അധികാരസ്ഥാനത്തേയോ, നിയമിക്കാവുന്നതും, അതു നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾ സർക്കാർ പ്രത്യേകം പറയുന്ന സമയത്തിനകം ജില്ലാ കൗൺസിലിന്റെ ഫണ്ടിൽ നിന്നും നൽകുന്നതിന് നിർദ്ദേശിക്കാവുന്നതുമാകുന്നു.

(3) (2)—ാം ഉപവകുപ്പു പ്രകാരം ജില്ലാ കൗൺസിലിന്റെ ഫണ്ടിൽ നിന്നും നൽകാൻ സർക്കാർ നിർദ്ദേശിക്കുന്ന ചെലവുകൾ ആ ഉപ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നൽകുന്നില്ലെങ്കിൽ സർക്കാരിന്, അധി കൃതവായ്പയുടെ ആവശ്യത്തിനുള്ള ചെലവുകൾ ഒഴികെ, ആ ഫണ്ടിൽ നിന്നുള്ള മറേറതെങ്കിലും ചെലവുകളെക്കാൾ മുൻഗണന നൽകിക്കൊണ്ടും ആ തുക നൽകുന്നതിന് മേൽപറഞ്ഞ ഫണ്ട് കൈവശം വച്ചിരിക്കുന്ന ആളോട് നിർദ്ദേശിക്കുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാകുന്നു.

(4) (3)—ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആൾ, ജില്ലാകൗൺസി ലിന്റെ വരവിലുള്ള ഫണ്ടുകൾ അനുവദിക്കുന്നിടത്തോളം ആ ഉപവകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അനുസരിക്കാൻ ബാദ്ധ്യസ്ഥ നാകുന്നു.

70. പ്രസിഡന്റിനേയോ, വൈസ് പ്രസിഡന്റിനേയോ, സ്ററാന്റിങ്ങ് കമ്മിററി ചെയർമാനേയോ നീക്കം ചെയ്യുന്നതിന് സർക്കാരിനുള്ള അധികാരം.—(1) സർക്കാരിന്, ഗസററിൽ വിജ്ഞാപനം വഴിയും അതിൽ പ്രത്യേകം പറയേണ്ട ഒരു തീയതി മുതൽ പ്രാബല്യത്തോടു കൂടിയും അവരുടെ അഭി

പ്രായത്തിൽ ഈ ആക്റ്റിലേയോ അഥവാ അതിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ചട്ടങ്ങളിലേയോ ഉപനിയമങ്ങളിലേയോ റഗുലേഷനുകളിലേയോ നിയമാനുസൃത ഉത്തരവുകളിലേയോ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് മന:പൂർവ്വം വീഴ്ച വരുത്തുകയോ വിസമ്മതിക്കുകയോ അല്ലെങ്കിൽ അത് അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ ഒരു സ്റ്റാൻറിംഗ് കമ്മിററി ചെയർമാനേയോ നീക്കം ചെയ്യാവുന്നതാകുന്നു.

(2) സർക്കാർ (1)-ാം ഉപവകുപ്പിൻ കീഴിൽ നടപടി എടുക്കാൻ ഉദ്ദേശിക്കുമ്പോൾ,—

(എ) തദ്ദേശ ഭരണ സ്ഥാപന കമ്മീഷണറെക്കൊണ്ട് ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് ഏർപ്പാട് ചെയ്യേണ്ടതും;

(ബി) അതതു സംഗതിപോലെ, പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ സ്റ്റാൻഡിംഗ് കമ്മിററി ചെയർമാനോ വിശദീകരണം നൽകുന്നതിന് ഒരവസരം നൽകേണ്ടതും;

(സി) എടുക്കുവാനുദ്ദേശിക്കുന്ന നടപടി സംബന്ധിച്ച് അവർക്കുള്ള കാരണങ്ങൾ പ്രത്യേകം പറയേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പ്രസിഡൻറിൻേറയോ വൈസ് പ്രസിഡൻറിൻേറയോ സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻേറയോ സ്ഥാനത്ത് നിന്നും നീക്കം ചെയ്യപ്പെട്ട ഏതൊരാളും നിർണ്ണയിക്കപ്പെട്ട വിധം പ്രസിദ്ധപ്പെടുത്തിയ ജില്ലാ കൗൺസിലിലേക്കുള്ള അടുത്ത സാധാരണ തെരഞ്ഞെടുപ്പ് സംബന്ധിച്ച നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി വരെയോ അഥവാ നീക്കം ചെയ്ത തീയതി മുതൽ ആറുമാസം കഴിയുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യമുണ്ടായത് അതുവരെ മേൽപ്പറഞ്ഞ രണ്ടു സ്ഥാനങ്ങളിൽ ഏതിലെങ്കിലും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

71. ജില്ലാ കൗൺസിൽ പിരിച്ച് വിടലും ദുർബലപ്പെടുത്തലും.—(1) ജില്ലാ കൗൺസിൽ തുടർച്ചയായി നിയമംമൂലം അതിൻമേൽ ചുമത്തിയിരിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനോ അഥവാ സർക്കാർ നിയമാനുസരണം പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിനോ വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അതിൻെറ അധികാരങ്ങൾക്കു അതീതമായി പ്രവർത്തിക്കുകയോ അഥവാ അവ ദുർവിനിയോഗം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ, സർക്കാരിന്, ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന തീയതിയിൽ ജില്ലാ കൗൺസിൽ പിരിച്ചുവിടുകയും വീണ്ടും രൂപീകരിക്കുകയും ചെയ്യുന്നതാണെന്ന് നിർദ്ദേശിക്കുകയോ; അല്ലെങ്കിൽ സർക്കാരിന് ആവശ്യമെന്ന് തോന്നുകയാണെങ്കിൽ, ഗസററിൽ വിജ്ഞാപനം വഴി, ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക് ജില്ലാ കൗൺസിലിനെ ദുർബലപ്പെടുത്താവുന്നതോ ആകുന്നു. ഈ ഉപവകുപ്പുപ്രകാരമുള്ള ഏതൊരു വിജ്ഞാപനത്തോടുംകൂടി (5)ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഭരണസമിതിയെ നിയമിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ്, സർക്കാർ ബന്ധപ്പെട്ട ജില്ലാ കൗൺസിലിനെ അവർ അപ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്ന കാരണങ്ങൾ അറിയിക്കേണ്ടതും നിർദ്ദേശത്തിനെതിരായി ജില്ലാ കൗൺസിൽ കാരണം കാണിക്കുന്നതിന് ന്യായമായ സമയം നിശ്ചയിക്കേണ്ടതും അതിന് എന്തെങ്കിലും വിശദീകരണങ്ങളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചാൽ പ്രസിഡൻറും വൈസ് പ്രസിഡൻറും ഉൾപ്പെടെ ജില്ലാ കൗൺസിലിലെ എല്ലാ അംഗങ്ങളും ഉടൻതന്നെ അവരുടെ അങ്ങനെയുള്ളതായ ഔദ്യോഗികസ്ഥാനങ്ങൾ ആ നിലകളിൽ ഒഴിഞ്ഞിട്ടുള്ളതായി കരുതേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് പുതിയ തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാകുന്നു.

(4) പുനർസംഘടിപ്പിക്കപ്പെട്ട ജില്ലാ കൗൺസിലിലെ അംഗങ്ങൾ ജില്ലാ കൗൺസിൽ പുനസംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിയിൽ അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഏൽക്കേണ്ടതാകുന്നു.

(5) അതതു സംഗതിപോലെ, ഒരു ജില്ലാ കൗൺസിൽ പിരിച്ചുവിട്ടതിനും പുനഃസംഘടിപ്പിക്കുന്നതിനും ഇടയ്ക്കുള്ള ഏതെങ്കിലും ഇടവേളയിലോ അഥവാ അതു ദുർബലപ്പെടുത്തിയിരിക്കുന്ന കാലത്തോ ജില്ലാ കൗൺസിലിൻെറയും അതിൻെറ പ്രസിഡൻറിൻെറയും വൈസ് പ്രസിഡൻറിൻെറയും എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും 18-ാം വകുപ്പിൽ [1][ഗസററിൽ വിജ്ഞാപനംവഴി സർക്കാർ നിയമിക്കുന്നു.] ഭരണസമിതിയും അതിൻെറ ചെയർമാനും വൈസ് ചെയർമാനും വിനിയോഗിക്കുകയും ചെയ്യേണ്ടതാകുന്നു.

[2][ ]

(6) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ജില്ലാ കൗൺസിൽ പിരിച്ചുവിടുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുമ്പോൾ അതിനെ പുനഃസംഘടിപ്പിക്കുന്ന തീയതിവരെ സർക്കാർ നിയമിക്കുന്ന ഭരണസമിതിക്കും അതിനുശേഷം രൂപീകരിക്കപ്പെടുന്ന ജില്ലാ കൗൺസിലിനും യഥാക്രമം പിരിച്ചുവിടലിൻേറയോ ദുർബലപ്പെടുത്തലിൻേറയോ തീയതിയിലും പുനഃസംഘടിപ്പിക്കുന്ന തീയതിയിലും ജില്ലാ കൗൺസിലിലുള്ള എല്ലാ ആസ്തികൾക്കും അവകാശമുണ്ടായിരിക്കുന്നതും എല്ലാ ബാദ്ധ്യതകൾക്കും വിധേയമായിരിക്കുന്നതുമാകുന്നു.

(7) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും, അതു പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിൻെറ മുമ്പാകെ ആകെ പതിനാലു ദിവസക്കാലത്തേക്ക് അതു ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാം---വയ്ക്കേണ്ടതും; അതു അപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ വിജ്ഞാപനത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടെന്നു തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു

1 1989-ലെ 35-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.

2 1989-ലെ 35-ാം ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞത്.

സംഗതിപോലെ അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതൊരു ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനത്തിൻ കീഴിൽ നേരത്തേ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം കൂടാതെയുള്ളതായിരിക്കേണ്ടതാകുന്നു.

72. ജില്ലാ കൗൺസിലിനുവേണ്ടിയോ അതിന്റെ അഭാവത്തിലോ നടപടി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരങ്ങളും അതിന്റെ ഫണ്ടിന്റെ ബാദ്ധ്യതയും.—ഈ ആക്ററിൻകീഴിൽ ഒരു ജില്ലാ കൗൺസിലിനു വേണ്ടിയോ അതിന്റെ അഭാവത്തിലോ നിയമാനുസൃതമായി നടപടി എടുക്കുന്ന സർക്കാരിനോ അഥവാ മറേറതെങ്കിലും ആളിനോ പ്രസ്തുത ആവശ്യാർത്ഥം ആവശ്യമായ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും ജില്ലാ കൗൺസിലിനോ അഥവാ ആരുടെ അധികാരങ്ങളാണോ വിനിയോഗിക്കുന്നത് അങ്ങനെയുള്ള അതിന്റെ ജീവനക്കാർക്കോ ഉള്ളതുപോലെ ഈ ആക്ററിൻ കീഴിൽ അവർക്കുള്ള അതേ സംരക്ഷണങ്ങൾക്കു അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതുമൂലം നഷ്ടമനുഭവിക്കുന്ന ഏതൊരാൾക്കും പ്രസ്തുത നടപടി ജില്ലാ കൗൺസിലോ അതിന്റെ ജീവനക്കാരോ എടുത്തിട്ടുണ്ടായിരുന്നാൽ കൊടുക്കാമായിരുന്നത്ര നഷ്ടപ്രതിഫലം ജില്ലാ കൗൺസിൽ ഫണ്ടിൽനിന്നും വസൂലാക്കാവുന്നതുമാണ്.

## അദ്ധ്യായം VI

## പുനരവലോകനവും പുനശ്ശോധനയും

73. ജില്ലാ കൗൺസിലിന് അതിന്റെ ഉത്തരവുകൾ പുനഃപരിശോധന ചെയ്യാമെന്ന്.—(1) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ ഉപനിയമങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം ജില്ലാ കൗൺസിലോ ജില്ലാ കൗൺസിലിനുവേണ്ടിയോ പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസോ ഉത്തരവോ അഥവാ എടുത്ത മറേറതെങ്കിലും നടപടിയോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ജില്ലാ കൗൺസിൽ മുമ്പാകെ പുനരവലോകനത്തിനുവേണ്ടി ഒരു ഹർജി ബോധിപ്പിക്കാവുന്നതും ജില്ലാ കൗൺസിൽ അങ്ങനെയുള്ള നോട്ടീസോ ഉത്തരവോ നടപടിയോ പുനഃപരിശോധന ചെയ്യേണ്ടതും അതിനു യുക്തമെന്നു തോന്നുന്ന കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാകുന്നു.

എന്നാൽ അപ്രകാരം പുറപ്പെടുവിച്ച നോട്ടീസിനോ ഉത്തരവിനോ എടുത്ത നടപടിക്കോ എതിരായി ഒരേ ഒരു പുനഃപരിശോധന മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

(2) (1)-ാം ഉപവകുപ്പു പ്രകാരം പുനഃപരിശോധനക്കുള്ള ഒരു ഹർജി പരാതിക്കാസ്പദമായ നടപടിയുടേയോ ഉത്തരവ് നടത്തിയതിന്റേയോ, നോട്ടീസിന്റേയോ തീയതി മുതൽ മുപ്പതു ദിവസത്തിനകം ബോധിപ്പിക്കേണ്ടതാകുന്നു:

എന്നാൽ ഏതു ഉത്തരവിനോ നോട്ടീസിനോ എതിരായാണോ പരാതി ബോധിപ്പിച്ചത് ആ ഉത്തരവിന്റേയോ നോട്ടീസിന്റേയോ പകർപ്പുകൾ

ലഭിക്കുന്നതിന് എടുത്ത സമയം പ്രസ്തുത മുപ്പതു ദിവസം കണക്കാക്കുന്നതിൽ നിന്നും വിട്ടുകളയേണ്ടതാണ്.

എന്നുമാത്രമല്ല സങ്കടമനുഭവിക്കുന്നയാൾ മേൽപ്പറഞ്ഞ സമയത്തിനകം ഹർജ്ജി ബോധിപ്പിക്കുന്നതിനു മതിയായ കാരണംമൂലം താൻ തടയപ്പെട്ടിരുന്നുവെന്ന് തക്ക അധികാരസ്ഥാനത്തെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ മേൽപ്പറഞ്ഞ മുപ്പതു ദിവസക്കാലത്തിനുശേഷവും ഹർജി ബോധിപ്പിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ പുനഃപരിശോധനക്കുള്ള ഒരു ഹർജി ബോധിപ്പിച്ചിട്ടുള്ളപ്പോൾ പ്രസിഡൻറിന്, ആവശ്യമെന്ന് തോന്നുകയാണെങ്കിൽ, ഹർജി പരിഗണിച്ച് തീർപ്പാക്കുന്നതുവരെ ഏതു ഉത്തരവിനോ നടപടിക്കോ എതിരായാണ് പരാതി ബോധിപ്പിച്ചത് ആ ഉത്തരവോ നടപടിയോ നടപ്പിലാക്കുന്നത് നിറുത്തി വയ്ക്കാവുന്നതാകുന്നു.

എന്നാൽ പ്രസിഡൻറ്, അദ്ദേഹം അപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും ജില്ലാ കൗൺസിലിൻെറ അടുത്ത യോഗത്തിൽ വയ്ക്കേണ്ടതാകുന്നു.

74. റിവിഷനുള്ള സർക്കാരിൻെറ അധികാരം.—(1) സർക്കാരിന് ഏതു സമയത്തും സ്വമേധയാ, ഏതെങ്കിലും നടപടി സംബന്ധിച്ച് ജില്ലാ കൗൺസിലിൻെറ രേഖകൾ, അപ്രകാരമുള്ള നടപടികളുടെ കൃത്യതയേയോ അഥവാ അതിൻമേൽ പുറപ്പെടുവിച്ച ഏതെങ്കിലും തീരുമാനത്തിൻേറയോ ഉത്തരവിൻേറയോ നിയമ സാധുതയേയോ സംബന്ധിച്ച് സ്വയം ബോദ്ധ്യപ്പെടുന്നതിനുവേണ്ടി പരിശോധിക്കാവുന്നതും ഏതെങ്കിലും സംഗതിയിൽ സർക്കാരിന് അപ്രകാരമുള്ള ഏതെങ്കിലും തീരുമാനമോ ഉത്തരവോ നടപടിയിൽ ക്രമക്കേടുണ്ടെന്നോ നിയമവിരുദ്ധമാണെന്നോ ഉള്ള കാരണത്താൽ ഭേദഗതി ചെയ്യണമെന്നോ റദ്ദാക്കണമെന്നോ, മറിച്ച് വിധിക്കണമെന്നോ അഥവാ വീണ്ടും പരിഗണിക്കുന്നതിന് തിരിച്ചയയ്ക്കണമെന്നോ ബോദ്ധ്യമാവുകയാണെങ്കിൽ അവർക്ക് അതനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാകുന്നു:

എന്നാൽ സർക്കാർ ഏതെങ്കിലും കക്ഷിക്ക് ബാധകമായ ഏതെങ്കിലും ഉത്തരവ് അങ്ങനെയുള്ള കക്ഷിക്ക് നിവേദനം നടത്തുമെന്ന് അവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) നടപടിയിലുള്ള ക്രമക്കേടോ നിയമ വൈരുദ്ധ്യമോ സംബന്ധിച്ച് പ്രഥമദൃഷ്ട്യാ കേസുണ്ടെങ്കിൽ സർക്കാരിന് അതു സംബന്ധിച്ച് (1)–ാം ഉപവകുപ്പ് പ്രകാരമുള്ള അവരുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതുവരെ അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ നടപ്പിലാക്കുന്നത് നിറുത്തി വയ്ക്കാവുന്നതാകുന്നു.

(3) സർക്കാരിന് ഏതുസമയത്തും സ്വമേധയാ (1)–ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് അത് വസ്തുതയേയോ നിയമമോ സംബന്ധിച്ച് ഏതെങ്കിലും തെററുമൂലമോ അല്ലെങ്കിൽ സാരവത്തായ ഏതെങ്കിലും വസ്തുത സംബന്ധിച്ച് അറിവില്ലായ്മ മൂലമോ പുറപ്പെടുവിച്ചതാണെങ്കിൽ, പുനഃപരിശോധന ചെയ്യാവുന്നതാ ്

(4) (1)–ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ (1)–ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു നടപടിക്ക് ബാധകമാകുന്നതുപോലെ 3–ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും നടപടി സംബന്ധിച്ച് ബാധകമാകുന്നതാകുന്നു.

## അദ്ധ്യായം VI എ

## തെരഞ്ഞെടുപ്പുകുററങ്ങൾ

74എ. തെരഞ്ഞെടുപ്പ് ദിവസവും തെരഞ്ഞെടുപ്പു ദിവസത്തിന്റെ തലേദിവസവും പൊതുയോഗം നിരോധിക്കൽ.—(1) ഒരു ജില്ലയിലും, യാതൊരാളും, പോളിംഗ് അവസാനിപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയത്ത് അവസാനിക്കുന്ന നാൽപ്പത്തിയെട്ടു മണിക്കൂർ കാലയളവിൽ, ആ ജില്ലയിലെ ജില്ലാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒരു പൊതുയോഗം വിളിച്ചുകൂട്ടുകയോ നടത്തുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസം വരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74 ബി. തെരഞ്ഞെടുപ്പ് യോഗങ്ങളിൽ കലക്കമുണ്ടാക്കൽ.—ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഒരു യോഗത്തിൽ ആ യോഗം, ഏതു കാര്യങ്ങൾ നടത്തുവാനാണോ വിളിച്ചുകൂട്ടിയത് ആ കാര്യങ്ങൾ നടത്തുന്നത് തടയുവാനുള്ള ഉദ്ദേശത്തിൽ ക്രമരഹിതമായ വിധത്തിൽ പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നതിന് മററുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74 സി. പോളിംഗ് സ്റേറഷനുകളിലോ അവക്കടുത്തുവച്ചോ ഉള്ള ക്രമരഹിതമായ പെരുമാററത്തിനുള്ള ശിക്ഷ.—(1) ഏതെങ്കിലും പോളിംഗ് സ്റേറഷനിൽവച്ച് പോളിംഗ് നടത്തുന്ന തീയതിയിലോ തീയതികളിലോ യാതൊരാളും—

(എ) പോളിംഗ് സ്റേറഷനുള്ളിലോ അതിന്റെ പ്രവേശന സ്ഥലത്തോ അല്ലെങ്കിൽ അതിന്റെ സമീപത്തുള്ള ഏതെങ്കിലും പൊതു സ്ഥലത്തോ സ്വകാര്യസ്ഥലത്തോ ടേപ്പ് റെക്കാർഡറോ വീഡിയോ കാസററ് റെക്കാർഡറോ വീഡിയോ കാസററ് പ്ലേയറോ മെഗഫോണോ, ഉച്ചഭാഷിണിയോ പോലെയുള്ള, മനുഷ്യശബ്ദം ഉച്ചത്തിലാക്കുകയോ വീണ്ടും കേൾപ്പിക്കുകയോ ചെയ്യുന്നതിനുള്ള ഏതെങ്കിലും ഉപകരണം ഉപയോഗിക്കുകയോ, പ്രവർത്തിപ്പിക്കുകയോ; അല്ലെങ്കിൽ

(ബി) പോളിംഗ് സ്റേറഷനുള്ളിലോ അതിന്റെ പ്രവേശന സ്ഥലത്തോ അല്ലെങ്കിൽ അതിന്റെ സമീപത്തുള്ള ഏതെങ്കിലും പൊതു സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ, വോട്ടു ചെയ്യുന്നതിലേക്കായി പോളിംഗ്

സ്റേറഷൻ സന്ദർശിക്കുന്ന ഏതെങ്കിലും ആരംക്ക് എന്തെങ്കിലും ശല്യം ഉണ്ടാകത്തക്ക വിധത്തിലോ അല്ലെങ്കിൽ പോളിംഗ് സ്റേറഷനിൽ ഡ്യൂട്ടിയിലിരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെയും മററു ആളുകളുടെയും ജോലി തടസ്സപ്പെടുത്തത്തക്കവിധത്തിലോ ഉച്ചത്തിൽ ശബ്ദിക്കുകയോ മററു തരത്തിൽ ക്രമരഹിതമായ വിധത്തിൽ പ്രവർത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, ലംഘിക്കുന്നതിന് മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നുമാസംവരെയാകാവുന്ന തടവോ, ആയിരം രൂപവരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഒരു പോളിംഗ് സ്റേറഷനിലെ പ്രിസൈഡിംഗ് ആഫീസർക്ക് ഏതെങ്കിലും ആരം, ഈ വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുററം ചെയ്യുന്നുവെന്നോ, ചെയ്തിട്ടുണ്ടെന്നോ, വിശ്വസിക്കാൻ കാരണമുള്ളപക്ഷം അദ്ദേഹത്തിന് അങ്ങനെയുള്ള ആളെ അറസ്ററ് ചെയ്യുന്നതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോട് നിർദ്ദേശിക്കാവുന്നതും, അതിൻമേൽ, ആ പോലീസ് ഉദ്യോഗസ്ഥൻ അയാളെ അറസ്ററ് ചെയ്യേണ്ടതുമാണ്.

(4) ഏതൊരു പോലീസ് ഉദ്യോഗസ്ഥനും (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ 'ഏതെങ്കിലും ലംഘനം തടയുന്നതിന് ന്യായമായി ആവശ്യമുള്ള നടപടികൾ എടുക്കുകയും ബലം പ്രയോഗിക്കുകയും ചെയ്യാവുന്നതും അങ്ങിനെയുള്ള ലംഘനത്തിന് ഉപയോഗിക്കപ്പെട്ട ഏതെങ്കിലും ഉപകരണം പിടിച്ചെടുക്കുകയും ചെയ്യാവുന്നതുമാകുന്നു.

74 ഡി. <u>പോളിംഗ് സ്റേറഷനിലോ അതിനടുത്തോ വച്ച് വോട്ടു പിടിക്കുന്നതിന് നിരോധിക്കൽ.</u>—യാതൊരാളും, ഏതെങ്കിലും പോളിംഗ് സ്റേറഷനിൽവച്ച് പോളിംഗ് നടത്തുന്ന തീയതിയിലോ, തീയതികളിലോ പോളിംഗ് സ്റേറഷനകത്തുവച്ചോ അല്ലെങ്കിൽ പോളിംഗ് സ്റേറഷനിൽനിന്ന് 100 മീററർ ദൂരത്തിനുള്ളിലുള്ള ഏതെങ്കിലും പൊതുസ്ഥലത്തുവച്ചോ സ്വകാര്യ സ്ഥലത്തുവച്ചോ താഴെപ്പറയുന്ന യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ലാത്തതാകുന്നു, അതായത്:—

(എ) ഏതെങ്കിലും സമ്മതിദായകന്റെ വോട്ടിനുവേണ്ടി പ്രചാരണം നടത്തുക; അല്ലെങ്കിൽ

(ബി) ഏതെങ്കിലും സമ്മതിദായകന്റെ വോട്ടിനുവേണ്ടി യാചിക്കുക;

(സി) ഏതെങ്കിലും പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാതിരിക്കുന്നതിന് ഏതെങ്കിലും സമ്മതിദായകനെ പ്രേരിപ്പിക്കുക; അല്ലെങ്കിൽ

(ഡി) തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാതിരിക്കുവാൻ ഏതെങ്കിലും സമ്മതിദായകനെ പ്രേരിപ്പിക്കുക; അല്ലെങ്കിൽ

(ഇ) തെരഞ്ഞെടുപ്പ് സംബന്ധിച്ച് (ഒരു ഔദ്യോഗിക നോട്ടീസല്ലാത്ത) ഏതെങ്കിലും നോട്ടീസോ അടയാളമോ പ്രദർശിപ്പിക്കുക.

(2) (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, മൂന്നുമാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74 ഇ. പോളിംഗ് സ്റ്റേഷനിൽനിന്ന് ബാലറ്റ് പേപ്പറോ ബാലറ്റ് പെട്ടിയോ മാററുന്നത് ഒരു കുററമാണ്.—(1) ഏതെങ്കിലും തെരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനിൽനിന്ന് ബാലററ് പേപ്പറോ ബാലററ് പെട്ടിയോ വഞ്ചനാപൂർവ്വമായി എടുക്കുകയോ എടുക്കുന്നതിനുദ്യമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിന് മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസംവരെയാകാവുന്ന തടവോ, ആയിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഒരു പോളിംഗ് സ്റ്റേഷനിലെ പ്രിസൈഡിംഗ് ആഫീസർക്ക്, ഏതെങ്കിലും ആൾ, (1)–ാം ഉപവകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുററം ചെയ്യുന്നുവെന്നോ അല്ലെങ്കിൽ ചെയ്തിട്ടുണ്ടെന്നോ വിശ്വസിക്കുവാൻ കാരണമുള്ളപക്ഷം അങ്ങനെയുള്ള ഉദ്യോഗസ്ഥന്, ആ ആൾ പോളിംഗ് സ്റ്റേഷൻ വിടുന്നതിന് മുൻപ് അങ്ങനെയുള്ളയാളെ അറസ്ററ് ചെയ്യുകയോ അറസ്ററ് ചെയ്യാൻ ഒരു പോലീസ് ഉദ്യോഗസ്ഥന് നിർദ്ദേശം കൊടുക്കുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള ആളെ പരിശോധിക്കുകയോ അല്ലെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ ഒരു സ്ത്രീയെ പരിശോധിപ്പിക്കേണ്ടത് ആവശ്യമായി വരുമ്പോൾ, പരിശോധന മറെറാരു സ്ത്രീയെക്കൊണ്ട്, മാന്യതയ്ക്ക് വേണ്ടത്ര പരിഗണന നൽകിക്കൊണ്ട്, നടത്തേണ്ടതാണ്.

(3) പരിശോധനയിൽ, അറസ്ററ് ചെയ്യപ്പെട്ട ആളുടെ ദേഹത്ത് കാണപ്പെടുന്ന ഏതൊരു ബാലററ് പേപ്പറും പ്രിസൈഡിംഗ് ആഫീസർ ഭദ്രമായ സൂക്ഷിപ്പിൽ വയ്ക്കുവാൻ പോലീസ് ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയോ അല്ലെങ്കിൽ പരിശോധന പോലീസ് ഉദ്യോഗസ്ഥൻ നടത്തപ്പെടുമ്പോൾ ആ ഉദ്യോഗസ്ഥൻ അത് ഭദ്രമായ സൂക്ഷിപ്പിൽ വയ്ക്കുകയോ ചെയ്യേണ്ടതാണ്.

74 എഫ്. മററു കുററങ്ങളും അവയ്ക്കുള്ള ശിക്ഷകളും.—(1) ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഒരാൾ—

(എ) ഏതെങ്കിലും നാമനിർദ്ദേശപത്രം വഞ്ചനാപൂർവ്വകമായി വികൃതമാക്കുകയോ അല്ലെങ്കിൽ വഞ്ചനാ പൂർവ്വകമായി നശിപ്പിക്കുകയോ;

(ബി) ഒരു തെരഞ്ഞെടുപ്പുദ്യോഗസ്ഥനോ അദ്ദേഹത്തിന്റെ അധികാരപ്രകാരമോ പതിച്ചിട്ടുള്ള ഏതെങ്കിലും ലിസ്റ്റോ, നോട്ടീസോ മററു രേഖകളോ വഞ്ചനാപൂർവകമായി വികൃതമാക്കുകയോ നശിപ്പിക്കുകയോ അല്ലെങ്കിൽ നീക്കം ചെയ്യുകയോ;

(സി) ഏതെങ്കിലും ബാലററു പേപ്പറോ, ബാലററുപേപ്പറിലുള്ള ഔദ്യോഗിക ചിഹ്നമോ, ഏതെങ്കിലുംപ്രഖ്യാപനമോ, ആളെ തിരിച്ചറിയു

ന്നതിനുള്ള രേഖയോ വഞ്ചനാപൂർവകമായി വികൃതമാക്കുകയോ അല്ലെങ്കിൽ വഞ്ചനാപൂർവകമായി നശിപ്പിക്കുകയോ;

(ഡി) തക്ക അധികാരമില്ലാതെ ഏതെങ്കിലും ആറാക്ക് ഏതെങ്കിലും ബാലററ് പേപ്പർ കൊടുക്കുകയോ;

(ഇ) നിക്ഷേപിക്കുന്നതിന് നിയമപ്രകാരം തനിക്ക് അധികാരമുള്ള ബാലററ് പേപ്പറല്ലാതെ മററതെങ്കിലും വസ്തു ഏതെങ്കിലും ബാലററു പെട്ടിയിൽ വ ്ചനാപൂർവകമായി നിക്ഷേപിക്കുകയോ;

(എഫ്) തെരഞ്ഞെടുപ്പിൻെറ ആവശ്യങ്ങൾക്കായി അപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഏതെങ്കിലും ബാലററുപെട്ടിയോ, ബാലററു പേപ്പറോ തക്ക അധികാരം കൂടാതെ നശിപ്പിക്കുകയോ എടുക്കുകയോ, തുറക്കുകയോ, അല്ലെങ്കിൽ അവയിൽ മററുവിധത്തിൽ കൈകടത്തുകയോ;

(ജി) അതതു സംഗതിപോലെ വഞ്ചനാപൂർവകമായി അല്ലെങ്കിൽ, തക്ക അധികാരമില്ലാതെ മുകളിൽ പറഞ്ഞ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യാൻ ശ്രമിക്കുകയോ, മന:പൂർവ്വം അങ്ങനെയുള്ള ഏതെങ്കിലും പ്രവൃത്തികൾ ചെയ്യാൻ സഹായിക്കുകയോ അല്ലെങ്കിൽ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾ ഒരു തെരഞ്ഞെടുപ്പു കുററത്തിന് കുററക്കാരനായിരിക്കുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം ഏതെങ്കിലും തെരഞ്ഞെടുപ്പു കുററത്തിന് കുററക്കാരനായ ഏതൊരാളും—

(എ) അയാൾ ഒരു പോളിംഗ് സ്റേറഷനിലെ റിട്ടേണിംഗ് ആഫീസറോ പ്രിസൈഡിംഗ് ആഫീസറോ അല്ലെങ്കിൽ തെരഞ്ഞെടുപ്പു സംബന്ധിച്ച ഔദ്യോഗിക കർത്തവ്യത്തിൽ നിയുക്തനായ മററതെങ്കിലും ഉദ്യോഗസ്ഥനോ, ക്ലാർക്കോ ആയിരിക്കുന്നപക്ഷം ഒരു വർഷംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ, ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(ബി) മററതെങ്കിലും ആളായിരിക്കുന്നപക്ഷം ആയിരം രൂപവരെയാകാവുന്ന പിഴയോ ആറുമാസംവരെയാകാവുന്ന തടവോ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്കായി ഒരാളുടെ കർത്തവ്യം, വോട്ടുകൾ എണ്ണുന്നതുൾപ്പെടെ ഒരു തെരഞ്ഞെടുപ്പിൻേറയോ തെരഞ്ഞെടുപ്പിൻെറ ഒരു ഘട്ടത്തിൻേറയോ നടത്തിപ്പിൽ പങ്കെടുക്കുകയോ അല്ലെങ്കിൽ ഒരു തെരഞ്ഞെടുപ്പിനുശേഷം, ആ തെരഞ്ഞെടുപ്പു സംബന്ധിച്ച് ഉപയോഗിക്കപ്പെട്ട ബാലററ് പേപ്പറുകളുടെയും മററു രേഖകളുടെയും ഉത്തരവാദിത്വം വഹിക്കുകയോ ചെയ്യുക എന്നതായിരിക്കുന്ന പക്ഷം, അദ്ദേഹം ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കുകയാണെന്ന് കരുതേണ്ടതും, എന്നാൽ 'ഔദ്യോഗിക കർത്തവ്യം' എന്ന പ്രയോഗത്തിൽ ഈ ആക്ററോ ആക്ററുപ്രകാരമോ ചുമത്തിയതല്ലാത്ത മററു യാതൊരു കർത്തവ്യവും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

74 ജി. തെരഞ്ഞെടുപ്പിൻെറ രഹസ്യം പാലിക്കാതിരിക്കൽ.—നിയമംമൂലം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടിയല്ലാതെ

ഏതെങ്കിലും ആരാക്ക്, ഏതെങ്കിലും സമ്മതിദായകൻ ഏതു സ്ഥാനാർത്ഥിക്കാണ് വോട്ട് ചെയ്തതെന്നുള്ള ഏതെങ്കിലും വിവരം നേരിട്ടോ നേരിട്ടല്ലാതെയോ നൽകുന്ന ഏതൊരു പ്രിസൈഡിംഗ് ആഫീസറും, പോളിംഗ് ആഫീസറും അല്ലെങ്കിൽ വോട്ടെടുപ്പു മുറിയിൽ ഹാജരുള്ള ഓരോ ആളും, അങ്ങനെയുള്ള ഏതെങ്കിലും വിവരം അനുചിതമായ ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സമ്പാദിക്കുന്ന ഏതൊരാളും, മൂന്നുമാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74. എച്ച്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർ മുതലായവർ സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ പാടില്ല.—(1) ഒരു തെരഞ്ഞെടുപ്പിലെ റിട്ടേണിംഗ് ആഫീസറോ, അസിസ്റ്റൻറ് റിട്ടേണിംഗ് ആഫീസറോ പ്രിസൈഡിംഗ് ആഫീസറോ പോളിംഗ് ആഫീസറോ ആയ ഏതൊരാളും അല്ലെങ്കിൽ റിട്ടേണിംഗ് ആഫീസറോ പ്രിസൈഡിംഗ് ആഫീസറോ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യനിർവ്വഹണത്തിന് നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനോ, ക്ലാർക്കോ ആയ ഏതൊരാളും തെരഞ്ഞെടുപ്പിൻെറ നിർവ്വഹണത്തിലോ നടത്തിപ്പിലോ സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച വിജയസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് (വോട്ടു ചെയ്യുക എന്നതല്ലാതെ) യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) മേൽപറഞ്ഞ പ്രകാരമുള്ള യാതൊരാളും, പോലീസ് സേനയിലെ യാതൊരംഗവും:

(എ) ഒരു തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് ആരെയെങ്കിലും പ്രേരിപ്പിക്കുകയോ, അല്ലെങ്കിൽ

(ബി) ഒരു തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിൽ നിന്ന് ആരെയെങ്കിലും പിൻതിരിപ്പിക്കുകയോ; അല്ലെങ്കിൽ

(സി) ഒരു തെരഞ്ഞെടുപ്പിൽ ഒരാൾ വോട്ടു ചെയ്യുന്നതിനെ ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കുകയോ ചെയ്യുന്നതിന് ഉദ്യമിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിലേയോ (2)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74 ഐ. തെരഞ്ഞെടുപ്പിൽ നിയമവിരുദ്ധമായി വാഹനങ്ങൾ വാടകയ്ക്കെടുക്കുകയോ കരസ്ഥമാക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.—ഒരു സ്ഥാനാർത്ഥിയെക്കൊണ്ടോ അയാളുടെ ഏജൻറിനെക്കൊണ്ടോ അല്ലെങ്കിൽ മറെറതെങ്കിലും ആളിനെക്കൊണ്ടോ ഏതെങ്കിലും സമ്മതിദായകനെ (സ്ഥാനാർത്ഥി തന്നെയോ അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളോ അദ്ദേഹത്തിൻെറ ഏജൻേറാ അല്ലാതെയുള്ള) ഏതെങ്കിലും പോളിംഗ് സ്റേറഷനി

ലേക്കോ അല്ലെങ്കിൽ അവിടെനിന്നോ കൊണ്ടു പോകുന്നതിനായി ഏതെങ്കിലും വാഹനമോ ഉരുവോ വാടകയ്ക്ക് എടുപ്പിക്കുകയോ, അല്ലെങ്കിൽ പണം കൊടുക്കുന്നതിൻമേലോ മററുവിധത്തിലോ കരസ്ഥമാക്കിക്കുകയോ ചെയ്യുക എന്ന അഴിമതി പ്രവൃത്തിക്ക് ഏതെങ്കിലും ആരാ കുററക്കാരനാകുന്ന പക്ഷം അയാൾ ആയിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ ഒരു സമ്മതിദായകനോ അല്ലെങ്കിൽ പല സമ്മതിദായകർ കൂട്ടായി അവരുടെ ചെലവിൽ അയാളെയോ അല്ലെങ്കിൽ അവരെയോ പോളിംഗ് സ്റേറഷനിലേക്കോ അല്ലെങ്കിൽ അവിടെനിന്നോ കൊണ്ടുപോകുന്ന ആവശ്യത്തിനായി ഏതെങ്കിലും വാഹനമോ ഉരുവോ വാടകയ്ക്ക് എടുക്കുന്നത് അപ്രകാരം വാടകയ്ക്കെടുക്കപ്പെടുന്ന വാഹനമോ ഉരുവോ യന്ത്രശക്തി കൊണ്ട് പ്രവർത്തിക്കപ്പെടുന്ന ഒരു വാഹനമോ ഉരുവോ അല്ലാതിരിക്കുന്ന പക്ഷം, ഈ ഖണ്ഡപ്രകാരമുള്ള ഒരു അഴിമതി പ്രവൃത്തിയായി കരുതപ്പെടുന്നതല്ല.

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും പോളിംഗ് സ്റേറഷനിലേക്ക് പോകുന്നതിനോ അവിടെനിന്നും വരുന്നതിനോ വേണ്ടി ഏതെങ്കിലും സമ്മതിദായകൻ അയാളുടെ ചെലവിൽ ഏതെങ്കിലും പൊതു ഗതാഗത വാഹനമോ ഉരുവോ റയിൽവേകാര്യേജോ ഉപയോഗിക്കുന്നത് ഈ വകുപ്പു പ്രകാരമുള്ള ഒരു അഴിമതി പ്രവൃത്തിയായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിലെ ''വാഹനം അഥവാ ഉരു'' എന്ന പ്രയോഗത്തിന് യന്ത്രശക്തികൊണ്ടോ അല്ലാതെയോ പ്രവർത്തിക്കപ്പെടുന്നതോ മററു വാഹനങ്ങളോ ഉരുക്കളോ വലിക്കുന്നതിനോ മററുവിധത്തിലോ ഉപയോഗിക്കപ്പെടുന്നതോ ആയിരുന്നാലും റോഡ് ഗതാഗതത്തിന് അല്ലെങ്കിൽ ജലഗതാഗതത്തിന് ഉപയോഗിക്കപ്പെടുന്നതോ ഉപയോഗക്ഷമമായതോ ആയ ഏതൊരു വാഹനം അല്ലെങ്കിൽ ഉരു എന്നർത്ഥമാകുന്നു.

74 ജെ. സർക്കാർ വകുപ്പുകളിലെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും അല്ലെങ്കിൽ മററ് അധികാരസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും ലിസ്ററ് നൽകണമെന്ന്.—(1) സർക്കാരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഓരോ ഓഫീസിന്റെയും വകുപ്പിന്റെയും തലവനും ഓരോ തദ്ദേശാധികാരസ്ഥാനങ്ങളും അല്ലെങ്കിൽ മററ് അധികാരസ്ഥാനങ്ങളും തിരഞ്ഞെടുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനയിൻമേൽ വിനിർദ്ദേശിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ ഒരു ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ഏതൊരു കർത്തവ്യം നിർവ്വഹിക്കുന്നതിനായി അങ്ങനെയുള്ള ഓഫീസിലേയോ അധികാരസ്ഥാനത്തിലേയോ ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും ഒരു ലിസ്ററ് അദ്ദേഹത്തിന് നൽകേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി ''തദ്ദേശാധികാരസ്ഥാനം'' എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു പഞ്ചായത്ത് അല്ലെങ്കിൽ ടൗൺഷിപ്പ് കമ്മിററി എന്നും ''മററ് അധികാരസ്ഥാനം'' എന്നാൽ ഏതെങ്കിലും നിയമത്തിൻകീഴിൽ സർക്കാരിനാൽ രൂപീകരിക്കപ്പെട്ടതോ

തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിൻകീഴിലോ സ്ഥാപിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനം, അത് ഏത് പേരിൽ അറിയപ്പെട്ടാലും ശരി, എന്നും അർത്ഥമാകുന്നു.

(2) ഏതൊരാളിനാണോ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അഭ്യർത്ഥന ഇലക്ഷൻ ഡയറക്ടറാൽ നൽകപ്പെട്ടത് അങ്ങനെയുള്ളയാൾ അഭ്യർത്ഥനയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും ലിസ്റ്റ് നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അഞ്ഞൂറുരൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

**74 കെ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക കർത്തവ്യങ്ങളുടെ ലംഘനങ്ങൾ.**—ഒരു ജില്ലാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് നിയമിക്കപ്പെട്ട ഏതെങ്കിലും ആൾ അപ്രകാരമുള്ള നിയമനം നിരാകരിക്കുകയോ മതിയായ കാരണങ്ങൾ കൂടാതെ അപ്രകാരമുള്ള കർത്തവ്യങ്ങൾ അവഗണിക്കുകയോ അവ നിർവഹിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്നപക്ഷം, അഞ്ഞൂറുരൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

**74 എൽ. തെരഞ്ഞെടുപ്പാവശ്യങ്ങൾക്ക് പരിസരങ്ങളും മററും ആവശ്യപ്പെടൽ.**—ഒരു ജില്ലാ കൗൺസിലിന്റെ ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ച്—

(എ) ഒരു പോളിംഗ് സ്റേറഷനുവേണ്ടിയോ അല്ലെങ്കിൽ പോളിംഗ് നടന്നതിനുശേഷം ബാലററുപെട്ടികൾ സൂക്ഷിക്കുന്ന ആവശ്യത്തിലേക്കായോ ഏതെങ്കിലും പരിസരങ്ങൾ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ, അല്ലെങ്കിൽ

(ബി) പോളിംഗ് സ്റേറഷനിലേക്കോ അവിടെനിന്നോ ബാലററുപെട്ടികൾ കൊണ്ടുപോകുന്നതിനോ തെരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽ ക്രമസമാധാനം പരിപാലിക്കുന്നതിനായി പോലീസ് സേനാംഗങ്ങളെ കൊണ്ടുപോകുന്നതിനോ അപ്രകാരമുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനേയോ മററതെങ്കിലും വ്യക്തിയേയോ കൊണ്ടുപോകുന്നതിനോ ഏതെങ്കിലും വാഹനമോ ഉരുവോ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ഇലക്ഷൻ ഡയറക്ടർ കരുതുന്നപക്ഷം, ഇലക്ഷൻ ഡയറക്ടർക്ക് രേഖാമൂലമുള്ള ഉത്തരവുമൂലം, അപ്രകാരമുള്ള പരിസരങ്ങളോ വാഹനമോ ഉരുവോ, അതതുസംഗതിപോലെ ആവശ്യപ്പെടാവുന്നതും, അതു സംബന്ധിച്ച് ആവശ്യമെന്നോ സമീചീനമെന്നോ അദ്ദേഹത്തിന് തോന്നുന്ന കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ഒരു സ്ഥാനാർത്ഥിയോ അയാളുടെ ഏജൻറാ അങ്ങനെയുള്ള സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആവശ്യത്തിലേക്ക് നിയമാനുസൃതം ഉപയോഗിച്ചുവരുന്ന ഏതെങ്കിലും വാഹനമോ ഉരുവോ അപ്രകാരമുള്ള തെരഞ്ഞെടുപ്പിലെ വോട്ടെടുപ്പുകഴിയുന്നതുവരെ ഈ ഉപവകുപ്പുപ്രകാരം ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

(2) ആവശ്യപ്പെടൽ, വസ്തു ഉടമസ്ഥനെന്നോ വസ്തു കൈവശം വച്ചിരിക്കുന്ന ആളെന്നോ ഇലക്ഷൻ ഡയറക്ടർ കരുതുന്ന വ്യക്തിയെ രേഖാമൂലം എഴുതി അറിയിച്ചുകൊണ്ട്, ആയിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും വസ്തു ആവശ്യപ്പെടുമ്പോഴെല്ലാം, അപ്രകാരമുള്ള ആവശ്യപ്പെടലിന്റെ കാലാവധി, ഏതു കാലത്തേക്കാണോ അപ്രകാരമുള്ള വസ്തു ആ ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾക്കുവേണ്ടി ആവശ്യമായിട്ടുള്ളത് ആ കാലാവധിക്കപ്പുറമാകാൻ പാടുള്ളതല്ല.

(4) ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉത്തരവ് ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസംവരെയാകാവുന്ന തടവോ, പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(5) ഈ വകുപ്പിൽ,—

(എ) ''പരിസരം'' എന്നാൽ ഏതെങ്കിലും ഭൂമിയോ കെട്ടിടമോ അഥവാ കെട്ടിടത്തിന്റെ ഒരു ഭാഗമോ എന്നർത്ഥമാകുന്നതും അതിൽ ഒരു കുടിലോ, ഷെഡ്ഡോ മറ്റേതെങ്കിലും നിർമ്മിത വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ''വാഹനം'' എന്നാൽ യന്ത്രശക്തികൊണ്ടോ മററുവിധത്തിലോ പ്രവർത്തിപ്പിക്കപ്പെടുന്ന, റോഡുഗതാഗതത്തിന് ഉപയോഗിക്കുന്നതോ ഉപയോഗക്ഷമമായതോ ആയ ഏതൊരു വാഹനവും എന്നർത്ഥമാകുന്നു.

(സി) ''ഉരു'' എന്നാൽ യന്ത്രശക്തികൊണ്ടോ മററു വിധത്തിലോ പ്രവർത്തിക്കപ്പെടുന്ന ജലഗതാഗതത്തിന് ഉപയോഗിക്കുന്നതോ ഉപയോഗക്ഷമമായതോ ആയ ഒരു ജലയാനം എന്നർത്ഥമാകുന്നു.

74 എം. തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഓരോ വിഭാഗം ആളുകൾക്കിടയിൽ ശത്രുത വളർത്തൽ.—ഒരു ജില്ലാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് മതത്തിന്റേയോ, വർഗ്ഗത്തിന്റേയോ, ജാതിയുടേയോ, സമുദായത്തിന്റേയോ അഥവാ ഭാഷയുടേയോ അടിസ്ഥാനത്തിൽ വിവിധവിഭാഗം ആളുകൾക്കിടയിൽ ശത്രുതാമനോഭാവമോ വെറുപ്പോ വളർത്തുകയോ വളർത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസംവരെയാകാവുന്ന തടവോ, ആയിരം രൂപവരെയാകാവുന്ന പിഴയോ, ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

74 എൻ. ലഘുലേഖകൾ, പോസ്ററുകൾ മുതലായവ പ്രിൻറു ചെയ്യുന്നതിനുള്ള നിയന്ത്രണം.—അച്ചടിക്കുന്ന ആളിന്റേയും പ്രസാധകന്റേയും പേരും മേൽവിലാസവും ആദ്യപേജിൽ ഇല്ലാത്ത ഏതെങ്കിലും തെരഞ്ഞെടുപ്പ് ലഘുലേഖയോ പോസ്ററോ യാതൊരു വ്യക്തിയും അച്ചടിക്കാനോ പ്രസിദ്ധീകരിക്കാനോ അല്ലെങ്കിൽ അച്ചടിക്കുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനോ കാരണമാക്കുവാനോ പാടില്ലാത്തതും, ഈ

വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും, മൂന്ന് മാസംവരെയാകാവുന്ന തടവോ, ആയിരം രൂപവരെയാകാവുന്ന പിഴയോ, ഇവ രണ്ടും കൂടിയതോ ആയ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.]

### അദ്ധ്യായം VII

## ചട്ടങ്ങളും ഉപനിയമങ്ങളും ശിക്ഷകളും

**75.** ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) സർക്കാരിന്, ഗസററിൽ വിജ്ഞാപനംമൂലം, ഈ ആക്ററിലെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പ് പ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭാ യോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ആകെ പതിനാലുദിവസക്കാലത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടുസമ്മേളനത്തിലോപെടാം—വയ്ക്കേണ്ടതും അതുപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടം ഒന്നുകിൽ ഭേദഗതി ചെയ്യണമെന്നോ, അല്ലെങ്കിൽ റദ്ദാക്കണമെന്നോ, തീരുമാനിക്കുന്നപക്ഷം, ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങിനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു; എന്നിരുന്നാലും അങ്ങിനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്കു ദൂഷ്യം കൂടാതെ ആയിരിക്കേണ്ടതും ആകുന്നു.

**76.** ജില്ലാ കൗൺസിലിനു ഉപനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും അവയുടെ ലംഘനത്തിനുള്ള ശിക്ഷയും.—(1) ഈ ആക്ററിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഒരു ജില്ലാ കൗൺസിലിന് സർക്കാരിന്റെ അംഗീകാരത്തോടുകൂടി അത് രൂപീകരിക്കപ്പെട്ടിരിക്കുന്ന ആവശ്യങ്ങളിൽ ഏതെങ്കിലും നിർവഹിക്കുന്നതിനു വേണ്ടി ഉപനിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) സർക്കാരിന്, ഏതെങ്കിലും ഉപനിയമമോ അതിന്റെ ഭാഗമോ പുനഃപരിഗണന നടത്തി വീണ്ടും സമർപ്പിക്കുന്നതിനുവേണ്ടി ജില്ലാ കൗൺസിലിന് തിരിച്ചയയ്ക്കുകയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള ഏതെങ്കിലും ഉപനിയമത്തിൽ വല്ലതും കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ അഥവാ അതിൽ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാകുന്നു.

(3) ഒരു ഉപനിയമമുണ്ടാക്കുമ്പോൾ ജില്ലാ കൗൺസിലിന് അത് ലംഘിക്കുന്ന ഏതൊരാളും ഇരുനൂററി അൻപത് രൂപയിൽ കവിയാതെ ജില്ലാ കൗൺസിൽ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തുകയോ അഥവാ ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയിൽ, ആദ്യത്തെ ലംഘനത്തിന് ഒരു ശിക്ഷ ചുമത്തിയതിനുശേഷം ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസ

ത്തിനും അമ്പത് രൂപയും ശിക്ഷയായി നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

(4) സർക്കാരിന്, ഉപനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിയും അവയുടെ പ്രസിദ്ധീകരണവും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സംബന്ധിച്ചുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

77. അയോഗ്യതയുള്ളപ്പോൾ അംഗമായോ പ്രസിഡൻറായോ വൈസ് പ്രസിഡൻറായോ പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ.—(1) ഈ ആക്ററിൻ കീഴിലോ അഥവാ അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിൻ കീഴിലോ ആ നിലയിൽ സ്ഥാനം വഹിക്കുന്നതിന് അവകാശമില്ലെന്നോ അഥവാ അവകാശം ഇല്ലാതായിത്തീർന്നിട്ടുണ്ടെന്നോ അറിഞ്ഞുകൊണ്ട് ജില്ലാ കൗൺസിൽ അംഗമായി പ്രവർത്തിക്കുന്ന ഏതൊരാളും അപ്രകാരമുള്ള ഏതൊരു കുററത്തിനും ഇരുനൂറ് രൂപയിൽ കവിയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ ആക്ററ് പ്രകാരമോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ തനിക്ക് ആ നിലയിൽ സ്ഥാനം വഹിക്കുന്നതിനോ അപ്രകാരമുള്ള കർത്തവ്യങ്ങൾ ചെയ്യുന്നതിനോ അവകാശമില്ലെന്നോ അഥവാ അവകാശം ഇല്ലാതായിത്തീർന്നിട്ടുണ്ടെന്നോ അറിഞ്ഞുകൊണ്ട് ഒരു ജില്ലാ കൗൺസിലിൻെറ പ്രസിഡൻറായോ വൈസ് പ്രസിഡൻറായോ പ്രവർത്തിക്കുകയോ അഥവാ ആ നിലയിൽ കൃത്യങ്ങൾ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ഏതൊരു കുററത്തിനും ആയിരം രൂപയിൽ കവിയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഒരു ജില്ലാ കൗൺസിലിൻെറ പ്രസിഡൻേറാ, വൈസ് പ്രസിഡൻേറാ ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ ആയിരിക്കെ ജില്ലാകൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ളതോ അതിൻെറ വകയായിട്ടുള്ളതോ ആയതും തൻെറ കൈവശമോ നിയന്ത്രണത്തിലോ ഇരിക്കുന്നതോ വന്നിട്ടുള്ളതോ ആയതുമായ ഏതെങ്കിലും പ്രമാണമോ വസ്തുവോ —

(എ) ഏതൊരു സംഗതിയിലും പ്രസിഡൻേറാ വൈസ് പ്രസിഡൻേറാ ചെയർമാനോ എന്ന നിലയിലുള്ള തൻെറ ഉദ്യോഗകാലാവധി അവസാനിക്കുന്നയുടൻ,

(ബി) വൈസ് പ്രസിഡൻേറാ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ കൂടി ആയിരുന്ന ആളുടെ സംഗതിയിൽ അതിനുപുറമേ പ്രസിഡൻറ് ആവശ്യപ്പെടുമ്പോഴും ഉദ്യോഗം വഹിക്കുന്ന തൻെറ അനന്തരഗാമിക്കോ നിർണ്ണയിക്കപ്പെട്ട മററധികാരസ്ഥാനത്തിനോ,

കൈമാററം ചെയ്തുകൊടുക്കുന്നതിന് വീഴ്ച വരുത്തുന്ന ഏതൊരാളും അങ്ങനെയുള്ള ഓരോ ലംഘനത്തിനും ആയിരം രൂപയിൽ കവിയാത്ത പിഴയ്ക്കു ശിക്ഷിക്കപ്പെടുന്നതാണ്.

78. ഒരു ജീവനക്കാരൻ കരാറ്പണിയിൽ അവകാശബന്ധം ആർജ്ജിച്ചാലുള്ള പിഴ.—ഒരു ജില്ലാ കൗൺസിലിലെ ഏതെങ്കിലും ഒരു ജീവനക്കാരൻ

അറിഞ്ഞുകൊണ്ട് പ്രത്യക്ഷമായോ പരോക്ഷമായോ സ്വമേധയായോ അല്ലെങ്കിൽ ഒരു പങ്കാളിയോ തൊഴിലുടമയോ ജീവനക്കാരനോ മുഖാന്തിരം ജില്ലാ കൗൺസിലുമായിട്ടോ അതുവഴിയോ അതിനു വേണ്ടിയോ എന്തെങ്കിലും കരാറിലോ അഥവാ നിയമനത്തിലോ ഏതെങ്കിലും സ്വകാര്യ ഓഹരിയോ അവകാശബന്ധമോ ആർജ്ജിക്കുകയാണെങ്കിൽ അയാൾ ഇൻഡ്യൻ ശിക്ഷാനിയമം (1860–ലെ 45–ാം കേന്ദ്ര ആക്റ്റ്) 168–ാം വകുപ്പ് പ്രകാരമുള്ള കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാണ്:

എന്നാൽ യാതൊരാൾക്കും അയാൾ ഏതെങ്കിലും കമ്പനിയിൽ ഓഹരിക്കാരനോ അഥവാ അതിലെ അംഗമോ ആണെന്നുള്ള കാരണത്താൽ —അയാൾ അങ്ങനെയുള്ള കമ്പനിയുടെ ഡയറക്ടർ അല്ലാത്തപക്ഷം— അങ്ങനെയുള്ള കമ്പനിയും ജില്ലാ കൗൺസിലും തമ്മിൽ ഉണ്ടാക്കിയ ഏതെങ്കിലും കരാറിൽ അവകാശബന്ധമുള്ളതായി കരുതാൻ പാടില്ലാത്തതാകുന്നു:

എന്നുതന്നെയുമല്ല, യാതൊരാൾക്കും, അയാൾ ഒരു സഹകരണ സംഘത്തിൻെറ ഡയറക്ടറോ, അംഗമോ അഥവാ ഔദ്യോഗിക ഭാരവാഹിയോ, ആണെന്നുള്ള കാരണത്താൽ അങ്ങനെയുള്ള സഹകരണ സംഘവും ജില്ലാ കൗൺസിലും തമ്മിൽ ഉണ്ടാക്കിയ ഏതെങ്കിലും കരാറിൽ അവകാശ ബന്ധമുള്ളതായി കരുതാൻ പാടില്ലാത്തതാകുന്നു.

79. വാർത്ത നൽകാതിരുന്നതിനോ തെററായ വാർത്ത നൽകുന്നതിനോ ഉള്ള ശിക്ഷ.—ഈ ആക്റ്റോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ മൂലമോ അഥവാ ഈ ആക്റ്റോ അഥവാ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം പുറപ്പെടുവിച്ചതോ എടുത്തതോ ആയ ഏതെങ്കിലും നോട്ടീസോ നടപടിയോ മൂലമോ ഏതെങ്കിലും വിവരം നൽകുന്നതിനു ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ അപ്രകാരമുള്ള വിവരം നൽകുന്നതിൽ വീഴ്ച വരുത്തുകയോ അഥവാ അറിഞ്ഞുകൊണ്ട് തെററായ വാർത്ത നല്കുകയോ ചെയ്യുകയാണെങ്കിൽ അയാൾക്ക് അഞ്ഞൂറ് രൂപയിൽ കവിയാതെയുള്ള പിഴ ശിക്ഷ നൽകേണ്ടതാണ്.

80. നോട്ടീസ് നീക്കം ചെയ്യുകയോ മായ്ച്ചുകളയുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.—ജില്ലാ കൗൺസിലിലോ അഥവാ അതിൻെറ ഉത്തരവിൻ കീഴിലോ പ്രദർശിപ്പിച്ചിരുന്ന ഏതെങ്കിലും നോട്ടീസോ സ്ഥാപിച്ചിരുന്ന ഏതെങ്കിലും ചിഹ്നമോ അടയാളമോ അതിനുള്ള അധികാരം കൂടാതെ നീക്കം ചെയ്യുകയോ, നശിപ്പിക്കുകയോ വികൃതമാക്കുകയോ അഥവാ മററുവിധത്തിൽ മായ്ച്ചുകളയുകയോ ചെയ്യുന്ന ഏതൊരാൾക്കും ഇരുന്നൂററി അൻപതു രൂപാവരെ വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

81. ജില്ലാ കൗൺസിലിനെ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ.—ഒരു ജില്ലാ കൗൺസിലിനെ തടസ്സപ്പെടുത്തിയാലോ അഥവാ ഒരു ജില്ലാ കൗൺസിൽ പ്രസിഡൻറിനേയോ അംഗത്തേയോ ജില്ലാ കൗൺസിൽ നിയമിച്ച ഏതെങ്കിലും ആളിനേയോ ജില്ലാ കൗൺസിലോ അതിനുവേണ്ടിയോ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളിനേയോ അതിൻെറയോ അയാളുടെയോ കർത്തവ്യനിർവ്വഹണത്തിലോ ഈ ആക്റ്റോ അഥവാ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ഉപചട്ടമോ ഉത്തരവോ ഹേതുവായോ, അതിൻെറ ഫലമായോ അതോ അയാളോ ചെയ്യാൻ അധികാരപ്പെടുത്തിയതോ ആവശ്യപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം നിർവ്വഹിക്കുകയോ ചെയ്യുമ്പോൾ തടസ്സപ്പെടുത്തുകയോ അസഹ്യ

പ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളിനും മൂന്നുമാസം വരെയുള്ള തടവോ, അഞ്ഞൂറു രൂപവരെയുള്ള പിഴയോ അഥവാ അവ രണ്ടുംകൂടിയുള്ള ശിക്ഷയോ നൽകേണ്ടതാകുന്നു.

82. പിഴകൾ ജില്ലാ കൗൺസിലിലേക്ക് വരവുവയ്ക്കേണ്ടതാണെന്ന്.— ഈ ആക്ററോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉപ നിയമമോ പ്രകാരം ചുമത്തിയ എല്ലാ പിഴകളും, അവ വസൂലാക്കുന്നതിൻ മേൽ ജില്ലാ കൗൺസിലിന്റെ ഫണ്ടിൽ വരവുവയ്ക്കേണ്ടതാകുന്നു.

## അദ്ധ്യായം VIII

## പൊതുവും പലവകയും

83. പ്രവൃത്തികൾ നടത്തുന്നതിൽ ജില്ലാ കൗൺസിലിനുള്ള അധികാരങ്ങൾ.—(1) ഒരു ജില്ലാ കൗൺസിൽ ഈ ആക്ററോ അഥവാ മറേറതെങ്കിലും നിയമമോ അതിൻമേൽ ചുമത്തുന്ന എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും അതിനെ ഏൽപ്പിക്കുന്ന എല്ലാ പ്രവർത്തികളും നിർവഹിക്കേണ്ടതും ഈ ആക്ററിന്റെ ആവശ്യങ്ങൾ നിറവേററുന്നതിനു വേണ്ടി സർക്കാർ അതിന് നൽകാവുന്നതോ ഭരമേൽപ്പിക്കാവുന്നതോ ആയ മററ് അധികാരങ്ങൾ വിനിയോഗിക്കുകയും മററ് പ്രവൃത്തികൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) ഒരു ജില്ലാ കൗൺസിലിന് അതിനെ ഭരമേൽപ്പിച്ചിട്ടുള്ളതും ഏൽപ്പിച്ചു കൊടുത്തിട്ടുള്ളതുമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായിട്ടുള്ളതും അതു സംബന്ധിച്ചുള്ളതുമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

84. ജോയിന്റ് കമ്മിററിയുടെ നിയമനം.—(1) ഒരു ജില്ലാ കൗൺസിൽ ഒന്നോ അതിലധികമോ മററ് ജില്ലാ കൗൺസിലുമായോ മററ് തദ്ദേശഭരണ സ്ഥാപനവുമായോ അവർക്ക് കൂട്ടുത്തരവാദിത്വമുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് വേണ്ടി, ഒരു ജോയിന്റ് കമ്മിററി രൂപീകരിക്കുന്നതിൽ പങ്കുചേരാവുന്നതും സർക്കാർ ആവശ്യപ്പെടുന്നെങ്കിൽ ചേരേണ്ടതുമാകുന്നു.

(2) ജോയിന്റ് കമ്മിററിയുടെ രൂപീകരണവും അധികാരങ്ങളും, നടപടിക്രമങ്ങളും കമ്മിററിയിൽ ഉണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഒത്തു തീർപ്പാക്കുന്ന രീതിയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

85. ജില്ലാകൗൺസിലും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാക്കൽ.—(1) രണ്ടോ അതിലധികമോ ജില്ലാ കൗൺസിലുകളുടെ ഇടയിലോ അഥവാ ഒരു ജില്ലാ കൗൺസിലും ഒന്നോ അതിലധികമോ തദ്ദേശ ഭരണ സ്ഥാപനങ്ങളും തമ്മിലോ, ഈ ആക്ററിലേയോ മറേറതെ

ങ്ങിലും ആക്റ്റിലോ വ്യവസ്ഥകൾ പ്രകാരം ഉണ്ടാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് ഒരു തർക്കം നിലവിലിരിക്കുകയും, അതതു സംഗതി പോലെ, ജില്ലാ കൗൺസിലുകളോ അഥവാ ജില്ലാ കൗൺസിലും തദ്ദേശഭരണ സ്ഥാപനമോ അഥവാ തദ്ദേശഭരണ സ്ഥാപനങ്ങളോ അവരുടെ സ്വന്തം അഭിപ്രായാനുസരണമോ അഥവാ സർക്കാരിന്റെ അഭിപ്രായത്തിലോ അതു സൗഹാർദ്ദപരമായി ഒത്തുതീർപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, ഇതിനു വേണ്ടി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം അധികാരപ്പെടുത്തുന്ന ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവി യിലോ അതിനുമുകളിലുള്ളതോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥന് സ്വമേ ധയാ തർക്കം ഒത്തുതീർപ്പാക്കുന്നതിന് ആവശ്യമായ പ്രകാരമുള്ള നടപടികൾ എടുക്കാവുന്നതും, അത് അപ്രകാരം ഒത്തുതീർപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ, തീരുമാനത്തിന് വേണ്ടി ഒരു റിപ്പോർട്ടു സഹിതം സർക്കാരിലേക്ക് അയയ്ക്കാ വുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള സർക്കാരിന്റെ ഏതൊരു തീരു മാനവും, അതതു സംഗതിപോലെ, ജില്ലാ കൗൺസിലുകൾക്കും തദ്ദേശ ഭരണ സ്ഥാപനത്തിനോ അഥവാ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനെ ബാധകമാകുന്നതും ഏതെങ്കിലും നിയമക്കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ വിധേയമല്ലാത്തതുമാകുന്നു.

(3) ഈ വകുപ്പിൻകീഴിലുള്ള സർക്കാരിന്റെ അധികാരങ്ങൾ, ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒന്ന് കൺടോൺമെന്റ് അതോ റിട്ടിയോ ഒരു വൻകിട തുറമുഖത്തിന്റെ തുറമുഖ അധികാര സ്ഥാനമോ ആണെങ്കിൽ, കേന്ദ്ര ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി മാത്രമേ വിനിയോ ഗിക്കാൻ പാടുള്ളൂ.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി തദ്ദേശ ഭരണ സ്ഥാപനം എന്നതിൽ ഒരു കൺടോൺമെന്റ് അതോറിട്ടിയും ഒരു വൻ കിട തുറമുഖത്തിന്റെ തുറമുഖ അതോറിട്ടിയും ഉൾപ്പെടുന്നതാകുന്നു.

86. ജില്ലാ കൗൺസിലിന്റെ നടപടികൾ അനൗപചാരികത മുതലായവ മൂലം അസാധുവാക്കാൻ പാടില്ലെന്ന്.—ഒരു ജില്ലാ കൗൺസിലിന്റെയോ, അതിന്റെ ഒരു സ്റ്റാൻറിംഗ് കമ്മിററിയുടെയോ അഥവാ ഒരു ജില്ലാ കൗൺസി ലിന്റെ പ്രസിഡൻറായോ വൈസ് പ്രസിഡൻറായോ അഥവാ ഏതെങ്കിലും സ്റ്റാൻറിംഗ് കമ്മിററിയുടെ ചെയർമാനായോ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളുടെയോ യാതൊരു പ്രവർത്തിയും ആ ജില്ലാ കൗൺസിലിന്റെയോ സ്റ്റാൻറിംഗ് കമ്മിററിയുടെയോ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനത മൂലമോ അഥവാ ജില്ലാ കൗൺസിലിന്റെ പ്രസിഡൻറോ വൈസ് പ്രസിഡൻറോ ഏതെങ്കിലും അംഗമോ ഏതെങ്കിലും സ്റ്റാൻറിംഗ് കമ്മിററിയുടെ ചെയർമാനോ ഏതെങ്കിലും അയോഗ്യത മൂലമോ അഥവാ അയാളുടെ തെരഞ്ഞെ ടുപ്പിലെ നിയമനത്തിലോ ഉള്ള ഏതെങ്കിലും ക്രമക്കേടോ നിയമ വൈരുദ്ധ്യമോ മൂലമോ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നതിനോ തുടരുന്നതിനോ അവകാശം മില്ലായിരുന്നു എന്ന കാരണത്താലോ അഥവാ അങ്ങനെയുള്ള പ്രവൃത്തി അങ്ങനെയുള്ള ജില്ലാ കൗൺസിലിന്റെ പ്രസിഡൻറിന്റെയോ വൈസ് പ്രസിഡൻറിന്റെയോ അംഗത്തിന്റെയോ അഥവാ സ്റ്റാൻറിംഗ് കമ്മിററിയുടെ

ചെയർമാൻെറയോ അംഗത്തിൻെറയോ സ്ഥാനത്തേക്കുള്ള ഏതെങ്കിലും ഒഴിവു കാലത്ത് ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താലോ അസാധുവായി കരുതാൻ പാടില്ലാത്തതാകുന്നു.

87. നോട്ടീസ് ഉത്തരവ് മുതലായവയുടെ ഫോറം, അവ നടപ്പാക്കുന്നതിനുള്ള സമയ നിർണ്ണയം, വീഴ്ച വരുത്തുമ്പോൾ അവ നടപ്പാക്കുന്നതിനുള്ള അധികാരം എന്നിവ.—(1) ഈ ആക്ററിലെയോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ഉപനിയമങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ നോട്ടീസുകളും ഉത്തരവുകളും അർത്ഥനകളും രേഖാമൂലമായിരിക്കേണ്ടതാണ്.

(2) ഈ ആക്ററിലെയോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ഉപനിയമങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസോ അർത്ഥനയോ ഉത്തരവോമൂലം ഏതെങ്കിലും ആളോട് ഏതെങ്കിലും ജോലി ചെയ്യുന്നതിനോ ഏതെങ്കിലും നടപടി എടുക്കുന്നതിനോ ഏതെങ്കിലും കാര്യം ചെയ്യുന്നതിനോ ആവശ്യപ്പെടുമ്പോൾ അപ്രകാരമുള്ള നോട്ടീസിലോ, അർത്ഥനയിലോ, ഉത്തരവിലോ ആ ജോലി ചെയ്യേണ്ടതോ ആ നടപടി എടുക്കേണ്ടതോ അക്കാര്യം ചെയ്യേണ്ടതോ ന്യായമായ ഏതു സമയത്തിനകമായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതാകുന്നു.

(3) അങ്ങനെ പ്രത്യേകം പറഞ്ഞ സമയത്തിനകം അപ്രകാരമുള്ള നോട്ടീസോ അർത്ഥനയോ ഉത്തരവോ അനുസരിക്കുന്നതില്ലെങ്കിൽ:- —

(എ) സെക്രട്ടറി പ്രസിഡൻറുമായി ആലോചിച്ച് അപ്രകാരമുള്ള ജോലികൾ ചെയ്യിക്കാവുന്നതോ അല്ലെങ്കിൽ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ നോട്ടീസോ അർത്ഥനയോ ഉത്തരവോ യഥാവിധി നടപ്പിൽ വരുത്തുന്നതിന് ആവശ്യമാകാവുന്ന ഏതെങ്കിലും നടപടികൾ എടുക്കുകയോ ഏതെങ്കിലും കാര്യം ചെയ്യുകയോ ചെയ്യാവുന്നതുമാകുന്നു.

(ബി) അപ്രകാരമുള്ള നോട്ടീസോ, അർത്ഥനയോ, ഉത്തരവോ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് ഈ ആക്ററിൽ യാതൊരു ശിക്ഷയും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത ആൾക്ക് അപ്രകാരമുള്ള ഏതൊരു കുററത്തിനും അഞ്ഞൂറു രൂപയിൽ കവിയാതെയുള്ള പിഴശിക്ഷ നൽകേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള നോട്ടീസോ, അർത്ഥനയോ, അഥവാ ഉത്തരവോ പ്രത്യേകം പറഞ്ഞിട്ടുള്ള സമയത്തിനകം അനുസരിക്കാതിരുന്നതു കൊണ്ട് ജില്ലാ കൗൺസിലിന് എന്തെങ്കിലും നഷ്ടമോ നാശമോ ഉണ്ടാകുകയാണെങ്കിൽ അങ്ങനെ അനുസരിക്കാതിരുന്നതിന് അയാൾക്ക് എന്തെങ്കിലും ശിക്ഷ നൽകിയിരുന്നാൽ കൂടി അയാൾ ആ നഷ്ടത്തിനോ നാശത്തിനോ ജില്ലാ കൗൺസിലിന് നഷ്ടപരിഹാരം നൽകേണ്ടതാണ്. തർക്കമുണ്ടാകുന്ന സംഗതിയിൽ, പ്രസ്തുത ആൾ നൽകേണ്ടതായ നഷ്ടപരിഹാരം ഏതു കോടതി മുമ്പാകെയാണോ അയാളുടെ മേൽ പ്രസ്തുത കുററത്തിന് കുററ സ്ഥാപനമായത് ആ കോടതി, കുററ സ്ഥാപനത്തിൻെറ തീയതി മുതൽ മൂന്നു മാസം കഴിയുന്നതിന് മുമ്പ് അതിൻെറ മുമ്പാകെ സെക്രട്ടറി ബോധിപ്പിക്കുന്ന അപേക്ഷയിൻമേൽ തീർച്ചപ്പെടുത്തേണ്ടതും അപ്രകാരം തീർച്ചപ്പെടുത്തിയ നഷ്ടപരിഹാരത്തുക കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ അത് പ്രസ്തുത കോടതിയുടെ വാറണ്ടിൽകീഴിൽ അതിന് ബാദ്ധ്യസ്ഥനായ ആളുടെമേൽ ചുമത്തിയ ഒരു പിഴയെന്നപോലെ വസൂലാക്കേണ്ടതുമാണ്.

**88. പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും സെക്രട്ടറിക്കും അദ്ദേഹത്തിൻെറ പ്രതിനിധികൾക്കും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം.**—(1) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, പ്രസിഡൻറിനോ, വൈസ്പ്രസിഡൻറിനോ, സെക്രട്ടറിക്കോ അഥവാ പ്രസിഡൻേറാ സെക്രട്ടറിയോ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ എന്തെങ്കിലും അന്വേഷണമോ, പരിശോധനയോ പരീക്ഷണമോ സർവ്വേയോ, അളവോ, വില നിർണ്ണയമോ നടത്തുന്നതിനോ അഥവാ ഈ ആക്ററിലേയോ അഥവാ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയോ ഉപനിയമങ്ങളിലേയോ ഉത്തരവിലേയോ വ്യവസ്ഥകൾ പ്രകാരം അധികാരപ്പെടുത്തിയതോ അഥവാ ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥകളനുസരിച്ച് ചെയ്യുകയോ നടത്തുകയോ ചെയ്യുന്നതിനാവശ്യമായിട്ടുള്ള മറേറതെങ്കിലും ജോലി ചെയ്യുന്നതിനോ സഹായികളോ അഥവാ ജോലിക്കാരുമായിട്ടോ അല്ലാതെയോ ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിനകത്തോ ഭൂമിയിലോ പ്രവേശിക്കാവുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുകയോ അഥവാ പ്രസ്തുത ഉപവകുപ്പിൻകീഴിൽ പ്രവേശനം ലഭിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും ബലം പ്രയോഗിക്കുകയോ ചെയ്യുന്നതുമൂലം അനിവാര്യമായി ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ അസൗകര്യത്തിനോ ഏതെങ്കിലും ആൾക്കെതിരായി യാതൊരു അവകാശവാദവും സ്വീകാര്യമായിരിക്കുന്നതല്ല.

**89. കുടിശ്ശികകൾ ഭൂനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണെന്ന്.**—ഈ ആക്ററിൻകീഴിൽ ജില്ലാ കൗൺസിലിന് കിട്ടേണ്ട തുകകളുടെയോ അഥവാ അത് നൽകിയിട്ടുള്ള വായ്പകളുടെയോ എല്ലാ കുടിശ്ശികകളും ഭൂനികുതി കുടിശ്ശികയെന്ന പോലെ വസൂലാക്കേണ്ടതാണ്.

**90. ഉപയോഗിക്കാത്ത സബ്സിഡികളും ഗ്രാൻറുകളും വസൂലാക്കുന്നതിനുള്ള അധികാരം.**—ഒരു ജില്ലാ കൗൺസിൽ, ഈ ആക്റേറാ അതു പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളോമൂലം ജില്ലാ കൗൺസിലിനു നൽകിയിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിച്ച് ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി പണമായി സബ്സിഡിയോ ഗ്രാൻേറാ അനുവദിക്കുകയും ഏത് വ്യവസ്ഥകൾക്കു വിധേയമായിട്ടാണോ സബ്സിഡിയോ ഗ്രാൻേറാ അനുവദിച്ചത് ആ വ്യവസ്ഥകൾ പ്രകാരം ആ ആവശ്യത്തിന് അപ്രകാരമുള്ള സബ്സിഡിയോ ഗ്രാൻേറാ മുഴുവനുമോ അഥവാ ഏതെങ്കിലും ഭാഗമോ ഉപയോഗിച്ചിട്ടില്ലെന്നു കാണുകയും ചെയ്താൽ അതോ അതിൻെറ ഉപയോഗിക്കാത്ത ഭാഗമോ ജില്ലാകൗൺസിൽ അപ്രകാരമുള്ള സ്ഥാപനത്തിൽനിന്നോ വ്യക്തിയിൽ നിന്നോ ഭൂനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാകുന്നു.

## നിയമനടപടികൾ

**91. ഉത്തമവിശ്വാസത്തോടെ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.**—ഈ ആക്ററിൻകീഴിലോ അഥവാ ഇതു പ്രകാരമുണ്ടാക്കിയ ചട്ടങ്ങളിൻ കീഴിലോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും യാതൊരാളുടേയും പേരിൽ യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ, മററു നിയമ നടപടിയോ സ്വീകാര്യമായിരിക്കുന്നതല്ല.

**92. ജില്ലാ കൗൺസിലിന്റെ അധികാരസ്ഥാനങ്ങൾക്കും അവരുടെ ഉദ്യോഗസ്ഥൻമാർക്കും എതിരായി വ്യവഹാരം ബോധിപ്പിക്കൽ.**—(1) ജില്ലാ കൗൺസിലിനെതിരായോ അല്ലെങ്കിൽ അതിലെ പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ അല്ലെങ്കിൽ മററെതെങ്കിലും അംഗത്തിനോ അഥവാ ജീവനക്കാരനോ എതിരായോ അഥവാ ജില്ലാ കൗൺസിലിന്റെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്ന മററെതെങ്കിലും ആളിനോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അംഗത്തിനോ ജീവനക്കാരനോ എതിരായോ അതിന്റേയോ അദ്ദേഹത്തിന്റേയോ ഔദ്യോഗിക നിലയിൽ ഈ ആക്ററിൻകീഴിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിന് യാതൊരു വ്യവഹാരമോ മററു സിവിൽ നടപടികളോ,—

(എ) വ്യവഹാരകാരണം, ഉദ്ദേശിക്കപ്പെട്ട വാദിയുടെ പേര്, വാസസ്ഥലം എന്നിവയും അയാൾ ആവശ്യപ്പെടുന്ന നിവൃത്തിയുടെ സ്വഭാവവും കാണിച്ചുകൊണ്ട് രേഖാമൂലമായ നോട്ടീസ്, ജില്ലാകൗൺസിലിന്റെ സംഗതിയിൽ ജില്ലാകൗൺസിൽ ആഫീസിൽ ഏൽപ്പിച്ചുകൊടുക്കുകയോ, കൊടുക്കുകയോ ചെയ്യുകയും മേൽപ്പറഞ്ഞപ്രകാരമുള്ള അംഗത്തിന്റേയോ, ജീവനക്കാരന്റെയോ അല്ലെങ്കിൽ ആളിന്റെയോ സംഗതിയിൽ അദ്ദേഹത്തിനു ഏൽപ്പിച്ചു കൊടുക്കുകയോ അഥവാ അദ്ദേഹത്തിന്റെ ആഫീസിലോ സാധാരണ താമസസ്ഥലത്തോ കൊടുക്കുകയോ ചെയ്യുകയും ചെയ്ത് ഒരുമാസം കഴിയുന്നതു വരെ ആരംഭിക്കാൻ പാടില്ലാത്തതും അപ്രകാരമുള്ള ഓരോ സംഗതിയിലും അന്യായത്തിന്റെ നോട്ടീസ് അപ്രകാരം ഏൽപ്പിച്ചുകൊടുത്തിട്ടുണ്ടെന്നോ, കൊടുത്തിട്ടുണ്ടെന്നോ കാണിക്കേണ്ടതും; അഥവാ

(ബി) അത് സ്ഥാവര വസ്തു വീണ്ടെടുക്കുന്നതിനോ അല്ലെങ്കിൽ അതു സംബന്ധിച്ച ഉടമാവകാശം നിർണ്ണയിക്കുന്നതിനോ ഉള്ള ഒരു വ്യവഹാരമല്ലാത്തപക്ഷം, ആരോപിക്കപ്പെട്ട വ്യവഹാരകാരണമുണ്ടായശേഷം വരുന്ന ആറുമാസത്തിനകമല്ലാതെ ആരംഭിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നോട്ടീസ് ജില്ലാ കൗൺസിലിനുവേണ്ടി ഉദ്ദേശിച്ചുള്ളതാണെങ്കിൽ അത് സെക്രട്ടറിക്ക് അഭിസംബോധനചെയ്തിരിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ നോട്ടീസ് നൽകപ്പെട്ട ഏതെങ്കിലും ജില്ലാകൗൺസിലോ ആളോ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് വാദിക്ക് തുക നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുകയും വാദി അപ്രകാരമുള്ള നടപടിയിൽ അപ്രകാരം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച തുകയിൽ കൂടുതൽ ആവശ്യപ്പെടാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അപ്രകാരം നൽകാൻ സന്നദ്ധത പ്രകിടിപ്പിച്ചശേഷം അയാൾക്കു നേരിട്ട യാതൊരു ചെലവും അയാൾ വസൂലാക്കാൻ പാടില്ലാത്തതും; അപ്രകാരം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചശേഷം ജില്ലാകൗൺസിലിനു നേരിട്ട എല്ലാ ചെലവുകളും വാദി നൽകേണ്ടതുമാകുന്നു.

**93. ശിക്ഷാനടപടിയെടുക്കുന്നതിന് അധികാരപ്പെട്ട ആളുകൾ.**—(1) ഈ ആക്ററിൽ സ്പഷ്ടമായി മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ യാതൊരാളെയും കുററം ചെയ്തതു മുതൽ ഒരു വർഷത്തിനകം പോലീസോ സെക്രട്ടറിയോ അഥവാ ഇതിനുവേണ്ടി സെക്രട്ടറി സ്പഷ്ടമായി അധികാരപ്പെടുത്തിയ ആളോ പരാതി ബോധിപ്പിക്കുന്നില്ലെ

ങ്കിൽ ഈ ആക്ററിനോ അഥവാ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കോ ഉപനിയമങ്ങൾക്കോ എതിരായിട്ടുള്ള യാതൊരു കുററത്തിനും വിചാരണ ചെയ്യാൻ പാടില്ലാത്തതും എന്നാൽ ഇതിലുള്ള യാതൊന്നും ചില മജിസ്ട്രേററുമാർക്ക് അവർക്കു ലഭിച്ച അറിവിൻമേലോ അഥവാ അവരുടെ സ്വന്തം അറിവിൻമേലോ സംശയത്തിൻമേലോ കുററങ്ങൾ വിചാരണചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച 1973-ലെ ക്രിമിനൽ നടപടി നിയമത്തിലുള്ള (1974-ലെ 2-ാം ആക്ററ്) വ്യവസ്ഥകളെ ബാധിക്കുന്നതല്ലാത്തതുമാകുന്നു.

(2) സെക്രട്ടറിയല്ലാതെ പരാതി ബോധിപ്പിക്കുന്ന ഏതൊരാളും ആ വിവരം ഉടൻതന്നെ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

(3) ആരംഭിച്ചിട്ടുള്ള ഏതൊരു ശിക്ഷാനടപടികളും സെക്രട്ടറി ജില്ലാ കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

94. കുററങ്ങൾ രാജിയാക്കൽ.—(1) സെക്രട്ടറിക്ക്, നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള നിരോധനങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും പ്രസിഡൻറിന്റെ അംഗീകാരത്തോടുകൂടിയും ഈ ആക്ററിലെ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കോ ഉപനിയമങ്ങൾക്കോ എതിരായിട്ടുള്ളതും രാജിയാക്കാവുന്നതാണെന്ന് ചട്ടങ്ങൾമൂലം പ്രഖ്യാപിച്ചിട്ടുള്ളതുമായ ഏതെങ്കിലും കുററം രാജിയാക്കാവുന്നതാകുന്നു:

എന്നാൽ സെക്രട്ടറി രാജിയാക്കിയ ഏതൊരു കുററവും ജില്ലാ കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ വച്ച് അദ്ദേഹം റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

95. പ്രോസിക്യൂഷനുവേണ്ടിയുള്ള അനുമതി.—പ്രസിഡൻേറാ വൈസ് പ്രസിഡൻേറാ ചെയർമാനോ സ്ററാൻഡിംഗ് കമ്മിററിയിലെ ഒരു അംഗമോ ജില്ലാ കൗൺസിലിലെ ഏതെങ്കിലും അംഗമോ സെക്രട്ടറിയോ അഥവാ ജില്ലാ കൗൺസിലിന്റെ സെക്രട്ടറിയോ സർക്കാരിനോ, സർക്കാരിന്റെ അനുമതിയോടു കൂടിയോ അല്ലാതെ നീക്കം ചെയ്യാൻ പാടില്ലാത്ത മറേറതെങ്കിലും ഉദ്യോഗസ്ഥനോ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുവേണ്ടി പ്രവർത്തിക്കുമ്പോഴോ അഥവാ പ്രവർത്തിക്കാനുദ്ദേശിക്കുമ്പോഴോ താൻ ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി കുററാരോപണത്തിനുവിധേയനാകുമ്പോൾ, യാതൊരു കോടതിയും സർക്കാരിന്റെ മുന്നനുമതി കൂടാതെ അപ്രകാരമുള്ള കുററം വിചാരണക്കെടുക്കാൻ പാടില്ലാത്തതാകുന്നു.

96. തെരഞ്ഞെടുപ്പു നടപടികളിൽ ഇഞ്ചംഗ്ഷനുകൾ അനുവദിക്കാൻ പാടില്ലെന്ന്.—1908-ലെ സിവിൽ നടപടി നിയമത്തിലെ (1908-ലെ 5-ാം കേന്ദ്ര ആക്ററ്) അഥവാ തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു കോടതിയും ഈ ആക്ററിൻ കീഴിൽ ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയോ അഥവാ പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ സ്ററാൻഡിംഗ് കമ്മിററി ചെയർമാനോ എതിരായുള്ള അവിശ്വാസ പ്രമേയം പരിഗണിക്കുന്നതിനുവേണ്ടി

യുള്ള ഏതെങ്കിലും യോഗം നടത്തുന്നതിനുവേണ്ടി എടുത്തുകൊണ്ടിരിക്കുന്നതോ എടുക്കാൻ പോകുന്നതോ ആയ ഏതെങ്കിലും നടപടി തടഞ്ഞുകൊണ്ട് ഏതെങ്കിലും സ്ഥിരമോ താൽക്കാലികമോ ആയ ഇഞ്ചംഗ്ഷൻ ഉത്തരവ് അനുവദിക്കുകയോ ഏതെങ്കിലും ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

97. സ്വത്തിന്റെ നഷ്ടമോ ദുർവ്യയമോ ദുർവിനിയോഗമോ സംബന്ധിച്ച് പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും, സെക്രട്ടറിക്കും അംഗങ്ങൾക്കുമുള്ള ബാദ്ധ്യത.—(1) ഒരു ജില്ലാ കൗൺസിലിന്റെ പ്രസിഡന്റോ, വൈസ്പ്രസിഡന്റോ സെക്രട്ടറിയോ ഏതെങ്കിലും അംഗമോ തന്റെ നടപടിദൂഷ്യം കൊണ്ടോ അഥവാ മന:പൂർവ്വമായ ഉപേക്ഷകൊണ്ടോ സംഭവിച്ചതോ ഇടയായതോ ആയ ജില്ലാ കൗൺസിലിന്റെ ഏതെങ്കിലും പണത്തിന്റെയോ മററു സ്വത്തിന്റെയോ നഷ്ടത്തിനോ ദുർവ്യയത്തിനോ ദുർവിനിയോഗത്തിനോ വ്യക്തിപരമായി ബാദ്ധ്യതയുള്ളവനായിരിക്കുന്നതാണ്.

(2) പ്രസിഡന്റിനോ, വൈസ്പ്രസിഡന്റിനോ, സെക്രട്ടറിക്കോ ബന്ധപ്പെട്ട അംഗത്തിനോ എതിരായി കാരണം കാണിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം ജില്ലാ കൗൺസിലിന്റെ ഏതെങ്കിലും പണത്തിന്റേയോ മററു സ്വത്തിന്റേയോ നഷ്ടമോ, ദുർവ്യയമോ, ദുർവിനിയോഗമോ അയാളുടെ ഭാഗത്തുള്ള നടപടിദൂഷ്യത്തിന്റെ പ്രത്യക്ഷ ഫലമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ സർക്കാർ, രേഖാമൂലമായ ഒരു ഉത്തരവുമൂലം, അങ്ങനെയുള്ള പ്രസിഡന്റിനോടോ, വൈസ് പ്രസിഡന്റിനോടോ, സെക്രട്ടറിയോടോ അംഗത്തിനോടൊ, അപ്രകാരമുള്ള നഷ്ടമോ, ദുർവ്യയമോ, ദുർവിനിയോഗമോ സംബന്ധിച്ച് അതിന് തിരിച്ചുകിട്ടാൻ ആവശ്യമായ തുക ഒരു നിശ്ചിത തീയതിക്കു മുമ്പ് ജില്ലാ കൗൺസിലിന് നൽകുന്നതിന് നിർദ്ദേശിക്കേണ്ടതാകുന്നു.

(3) തുക അപ്രകാരം നൽകുന്നില്ലെങ്കിൽ അത് ഭൂനികുതി കുടിശ്ശിക എന്നപോലെ അതെ രീതിയിൽ വസൂലാക്കേണ്ടതും ജില്ലാ കൗൺസിലിന്റെ ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതുമാകുന്നു.

(4) 2-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും അയാൾ പ്രസ്തുത ഉത്തരവ് സ്വീകരിക്കുന്നതുമുതൽ ഒരുമാസത്തിനകം അപ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ജില്ലാകോടതിയിൽ അപേക്ഷ ബോധിപ്പിക്കാവുന്നതും കോടതി അതിന് ആവശ്യമെന്ന് തോന്നുന്ന പ്രകാരമുള്ള തെളിവുകൾ എടുത്തതിനുശേഷം വസൂലാക്കിയ തുക സ്ഥിരപ്പെടുത്തുകയോ, ഭേദഗതി ചെയ്യുകയോ, ഇളവ് ചെയ്ത്കൊടുക്കുകയോ ചെയ്യാവുന്നതും ചെലവ് സംബന്ധിച്ച് കേസിന്റെ പരിതസ്ഥിതികളിൽ യുക്തമെന്ന് അതിനുതോന്നുന്ന പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാകുന്നു.

98. നികുതി നിർണ്ണയം മുതലായവ ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്ന്.—(1) ഈ ആക്ററിലെ അധികാരപ്രകാരം നടത്തിയ അസസ്മെന്റോ, ഡിമാന്റോ അതു ചുമത്തിയ ചാർജ്ജും ഏതെങ്കിലും കൈത്തെററുമൂലമോ, അഥവാ

(എ) ഏതെങ്കിലും ആളിന്റെ പേര്, വാസസ്ഥലം, വ്യാപാര സ്ഥലം അഥവാ തൊഴിൽ എന്നിവയോ, അഥവാ

(ബി) ഏതെങ്കിലും സ്വത്തിന്റേയോ, സാധനത്തിന്റേയോ വിവരണമോ; അഥവാ

(സി) അസസ്ചെയ്തതോ, ഡിമാന്റ് ചെയ്തതോ അഥവാ ചാർജ് ചെയ്തതോ ആയ തുകയേയോ സംബന്ധിച്ചുള്ള ഏതെങ്കിലും തെററുമൂലമോ ചോദ്യം ചെയ്യപ്പെടുകയോ ബാധകമാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

എന്നാൽ ഈ ആക്ററിലെ വ്യവസ്ഥകൾ അർത്ഥത്തിലും ഫലത്തിലും പാലിച്ചിരിക്കേണ്ടതാകുന്നു:

എന്നുമാത്രമല്ല ഈ ആക്ററു പ്രകാരമുള്ള യാതൊരു നടപടിയും, ക്രമക്കേടുകൊണ്ടുമാത്രം യാതൊരു നിയമക്കോടതിയും അസ്ഥിരപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്ററിലേയും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലേയും ഉപനിയമങ്ങളിലേയും വ്യവസ്ഥകൾ അർത്ഥത്തിലും ഫലത്തിലും പാലിച്ചിട്ടുണ്ടെങ്കിൽ ബില്ലിലോ, നോട്ടീസിലോ, പട്ടികയിലോ, ഫാറത്തിലോ, സമൻസിലോ, ഡിമാന്റ് നോട്ടീസിലോ, ജപ്തി സംബന്ധിച്ച് അധികാരപത്രത്തിലോ, വസ്തുവിവരപ്പട്ടികയിലോ, അഥവാ അതു സംബന്ധിച്ച മററു നടപടികളിലോ ഉള്ള ഏതെങ്കിലും തെറേറാ ന്യൂനതയോ ക്രമക്കേടോ കാരണത്താൽ ഈ ആക്ററുപ്രകാരമുള്ള യാതൊരു ജപ്തിയോ വിൽപ്പനയോ നിയമവിരുദ്ധമാണെന്നുകരുതുകയോ അഥവാ അത് ചെയ്യുന്ന യാതൊരാളെയും കയ്യേററക്കാരനായി കരുതുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

99. പോലീസ് ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങൾ.—(1) (എ) ഈ ആക്ററിൻ കീഴിലോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിന്റേയോ ഉപനിയമത്തിന്റേയോ കീഴിലോ ഏതെങ്കിലും കുററം ചെയ്യുന്നതിനുള്ള ഉദ്ദേശമോ അഥവാ കുററം ചെയ്തതോ സംബന്ധിച്ച് അയാൾക്ക് കിട്ടുന്ന ഏതെങ്കിലും അറിവ് കാലതാമസംകൂടാതെ ജില്ലാ കൗൺസിലിലെ തക്ക ഉദ്യോഗസ്ഥനെ അറിയിക്കുകയും;

(ബി) തന്റെ സഹായം ആവശ്യപ്പെടുന്ന പ്രസിഡൻറിനേയോ, സെക്രട്ടറിയേയോ അഥവാ ജില്ലാ കൗൺസിലിന്റെ ഉത്തരവിൻകീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളെയോ പ്രസിഡൻറിലോ സെക്രട്ടറിയിലോ അഥവാ അങ്ങനെയുള്ള ആളിലോ ഈ ആക്ററിൻ കീഴിലോ അഥവാ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉപനിയമത്തിനോ കീഴിലോ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരം നിയമാനുസൃതം വിനിയോഗിക്കുന്നതിനോ അഥവാ അവരിൽ ആരിലെങ്കിലും ഭാരമേൽപ്പിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തിയുടെ നിർവ്വഹണത്തിനോ സഹായിക്കുകയും ചെയ്യേണ്ടത് ഏതൊരു പോലീസുദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

100. ജില്ലാ കൗൺസിലിന്റെ തൊഴിലാളികൾ മുതലായവർ പൊതുജീവനക്കാരാണെന്ന്.—ഏതൊരു തൊഴിലാളിയേയും ജില്ലാ കൗൺസിലിന് കിട്ടാ

നുള്ള ഏതെങ്കിലും തുക പിരിക്കുന്നതിനുവേണ്ടിയുള്ള ഏതൊരു ഏജൻസിയേയും അങ്ങനെയുള്ള തുക പിരിക്കുന്നതിനു വേണ്ടി അപ്രകാരമുള്ള ഏജൻസ് നിയമിക്കുന്ന ഏതൊരാളിനേയും ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന സർക്കാർ ജീവനക്കാരനായി കരുതപ്പെടുന്നതാണ്.

101. അധികാരം ഏൽപ്പിച്ച് കൊടുക്കൽ.—(1) സർക്കാരിന്, ഗസററിൽ വിജ്ഞാപനം മൂലം 75-ാം വകുപ്പുമൂലം അവർക്ക് നൽകിയിട്ടുള്ള തൊഴികെ, ഈ ആക്റ്റിൻകീഴിലുള്ള അവരുടെ എല്ലാമോ അഥവാ ഏതെങ്കിലുമോ അധികാരങ്ങൾ ഏതെങ്കിലും ആളിനോ അവരുടെ കീഴിലുള്ള അധികാരസ്ഥാനത്തിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതും അപ്രകാരം ഏൽപ്പിച്ചു കൊടുത്ത അധികാരം അതേരീതിയിൽ പിൻവലിക്കാവുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏൽപ്പിച്ചുകൊടുത്ത ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നത് വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന പ്രകാരം അപ്രകാരമുള്ള അധികാരസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കും, പരിമിതികൾക്കും വ്യവസ്ഥകൾക്കും അപ്രകാരമുള്ള നിയന്ത്രണത്തിലും പുന:ശോധനയ്ക്കും വിധേയമായിട്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏൽപ്പിച്ചുകൊടുത്ത ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നത് സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും പുന: ശോധനയ്ക്കും വിധേയമായിട്ടായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾ മൂലമോ വ്യവസ്ഥകളിൻ കീഴിലോ ഉള്ള ഏതെങ്കിലും അധികാരമോ കർത്തവ്യമോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്ന ഒരു ജില്ലാ കൗൺസിലോ ഏതെങ്കിലും ആളോ അപ്രകാരമുള്ള ചട്ടങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായും സർക്കാരിന്റെ നിയന്ത്രണത്തിലും പുനഃശോധനയ്ക്കും വിധേയമായും അതിന്റേയോ അദ്ദേഹത്തിന്റേയോ അധികാരങ്ങൾ രേഖാമൂലമായി ഏതെങ്കിലും ആൾക്കോ അധികാരസ്ഥാനത്തിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാകുന്നു.

[1][101(എ) വൈഷമ്യങ്ങൾ നീക്കംചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം നേരിടുന്ന പക്ഷം, വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമോ യുക്തമോ ആണെന്ന് സർക്കാർ കരുതുന്ന എന്തും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തവിധം സർക്കാരിന് ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ ഈ വകുപ്പുപ്രകാരം യാതൊരുത്തരവും ജില്ലാ കൗൺസിലുകൾ ആദ്യമായി രൂപീകരിക്കപ്പെട്ട തീയതി മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതു പുറപ്പെടുവിച്ച ശേഷം നിയമസഭ സമ്മേളനത്തിലായിരിക്കുന്നപക്ഷം പതിന്നാലു ദിവസങ്ങൾക്കകവും നിയമസഭ സമ്മേളനത്തില്ലാതിരിക്കുന്നപക്ഷം അതിന്റെ അടുത്ത സമ്മേളനത്തിലും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.]

---

[1]1990-ലെ 18-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

102 ചിലനിയമങ്ങൾക്കുള്ള ഭേദഗതികൾ.— ഏതെങ്കിലും പ്രദേശത്ത് ഈ ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന പട്ടികയിലെ (1)-ാം ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിയമങ്ങൾ അവയ്ക്ക് ഓരോന്നിനും എതിരെ രേഖപ്പെടുത്തിയിട്ടുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ള ഭേദഗതികൾക്ക് വിധേയമായി ആ പ്രദേശങ്ങളിൽ ബാധകമായിരിക്കുന്നതാണ്:—

## പട്ടിക

| (1) | (2) |
|---|---|
| (1) 1960-ലെ കേരള പഞ്ചായത്ത് ആക്റ്റ് (1960-ലെ 32) | നാലാം പട്ടിക |
| (2) 1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷനുകൾ ആക്റ്റ് (1961-ലെ 30) | അഞ്ചാം പട്ടിക |
| (3) 1960-ലെ കേരള മുനിസിപ്പാലിററികൾ ആക്റ്റ് (1961-ലെ 14) | ആറാം പട്ടിക |
| (4) ഗവൺമെൻറ് ഭൂമി പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച് 1960-ലെ കേരള ആക്റ്റ് (1960-ലെ 30) | ഏഴാം പട്ടിക |
| (5) സസ്യരോഗങ്ങളും കീടങ്ങളും സംബന്ധിച്ച 1972-ലെ കേരള ആക്റ്റ് (1972-ലെ 25) | എട്ടാം പട്ടിക |
| (6) 1961-ലെ കേരള കന്നുകാലി അതിക്രമണ ആക്റ്റ് (1961-ലെ 26) | ഒൻപതാം പട്ടിക |
| (7) തൂക്കങ്ങളും അളവുകളും (നടപ്പിലാക്കുന്നത് സംബന്ധിച്ച് 1958-ലെ കേരള ആക്റ്റ് (1958-ലെ 45) | പത്താം പട്ടിക |
| (8) 1950-ലെ തിരുവിതാംകൂർ-കൊച്ചി മൽസ്യ ബന്ധന ആക്റ്റ് (1950-ലെ 34) | പതിനൊന്നാം പട്ടിക |
| (9) 1937-ലെ ഇൻഡ്യൻ മൽസ്യബന്ധന (മദിരാശി ഭേദഗതി) ആക്റ്റ് (1929-ലെ മദിരാശി 2-ാം ആക്റ്റുമൂലം ഭേദഗതി ചെയ്യപ്പെട്ട 1897-ലെ ഇൻഡ്യൻ മൽസ്യബന്ധന ആക്റ്റ് (1897-ലെ 4-ാം കേന്ദ്ര ആക്റ്റ്) | പന്ത്രണ്ടാം പട്ടിക |
| (10) 1955-ലെ തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ ആക്റ്റ് (1955-ലെ 16) | പതിമൂന്നാം പട്ടിക |
| (11) 1939-ലെ മദിരാശി പൊതുജനാരോഗ്യ ആക്റ്റ് (1939-ലെ 3-ാം മദിരാശി ആക്റ്റ്) | പതിന്നാലാം പട്ടിക |
| (12) 1956-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്റ്റ് (1956-ലെ 7) | പതിനഞ്ചാം പട്ടിക |

| | (1) | (2) |
|---|---|---|
| (13) | 1952–ലെ തിരുവിതാംകൂർ–കൊച്ചി ജലസേചന കുളങ്ങരം (സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും) ആക്റ്റ് (1952–ലെ 23) | പതിനാറാം പട്ടിക |
| (14) | 1949–ലെ മദിരാശി ജലസേചനകുളങ്ങരം (അഭിവൃദ്ധിപ്പെടുത്തൽ) ആക്റ്റ് (1949–ലെ 19) | പതിനേഴാം പട്ടിക |
| (15) | 1943–ലെ മദിരാശി ജലസേചനപ്പണികരം (അററകുററപ്പണികളും, അഭിവൃദ്ധിപ്പെടുത്തലും നിർമ്മാണവും) ആക്റ്റ് (1943–ലെ 18) | പതിനെട്ടാം പട്ടിക |
| (16) | 1947–ലെ മലബാർ ജലസേചനപ്പണികരം (നിർമ്മാണവും പരിചുമതലും) ആക്റ്റ് (1947–ലെ 7) | പത്തൊൻപതാം പട്ടിക |
| (17) | 1955–ലെ മദിരാശി ജലസേചന (ലെവി ഓഫ് ബെററർമെൻറ് കോൺട്രിബ്യൂഷൻ) ആക്റ്റ് (1955–ലെ 3–ാം മദിരാശി ആക്റ്റ്) | ഇരുപതാം പട്ടിക |
| (18) | 1967–ലെ കേരള ജലസേചനപ്പണികരം (കൂട്ടായ പ്രയത്നംമൂലം നടത്തൽ) ആക്റ്റ് (1967–ലെ 20) | ഇരുപത്തൊന്നാം പട്ടിക |
| (19) | 1961–ലെ കേരള സർവേയും അതിരുകളും ആക്റ്റ് (1961–ലെ 37) | ഇരുപത്തിരണ്ടാം പട്ടിക |
| (20) | പാർക്കുകളും കളിസ്ഥലങ്ങളും തുറസ്സായ സ്ഥലങ്ങളും (സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്) സംബന്ധിച്ച് 1968–ലെ കേരളാ ആക്റ്റ് (1969–ലെ 2) | ഇരുപത്തിമൂന്നാം പട്ടിക |
| (21) | പൊതുകനാലുകളും പൊതു കടത്തുകളും സംബന്ധിച്ച 1096–ലെ തിരുവിതാംകൂർ ആക്റ്റ് (1096–ലെ 6) | ഇരുപത്തിനാലാം പട്ടിക |
| (22) | കനാലുകളും പൊതുകടത്തുകളും സംബന്ധിച്ച 1890–ലെ മദിരാശി ആക്റ്റ് (1890–ലെ 2–ാം മദിരാശി ആക്റ്റ്) | ഇരുപത്തിഅഞ്ചാം പട്ടിക |
| (23) | 1082–ലെ കൊച്ചി ഫെറികളും ടോളുകളും ആക്റ്റ് (1082–ലെ 3) | ഇരുപത്തിയാറാം പട്ടിക |
| (24) | 1958–ലെ കേരളാ വിദ്യാഭ്യാസ ആക്റ്റ് (1959–ലെ 6) | ഇരുപത്തിയേഴാം പട്ടിക |
| (25) | [1][ ] | |
| (26) | 1120–ലെ കൊച്ചി വാഗ്രൻസി ആക്റ്റ് (1120–ലെ 21) | ഇരുപത്തൊൻപതാം പട്ടിക |
| (27) | 1964–ലെ കേരള ഭൂവികസന ആക്റ്റ് (1964–ലെ 17) | മുപ്പതാം പട്ടിക |
| (28) | 1961–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്റ്റ് (1961–ലെ 20) | മുപ്പത്തൊന്നാം പട്ടിക |

[1]1990–ലെ 18–ാം ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞത്.

| (1) | | (2) |
|---|---|---|
| [(29) | 1958-ലെ കേരള സിനിമ (നിയന്ത്രണ)ആക്റ്റ് (1958-ലെ 32) | മുപ്പത്തിരണ്ടാം പട്ടിക |
| [(30) | 1961-ലെ കേരള ഭൂനികുതി ആക്റ്റ് (1961-ലെ 13) | മുപ്പത്തിമൂന്നാം പട്ടിക |
| [1][(31) | 1980-ലെ കേരള സമുദ്ര മൽസ്യബന്ധന (നിയന്ത്രണ) ആക്റ്റ് (1981-ലെ 10) | മുപ്പത്തിനാലാം പട്ടിക |
| [(32) | 1957-ലെ കേരള ഖാദി ഗ്രാമവ്യവസായബോർഡ് ആക്റ്റ് (1957-ലെ 9) | മുപ്പത്തിയഞ്ചാം പട്ടിക |
| [(33) | 1989-ലെ കേരള പബ്ലിക് ലൈബ്രറി (കേരള ഗ്രന്ഥശാലാസംഘം) ആക്റ്റ് (1989-ലെ 15) | മുപ്പത്തിആറാം പട്ടിക] |

## ഒന്നാം പട്ടിക

[44-(1)-ാം വകുപ്പ് നോക്കുക]

### ജില്ലാകൗൺസിലുകളിൽ നിക്ഷിപ്തമായ കാര്യങ്ങളും വിഷയങ്ങളും

#### I ലാൻഡ് റവന്യൂ ഭരണം:

(1) സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ

(2) റവന്യൂ റിക്കാർഡുകളുടെ സൂക്ഷിപ്പ്.

#### II ജലസേചനം:

(1) പെറുകിട ജലസേചനത്തിന്റേയും, ലിഫ്റ്റ് ഇറിഗേഷന്റെയും, വികസനവും, പരിപാലനവും.

(2) പൊതു പമ്പ്സെററുകളുടെ സ്ഥാപനം

(3) ഉപയോഗിക്കാത്ത പൊതുക്കുളങ്ങൾ [2][നവീകരിക്കലും] അവയുടെ സംരക്ഷണവും

(4) ജലസേചനത്തിനുവേണ്ടിയുള്ള വെള്ളത്തിന്റെ മാനേജ്മെന്റും അതിന്റെ ശരിയായ ഉപയോഗവും (പദ്ധതികളിൽ നിന്നുള്ള വെള്ളം ഒഴികെ)

വിശദീകരണം.—ഈ ഇനത്തിന്റേയും (5)-ാം ഇനത്തിന്റേയും ആവശ്യങ്ങൾക്ക് ''പദ്ധതി'' എന്നാൽ ഒന്നിൽ കൂടുതൽ ജില്ലകളിലെ ഭൂമികളുടെ ജലസേചനം നടത്തുന്നതിനോ അഥവാ അവയിലെ ജല നിർഗ്ഗമനത്തിനോ അവയുടെ സംരക്ഷണത്തിനോ ഉപയോഗപ്രദമായിരിക്കുന്നതോ ആയ ഒരു ജലസേചനപ്പണി എന്നർത്ഥമാകുന്നു.

1. 1990-ലെ 18-ാം ആക്റ്റ്പ്രകാരം കൂട്ടിച്ചേർത്തത്.
2. 1990-ലെ 18-ാം ആക്റ്റ്പ്രകാരം പകരം ചേർത്തത്.

(5) പദ്ധതികൾ ഒഴികെ വൻകിട ജലസേചനപ്പണികളിലെ പ്രദേശങ്ങളിൽ ചാനലുകളും, കൃഷിപ്പണിക്കാർക്കുള്ള ചെറുപുരകളും നിർവ്വഹിക്കൽ.

വിശദീകരണം.—ഈ ഇനത്തിന്റെയും (6)–ാം ഇനത്തിന്റെയും ആവശ്യത്തിനായി ''വൻകിട ജലസേചനപ്പണി'' എന്നാൽ ഇരുന്നൂറ് ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമിയുടെ ജലസേചനം നടത്തുന്നതിനോ അഥവാ അവയിലെ ജലനിർഗ്ഗമനത്തിനോ അവയുടെ സംരക്ഷണത്തിനോ ഉപയോഗപ്രദമായിരിക്കുന്നതോ ആയ ഒരു ജലസേചനപ്പണി എന്ന് അർത്ഥമാകുന്നു.

(6) വൻകിട ജലസേചനപ്പണികൾ അല്ലാതുള്ള ജലസേചനപ്പണികളുടെ സംരക്ഷണം.

(7) നെൽപ്പാടങ്ങളിൽ ശരിയായ ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ വികസനം

(8) കൃഷിക്ക് ഉപയുക്തമായ കിണറുകളുടെ നിർമ്മാണം.

## III മണ്ണുസംരക്ഷണം

(1) മണ്ണുസംരക്ഷണ നടപടികൾ

[1][(2) ഭൂമി വീണ്ടെടുക്കലും ഭൂവികസനവും സംബന്ധിച്ച ജോലികൾ;

(3) നീർമറി പ്രദേശങ്ങളുടെ വികസനവും ഭരണനിർവ്വഹണവും സംബന്ധിച്ച ജോലികൾ.]

## IV കൃഷി

[2][(1) ''സംസ്ഥാന കൃഷിവകുപ്പിന്റെ സാങ്കേതിക നിയന്ത്രണത്തിനും മാർഗ്ഗദർശനത്തിനും വിധേയമായി—

(എ) ഭൂമിയുടെ പരമാവധി ഉപയോഗവും അനുയോജ്യമായ വിളവിറക്കൽ സമ്പ്രദായങ്ങളും;

(ബി) മികച്ച ഇനം വിത്തുകളും, തൈകളും നടുന്നതിനുള്ള വസ്തുക്കളും;

(സി) മണ്ണുപരിശോധനയുടെ അടിസ്ഥാന വിവരങ്ങളുടെ ഉപയോഗവും ജൈവവും അജൈവവുമായ വളങ്ങളുടെ പരമാവധി ഉപയോഗപ്പെടുത്തലും;

(ഡി) കീടങ്ങളുടെയും രോഗങ്ങളുടെയും നിയന്ത്രണവും കളകളുടെ നിർമ്മാർജ്ജനവും ഉൾപ്പെടെയുള്ള സസ്യസംരക്ഷണ നടപടികൾ;

(ഇ) കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും (വായ്പയും വിഭവവും നൽകുന്നതുൾപ്പെടെ) വിപണനത്തിലുള്ള സഹകരണം;

1. 1990–ലെ 18–ാം ആക്റ്റ്പ്രകാരം പകരം ചേർത്തത്.
2. 1990–ലെ 18–ാം ആക്റ്റ്പ്രകാരം പകരം ചേർത്തത്.

എന്നിവയ്ക്ക് പ്രോൽസാഹനം നൽകലും പ്രചാരം നൽകലും ഉൾപ്പെടെയുള്ള, ജില്ലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾ.

(2) സംസ്ഥാന കൃഷിവകുപ്പിന്റെ സാങ്കേതിക നിയന്ത്രണത്തിനും മാർഗ്ഗദർശനത്തിനും വിധേയമായി താഴെ പറയുന്നവയുൾപ്പെടെയുള്ള ജില്ലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾ—

(എ) ജില്ലയിലെ വിള ഉൽപ്പാദന ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക;

(ബി) സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച മെച്ചപ്പെട്ട വിത്തുകളുടെ സമ്പാദനവും വർദ്ധിപ്പിക്കലും വിതരണവും;

(സി) മണ്ണുപരിശോധന;

(ഡി) സസ്യസംരക്ഷണ രാസവസ്തുക്കളുടെ സംഭരണവും സൂക്ഷിക്കലും വിതരണവും;

(ഇ) സസ്യസംരക്ഷണജോലികളിൽ സാമൂഹ്യമായും സംഘംചേർന്നുള്ളതുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ;

(എഫ്) വിളകളുടെ ഉൽപ്പാദനത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ;

(ജി) കാർഷികോപകരണങ്ങളുടെയും പമ്പുസെറ്റുകളുടെയും മെച്ചപ്പെട്ട പണിയായുധങ്ങളുടെയും സംഭരണവും സംരക്ഷണവും.]

## V സഹകരണവും വായ്പയും

(1) സഹകരണസംഘങ്ങൾ വഴി കൃഷിക്കാർക്ക് വിത്ത്, വളം, മുതലായവ നൽകൽ.

(2) സഹകരണ തത്വങ്ങളെക്കുറിച്ച് കർഷകരെ പഠിപ്പിക്കൽ.

(3) സഹകരണസംഘങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(4) കർഷകർക്ക് വായ്പകൾ ഉറപ്പുവരുത്തൽ.

(5) സഹകരണ വിപണന സംഘങ്ങൾ വികസിപ്പിക്കൽ.

(6) നിക്ഷേപങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(7) ഗ്രാമീണ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിന് അവശവിഭാഗക്കാരെ സഹായിക്കൽ.

## VI വിപണനം

(1) റെഗുലേറ്റഡ് മാർക്കറ്റുകളുടെയും മാർക്കറ്റിംഗ് യാർഡുകളുടെയും വികസനം.

(2) കാർഷികോൽപ്പന്നങ്ങളുടെ തരംതിരിക്കലും ക്വാളിറ്റി കൺട്രോളും.

(3) കയറ്റുമതിയുടെ പ്രോൽസാഹനം

## VII സാമൂഹ്യവനശാസ്ത്രം

(1) വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം സംഘടിപ്പിക്കൽ.

(2) ചോലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യൽ.

(3) പറങ്കിമാവുകൾ വച്ചുപിടിപ്പിക്കൽ.

(4) വിറകിനുള്ള വൃക്ഷങ്ങൾ വളർത്തുകയും വിറകു വിതരണം ചെയ്യുകയും ചെയ്യൽ.

(5) പണിത്തരത്തിന് കൊള്ളാത്ത വൃക്ഷങ്ങളും തീററയ്ക്കുള്ള വൃക്ഷങ്ങളും കൃഷിചെയ്യൽ.

## VIII മൃഗസംരക്ഷണവും ക്ഷീരവ്യവസായവും

(1) മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കൽ.

(2) സഞ്ചരിക്കുന്ന ഡൈഗ്നോസ്ററിക്കും ക്ലിനിക്കലും ലബോറട്ടറികൾ സ്ഥാപിക്കൽ.

(3) പശുക്കളേയും പന്നികളേയും വളർത്താനുള്ള കേന്ദ്രങ്ങൾ

(4) കോഴിവളർത്തൽ കേന്ദ്രങ്ങളും താറാവുവളർത്തൽ കേന്ദ്രങ്ങളും ആടുവളർത്തൽ കേന്ദ്രങ്ങളും.

(5) കോഴിവളർത്തൽ വികസനവും മെച്ചപ്പെട്ട കോഴികളുടെ വിതരണവും.

(6) ഫുഡ്മിക്സിംഗ് പ്ലാൻറുകൾ സ്ഥാപിക്കൽ.

(7) പാലും ക്ഷീരോൽപ്പന്നങ്ങളും ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുംവേണ്ടി ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കൽ.

(8) ക്ഷീരോൽപ്പന്നങ്ങൾ, കോഴിയിൽനിന്നുള്ള ഉൽപ്പന്നങ്ങൾ, മൽസ്യോൽപ്പന്നങ്ങൾ എന്നിവയ്ക്ക് പൊതുവായുള്ള കോംഡ് സ്റോറേജ് സൗകര്യങ്ങൾ.

(9) കാലിത്തീററ വികസനത്തിനുള്ള പരിപാടികൾ.

(10) ഡയറി വികസന സർവ്വീസ്

(11) തണുപ്പിക്കുന്നതിനുള്ള പ്ലാൻറുകൾ സ്ഥാപിക്കൽ

(12) കൃത്രിമ ഗർഭോൽപ്പാദനം വഴി സങ്കരവർഗ്ഗത്തിലുള്ള പശുക്കളുടെ വംശവർദ്ധന.

(13) ഭവന പരിസരങ്ങളിൽ ചാണകവും കാലിത്തീററയും ഉപയോഗപ്പെടുത്താനുള്ള പരിപാടികൾ

(14) ഗോബർഗ്യാസ് പ്ലാൻറുകൾ പ്രചരിപ്പിക്കൽ

## IX മൽസ്യബന്ധനം

(1) മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും.

(2) സ്വകാര്യ കുളങ്ങളിലും പൊതുകുളങ്ങളിലും മീൻവളർത്തൽ

(3) ഉൾനാടൻ മൽസ്യബന്ധനം പ്രോൽസാഹിപ്പിക്കൽ

(4) മൽസ്യസംസ്ക്കരണവും മൽസ്യം ഉണക്കലും

(5) പരമ്പരാഗതമായുള്ള മൽസ്യബന്ധനത്തിന് സഹായം നൽകൽ

(6) മൽസ്യ വിപണന സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക

(7) മൽസ്യതൊഴിലാളികൾക്ക്, സ്കോളർഷിപ്പും സ്റൈപ്പൻറും, ബോർഡിംഗ് ഗ്രാൻറും പുസ്തകങ്ങളും മററു സാമഗ്രികളും വാങ്ങുന്നതിനുള്ള ഗ്രാൻറും നൽകി അവർക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(8) നിരക്ഷരത്വം നിർമ്മാർജ്ജനം ചെയ്യാനും പൊതുവിദ്യാഭ്യാസം നൽകാനുമായി നേഴ്സറികളും സ്കൂളുകളും ലൈബ്രറികളും സംഘടിപ്പിക്കൽ

(9) ഹൗസിംഗ് കോളനികൾ സ്ഥാപിക്കൽ

(10) മൽസ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ശുദ്ധജലം, വൈദ്യസഹായം, കമ്മ്യൂണിററി ഹാളുകൾ, ശ്മശാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കൽ

(11) മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടിയുള്ള മററു ക്ഷേമ പദ്ധതികൾ

## X കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും

(1) പരമ്പരാഗതമായുള്ള വ്യാവസായികമായ കഴിവുകൾ തിരിച്ചറിഞ്ഞ് ആ പ്രദേശത്തുള്ള കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക

(2) തക്കസമയത്തുള്ള വിതരണം ഉറപ്പു വരുത്താനായി അസംസ്കൃത സാധനങ്ങൾ തിട്ടപ്പെടുത്തൽ.

(3) ഉപഭോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾക്കനുയോജ്യമായുള്ള ഡിസൈനും ഉൽപ്പാദനവും.

(4) കരകൗശലം, കൈത്തൊഴിൽ എന്നിവ ചെയ്യുന്ന ആളുകൾക്ക് പരിശീലനം നൽകാനുള്ള പരിപാടികൾ സംഘടിപ്പിക്കൽ

(5) ഈ പരിപാടിക്കുവേണ്ടി ബാങ്ക് വായ്പ ലഭ്യമാക്കാനുള്ള ലെയിസോൺ ഏർപ്പാടുകൾ

(6) പണി തീർന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യൽ

(7) അങ്ങനെയുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെ പ്രോൽസാഹിപ്പിക്കൽ.

(8) വ്യാവസായിക എസ്റേററുകൾ

(9) കൈത്തറി വ്യവസായം, കരകൗശലം വ്യവസായം, ഗ്രാമം, കുടിൽ ഗ്രാമീണ വ്യവസായം എന്നിവ സംഘടിപ്പിക്കുക.

## XI ഗ്രാമീണ റോഡുകളും ഉൾനാടൻ ജലമാർഗ്ഗങ്ങളും

(1) നാഷണൽ ഹൈവേയും സ്റേററ് ഹൈവേയും ഒഴികെയുള്ള മററു റോഡുകളുടെ നിർമ്മാണവും സംരക്ഷണവും

(2) നാഷണൽ ഹൈവേയും സ്റേററ് ഹൈവേയും ഒഴികെയുള്ള റോഡുകളിൽ വരുന്ന എല്ലാ പാലങ്ങളും കലുങ്കുകളും.

(3) കൗൺസിലിൻെറ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും.

(4) കമ്പോളങ്ങളേയും വിദ്യാഭ്യാസസ്ഥാപനങ്ങളേയും ഹെൽത്ത് സെൻററുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന മുഖ്യ ലിങ്ക് റോഡുകളും തീരദേശ ലിങ്ക് റോഡുകളും നിശ്ചയിക്കൽ.

(5) പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനും നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിനും ഭൂമി സ്വമേധയാ വിട്ടുകൊടുക്കുന്നത് പ്രോൽസാഹിപ്പിക്കൽ.

(6) ഗ്രാമീണ കുളങ്ങൾ വൃത്തിയായും വെള്ളം മലിനമാകുന്നത് തടയാൻ ആവശ്യമായ ബണ്ടുകൾക്കും, ഔട്ട്ലെററുകൾക്കും വ്യവസ്ഥ ചെയ്യലും.

(7) ജലമാർഗ്ഗങ്ങളും കനാലുകളും സംരക്ഷിക്കൽ.

## XII ഏററവും ചുരുങ്ങിയ ആവശ്യങ്ങൾ സംബന്ധിച്ച പരിപാടി

(1) ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കൽ.

(2) ഗ്രാമീണ ഡിസ്പെൻസറികളിലും മരുന്നുകടകളിലും ജീവരക്ഷയ്ക്കുള്ള മരുന്നുകൾ തുടർന്നു ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ.

(3) പൊതുകിണറുകൾ വൃത്തിയാക്കൽ.

(4) ദുർബ്ബല വിഭാഗങ്ങൾ ഉപയോഗിക്കുന്ന കിണറുകൾ പുതുക്കി പണിയൽ.

(5) പ്രാദേശികമായ സംഭാവനകൾ (വിറക്, പാത്രങ്ങൾ മുതലായവ) വഴി പോഷകാഹാരപരിപാടി സംഘടിപ്പിക്കുന്നതിന് സഹായിക്കൽ.

(6) പ്രദേശത്ത് ലഭ്യമാകുന്ന ആഹാരസാധനങ്ങൾ ഏതെല്ലാമെന്ന് മനസ്സിലാക്കി അതിന് പ്രചാരം നൽകൽ.

## XIII ആരോഗ്യവും ആരോഗ്യശാസ്ത്രവും

(1) മെഡിക്കൽകോളേജ് ആശുപത്രികൾ, ററി. ബി. സാനിട്ടോറിയം കുഷ്ഠരോഗാശുപത്രികൾ, ഭ്രാന്താശുപത്രികൾ, എന്നിവ ഒഴികെയുള്ള ആശുപത്രികളുടെയും പ്രൈമറി ഹെൽത്ത് സെൻററുകളുടെയും ഡിസ്പെൻസറികളുടെയും സ്ഥാപനവും സംരക്ഷണവും.

(2) മസൂരി, കോളറ, ക്ഷയം, എന്നിവയ്ക്ക് കുത്തിവയ്പ് പ്രവർത്തനങ്ങൾ നടത്തുക.

(3) ആരോഗ്യവിദ്യാഭ്യാസം സംബന്ധിച്ച പ്രവർത്തനങ്ങൾ.

(4) പ്രസവവും കുട്ടികളുടെ ആരോഗ്യ സംരക്ഷണവും സംബന്ധിച്ച പ്രവർത്തനങ്ങൾ

(5) കുടുംബക്ഷേമപ്രവർത്തനങ്ങൾ.

(6) സ്വമേധയാ രക്തദാനം ചെയ്യുന്നത് പ്രോൽസാഹിപ്പിക്കൽ;

(7) മലമ്പനി–മന്ത് നിർമ്മാർജ്ജന പരിപാടികൾ.

(8) ആരോഗ്യം സംബന്ധിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കൽ.

(9) ഇ. എസ്. പി. മാതൃകയിലുള്ള കക്കൂസുകൾക്ക് പ്രോൽസാഹനം നൽകൽ.

(10) ഗ്രാമീണ ശുദ്ധജലവിതരണം—ശുദ്ധീകരിച്ച ജലവും കിണറുകളിൽ നിന്നും കുടിക്കാനുള്ള വെള്ളവും ഉൾപ്പെടെ.

(11) ഗ്രാമീണ ഡ്രെയിനേജും ഓവുവെള്ളവും.

(12) പരിസര മലിനീകരണത്തിനെതിരായുള്ള നടപടികൾ.

## XIV ഭവനനിർമ്മാണം

(1) ഭവനരഹിതരായ കുടുംബങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിയൽ.

(2) സർക്കാരിന്റെ വായ്പാ പദ്ധതിപ്രകാരം ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കൽ.

(3) സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് പ്രചാരം നൽകൽ.

(4) ചെലവു കുറഞ്ഞ ഭവനങ്ങൾ നിർമ്മിക്കുന്നത് പ്രോൽസാഹിപ്പിക്കൽ.

## XV വിദ്യാഭ്യാസം

(1) പുതിയ സ്ക്കൂളുകൾ തുറക്കൽ.

(2) സ്ക്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം.

(3) ഫർണിച്ചർ, പഠിപ്പിക്കുന്നതിനാവശ്യമായ സാധനങ്ങൾ, ലാബറട്ടറി ഉപകരണങ്ങൾ എന്നിവ നൽകൽ.

(4) സർക്കാരിന്റെ കീഴിലുള്ള പ്രീ–പ്രൈമറിയും പ്രൈമറിയും ബേസിക്കും സെക്കൻഡറിയും സ്ക്കൂളുകളുടെ സ്ഥാപനവും, ഭരണവും, സംരക്ഷണവും അവയുടെ പരിശോധനയും നടത്തൽ.

(5) സഹായ ധനത്തിൽ അനുമതി നൽകുന്നതും എയിഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകൻമാർക്ക് ശമ്പളം നൽകുന്നതും ഉൾപ്പെടെ എയിഡഡ് സ്ക്കൂളുകളുടെയും അംഗീകൃത പ്രീ–പ്രൈമറിയും ബേസിക്കും സെക്കൻഡറിയും സ്ക്കൂളുകളുടേയും സ്ഥാപനവും മേൽനോട്ടവും നിയന്ത്രണവും പരിശോധനയും.

(6) വയോജന വിദ്യാഭ്യാസം ഗ്രന്ഥശാലാപ്രസ്ഥാനം എന്നിവ സംബന്ധിച്ചുള്ള പരിപാടി.

(7) സയൻസും സാങ്കേതിക വിജ്ഞാനവും ഗ്രാമപ്രദേശങ്ങളിൽ, പ്രചരിപ്പിക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾ.

## XVI ഹരിജനക്ഷേമം

(1) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കസമുദായങ്ങൾക്ക് സ്കോളർഷിപ്പും സ്റ്റൈപ്പെൻറും ബോർഡിംഗ് ഗ്രാൻറുകളും ബുക്കുകൾ മററു സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് മററു ഗ്രാൻറുകളും നൽകി വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കൽ.

(2) പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഹോസ്ററലുകൾ നടത്തൽ.

(3) നിരക്ഷരത്വം നിർമ്മാർജ്ജനം ചെയ്യുന്നതിനും പൊതുവിദ്യാഭ്യാസം നൽകുന്നതിനുംവേണ്ടി നേഴ്സറി സ്ക്കൂളുകളും, ബാലവാടികളും നിശാ പാഠശാലകളും ലൈബ്രറികളും സംഘടിപ്പിക്കൽ.

(4) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കുടിൽ വ്യവസായങ്ങളിലും ഗ്രാമവ്യവസായങ്ങളിലും പരിശീലനം നൽകുന്നതിന് മോഡൽ വെൽഫയർ സെൻററുകളും, ക്രാഫ്ററ് സെൻററുകളും നടത്തൽ.

(5) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ഗവൺമെൻറ് റസിഡൻഷ്യൽ ബേസിക്ക് സ്ക്കൂളുകൾ.

(6) ഹൗസിംഗ് കോളനികൾ സ്ഥാപിക്കൽ.

(7) പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും പെടുന്ന കുടുംബങ്ങൾക്ക് ശുദ്ധജലം, വിദ്യുച്ഛക്തി, വൈദ്യസഹായം, നിയമ സഹായം, കമ്മ്യൂണിററി ഹാളുകൾ, ശ്മശാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(8) പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾ വിററഴിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(9) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി സഹകരണസംഘങ്ങൾ സംഘടിപ്പിക്കൽ.

(10) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ള മററു ക്ഷേമപരിപാടികൾ.

## XVII സാമൂഹ്യവികസനം

[1][(1) തദ്ദേശ വികസന പരിപാടികൾ തയ്യാറാക്കലും നടപ്പിലാക്കലും.

(2) സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കൽ.

(3) ഗ്രാമീണ തൊഴിൽ പരിപാടികൾ നടപ്പിലാക്കലും.

(4) ജില്ലാ ഗ്രാമീണ വികസന ഏജൻസികളുടെ മററു പരിപാടികൾ നടപ്പിലാക്കലും.]

(5) തദ്ദേശ വികസന പ്രവർത്തന പരിപാടി.

## XVIII സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങൾ

(1) വനിതാ സംഘടനകളും അവയുടെ ക്ഷേമവും.

(2) കുട്ടികളുടെ സംഘടനയും അവരുടെ ക്ഷേമവും.

(3) പ്രദേശത്തെ യാചകർക്ക് ആശ്വാസം നൽകൽ

---

1. 1990-ലെ 18-ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

(4) അഗതി മന്ദിരങ്ങൾ, അനാഥമന്ദിരങ്ങൾ, റസ്ക്യൂഷെൽട്ടറുകൾ മുതലായ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ സംരക്ഷിക്കൽ.

(5) വിധവകൾക്കും, വാർദ്ധക്യം നിമിത്തം ശാരീരികമായ അവശത നിമിത്തവും അഗതികളായ ആളുകൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും തൊഴിൽ രഹിതർക്കും മിശ്രവിവാഹ ദമ്പതികൾക്കും—അവരിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗത്തിലെ അംഗമായിരിക്കണം—അലവൻസ് നൽകയും ചെയ്യൽ.

(6) അഗ്നിബാധ നിയന്ത്രിക്കൽ.

(7) അന്ധവിശ്വാസം, ജാതിവ്യവസ്ഥ, അയിത്താചരണം, മദ്യപാനം, അധികം ചെലവുചെയ്തു നടത്തുന്ന വിവാഹങ്ങളും മററു സാമൂഹിക പരിപാടികളും സ്ത്രീധനം, പ്രകടമായ ദുർവ്യയം എന്നിവയ്ക്കെതിരായുള്ള പ്രവർത്തനം.

(8) സാമൂഹ്യവിവാഹങ്ങളും, മിശ്രവിവാഹങ്ങളും പ്രോൽസാഹിപ്പിക്കൽ.

(9) കള്ളക്കടത്ത്, നികുതിവെട്ടിപ്പ്, ആഹാരസാധനങ്ങളിൽ മായം ചേർക്കൽ തുടങ്ങിയ സാമ്പത്തിക കുററങ്ങൾക്കെതിരെ ജാഗ്രത പാലിക്കൽ.

(10) ഭൂരഹിത തൊഴിലാളികൾക്ക് പതിച്ചു കൊടുത്ത ഭൂമികളുടെ വികസനത്തിന് സഹായം നൽകൽ.

(11) ഗിരിവർഗ്ഗക്കാർ അന്യാധീനപ്പെടുത്തിയ ഭൂമി വീണ്ടെടുക്കൽ.

(12) അടിമപ്പണിക്കാരെ തിരിച്ചറിഞ്ഞ് അവരെ സ്വതന്ത്രരാക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യൽ.

(13) സാംസ്കാരിക വിനോദ പരിപാടികൾ സംഘടിപ്പിക്കൽ.

(14) കായിക വിനോദങ്ങളും കളികളും പ്രോൽസാഹിപ്പിക്കലും ഗ്രാമതല സ്റേറഡിയങ്ങൾ നിർമ്മിക്കലും.

(15) പരമ്പരാഗതമായുള്ള ഉൽസവങ്ങൾക്ക് പുതിയ രീതികളും, സാമൂഹ്യമായ ഉള്ളടക്കവും നൽകൽ.

(16) വിപണന സ്ഥാപനങ്ങളിലുള്ള തൂക്കങ്ങളും അളവുകളും ശരിയാണോ എന്ന് നോക്കൽ.

(17) കുടുംബാസൂത്രണം സ്വീകരിക്കുന്നതിന് അനുയോജ്യമായ ദമ്പതികളെ തിരിച്ചറിയൽ.

(18) ജനങ്ങൾക്ക് കുടുംബാസൂത്രണ പരിപാടികളെക്കുറിച്ച് പറഞ്ഞു കൊടുക്കൽ.

(19) കുടുംബാസൂത്രണ പരിപാടി സ്വീകരിച്ചവർക്ക് സാമൂഹ്യവും ശാരീരികവുമായ പ്രശ്നങ്ങൾ വല്ലതുമുണ്ടെങ്കിൽ അത് പരിഹരിക്കാൻ തുടർന്നുള്ള നടപടികൾ എടുക്കൽ.

## XIX പ്രാദേശിക വിഭവങ്ങൾ സമാഹരിക്കൽ

(1) സാമ്പത്തിക സ്വഭാവം വളർത്തൽ.

(2) ലഘു സമ്പാദ്യ പദ്ധതി സംബന്ധിച്ച പ്രവർത്തനം.

(3) അന്യായമായ പലിശയ്ക്ക് പണം കടം കൊടുക്കുന്നതിനും ഗ്രാമീണ ഋണ ബാദ്ധ്യതയ്ക്കെതിരായി സമരം ചെയ്യൽ.

## രണ്ടാം പട്ടിക

(9—ാം വകുപ്പു നോക്കുക)

### സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുള്ള ഫാറം

............................ജില്ലാ കൗൺസിലിലെ.......................—ാം നമ്പർ ഡിവിഷനിൽ ഒരംഗമാകാൻ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന....................... എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇൻഡ്യൻ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും നിലനിറുത്തുമെന്നും, തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവ് പ്രയോജനപ്പെടുത്തിയും നിർവഹിക്കുമെന്നും ഈശ്വര നാമത്തിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

## മൂന്നാം പട്ടിക

(22—ം 23—ം വകുപ്പുകൾ നോക്കുക)

### സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുള്ള ഫാറം

................................................ ജില്ലാ കൗൺസിലിലേക്ക് [1] [അംഗമായി]/ പ്രസിഡൻറായി, വൈസ്പ്രസിഡൻറായി.................................... എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇൻഡ്യൻ ഭരണഘടനയോടു യഥാർത്ഥമായ വിശ്വാസവും കൂറും നിലനിറുത്തുമെന്നും, ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും ഞാൻ എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവു പ്രയോജനപ്പെടുത്തിയും നിർവഹിക്കുമെന്ന് ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

## നാലാം പട്ടിക

(102—ാം വകുപ്പു നോക്കുക)

### 1960—ലെ കേരള പഞ്ചായത്ത് ആക്ററിനുള്ള (1960 ലെ 32) ഭേദഗതികൾ

1. 2—ാം വകുപ്പിൽ,—

(1) (1)—ാം ഖണ്ഡത്തിൽ "1955—ലെ ഭൂനികുതി ആക്ററ്" എന്നതിനുപകരം "1961—ലെ കേരള ഭൂനികുതി ആക്ററ് (1961—ലെ 13)" എന്നത് ചേർക്കേണ്ടതാണ്.

(2). (2), (7), (8), (15) എന്നീ ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാണ്.

(3) (5)—ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

---

1. 1989—ലെ 35—ാം ആക്ററ് പ്രകാരം പകരം ചേർത്തത്

''(5) ''തദ്ദേശ ഭരണ സ്ഥാപന കമ്മീഷണർ'' എന്നതിൽ 1979-ലെ കേരള ജില്ലാ ഭരണ ആക്റ്റ് 2-ാം വകുപ്പു (എ) എന്ന ഖണ്ഡത്തിൽ നിർവചിച്ചപ്രകാരമുള്ള തദ്ദേശ ഭരണ സ്ഥാപന കമ്മീഷണർ എന്ന് അർത്ഥമാകുന്നു''.

(4) (9)-ം (10)-ം ഖണ്ഡങ്ങൾക്കു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

[1][''(9) ''ജില്ല'' എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു;]

(10) ''ജില്ലാ കൗൺസിൽ'' എന്നതിന് 1979-ലെ കേരള ജില്ലാഭരണ ആക്റ്റ് 3-ാം വകുപ്പു പ്രകാരം രൂപികരിച്ച ജില്ലാ കൗൺസിൽ എന്ന് അർത്ഥമാകുന്നു'';

(5) (12)-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(12) ''കാര്യനിർവഹണാധികാരസ്ഥൻ'' എന്നതിന് പഞ്ചായത്ത് പ്രസിഡൻറ് എന്നർത്ഥമാകുന്നു'';

(6) (31)-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കണം, അതായത്:—

''(31) ''സെക്രട്ടറി'' എന്നതിന് ഈ ആക്ററിൻകീഴിലുള്ള സെക്രട്ടറിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിയമിച്ച ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു'';

(7) (32)-ാം ഖണ്ഡത്തിൽ, ''ഭൂനികുതി ഭരണം'' എന്നതിനു പകരം ''ഈ ആക്റ്റ്'' എന്നു ചേർക്കേണ്ടതാണ്.

2. 3-ാം വകുപ്പിൽ,—

(1) മാർജിനിലെ ശീർഷകത്തിനും (1)-ാം ഉപവകുപ്പിനും പകരം, താഴെപ്പറയുന്ന മാർജിനിലെ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

''3. പഞ്ചായത്തുപ്രദേശങ്ങൾ രൂപവൽക്കരിക്കുന്നതിനും വ്യത്യാസപ്പെടുത്തുന്നതിനും പഞ്ചായത്തുകളുടെ പേരും ആസ്ഥാനങ്ങളും നിർദ്ദേശിക്കുന്നതിനുമുള്ള സർക്കാരിൻെറ അധികാരങ്ങൾ,—

(1) സർക്കാരിന്, ഗസററിൽ വിജ്ഞാപനം മൂലം—

(എ) പ്രത്യേകം പറയാവുന്ന അതിർത്തികൾക്കുള്ളിൽപ്പെടുന്ന ഏതൊരു പ്രദേശത്തേയും ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക് ഒരു പഞ്ചായത്ത് പ്രദേശമാണെന്ന് പ്രഖ്യാപിക്കുകയും പഞ്ചായത്തിൻെറ പേരും ആസ്ഥാനവും നിർദ്ദേശിക്കുകയും ചെയ്യുകയോ, അഥവാ

(ബി) ഒരു പഞ്ചായത്തു പ്രദേശത്തുനിന്ന് അതിൻെറ ഏതെങ്കിലും ഭാഗം ഒഴിവാക്കുകയോ; അഥവാ

(സി) ഒരു പഞ്ചായത്തു പ്രദേശത്തോട് ഏതെങ്കിലും സമീപപ്രദേശം ഉൾപ്പെടുത്തുകയോ, അഥവാ

(ഡി) (എ) എന്ന ഖണ്ഡത്തിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം റദ്ദാക്കുകയോ അഥവാ പ്രസ്തുത ഖണ്ഡത്തിൻകീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള പഞ്ചായത്തിൻെറ പേരും ആസ്ഥാനവും വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്:

---

1. 1989-ലെ 35-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്

എന്നാൽ (ബി) എന്ന ഖണ്ഡമോ (സി) എന്ന ഖണ്ഡമോ (ഡി) എന്ന ഖണ്ഡമോ പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സർക്കാർ അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമൂലം ബാധിക്കപ്പെടുന്ന പഞ്ചായത്തിനോ പഞ്ചായത്തുകൾക്കോ ഈ നിർദ്ദേശത്തിനെതിരായി കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകേണ്ടതും, അങ്ങനെയുള്ള പഞ്ചായത്തിനോ പഞ്ചായത്തുകൾക്കോ വല്ല വിശദീകരണങ്ങളും ആക്ഷേപങ്ങളും ഉള്ളപക്ഷം അവ പരിഗണിക്കേണ്ടതും ആകുന്നു.''

(2) (3)–ാം ഉപവകുപ്പിൽ,—

(എ) ..........................................

(ബി) ..........................................

(സി) (ബി) എന്ന ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(സി) ഒരു പഞ്ചായത്തു പ്രദേശത്തോടു ചേർത്തതോ അതിൽനിന്നും ഒഴിവാക്കിയതോ ആയ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന അംഗം അംഗമായി തുടരുന്ന പഞ്ചായത്തിന്റെ പേര് സംബന്ധിച്ചും.''

3. 4–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

''(1) ഈ ആക്ററിന്റെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട വിധത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്ത് ഓരോ പഞ്ചായത്തു പ്രദേശത്തിനും ഉണ്ടായിരിക്കുന്നതാണ്.''

(2) (2)–ാം ഉപവകുപ്പിൽ, ''പ്രസിഡൻറിനോ'' എന്ന വാക്ക് വിട്ടുകളയണം.

(3) (3)–ാം ഉപവകുപ്പിൽ, ''പ്രദേശം'' എന്ന വാക്ക് വിട്ടുകളയണം.

4. 5–ാം വകുപ്പിൽ,—

(1)–ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഒരു പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യ നിർണ്ണയിക്കപ്പെടാവുന്ന തോതനുസരിച്ച് ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥൻ തീരുമാനിക്കേണ്ടതാണ്.''

(2) (2)–ാം ഉപവകുപ്പിൽ ''ഡയറക്ടർ'' എന്നതിനുപകരം ''ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥൻ'' എന്നതു ചേർക്കണം.

(3) (3)–ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

5. 8–ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''8എ. ജില്ലാകൗൺസിലിലെ അംഗങ്ങൾ പഞ്ചായത്തിലെ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആയിരിക്കുമെന്ന്.—ഒരു പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജില്ലാ കൗൺസിലിലെ അംഗങ്ങൾ ആ പഞ്ചായത്തിലെ വോട്ട് രേഖപ്പെടുത്തുന്നതിനോ പഞ്ചായത്തിലെ ഉദ്യോഗം വഹിക്കുന്നതിനോ അവകാശം ഇല്ലാത്ത എക്സ് ഒഫീഷ്യോ അംഗങ്ങൾ ആയിരിക്കുന്നതാണ്.''

6. 10–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിൽ, ''ഡെപ്യൂട്ടി ഡയറക്ടർക്ക് തന്റെ അധികാരാതിർത്തിക്കുള്ളിൽ'' എന്നതിനുപകരം ''തെരഞ്ഞെടുപ്പ് അധികാരസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ'' എന്നതു ചേർക്കേണ്ടതാണ്;

(2) (3എ) എന്ന ഉപവകുപ്പിൽ, ''ഡെപ്യൂട്ടി ഡയറക്ടർ'' എന്നു കാണുന്ന മൂന്നു വ്യവസ്ഥകളിലും അവയ്ക്കുപകരം ''തെരഞ്ഞെടുപ്പ് അധികാരസ്ഥൻ'' എന്നത് ചേർക്കേണ്ടതാണ്;

(3) (7)–ം (9)–ം ഉപവകുപ്പുകളിൽ കാണുന്ന ''ഡെപ്യൂട്ടി ഡയറക്ടർ'' എന്നതിനു പകരം ''തെരഞ്ഞെടുപ്പു അധികാരസ്ഥൻ'' എന്നതു ചേർക്കണം.

7. 11–ാം വകുപ്പിൽ, (3)–ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്തിൽ, ''എക്സിക്യൂട്ടീവ് അധികാരസ്ഥൻ'' എന്നതിനു പകരം ''സെക്രട്ടറി'' എന്നതു ചേർക്കണം.

8. 16, 17, 18, 19, 20 എന്നീ വകുപ്പുകൾക്കുപകരം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''16. അംഗത്വത്തിനുള്ള യോഗ്യത.—ഒരാൾ,—

(എ) പഞ്ചായത്തുപ്രദേശത്തെ ഏതെങ്കിലും വാർഡിലെ ഒരു സമ്മതിദായകൻ ആയിരിക്കുകയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയോ ഈ ആവശ്യത്തിന് തെരഞ്ഞെടുപ്പ് അധികാരസ്ഥൻ അധികാരപ്പെടുത്തിയ ഏതെങ്കിലും ആളുടേയോ മുൻപാകെ 1എ എന്ന പട്ടികയിൽ ഈ ആവശ്യത്തിന് നൽകിയിട്ടുള്ള ഫാറം അനുസരിച്ചുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ നടത്തുകയും രേഖപ്പെടുത്തുകയും ചെയ്യുകയും.

(ബി) അയാൾക്ക് ഇരുപത്തിഒന്ന് വയസ് പൂർത്തിയാവുകയും.

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സീററിന്റെ സംഗതിയിൽ, ഏതെങ്കിലും പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ അംഗം ആയിരിക്കുകയും ചെയ്യാത്ത പക്ഷം അയാൾ ഒരു പഞ്ചായത്തു പ്രദേശത്തെ ഒരു സീററിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതല്ല.

17. ജീവനക്കാരുടെ അയോഗ്യത.—തദ്ദേശാധികാര സ്ഥാപനത്തിലേയോ ജില്ലാ കൗൺസിലിലേയോ സംസ്ഥാന സർക്കാരിന്റേയോ കേന്ദ്ര സർക്കാരിന്റേയോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കോർപ്പറേഷനിലേയോ യാതൊരു ജീവനക്കാരനും ഒരംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യനായിരിക്കുന്നതല്ല.

[1] [ ]

18. തെരഞ്ഞെടുപ്പു സംബന്ധിച്ച കുററങ്ങൾക്ക് കുററം സ്ഥാപിക്കപ്പെട്ടിട്ടുള്ള ആളുകളുടെ അയോഗ്യത.—ഇൻഡ്യൻ ശിക്ഷാനിയമം IX എ എന്ന അദ്ധ്യായ പ്രകാരമോ അഥവാ തെരഞ്ഞെടുപ്പിന്റെ രഹസ്യം ലംഘിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിയമമോ ചട്ടമോ പ്രകാരമോ ശിക്ഷാർഹമായ ഒരു

1. 1990–ലെ 18–ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.

കുററത്തിന് കുററം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതൊരാളും അയാളുടെ കുററ സ്ഥാപനത്തിന്റെ തീയതി മുതൽ അഞ്ചു കൊല്ലക്കാലത്തേക്ക് അഥവാ ഉത്തരവുമൂലം കോടതി തീരുമാനിക്കാവുന്ന അതിലും കുറവായ കാലത്തേക്കും ഈ ആക്ററ് ബാധകമായിട്ടുള്ള ഏതെങ്കിലും തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗത്തിന്റെ ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്:

എന്നാൽ ഒരംഗത്തിന്റെ ഏതെങ്കിലും സ്ഥാനം വഹിക്കുന്ന ഒരാളുടെ സംഗതിയിൽ അയാളുടെമേൽ കുററസ്ഥാപനമായ തീയതി മുതൽ മൂന്നുമാസം കഴിയുന്നതുവരെയോ അഥവാ ആ കാലയളവിനകം തന്റെമേലുള്ള കുററസ്ഥാപനം സംബന്ധിച്ച് അപ്പീലോ റിവിഷനു വേണ്ടിയുള്ള അപേക്ഷയോ ഫയൽ ചെയ്തിട്ടുള്ള സംഗതിയിൽ പ്രസ്തുത അപ്പീലോ അപേക്ഷയോ കോടതി തീർപ്പാക്കുന്നതുവരെയോ പ്രാബല്യത്തിൽ വരുന്നതല്ല.

19. സ്ഥാനാർത്ഥികളുടെ അയോഗ്യത.—(1) സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുററത്തിന് ഒരു ക്രിമിനൽ കോടതി രണ്ടു കൊല്ലത്തിൽ കൂടുതൽ കാലത്തേക്ക് തടവുശിക്ഷയ്ക്ക് വിധിച്ചിട്ടുള്ള ഒരാൾ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും അത് തീരുന്ന തീയതി മുതൽ അഞ്ചു കൊല്ലക്കാലത്തേക്കും ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(2) തെരഞ്ഞെടുപ്പിന്റെ തീയതിയിൽ ഒരാൾ—

(എ) അസ്ഥിര ബുദ്ധിയാണെന്ന് വിധിക്കപ്പെട്ടിരിക്കയോ; അഥവാ

(ബി) സ്വമേധയാ ഒരു വിദേശ രാജ്യത്തെ പൗരത്വം ആർജ്ജിച്ചിരിക്കുകയോ; അഥവാ

(സി) തദ്ദേശാധികാര സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും തെരഞ്ഞെടുപ്പ് കുററത്തിന് ഒരു ക്രിമിനൽ കോടതിയിൽ ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തെരഞ്ഞെടുപ്പു സംബന്ധിച്ച അഴിമതികാരം നിമിത്തം ഏതെങ്കിലും വോട്ടവകാശം വിനിയോഗിക്കുന്നതിന് അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ചെയ്യുകയും അങ്ങനെ ശിക്ഷിക്കപ്പെടുകയോ അയോഗ്യനാക്കപ്പെടുകയോ ചെയ്ത തീയതി മുതൽ അഞ്ചു കൊല്ലം കഴിയാതെയും ഇരിയ്ക്കുകയോ; അഥവാ

(ഡി) പാപ്പരാണെന്ന് വിധിക്കപ്പെടുന്നതിനുള്ള ഒരു അപേക്ഷകനായിരിക്കുകയോ അല്ലെങ്കിൽ മോചിതനാകാത്ത പാപ്പരോ ആയിരിക്കുകയോ; അഥവാ

(ഇ) ഒരു കമ്പനിയുടെ ഓഹരിക്കാരൻ (ഡയറക്ററർ അല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ മൂലം അനുവദിച്ചിട്ടുള്ളതൊഴികെയോ പഞ്ചായത്തുമായി ഉണ്ടാക്കിയിട്ടുള്ള നിലവിലുള്ള ഒരു കരാറിലോ പഞ്ചായത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും ജോലിയിലോ തൽപ്പരനായിരിക്കുകയോ;

വിശദീകരണം.—ഒരാൾ, താൻ ഒരു സഹകരണ സംഘത്തിലെ ഡയറക്ടറോ, അംഗമോ ഔദ്യോഗിക ഭാരവാഹിയോ ആണെന്ന കാരണത്താലോ അഥവാ പഞ്ചായത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് വല്ല പരസ്യവും ചേർത്തേക്കാവുന്ന ഏതെങ്കിലും വർത്തമാനപ്പത്രത്തിൽ തനിക്ക് ഓഹരിയോ താൽപര്യമോ ഉണ്ടെന്നുള്ള കാരണത്താലോ അല്ലെങ്കിൽ ഒരു ഡിബഞ്ചർ കടപ്പത്രം താൻ കൈവശം വയ്ക്കുന്നുവെന്ന കാരണത്താലോ അഥവാ പഞ്ചായത്ത് എടുത്തതോ പഞ്ചായത്തിനു വേണ്ടി എടുത്തതോ ആയ ഏതെങ്കിലും വായ്പയിൽ തനിക്ക് മററു വിധത്തിൽ താൽപര്യമുണ്ടെന്നോ ഉള്ള കാരണത്താലോ ഈ ഉപവകുപ്പുപ്രകാരം അയോഗ്യനായിരിക്കുന്നതല്ല.

(എഫ്) പഞ്ചായത്തിനുവേണ്ടി അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുകയോ; അഥവാ

(ജി) പഞ്ചായത്തു മുഴുവനുമോ അതിന്റെ ഒരു ഭാഗത്തോ വിചാരണാധികാരത്തോടുകൂടിയ വില്ലേജ് കോടതിയിലെ ഓണററി മജിസ്ട്രേട്ടോ ജഡ്ജിയോ ആയിരിക്കുകയോ; അഥവാ

(എച്ച്) തന്റെ പുതിയ തെരഞ്ഞെടുപ്പ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ഉദ്യോഗ കാലാവധി അവസാനിക്കാത്ത ഇപ്പോൾതന്നെ അംഗമായിട്ടുള്ളയാളോ അഥവാ ഇനിയും ഉദ്യോഗ കാലാവധി ആരംഭിച്ചിട്ടില്ലാത്ത പഞ്ചായത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞ ആളോ ആയിരിക്കുകയോ; അഥവാ

(ഐ) സർക്കാർ സർവ്വീസിൽ നിന്നോ സർക്കാർ അംഗീകരിച്ച മറേറതെങ്കിലും സർവ്വീസിൽ നിന്നോ അഴിമതിക്കോ സംസ്ഥാനത്തോടു വിശ്വാസ്ഥതയില്ലായ്മക്കോ പിരിച്ചു വിടപ്പെട്ടയാളും അങ്ങനെ പിരിച്ചു വിടപ്പെട്ടിട്ട് അഞ്ചുകൊല്ലം കഴിയാതെയും ഇരിക്കുകയോ; അഥവാ

(ജെ) ഒരു അഡ്വക്കേററായിട്ടോ വക്കീലായിട്ടോ പ്രാക്ററീസ് ചെയ്യുന്നതിൽ നിന്നും തടയപ്പെട്ടിരിക്കുകയോ; അഥവാ

[1] [(കെ) ബധിര–മൂകനായിരിക്കുകയോ] ആണെങ്കിൽ അയാൾ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

**20.** അംഗങ്ങളുടെ അയോഗ്യത.—22–ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അംഗം

(എ) 19–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ വിവരിച്ചപ്രകാരമുള്ള കുററത്തിന് അതിൽ വിവരിച്ചിട്ടുള്ള ശിക്ഷയ്ക്ക് ഒരു ക്രിമിനൽ കോടതിയാൽ, വിധിക്കപ്പെട്ടിരിക്കുകയോ;

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിലുള്ള അയോഗ്യത വിധിയുടെ തീയതി മുതൽ മൂന്നു മാസം കഴിയുന്നതുവരെയോ, അഥവാ ആ കാലയളവിനകം ആ വിധി സംബന്ധിച്ച് അപ്പീലോ റിവിഷനുള്ള അപേക്ഷയോ കൊടു

---

[1] 1990–ലെ 18–ാം ആക്ററ് പ്രകാരം പകരം ചേർത്തത്.

ത്തിട്ടുണ്ടെങ്കിൽ, കോടതി പ്രസ്തുത അപ്പീലോ അപേക്ഷയോ തീരുമാനിക്കുന്നതുവരെയോ പ്രാബല്യത്തിൽ വരുന്നതല്ല.

(ബി) അസ്ഥിരബുദ്ധിയാണെന്ന് വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(സി) സ്വമേധയാ ഒരു വിദേശരാജ്യത്തെ പൗരത്വം ആർജ്ജിച്ചിരിക്കുകയോ; അഥവാ

(ഡി) തദ്ദേശാധികാര സ്ഥാനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും നിയമപ്രകാരം ശിക്ഷാർഹമായ വല്ല തെരഞ്ഞെടുപ്പു കുററത്തിനും ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തെരഞ്ഞെടുപ്പു സംബന്ധിച്ച അഴിമതികൾ നിമിത്തം ഏതെങ്കിലും വോട്ടവകാശം വിനിയോഗിക്കുന്നതിന് അയോഗ്യനാക്കപ്പെട്ടിരിക്കുകയോ; അഥവാ

(ഇ) പാപ്പരെന്ന് വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ പാപ്പരെന്ന് വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(എഫ്) ഒരു കമ്പനിയുടെ ഓഹരിക്കാരൻ (ഡയറക്ടർ അല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ ഈ ആക്ടുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം അനുവദിച്ചിട്ടുള്ളതൊഴികെയോ പഞ്ചായത്തുമായി ഉണ്ടാക്കിയിട്ടുള്ള നിലവിലുള്ള ഏതെങ്കിലും കരാറിലോ പഞ്ചായത്തിനുവേണ്ടി ചെയ്തു കൊണ്ടിരിക്കുന്ന ഏതെങ്കിലും ജോലിയിലോ എന്തെങ്കിലും അവകാശബന്ധം ആർജ്ജിക്കുകയോ;

വിശദീകരണം.—ഒരാൾ, താൻ ഒരു സഹകരണസംഘത്തിലെ ഡയറക്ടറോ അംഗമോ, ഔദ്യോഗിക ഭാരവാഹിയോ ആണെന്ന കാരണത്താലോ അഥവാ പഞ്ചായത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് വല്ല പരസ്യവും ചേർത്തേക്കാവുന്ന ഏതെങ്കിലും വർത്തമാനപത്രത്തിൽ തനിക്ക് ഓഹരിയോ താൽപര്യമോ ഉണ്ടെന്നുള്ള കാരണത്താലോ അല്ലെങ്കിൽ ഒരു ഡിബഞ്ചർ കടപ്പത്രം താൻ കൈവശംവയ്ക്കുന്നുവെന്ന കാരണത്താലോ അഥവാ പഞ്ചായത്ത് എടുത്തതോ പഞ്ചായത്തിനുവേണ്ടി എടുത്തതോ ആയ ഏതെങ്കിലും വായ്പയിൽ തനിക്ക് ഒരു കടപ്പത്രമുണ്ടെന്നോ മററുവിധത്തിൽ താൽപര്യമുണ്ടെന്നോ ഉള്ള കാരണത്താലോ ഈ ഖണ്ഡപ്രകാരം അയോഗ്യനായിരിക്കുന്നതല്ല.

(ജി) പഞ്ചായത്തിനുവേണ്ടി അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയോ പഞ്ചായത്തിനെതിരായി അഭിഭാഷകൻ എന്ന നിലയിൽ ഏർപ്പെടുത്തപ്പെടുന്നതിന് സമ്മതിക്കുകയോ; അഥവാ

(എച്ച്) പഞ്ചായത്തു പ്രദേശത്തുള്ള താമസം അവസാനിപ്പിക്കുകയോ; അഥവാ

(ഐ) ഒരു അഡ്വക്കേററായിട്ടോ വക്കീലായിട്ടോ പ്രാക്ടീസ് ചെയ്യുന്നതിൽനിന്നും തടയപ്പെട്ടിരിക്കുകയോ; അഥവാ

[1][ ]

[1] 1990-ലെ 18-ാം ആക്ട് പ്രകാരം വിട്ടുകളഞ്ഞത്

(കെ) പഞ്ചായത്തിൻെറ അനുവാദം കൂടാതെ പഞ്ചായത്തിൻെറ തുടർച്ചയായ മൂന്നു സമ്മേളനങ്ങളിൽ ഹാജരാകാതിരിക്കുകയോ—

ആണെങ്കിൽ ആ നിലയിൽ ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുന്നതാണ്:

എന്നാൽ ഒരു അംഗം ഹാജരാകാതിരിക്കുന്ന യാതൊരു സമ്മേളനവും—

(i) അയാൾക്ക് ആ സമ്മേളനത്തിൻെറ യഥാവിധിയുള്ള നോട്ടീസ് നൽകിയിട്ടില്ലെങ്കിലോ; അഥവാ

(ii) ഒരു സാധാരണ സമ്മേളനത്തിന് നിർണ്ണയിച്ചിട്ടുള്ളതിനേക്കാൾ ചുരുങ്ങിയ നോട്ടീസ് നൽകിയിട്ടാണ് സമ്മേളനം നടത്തിയതെങ്കിലോ;

(iii) അംഗങ്ങളുടെ ആവശ്യപ്രകാരമാണ് സമ്മേളനം നടത്തിയതെങ്കിലോ—

ഈ ഖണ്ഡപ്രകാരം അയാൾക്കെതിരായി കണക്കാക്കാൻ പാടുള്ളതല്ല.

9. 21-ാം വകുപ്പിൽ,—

(1)-ാം ഉപവകുപ്പിൽ ''ശിക്ഷകൊണ്ട് നേരിട്ടുള്ള അയോഗ്യത സർക്കാരുത്തരവുമൂലം നീക്കുകയോ ചെയ്യുകയാണെങ്കിലും'' എന്നതു വിട്ടുകളയണം.

(2)-ാം ഉപവകുപ്പിൽ, ''(എം)'' എന്നതിനുപകരം ''(കെ)'' എന്നാത് ചേർക്കേണ്ടതാണ്.

10. 22-ാം വകുപ്പിൽ,—

(1) (4)-ാം ഉപവകുപ്പിൽ, ''8-ാം വകുപ്പുപ്രകാരം നോമിനേററ് ചെയ്യപ്പെട്ടതോ'' എന്നത് വിട്ടുകളയേണ്ടതാണ്.

(2) (7)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

11. 24-ാം വകുപ്പിൽ,—

(1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്തിൽ,

(i) ''തഹസിൽദാർ'' എന്നതിനുപകരം ''ഈ ആവശ്യത്തിന് നിർണ്ണയിക്കപ്പെട്ട അധികാരസ്ഥൻ'' എന്നത് ചേർക്കുകയും,

(ii) ''തഹസിൽദാർതന്നെ ആദ്ധ്യക്ഷം വഹിക്കുകയോ ഡെപ്യൂട്ടി തഹസിൽദാരുടെ പദവിയിൽ താഴെയല്ലാത്ത ഒരാളെ ആദ്ധ്യക്ഷം വഹിക്കുന്നതിന് നിയമിക്കുകയോ ചെയ്യേണ്ടതാകുന്നു''. എന്നതിനുപകരം ''പ്രസ്തുത അധികാരസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.'' എന്നത് ചേർക്കേണ്ടതാണ്.

(2) (4)-ാം ഉപവകുപ്പിൽ (എ) എന്ന ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(എ) ഏതൊരു സംഗതിയിലും, ഒരു അംഗം നിലവിലുള്ള തൻെറ കാലാവധി അവസാനിക്കുകയോ അഥവാ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന് ഒരു ക്രിമിനൽ കോടതിയാൽ താൻ ശിക്ഷിക്കപ്പെടുകയോ അഥവാ മററുവിധത്തിൽ താൻ ഒരു അംഗമല്ലാതായിത്തീരുകയോ അഥവാ തന്നെ ഉദ്യോഗത്തിൽനിന്നും നീക്കം ചെയ്യുകയോ ചെയ്യുകയും'',

12. 25–ാം വകുപ്പിൽ,—

(1) ''തഹസീൽദാർ'' എന്നു കാണുന്നിടത്തെല്ലാം അതിനുപകരം ''ഈ ആവശ്യത്തിന് നിർണ്ണയിക്കപ്പെട്ട അധികാരസ്ഥൻ'' എന്നതു ചേർക്കണം.

(2) ''അദ്ദേഹം'' എന്നു കാണുന്നിടത്തെല്ലാം അതിനുപകരം ''അത്'' എന്നത് ചേർക്കണം.

13. 26-ാം വകുപ്പിൽ,—

(1) (1)–ാം ഖണ്ഡത്തിൽ ''ഉം'' എന്ന വാക്ക് അവസാനഭാഗത്ത്. ചേർക്കേണ്ടതാണ്.

(2) (11)–ാം ഖണ്ഡവും ''ഉം'' എന്ന വാക്കും വിട്ടുകളയേണ്ടതാണ്

14. 27–ാം വകുപ്പ് വിട്ടുകളയണം.

15. 28–ാം വകുപ്പ് (3)–ാം ഉപവകുപ്പിൽ, ഡെപ്യൂട്ടി ഡയറക്ടർ ഇതിലേയ്ക്കായി നിയമിക്കുന്ന എന്നതിനും ''നിയമിതനായ'' എന്നതിനും പകരം ''ജില്ലാ കൗൺസിൽ സെക്രട്ടറിയാൽ ഈ ആവശ്യത്തിനായി പഞ്ചായത്ത് തിരഞ്ഞെടുത്തതോ അഥവാ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ട ജില്ലാ കൗൺസിലിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ'' എന്നും ''തിരഞ്ഞെടുക്കപ്പെട്ട'' എന്നും ചേർക്കേതാണ്.

16. 29–ാം വകുപ്പിൽ,—

(1) (2)–ാം ഉപവകുപ്പിൽ ''ഡെപ്യൂട്ടി ഡയറക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾക്കു പകരം, ''ജില്ലാ കൗൺസിൽ സെക്രട്ടറിക്കോ, അദ്ദേഹം അധികാരപ്പെടുത്തിയ ജില്ലാ കൗൺസിലിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ,'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (3)–ാം ഉപവകുപ്പിൽ ''ഡെപ്യൂട്ടി ഡയറക്ടർ'' എന്നതിനുപകരം (2)–ാം ഉപവകുപ്പുപ്രകാരം എന്നത് ചേർക്കേണ്ടതാണ്.

17. 30–ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

30. പ്രസിഡൻറിന്റേയോ, വൈസ് പ്രസിഡൻറിയോ, അംഗത്തിന്റെയോ രാജി—(1) പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ എക്സ് ഒഫിഷ്യോ അംഗമല്ലാത്ത ഏതെങ്കിലും അംഗത്തിനോ രേഖാമൂലം പഞ്ചായത്തിന് നോട്ടീസ് കൊടുത്തുകൊണ്ട് അങ്ങനെയുള്ള പ്രസിഡന്റോ, വൈസ് പ്രസിഡന്റോ അംഗമോ എന്ന നിലയിലുള്ള തന്റെ പദവി രാജിവയ്ക്കാവുന്നതും നോട്ടീസ് സെക്രട്ടറിക്ക് നൽകേണ്ടതും അദ്ദേഹം അത് പഞ്ചായത്തിന്റെ അടുത്ത സമ്മേളനത്തിൽ അതിന്റെ മുമ്പാകെ വയ്ക്കേണ്ടതുമാകുന്നു. രാജി നോട്ടീസ് സെക്രട്ടറിക്ക് നേരിട്ട് നൽകിയിട്ടില്ലാത്ത പക്ഷം, അദ്ദേഹം രാജി നോട്ടീസ് ലഭിച്ചാലുടൻ, അത് പഞ്ചായത്ത് മുമ്പാകെ വയ്ക്കും മുമ്പ് അതിന്റെ വാസ്തവികതയെപ്പററി ബന്ധപ്പെട്ട ആളിൽ നിന്നും സ്ഥിരീകരണം വാങ്ങേണ്ടതാണ്.

(2) (1)—ാം ഉപവകുപ്പുപ്രകാരമുള്ള രാജി ബന്ധപ്പെട്ട ആരും ആ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് പിൻവലിക്കുന്നില്ലെങ്കിൽ, സമ്മേളനത്തിന്റെ മുമ്പാകെ നോട്ടീസ്‌വച്ച തീയതിയിലും അന്നുമുതൽക്കും പ്രാബല്യത്തിൽ വരുന്നതാണ്.''

18. 31—ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ, ''പ്രസിഡൻറിന്റെ അനുമതിയോടുകൂടിയും'' എന്നത് വിട്ടുകളയണം.

19. 32—ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത് —

''32. പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും അംഗങ്ങൾക്കും അലവൻസു നൽകൽ.—(1) പ്രസിഡൻറിന് തന്റെ കർത്തവ്യ നിർവ്വഹണത്തോടനുബന്ധിച്ചുള്ള ആനുഷംഗികച്ചെലവുകളും വാഹനബത്തയും നേരിടുന്നതിനുവേണ്ടി പഞ്ചായത്തിന്റെ ഫണ്ടുകളിൽ നിന്നും സർക്കാർ അതത് സമയം നിശ്ചയിക്കുന്ന പ്രകാരമുള്ള നിരക്കിൽ നിശ്ചിത മാസം ഒരു അലവൻസ് നൽകിയിരിക്കേണ്ടതാണ്.

(2) പഞ്ചായത്തിന്, പൊതുവോ പ്രത്യേകമോ ആയ ഉത്തരവുമൂലം സർക്കാർ പ്രത്യേകം പറഞ്ഞിട്ടുള്ള പരമാവധി പരിധിക്ക് വിധേയമായി, വൈസ്പ്രസിഡൻറിനും അംഗങ്ങൾക്കും പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെയോ സമ്മേളനങ്ങളിൽ ഹാജരാകുന്നതിനുള്ള ആനുഷംഗികച്ചെലവുകളും വാഹനബത്തയും നേരിടുന്നതിനുവേണ്ടി അലവൻസോ അഥവാ അതിനുപകരമായി സിററിംഗ് ഫീസോ അനുവദിക്കാവുതാണ്.''

20. കാര്യനിർവ്വഹണോദ്യോഗസ്ഥനും' കാര്യനിർവ്വഹണാധികാരസ്ഥനും'' എന്ന ശീർഷകത്തിനും 33, 34, 35 എന്നീ വകുപ്പുകൾക്കും പകരം താഴെ പറയുന്ന ശീർഷകവും വകുപ്പുകളും ചേർക്കേണ്ടതാണ്. അതായത്:—

''സെക്രട്ടറി

33. സെക്രട്ടറിയുടെ നിയമനം.—(1) ഓരോ പഞ്ചായത്തിനും, ഗവൺമെൻറു സർവ്വീസിലെ നിർണ്ണയിക്കപ്പെടാവുന്ന കേഡറിലുള്ള ഗവൺമെൻറ് ഉദ്യോഗസ്ഥനായ ഒരു മുഴുവൻ സമയ സെക്രട്ടറിയെ നിയമിക്കേണ്ടതാണ്.

(2) സർക്കാർ അതതുസമയം നിശ്ചയിക്കുന്ന പ്രകാരമുള്ള, സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ആദ്യം സംസ്ഥാന ഫണ്ടിൽനിന്നും നൽകേണ്ടതാണ്.

(3) സെക്രട്ടറിക്ക് നൽകിയ ശമ്പളവും അലവൻസുകളും മുഴുവനായും അദ്ദേഹത്തിന്റെ അവധിക്കാലശമ്പളത്തിലും പെൻഷനിലുമുള്ള ആവശ്യമായത്രയും അംശദായങ്ങളും സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും പഞ്ചായത്ത് വരവു വയ്ക്കേണ്ടതാണ്.

(4) സർക്കാരിന്, ഏതുസമയത്തും, ഒരു പഞ്ചായത്തിൽ നിന്നും ഒരു സെക്രട്ടറിയെ സ്ഥലം മാററാവുന്നതും, അങ്ങനെയുള്ള സ്ഥലംമാററം പ്രസ്തുത ആവശ്യത്തിന് വിളിച്ചുകൂട്ടിയ ഒരു പ്രത്യേക സമ്മേളനത്തിൽ പാസാക്കിയതും പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള അംഗസംഖ്യയുടെ ഭൂരിപക്ഷം വോട്ടുകളുടെ പിൻതുണയുള്ളതും ആയ പഞ്ചായത്തിന്റെ ഒരു പ്രമേയംമൂലം ശുപാർശ ചെയ്തിട്ടുള്ളതാണെങ്കിൽ അപ്രകാരം ചെയ്യേണ്ടതുമാകുന്നു.

34. സെക്രട്ടറിയുടെ ചുമതലകൾ.—സെക്രട്ടറി—

(i) പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടേയോ സമ്മേളനങ്ങളിൽ ഹാജരാകേണ്ടതും തികച്ചും ഉപദേശകന്റെ നിലയിൽ അവിടത്തെ ചർച്ചകളിൽ പങ്കെടുക്കാവുന്നതും എന്നാൽ ഏതെങ്കിലും പ്രമേയം അവതരിപ്പിക്കുന്നതിനോ വോട്ടു രേഖപ്പെടുത്തുന്നതിനോ യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ലാത്തതും;

(ii) പ്രസിഡന്റിന്റെ പൊതു മേൽനോട്ടത്തിനും, നിയന്ത്രണത്തിനും വിധേയമായും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കുവിധേയമായും പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയന്ത്രിക്കേണ്ടതും;

(iii) ഈ ആക്ററുമൂലമോ അതുപ്രകാരമോ ചുമത്തിയിട്ടുള്ള പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഈ ആക്ററുമൂലമോ അതുപ്രകാരമോ സെക്രട്ടറിയുടെ മേൽ പ്രത്യേകമായി ചുമത്തിയിട്ടുള്ളതോ അദ്ദേഹത്തിന് നൽകപ്പെട്ടിട്ടുള്ളതോ ആയ എല്ലാ ചുമതലകളും നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യേണ്ടതുമാകുന്നു.

35. എക്സിക്യൂട്ടീവ് അധികാരസ്ഥന്റെ അടിയന്തിരാധികാരങ്ങൾ.— എക്സിക്യൂട്ടീവ് അധികാരസ്ഥന്, അടിയന്തിരസംഗതികളിൽ, പഞ്ചായത്തിന്റെ അനുമതി ആവശ്യമായിട്ടുള്ളതും തന്റെ അഭിപ്രായത്തിൽ ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യേണ്ടതും പൊതുജനങ്ങളുടെ രക്ഷയ്ക്ക് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും ജോലി നടത്തുകയോ പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും അങ്ങനെയുള്ള ജോലി നടത്തുന്നതിന്റെയോ അങ്ങനെയുള്ള പ്രവൃത്തി ചെയ്യുന്നതിന്റെയോ ചെലവുകൾ പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ അദ്ദേഹം—

(എ) ഏതെങ്കിലും പ്രത്യേകജോലി നടത്തുന്നതോ ഏതെങ്കിലും പ്രത്യേകപ്രവൃത്തിചെയ്യുന്നതോ നിരോധിച്ചുകൊണ്ടുള്ള പഞ്ചായത്തിന്റെ ഏതെങ്കിലും തീരുമാനത്തിനു വിരുദ്ധമായി ഈ വകുപ്പുപ്രകാരം പ്രവർത്തിക്കാൻ പാടില്ലാത്തതും;

(ബി) ഈ വകുപ്പുപ്രകാരം എടുത്ത നടപടിയും അതിനുള്ള കാരണങ്ങളും പഞ്ചായത്തിന് അതിന്റെ അടുത്ത സമ്മേളനത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതും;

(സി) ആയിരം രൂപയിൽ കൂടുതലായുള്ള ചെലവ് ഉൾപ്പെടുന്ന ഏതെങ്കിലും ജോലി നടത്തുവാനോ, ഏതെങ്കിലും പ്രവർത്തി ചെയ്യുവാനോ നിർദ്ദേശിക്കാൻ പാടില്ലാത്തതുമാകുന്നു.

21. 36—ാം വകുപ്പു വിട്ടുകളയേണ്ടതാണ്.

22. 37—ാം വകുപ്പിൽ ''പ്രസിഡന്റ്'' നിർദ്ദേശിക്കാവുന്ന മറെറതെങ്കിലും ഉദ്യോഗസ്ഥൻ എന്നതിനുപകരം ''ഏതെങ്കിലും ഉദ്യോഗസ്ഥൻ'' എന്നതു ചേർക്കണം.

23. 38-ാം വകുപ്പ് വിട്ടുകളയണം.

24. 39-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

39. പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും.—(1) (എ) നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, സർക്കാരിന്, പഞ്ചായത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായേക്കാവുന്ന തങ്ങളുടെ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും പഞ്ചായത്തിന്റെ സർവ്വീസിലേയ്ക്ക് മാററുകയോ പഞ്ചായത്തിന്റെ അധീനതയിലാക്കുകയോ ചെയ്യാവുന്നതാണ്.

(ബി) പഞ്ചായത്തിന്റെ അധീനതയിലാക്കിയ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും എല്ലാ ആവശ്യങ്ങൾക്കും സർക്കാർ ജീവനക്കാരായി തുടരുന്നതും സേവനം സംബന്ധിച്ച് അവരുടെ നിബന്ധനകളും വ്യവസ്ഥകളും സർക്കാരിന്റെ കീഴിൽ അവർക്കു ബാധകമായിരുന്നവതന്നെ ആയി തുടരുന്നതും ആകുന്നു.

(2) (3)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കു വിധേയമായി ഓരോ പഞ്ചായത്തിലെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും എണ്ണവും ഉദ്യോഗപ്പേരുകളും ഗ്രേഡുകളും അവർക്ക് നൽകേണ്ട ശമ്പളവും അലവൻസുകളും സർക്കാർ നിശ്ചയിക്കേണ്ടതും അവർക്ക് അവ വ്യത്യാസപ്പെടുത്താവുന്നതും ആകുന്നു.

(3) സർക്കാരിന് താഴെപ്പറയുന്നവ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(എ) പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കുന്ന അധികാരസ്ഥൻമാരെ സംബന്ധിച്ചും അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും തരംതിരിക്കലും, തെരഞ്ഞെടുപ്പു രീതിയും ശമ്പളവും അലവൻസുകളും, അച്ചടക്കവും പെരുമാററവും മററു സേവനവ്യവസ്ഥകളും സംബന്ധിച്ചും;

(ബി) പഞ്ചായത്തുകളിലെ ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കുംവേണ്ടി ഒന്നുകിൽ സംസ്ഥാനത്തിനും മുഴുവനുമായോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ഒരു പ്രത്യേക സർവ്വീസും രൂപീകരിക്കുന്നതും.

25. 41-ാം വകുപ്പിൽ, ''പഞ്ചായത്ത് ഇൻസ്പെക്ടർ എന്നതിനു പകരം'' ''ജില്ലാകൗൺസിൽ'' എന്നതു ചേർക്കണം.

26. 44-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) രണ്ടാം വാചകത്തിൽ ''ഏർപ്പെടുത്താവുന്നതാണ്'' എന്നതിനു പകരം ''ഏർപ്പെടുത്തേണ്ടതാണ് '' എന്നതുചേർക്കണം.

(ബി) അവസാനവാചകത്തിൽ ''പ്രവൃത്തിയുടെ സ്വഭാവവും ഉദ്ദേശവും'' എന്നു തുടങ്ങുന്ന വാക്കുകൾക്കും ''അതതുസമയം'' എന്നവസാനിക്കുന്ന വാക്കുകൾക്കും പകരം താഴെപറയുന്ന വാചകം ചേർക്കേണ്ടതാണ്.

അതായത്:—

''ഈ കമ്മിററികളുടെ രൂപീകരണവും സ്വഭാവവും പ്രവർത്തന വ്യാപ്തിയും നിർണ്ണയിക്കപ്പെട്ട വിധത്തിൽ ആയിരിക്കേണ്ടതാണ്.''

(2) (2)-ാം ഉപവകുപ്പിൽ, 'ഡെപ്യൂട്ടി ഡയറക്ടർ'' എന്നതിനു പകരം ''സർക്കാരോ ജില്ലാകൗൺസിലോ'' എന്നതു ചേർക്കണം.

27. 45-ാം വകുപ്പിനുപകരം താഴെപറയുന്ന വകുപ്പു ചേർക്കേണ്ടതാണ് അതായത്:—

''45 പഞ്ചായത്തും മററു തദ്ദേശാധികാരസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ അഡ്ജൂഡിക്കേഷനു വിടൽ.—(i) ഒരു പഞ്ചായത്തും ഒന്നോ ഒന്നിലധികമോ മററു തദ്ദേശാധികാരസ്ഥാനമോ തദ്ദേശാധികാരസ്ഥാനങ്ങളോ അഥവാ ഒരു ജില്ലാ കൗൺസിലോ അതുമായി ഈ ആക്ററിലേയോ മറേറതെങ്കിലും ആക്ററിലേയോ വ്യവസ്ഥകൾപ്രകാരം ഉൽഭവിക്കുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് ഒരു തർക്കം നിലവിലുള്ളപ്പോൾ, പഞ്ചായത്ത് അതതു സംഗതിപോലെ, തദ്ദേശാധികാരസ്ഥാനമോ തദ്ദേശാധികാരസ്ഥാനങ്ങളോ അഥവാ ജില്ലാ കൗൺസിലോ അവരും അവരുടെ തന്നെ സമ്മതമനുസരിച്ചോ അഥവാ സർക്കാരിന്റെ അഭിപ്രായത്തിലോ അത് സൗഹാർദ്ദപരമായി ഒത്തുതീർപ്പാക്കുന്നതിന് അപ്രാപ്തരാണെങ്കിൽ, പൊതുവോ പ്രത്യേകമോ ആയ ഉത്തരവുമൂലം ഈ ആവശ്യത്തിന് സർക്കാർ അധികാരപ്പെടുത്തിയ ഗവൺമെൻറ് അഡീഷണൽ സെക്രട്ടറിയും അതിനു മുകളിലും പദവിയിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് തർക്കം സ്വയം ഒത്തുതീർപ്പാക്കുകയോ അഥവാ അത് അപ്രകാരം ഒത്തുതീർപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു റിപ്പോർട്ടു സഹിതം തീരുമാനത്തിനുവേണ്ടി സർക്കാരിന് റഫർചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള സർക്കാരിന്റെ ഏതൊരു തീരുമാനവും അതതു സംഗതിപോലെ പഞ്ചായത്തും മററു തദ്ദേശാധികാരസ്ഥാനമോ തദ്ദേശാധികാരസ്ഥാനങ്ങളോ അവയും ജില്ലാ കൗൺസിലും അനുസരിക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതും, ഏതെങ്കിലും നിയമക്കോടതിയിൽ ചോദ്യംചെയ്യപ്പെടുന്നതിന് വിധേയമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(3) ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാനങ്ങളിലൊന്ന് ഒരു കൺേൻറാൺമെൻറ് അധികാരസ്ഥാപനമോ ഒരു മേജർപോർട്ടിന്റെ പോർട്ട് അധികാരസ്ഥാപനമോ ആയിരിക്കുന്നപക്ഷം ഈ വകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ അധികാരം കേന്ദ്ര സർക്കാരിന്റെ സമ്മതത്തോടുകൂടി മാത്രം വിനിയോഗിക്കേണ്ടതാകുന്നു.''

28. 46-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''46. പഞ്ചായത്തുകളുടെ ഭരണ റിപ്പോർട്ടുകൾ.—(1) ഓരോ പഞ്ചായത്തും ഓരോ കൊല്ലത്തേയും അതിന്റെ ഭരണത്തെപ്പററി അങ്ങനെയുള്ള കൊല്ലം അവസാനിച്ചശേഷം കഴിയുന്നത്ര വേഗത്തിലും നിർണ്ണയിക്കപ്പെട്ട തീയതികഴിയാതെയും നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും വിശദാംശങ്ങളോടും കൂടിയും, ഒരു റിപ്പോർട്ട് ജില്ലാ കൗൺസിലിന് സമർപ്പിക്കേണ്ടതാണ്.

(2) എക്സിക്യൂട്ടീവ് അധികാരസ്ഥനോട് ആലോചിച്ച് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കേണ്ടതും പഞ്ചായത്ത് അത് പരിഗണിക്കുകയും അതിൻമേൽ അതിന്റെ പ്രമേയം സഹിതം ആയത് ജില്ലാ കൗൺസിലിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.''

29. 48–ാം വകുപ്പിൽ,—

''(1) (1)–ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

''(1) തദ്ദേശാധികാരസ്ഥാനങ്ങളുടെ കമ്മീഷണർ പഞ്ചായത്തുകളുടെ ഭരണത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും ഈ ആക്റ്റു മൂലമോ അതിൻകീഴിലോ തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആകുന്നു.''

(2) (5)–ാം ഉപവകുപ്പിൽ,—

(എ) (എ) എന്ന ഖണ്ഡത്തിൽ ''കാര്യനിർവ്വഹണോദ്യോഗസ്ഥന്റെയോ'' എന്നതു വിട്ടുകളയണം.

(ബി) രണ്ടാമത്തെ ഖണ്ഡികയിൽ ''എക്സിക്യൂട്ടീവ് അധികാരസ്ഥൻമാരും'' എന്നതിനുപകരം ''സെക്രട്ടറിമാരും'' എന്നതു ചേർക്കണം.

(3) (6)–ാം ഉപവകുപ്പിൽ ''ഡയറക്ടറോ ഡെപ്യൂട്ടി ഡയറക്ടറോ'' എന്നതിനുപകരം ''തദ്ദേശാധികാരസ്ഥാനങ്ങളുടെ കമ്മീഷണർ'' എന്നത് ചേർക്കണം.

30. 49–ാം വകുപ്പിൽ ''ഡയറക്ടർ'' എന്നതിനുപകരം ''തദ്ദേശാധികാരസ്ഥാനങ്ങളുടെ കമ്മീഷണർ'' എന്നതു ചേർക്കേണ്ടതാണ്.

31. 50–ാം വകുപ്പിൽ,—

(1) ''ഡയറക്റ്റർ'' എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം ''സർക്കാരോ അഥവാ ജില്ലാ കൗൺസിലോ'' എന്നു ചേർക്കേണ്ടതാണ്.

(2) ''തന്റെ'' എന്നതിനുപകരം ''അവരുടെ'' അല്ലെങ്കിൽ ''അതിന്റെ'' എന്നു ചേർക്കേണ്ടതാണ്.

32. 52–ാം വകുപ്പിൽ,—

(1) മാർജിനിലെ ശീർഷത്തിനും (1)–ാം ഉപവകുപ്പിനും പകരം താഴെപ്പറയുന്ന മാർജിനിലെ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

''52. <u>പഞ്ചായത്തിന്റെയും എക്സിക്യൂട്ടീവ് അധികാരസ്ഥന്റെയോ വീഴ്ചയിൽ നടപടിയെടുക്കാനുള്ള അധികാരം.</u>—(1) ഈ ആക്റ്റുമൂലമോ ആക്റ്റുപ്രകാരമോ അഥവാ മറ്റേതെങ്കിലും ആക്റ്റുമൂലമോ ആക്റ്റു പ്രകാരമോ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യം നിറവേററുന്നതിൽ പഞ്ചായത്തോ എക്സിക്യൂട്ടീവ് അധികാരിയോ വീഴ്ചവരുത്തിയെന്ന് സർക്കാരിനോ, ജില്ലാ കൗൺസിലിനോ ഏതെങ്കിലും സമയത്ത് തോന്നുന്ന പക്ഷം, അവർക്ക് രേഖാമൂലമായ ഉത്തരവുപ്രകാരം അങ്ങനെയുള്ള കർത്തവ്യം നിറവേററുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാവുന്നതാണ്.

(2) (2)-ാം ഉപവകുപ്പിൽ ''ഡയറക്ടറോ'' എന്നതിനുപകരം ''സർക്കാരിനോ ജില്ലാ കൗൺസിലിനോ'' എന്നതു ചേർക്കേണ്ടതാണ്.

33. 53-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''53. പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ നീക്കം ചെയ്യുന്നതിന് സർക്കാരിനുള്ള അധികാരം.—(1) സർക്കാരിന്, അവരുടെ അഭിപ്രായത്തിൽ, ഈ ആക്ററിലേയോ അഥവാ അതുപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ചട്ടത്തിലേയോ ഉപനിയമത്തിലേയോ റഗുലേഷനിലേയോ അഥവാ അവയുടെ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും നിയമാനുസൃതമായ ഉത്തരവിലേയോ വ്യവസ്ഥകൾ നടപ്പാക്കാൻ മനഃപൂർവ്വം വീഴ്ച വരുത്തുകയോ വിസമ്മതിക്കുകയോ അഥവാ അനുസരിക്കാതിരിക്കുകയോ അഥവാ തന്നിൽ നിക്ഷിപ്തമായ അധികാരം ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും പ്രസിഡൻറിനേയോ വൈസ്പ്രസിഡൻറിനേയോ ഗസററിൽ വിജ്ഞാപനംമൂലവും അതിൽ പ്രത്യേകമായിപ്പറയുന്ന തീയതി മുതൽക്കും നീക്കം ചെയ്യാവുന്നതാണ്.

(2) സർക്കാർ (1)-ാം ഉപവകുപ്പിൻകീഴിൽ നടപടി എടുക്കാൻ നിർദ്ദേശിക്കുമ്പോൾ—

(എ) അധികാരപ്പെടുത്തപ്പെടാവുന്ന ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് ഇക്കാര്യത്തിൽ ഒരന്വേഷണം നടത്താൻ ഏർപ്പാടു ചെയ്യേണ്ടതും;

(ബി) അതതു സംഗതിപോലെ, പ്രസിഡൻറിനോ, വൈസ് പ്രസിഡൻറിനോ, വിശദീകരണത്തിന് ന്യായമായ ഒരവസരം കൊടുക്കേണ്ടതും;

(സി) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ നടപടി നടത്താനുള്ള കാരണങ്ങൾ പ്രത്യേകം പറയേണ്ടതുമാകുന്നു.

(3) പ്രസിഡൻറിൻെറയോ വൈസ്പ്രസിഡൻറിൻെറയോ സ്ഥാനത്ത് നിന്നും (1)-ാം ഉപവകുപ്പിൻകീഴിൽ നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും, ആ ജില്ലാ കൗൺസിലിൻെറ അടുത്ത സാധാരണ തെരഞ്ഞെടുപ്പിൻെറ നോട്ടീസ് നിർണ്ണയിക്കപ്പെട്ട വിധത്തിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി വരെയോ അഥവാ നീക്കംചെയ്യപ്പെട്ട തീയതിമുതൽ ആറുമാസം കഴിയുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യമായി വരുന്നത് ആ തീയതിവരെ മേൽപ്പറഞ്ഞ ഏതൊരു സ്ഥാനത്തിനും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

34. 54-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്. അതായത്:—

''54. പ്രസിഡൻറിൻേറയോ വൈസ് പ്രസിഡൻറിൻേറയോ പേരിലുള്ള അവിശ്വാസ പ്രമേയം.—(1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രസിഡൻറിൻെറയോ വൈസ് പ്രസിഡൻറിൻെറയോ പേരിൽ വിശ്വാസമില്ലായ്മ പ്രകടമാക്കുന്ന ഒരു പ്രമേയം ഇതിൽ പറഞ്ഞിരിക്കുന്ന നടപടിക്രമമനുസരിച്ച് അവതരിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശം നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ

പഞ്ചായത്തിനു അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാതെ വരുന്ന പഞ്ചായത്ത് അംഗങ്ങൾ ഒപ്പിട്ട രേഖാമൂലമായ നോട്ടീസ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിന്റെ ഒരു പകർപ്പോടുകൂടി നോട്ടീസിൽ ഒപ്പിട്ട ഏതെങ്കിലും പഞ്ചായത്തംഗം നേരിട്ട് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

(3) സെക്രട്ടറി പ്രമേയം പരിഗണിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ ഒരു യോഗം (2)-ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസ് അദ്ദേഹത്തിന് ഏല്പിച്ചുകൊടുത്ത തീയതിമുതൽ പതിനഞ്ചുദിവസത്തിനുശേഷമല്ലാത്ത അദ്ദേഹം നിശ്ചയിക്കുന്ന സമയത്ത് പഞ്ചായത്ത് ആഫീസിൽ വച്ച് നടത്തുന്നതിനായി വിളിച്ചുകൂട്ടേണ്ടതാണ്.

(4) സെക്രട്ടറി ഈ വകുപ്പുപ്രകാരം നടത്തുന്ന ഏതൊരു യോഗത്തേയും അതിന് നിശ്ചയിച്ച സമയത്തേയും സംബന്ധിച്ച് പത്തു പൂർണ്ണദിവസത്തിൽ കുറയാത്ത നോട്ടീസ് പഞ്ചായത്തംഗങ്ങൾക്ക് നൽകേണ്ടതാണ്.

(5) ഈ വകുപ്പിൻ കീഴിൽ വിളിച്ചുകൂട്ടുന്ന ഒരു യോഗത്തിൽ---

(എ) പ്രമേയം വൈസ് പ്രസിഡൻറിന് എതിരായിട്ടാണെങ്കിൽ പ്രസിഡൻറും;

(ബി) പ്രമേയം പ്രസിഡൻറിന് എതിരായിട്ടാണെങ്കിൽ വൈസ് പ്രസിഡൻറും;

(സി) അതതു സംഗതിപോലെ പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ അഭാവംമൂലം മററു വിധത്തിലോ (എ) എന്ന ഖണ്ഡത്തിലോ (ബി) എന്ന ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ ആ ആവശ്യാർത്ഥം ഹാജരുള്ള അംഗത്തെ തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരംഗം ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(6) ഈ വകുപ്പു പ്രകാരമുള്ള പ്രമേയം പരിഗണിക്കുന്ന ആവശ്യത്തിലേക്കായി വിളിച്ചുകൂട്ടിയ ഒരു യോഗം മാനുഷിക നിയന്ത്രണാതീതമായ കാരണങ്ങളാലല്ലാതെ മാററിവയ്ക്കാൻ പാടില്ലാത്തതാണ്.

(7) ഈ വകുപ്പു പ്രകാരം വിളിച്ചുകൂട്ടിയ യോഗം ആരംഭിച്ച് ഉടൻ തന്നെ, ആദ്ധ്യക്ഷം വഹിക്കുന്ന ആൾ ഏതു പ്രമേയം പരിഗണിക്കുന്നതിനാണോ പഞ്ചായത്ത് യോഗം വിളിച്ചുകൂട്ടിയത് ആ പ്രമേയം അതിന്റെ മുമ്പാകെ വായിക്കേണ്ടതും അതിൻമേൽ ചർച്ച ചെയ്യാവുന്നതാണെന്ന് പ്രഖ്യാപിക്കേണ്ടതുമാകുന്നു.

(8) ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും പ്രമേയം സംബന്ധിച്ച് ചർച്ച മാനുഷിക നിയന്ത്രണാതീതമായ കാരണങ്ങളാലല്ലാതെ മാററിവയ്ക്കാൻ പാടില്ലാത്തതാണ്.

(9) ഏതെങ്കിലും പ്രമേയം സംബന്ധിച്ച ചർച്ചായോഗം യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ച സമയംതൊട്ട് നാലു മണിക്കൂർ കഴിയുമ്പോൾ, അതിനുമുമ്പ് അവസാനിച്ചിട്ടില്ലെങ്കിൽ സ്വമേധയാ അവസാനിക്കു

ന്നതും, അതതു സംഗതിപോലെ, ചർച്ച അവസാനിക്കുമ്പോഴോ അപ്രകാരമുള്ള നാലു മണിക്കൂർ സമയം കഴിയുമ്പോഴോ പ്രമേയം വോട്ടിനിടേണ്ടതുമാകുന്നു.

(10) ആദ്ധ്യക്ഷം വഹിക്കുന്ന ആൾ പ്രമേയത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് സംസാരിക്കാൻ പാടില്ലാത്തതും എന്നാൽ അതിൻമേൽ വോട്ടു ചെയ്യുന്നതിന് അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതും എന്നാൽ അദ്ദേഹം ഏതെങ്കിലും രണ്ടാം വോട്ടോ കാസ്ററിംഗ് വോട്ടോ വിനിയോഗിക്കാൻ പാടില്ലാത്തതുമാകുന്നു.

(11) യോഗനടപടി കുറിപ്പിന്റെ പകർപ്പ് പ്രമേയത്തിന്റെ പകർപ്പും അതിൻമേൽ വോട്ടു ചെയ്തതിന്റെ ഫലവും സഹിതം യോഗം അവസാനിച്ച ഉടനെതന്നെ സെക്രട്ടറി സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(12) പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള അംഗസംഖ്യയുടെ ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കുന്നപക്ഷം സർക്കാർ, ഗസററിൽ വിജ്ഞാപനംമൂലം അതതു സംഗതിപോലെ, പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ നീക്കം ചെയ്യേണ്ടതാണ്.

(13) മേൽപ്പറഞ്ഞ പ്രകാരമുള്ള ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസകാതിരിക്കുകയോ അഥവാ കോറം ഇല്ലാത്തതിനാൽ യോഗം നടത്താൻ കഴിയാതെ വരികയോ ചെയ്യുന്നപക്ഷം, അതതു സംഗതിപോലെ, യോഗത്തിന്റെ തീയതി മുതൽക്കോ അഥവാ യോഗത്തിന് നിശ്ചയിച്ച തീയതി മുതൽക്കോ ആറുമാസം കഴിയുന്നതുവരെ അതേ പ്രസിഡൻറിന്റേയോ വൈസ് പ്രസിഡൻറിന്റേയോ പേരിൽ വിശ്വാസമില്ലായ്മ പ്രകടിപ്പിക്കുന്ന പിന്നീടുള്ള ഏതെങ്കിലും പ്രമേയത്തിനുള്ള നോട്ടീസ് സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

(14) ഈ വകുപ്പുപ്രകാരമുള്ള പ്രമേയം സംബന്ധിച്ച് യാതൊരു നോട്ടീസും, അതതു സംഗതിപോലെ, പ്രസിഡന്റോ വൈസ് പ്രസിഡന്റോ ഔദ്യോഗിക സ്ഥാനം ഏറെറടുത്തതു മുതൽ ആറുമാസത്തിനകം സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

35. 55-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, ''കൃത്യങ്ങൾ നിർവഹിക്കുവാൻ ശേഷിയില്ലെന്നോ'' എന്നതു വിട്ടുകളയണം.

36. 57-ാം വകുപ്പിനു പകരം, താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''57. <u>പഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും കൃത്യങ്ങളും.</u>

(1) ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾക്കു വിധേയമായി, VI-ാം പട്ടികയിൽ വിശദമായി പറഞ്ഞിട്ടുള്ള സംഗതികൾ സംബന്ധിച്ച് പഞ്ചായത്തു പ്രദേശത്തുള്ള ആവശ്യങ്ങൾ നിറവേറേറണ്ടത് പഞ്ചായത്തിന്റെ ചുമതലയാകുന്നു.

(2) ഈ ആക്ററിലെ മററു വ്യവസ്ഥകൾക്കും സർക്കാരിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായി, പഞ്ചായത്തിലെ VI-ാം പട്ടികയിൽ പറഞ്ഞിരിക്കുന്ന സംഗതികളെ ഭരിക്കുന്നതിന് പഞ്ചായത്തിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ററുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾക്കു വിധേയമായും അതിന്റെ ഫണ്ടിന്റെ പരിധിക്കുള്ളിലും ജില്ലാ കൗൺസിലിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായും VII—ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് പഞ്ചായത്തു പ്രദേശത്തെ ആവശ്യങ്ങൾ നിറവേററുന്നതിനായി ന്യായമായ വ്യവസ്ഥകൾ പഞ്ചായത്തിന് ഉണ്ടാക്കാവുന്നതാണ്.

(4) സർക്കാരും ജില്ലാ കൗൺസിലും, വിഭവങ്ങളുടെ ലഭ്യതയ്ക്ക് വിധേയമായി, പഞ്ചായത്തുകളുടെ കൃത്യങ്ങൾ നിറവേററുന്നതിന് അവരെ സഹായിക്കത്തക്കവണ്ണം അവയ്ക്ക് സാമ്പത്തികവും സാങ്കേതികവും മററു തരത്തിലുള്ളതുമായ സഹായങ്ങൾക്ക് വ്യവസ്ഥ ചെയ്യേണ്ടതാണ്.

(5) VI—ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് സർക്കാരോ ജില്ലാ കൗൺസിലോ അനുമതി നൽകുന്ന എല്ലാ സഹായധനവും ബന്ധപ്പെട്ട പഞ്ചായത്തുകൾവഴി വിതരണം ചെയ്യേണ്ടതാകുന്നു.''

37. 58—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ ''ഡയറക്ടർക്കോ അല്ലെങ്കിൽ കളക്ടർക്കോ'' എന്നതിനുപകരം ''ജില്ലാകൗൺസിലിനോ'' എന്നതു ചേർക്കേണ്ടതാണ്.

(2) (2)—ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാകുന്നു; അതായത്:—

''(2) സർക്കാരിനോ, ജില്ലാകൗൺസിലിനോ, പഞ്ചായത്തുകൾക്ക് വിനിയോഗിക്കാവുന്നതാണെന്ന് ഇതിനുമുമ്പ് പറഞ്ഞിട്ടുള്ള അധികാരങ്ങൾക്കും കൃത്യങ്ങൾക്കും പുറമേ, പൊതുവായോ, പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം, ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്കും ചുമത്താവുന്നപ്രകാരമുള്ള വ്യവസ്ഥകൾക്കും വിധേയമായി, മറേറതെങ്കിലും അധികാരം വിനിയോഗിക്കുന്നതിനോ കൃത്യം നിറവേററുന്നതിനോ ഒരു പഞ്ചായത്തിനെ അധികാരപ്പെടുത്താവുന്നതാണ്.''

(3) 4—ാം ഉപവകുപ്പിൽ ''ഗവൺമെൻറ്'' എന്നു കാണുന്ന രണ്ടു സ്ഥലങ്ങളിലും, അവയ്ക്കുപകരം ''സർക്കാരോ ജില്ലാകൗൺസിലോ'' എന്നതു ചേർക്കേണ്ടതാകുന്നു.

38. 62—ാം വകുപ്പിൽ, (1)—ാം ഉപവകുപ്പിൽ, ''ദേശീയ ഹൈവേകളും, സംസ്ഥാനഹൈവേകളും അല്ലെങ്കിൽ ജില്ലാറോഡുകളും ആയി തരംതിരിച്ച റോഡുകൾ'' എന്നതിനുപകരം ''നാഷണൽ ഹൈവേകളും, ഹൈവേകൾ എന്ന സർക്കാർ തരംതിരിച്ചിട്ടുള്ള മററു റോഡുകളും'' എന്നതു ചേർക്കേണ്ടതാണ്.

39. 66—ാം വകുപ്പിൽ—

(1) (3)—ാം ഉപവകുപ്പിൽ, ''ഡയറക്ടറുടെ അനുമതിയോടുകൂടി ചുമത്താവുന്നതാകുന്നു'' എന്നതിനുപകരം ''അങ്ങനെയുള്ള സേവനങ്ങൾക്ക് എവിടെയെല്ലാം പഞ്ചായത്തു വ്യവസ്ഥചെയ്തിട്ടുണ്ടോ അവിടെയെല്ലാം ചുമത്തേണ്ടതാണ്'' എന്നതു ചേർക്കേണ്ടതാണ്.

(2) (5)—ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''(5) (1) പഞ്ചായത്തുപ്രദേശത്തിനുള്ളിൽ നടത്തുന്ന എല്ലാ കാഴ്ചകൾക്കും സർക്കാർ ഇതിനുവേണ്ടി നിർണ്ണയിക്കുന്ന നിരക്കിൽ ഒരു കാഴ്ച നികുതി ചുമത്തേണ്ടതാകുന്നു.''

വിശദീകരണം.—'കാഴ്ച' എന്ന വാക്കിൽ ഏതെങ്കിലും വിനോദം, പ്രദർശനം, അഭിനയം, ആമോദം, കായികവിനോദം, കളി അഥവാ പണം വാങ്ങിക്കൊണ്ട് പ്രവേശനം നടത്തുന്ന പന്തയം എന്നിവ ഉൾപ്പെടുന്നതാണ്.

(ii) ചുമത്താവുന്ന നികുതി കാഴ്ച നടത്തുന്നത് ഏതു സ്ഥലത്തുവച്ചാണോ ആ സ്ഥലത്തിന്റെ ഉടമസ്ഥൻ കാഴ്ചനടത്തുന്നതിനു വാടക വാങ്ങുന്നെങ്കിൽ അയാൾ കൊടുക്കേണ്ടതോ അയാളിൽ നിന്ന് വസൂലാക്കേണ്ടതോ അഥവാ യാതൊരു വാടകയും കൊടുക്കുന്നില്ലെങ്കിൽ, കാഴ്ച നടത്തുന്നതിന് ചുമതലപ്പെട്ട വ്യക്തി ഉൾപ്പെടെ കാഴ്ചയുടെ ഉടമസ്ഥൻ കൊടുക്കേണ്ടതും അയാളിൽ നിന്നും വസൂലാക്കേണ്ടതുമാകുന്നു.''

40. 68—ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുചേർക്കേണ്ടതാകുന്നു, അതായത്:—

''68എ. സർക്കാരിന്റെ നിർദ്ദേശത്തിൻമേൽ വീട്ടുകരം ചുമത്തൽ.—(1) സർക്കാരിന്, ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുമൂലം, അതിൽ പ്രത്യേകം പറയുന്ന നിരക്കിലും തീയതിമുതലും (ഉത്തരവു പ്രസിദ്ധപ്പെടുത്തുന്ന അർദ്ധവർഷത്തിനുശേഷം തൊട്ടുവരുന്ന അർദ്ധവർഷത്തിൽ ആദ്യത്തെ ദിവസത്തിനു മുമ്പല്ലാതെ), 68—ാം വകുപ്പുപ്രകാരം ചുമത്താവുന്ന വീട്ടുകരം ചുമത്തുന്നതിന് ഏതൊരു പഞ്ചായത്തിനോടും നിർദ്ദേശിക്കാവുന്നതാണ്.

(2) (1)—ാം ഉപവകുപ്പുപ്രകാരം ഒരു ഉത്തരവു പ്രസിദ്ധപ്പെടുത്തുമ്പോൾ, നികുതി സംബന്ധിച്ച ഈ ആക്ററിലെ വ്യവസ്ഥകൾ, പഞ്ചായത്തു അങ്ങനെയുള്ള ഉത്തരവു പ്രസിദ്ധപ്പെടുത്തിയ രീതിയിൽ ഉത്തരവിൽ പറഞ്ഞ നിരക്കിലും തീയതി മുതൽക്കും പ്രമേയംവഴി നികുതി ചുമത്താൻ നിശ്ചയിച്ചപോലെയും, 68—ാം വകുപ്പുപ്രകാരം ഏതു നിരക്കിലും ഏതു തീയതിമുതൽക്കും നികുതി ചുമത്തണമെന്ന് പാസാക്കിയ പഞ്ചായത്തിന്റെ മററു യാതൊരു പ്രമേയവും പ്രാബല്യത്തിൽ വന്നില്ല എന്നപോലെയും ബാധകമാകുന്നതാണ്.

(3) പഞ്ചായത്ത് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടിയല്ലാതെ, (1)—ാം ഉപവകുപ്പു പ്രകാരമുള്ള ഉത്തരവനുസരിച്ച് ചുമത്തിയ കരത്തിന്റെ നിരക്ക് മാററുകയോ അങ്ങനെയുള്ള കരം വേണ്ടെന്നുവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

41. 69—ാം വകുപ്പിൽ,

(1) (1)—ാം ഉപവകുപ്പിൽ, (11)—ാം ഖണ്ഡം (ബി) ഉപഖണ്ഡത്തിൽ, ''പെൻഷനോ'' എന്നതു വിട്ടുകളയേണ്ടതാണ്.

(2) (4)—ാം ഉപവകുപ്പിൽ, 1116—ലെ തിരുവനന്തപുരം സിററി മുനിസിപ്പൽ ആക്ററോ, 1920—ലെ മദിരാശി ഡിസ്ട്രിക്ററ് മുനിസിപ്പാലി

ററീസ് ആക്ററാ, 1116-ലെ തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലി ററീസ് ആക്ററാ 1113—ലെ കൊച്ചി മുനിസിപ്പൽ ആക്ററാ (1115—ലെ 17) ''എന്നതിനുപകരം'' 1961—ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ററാ (1961—ലെ 30) 1961—ലെ കേരള മുനിസിപ്പാലിററി ആക്ററാ (1961—ലെ 14) എന്നതു ചേർക്കേണ്ടതാണ്.

(3) (5)—ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

''(5) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ, ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെ പ്രാദേശികാതിർത്തിക്കുള്ളിൽ താമസിക്കുകയും മററതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ, സ്ഥാപനങ്ങളുടെയോ പ്രാദേശികാതിർത്തിക്കുള്ളിൽ തന്റെ ജീവിതവൃത്തിയോ, കലയോ, തൊഴിലോ, നടത്തുകയോ ബിസിനസ് നടത്തുകയോ അഥവാ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുകയും ചെയ്യുന്ന ഒരാളെ പ്രസ്തുത തദ്ദേശാധികാര സ്ഥാനങ്ങളിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനം ചുമത്തുന്ന ഏററവും കൂടിയ തൊഴിൽകരത്തിൽ കവിഞ്ഞ കരം കൊടുക്കാൻ ബാദ്ധ്യസ്ഥനാക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല, അപ്രകാരമുള്ള സംഗതികളിൽ ഏററവും കൂടിയ നിരക്കിൽ കരം ചുമത്തിയത് ഏത് തദ്ദേശാധികാരസ്ഥാനമാണോ, അത് കരം ചുമത്തേണ്ടതും ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടാവുന്ന അനുപാതത്തിൽ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനങ്ങൾ കരം വിഭജിച്ചെടുക്കേണ്ടതുമാകുന്നു.

എന്നാൽ പ്രസ്തുത തദ്ദേശാധികാരസ്ഥാനങ്ങളിൽ ഒന്ന് കൺട്രോൺമെൻറ് അധികാരസ്ഥാനമോ ഒരു വൻകിട തുറമുഖത്തിന്റെ പോർട്ട് അതോറിററിയോ ആണെങ്കിൽ തദ്ദേശാധികാരസ്ഥാനങ്ങളുടെ തീരുമാനം നിർണ്ണയിക്കപ്പെടാവുന്ന വിധം ലഭിച്ച കേന്ദ്രസർക്കാരിന്റെ സമ്മതത്തിന് വിധേയമായിരിക്കുന്നതാണ്.

42. 70—ാം വകുപ്പിൽ, ''പഞ്ചായത്ത്, നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ നിശ്ചയിക്കാവുന്ന നിരക്കുകളനുസരിച്ച്'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

43. 71—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡത്തിൽ, ''നാലുശതമാനത്തിൽ കവിയാതെ, ഗവൺമെൻറു നിശ്ചയിക്കാവുന്ന നിരക്കിലും'' എന്നതിനു പകരം ''അഞ്ചുശതമാനം എന്ന നിരക്കിലും'' എന്നതു ചേർക്കേണ്ടതാകുന്നു.

(2) (4)—ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''(4) വസ്തു കൈമാററത്തിൻമേലുള്ള നികുതിയിനത്തിൽ സംസ്ഥാനത്തുള്ള എല്ലാ പഞ്ചായത്തുകളിലും നിന്ന് ഈ വകുപ്പുപ്രകാരം പിരിക്കുന്ന തുക ഓരോ വർഷവും സംസ്ഥാനത്തിന് ഒട്ടാകെ എത്രയെന്നു കണക്കാക്കേണ്ടതും കളക്ഷൻ ചാർജ് ഇനത്തിൽ ആ തുകയുടെ മൂന്നു ശതമാനം കുറവു ചെയ്തിട്ട് എല്ലാ പഞ്ചായത്തുകൾക്കുമായി വിഭജിക്കേണ്ടതുമാകുന്നു.

(5) (4)–ാം ഉപവകുപ്പുപ്രകാരം പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടതായ തുകയുടെ എഴുപത്തിയഞ്ചു ശതമാനം പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയ ഏററവും ഒടുവിലത്തെ കാനേഷ്മാരിക്കണക്കനുസരിച്ചുള്ള പഞ്ചായത്ത് പ്രദേശങ്ങളുടെ ജനസംഖ്യയുടെ അനുപാതം അനുസരിച്ച് പഞ്ചായത്തുകൾക്ക് വിതരണം ചെയ്യേണ്ടതാണ്. പ്രസ്തുത തുകയുടെ ബാക്കിയുള്ള ഇരുപത്തിയഞ്ചുശതമാനം, വിസ്തീർണ്ണം, ലഭ്യമായ വിഭവങ്ങൾ, വികസനത്തിന്റെ ആവശ്യങ്ങൾ, പഞ്ചായത്തുഭരണത്തിന്റെ ചെലവുകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സർക്കാരോ അഥവാ പ്രത്യേകമോ പൊതുവോ ആയ ഉത്തരവുവഴി അവർ അധികാരപ്പെടുത്തിയ മററുദ്യോഗസ്ഥനോ നിശ്ചയിക്കാവുന്നപ്രകാരമുള്ള അനുപാതത്തിൽ പഞ്ചായത്തുകൾക്ക് വിഭജിച്ചുകൊടുക്കേണ്ടതാണ്.

44. 72–ാം വകുപ്പിൽ, (1)–ാം ഉപവകുപ്പിൻകീഴിലുള്ള വിശദീകരണത്തിനു പകരം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാകുന്നു, അതായത്:—

''വിശദീകരണം.—ഈ വകുപ്പുപ്രകാരം അനുവദിക്കുന്ന ഒഴിവാക്കൽ ഉടമസ്ഥൻമാർ വാടകയോ പാട്ടമോ ഈടാക്കുന്ന കെട്ടിടങ്ങൾക്കും ഭൂമികൾക്കും ആശുപത്രികളോടും, ഡിസ്പെൻസറികളോടും ലൈബ്രറികളോടും ചേർന്നുള്ള ഹോസ്ററലുകളോ താമസത്തിനുള്ള വസതികളോ അല്ലാത്ത സ്ക്കൂളുകളോടും കോളേജുകളോടും ചേർന്നുള്ള താമസത്തിനുള്ള വസതികൾക്കും ഉണ്ടായിരിക്കുന്നതല്ല.

45. 73–ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''73 വീട്ടുകരത്തിൻമേലുള്ള സർച്ചാർജ്.—(1) പഞ്ചായത്തിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, പഞ്ചായത്തുപ്രദേശത്തൊട്ടാകെ നിന്നുമോ അഥവാ അതിന്റെ ഏതെങ്കിലും പ്രത്യേകഭാഗത്തുനിന്നുമോ പ്രത്യേകം പറയുന്ന ഏതെങ്കിലും കാലത്തേക്ക് ഏതെങ്കിലും പദ്ധതിയോ പ്രോജക്ററോ ജോലിയോ സംബന്ധിച്ച് പഞ്ചായത്തിന് നേരിടേണ്ടിവന്ന ഏതെങ്കിലും അസാധാരണ ചെലവു നികത്തുന്നതിനായി 68–ാം വകുപ്പുപ്രകാരം ചുമത്തുന്ന വീട്ടുകരത്തിൻമേൽ ഒരു സർച്ചാർജ് ചുമത്താവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം ചുമത്തുന്ന ഏതൊരു സർച്ചാർജ്ജും, അത് 68–ാം വകുപ്പുപ്രകാരം ചുമത്തിയ വീട്ടുകരം എന്നപോലെ അതേ രീതിയിൽ ഡിമാൻഡുചെയ്യേണ്ടതും പിരിക്കേണ്ടതുമാകുന്നു.''

46. 75–ാം വകുപ്പിൽ ''കളക്ടർ'' എന്നവാക്കിനുപകരം ''സർക്കാർ'' എന്നവാക്ക് ചേർക്കേണ്ടതാകുന്നു.

47. 76–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പിൽ,—

(1) XIV–ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

''(XIV) സ്പെഷ്യൽ ഫണ്ടിലേക്കുള്ള ഗ്രാൻേറാ, അംശദാനങ്ങളോ ഒഴികെ, സർക്കാരിൽനിന്നോ ജില്ലാ കൗൺസിലിൽനിന്നോ ഒരു തദ്ദേശ

ധികാരസ്ഥാപനത്തിൽ നിന്നോ, ഏതെങ്കിലും ആളിൽ നിന്നോ ലഭിക്കുന്ന ഗ്രാൻറുകളും സ്വമേധയായോ അല്ലാതെയോയുള്ള അംശദാനവും.''

(2) XVI–ാം ഇനം വിട്ടുകളയേണ്ടതാകുന്നു.

48. 76–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

76എ. സ്പെഷ്യൽ ഫണ്ട്.—ഒരു പഞ്ചായത്ത്, പഞ്ചായത്തിനുവേണ്ടി ഒരു സ്പെഷ്യൽ ഫണ്ട് രൂപീകരിക്കാവുന്നതും അതിൽനിന്ന് പ്രത്യേകക്ഷേമ കാര്യങ്ങൾക്കുള്ള ചെലവുകൾ വഹിക്കേണ്ടതുമാകുന്നു. ഫണ്ടിൻെറ രൂപീകരണം വരുമാനം, സൂക്ഷിപ്പ്, ആഡിററ് വിനിയോഗം എന്നിവയുടെ നടപടിക്രമം ഉണ്ടാക്കാവുന്ന ചട്ടങ്ങൾമൂലം നിയന്ത്രിക്കേണ്ടതാകുന്നു.''

49. 77–ാം വകുപ്പിൽ.—

(1) (1)–ാം ഉപവകുപ്പിൽ, ''ഡയറക്ററർ'' എന്നതിനുപകരം ''തദ്ദേശാധികാരസ്ഥാന കമ്മീഷണർ'' എന്നത് ചേർക്കേണ്ടതാണ്;

(2) (3)–ാം ഉപവകുപ്പിൽ ''ഡയറക്ടറുടെയോ'' എന്നത് വിട്ടുകളയേണ്ടതാണ്.

(3) (4)–ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയ്ക്കുപകരം, താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും അംശദാനത്തിൻെറ തുക ആയിരം രൂപയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

(4) 5–ാം ഉപവകുപ്പിൽ, ''ഡയറക്ടറുടെ'' എന്നതിനുപകരം ''സർക്കാരിൻെറ'' എന്നതു ചേർക്കേണ്ടതാകുന്നു.

50. 78–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിൽ,—

(എ) ''ഡെപ്യൂട്ടി ഡയറക്ടർ'' എന്നു വരുന്ന രണ്ടു സ്ഥലങ്ങളിലും ആ വാക്കുകൾക്കുപകരം ''ജില്ലാ കൗൺസിൽ'' എന്നതു ചേർക്കേണ്ടതാകുന്നു.

(ബി) ''യഥാവിധി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻമാരോ'' എന്നതിനു പകരം ''ജില്ലാകൗൺസിലോ'' എന്നതു ചേർക്കേണ്ടതാകുന്നു.

(സി) ''അധികാരപ്പെടുത്തപ്പെട്ട മററു ഉദ്യോഗസ്ഥൻമാരോ'' എന്നതിനു പകരം ''ജില്ലാകൗൺസിലോ'' എന്നതു ചേർക്കേണ്ടതാകുന്നു;

(2) (2)–ാം ഉപവകുപ്പിൽ,—

(എ) ''ഡെപ്യൂട്ടി ഡയറക്ടർക്ക്'' എന്നതിനു പകരം ''ജില്ലാ കൗൺസിലിന്'' എന്നതു ചേർക്കേണ്ടതാകുന്നു;

(ബി) ''അദ്ദേഹത്തിന്'' എന്നതിനുപകരം ''അതിന്'' എന്നതു ചേർക്കേണ്ടതാകുന്നു;

(സി) ''അദ്ദേഹത്തിൻെറ'' എന്നതിനു പകരം ''അതിൻെറ'' എന്നതു ചേർക്കേണ്ടതാകുന്നു.

(3) (3)–ാം ഉപവകുപ്പിൽ ''ഡെപ്യൂട്ടി ഡയറക്ടർക്ക്'' എന്നു വരുന്ന രണ്ടു സ്ഥലങ്ങളിലും ആ വാക്കുകൾക്കുപകരം ''ജില്ലാകൗൺസിലിന്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

51. 80–ാം വകുപ്പിൽ, ''ഡയറക്ടറുടെ'' എന്നതിനും ''അദ്ദേഹം'' എന്നതിനുംപകരം ''സർക്കാരിന്റെ'' എന്നതും ''അവയുടെ'' എന്നതും ചേർക്കേണ്ടതാകുന്നു,—

52. 81–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ 1914–ലെ തദ്ദേശാധികാര സ്ഥാനവായ്പാ ആക്റ്റും (1914–ലെ 9–ാം കേന്ദ്ര ആക്റ്റ്) 1951–ലെ തിരുവിതാംകൂർ–കൊച്ചി തദ്ദേശാധികാരസ്ഥാപന വായ്പ ആക്റ്റും എന്നതിനുപകരം 1963–ലെ കേരള തദ്ദേശാധികാരസ്ഥാപന വായ്പാ ആക്റ്റ് (1963–ലെ 3)'' എന്നതു ചേർക്കേണ്ടതുകുന്നു.

53. 82–ാം വകുപ്പ് (1)–ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ ''ഒരു ജലസേചനപ്പണിയോ'' എന്ന വാക്കുകൾക്കിടയ്ക്ക് ''വൻകിട'' എന്ന വാക്ക് ചേർക്കേണ്ടതാകുന്നു;

54. 83–ാം വകുപ്പിൽ—

(1) ''കളക്റ്റർക്ക്'' എന്നതിനുപകരം ''ജില്ലാ കൗൺസിലിന്'' എന്നതു ചേർക്കേണ്ടതാകുന്നു.

(2) ''അങ്ങനെയുള്ള ആൾ'' എന്നു തുടങ്ങി ''പഞ്ചായത്തിന്കൊടുക്കേണ്ടതുമാകുന്നു'' എന്നവസാനിക്കുന്ന അവസാനത്തെ രണ്ടു വാചകങ്ങൾക്കും പകരം, താഴെപ്പറയുന്ന വാചകം ചേർക്കേണ്ടതാകുന്നു, അതായത്:—

''അങ്ങനെയുള്ള ആൾ നിർണ്ണയിക്കപ്പെടാവുന്നസമയത്തിനകം അംശദാനം നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ആ തുക 74–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം വസൂലാക്കപ്പെടുന്നതാണ്.''

55. 84–ാം വകുപ്പിൽ, (സി) എന്ന ഖണ്ഡത്തിൽ ''തഹസീൽദാരുടെ അഭിപ്രായത്തിൽ'' എന്നതു വിട്ടുകളയേണ്ടതാകുന്നു.

56. 85–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിൽ ''ഡയറക്റ്ററുടെ അനുമതിയോടുകൂടി'' എന്നതും ''അപ്രകാരമുള്ള അനുവാദത്തോടുകൂടി'' എന്നതുംവിട്ടുകളയേണ്ടതാണ്.

57. 86–ാം വകുപ്പിൽ—

(1) (3)–ാം ഉപവകുപ്പും അതിന്റെ വിശദീകരണവും വിട്ടുകളയേണ്ടതാകുന്നു.

(2) (4)–ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, ''25സെന്റ് 50 സെന്റ്'' എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം ''0.1 ഹെക്റ്റർ'' ''0.2 ഹെക്റ്റർ'' എന്നീ അക്കങ്ങളും വാക്കുകളും യഥാക്രമം ചേർക്കേണ്ടതാകുന്നു.

58. 91–ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനും ക്ലിപ്ത നിബന്ധനയിലും, ''കളക്റ്ററുടെ''എന്നതിനുപകരം ''റീജിയണൽട്രാൻസ്പോർട്ട് അതോറിററിയുടെ'' എന്നതു ചേർക്കേണ്ടതാകുന്നു.

59. 95–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പിൽ, ''ഏതൊരു ഉദ്യോഗസ്ഥനോ'' എന്നതിനുപകരം ''എക്സിക്യൂട്ടീവ് അധികാരസ്ഥനോ അഥവാ ഏതൊരു ഉദ്യോഗസ്ഥനോ'' എന്നതു ചേർക്കേണ്ടതാകുന്നു.

60. 96–ാം വകുപ്പിൽ ''ഡയറക്ടറുടെ മുൻ അനുവാദത്തോടുകൂടി'' എന്നത് വിട്ടുകളയണം.

61. 98–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിൽ ''ഡയറക്ടറുടെ'' അനുവാദത്തിന് വിധേയമായി എന്നത് വിട്ടുകളയേണ്ടതാണ്.

62. 102–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ ''നൂറുവാര'' എന്നതിനുപകരം ''തൊണ്ണൂറുമീററർ'' എന്നതു ചേർക്കേണ്ടതാകുന്നു.

63. 110–ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:–

''110 സർക്കാർ ലൈസൻസുകളും അനുവാദവും വാങ്ങേണ്ടതില്ലെന്ന്.— ഈ ആക്ററിലോ അഥവാ അതുപ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലോ, ഉപനിയമത്തിലോ, റഗുലേഷനിലോ ഉള്ള യാതൊന്നുംതന്നെ ഏതെങ്കിലും സംസ്ഥാന സർക്കാരിനേയോ അഥവാ കേന്ദ്ര സർക്കാരിനെയോ, അങ്ങനെയുള്ള സർക്കാരിൻെറ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും സ്ഥലത്തേയോ അഥവാ അതിൻെറ വകയായ ഏതെങ്കിലും വസ്തുവിനേയോ സംബന്ധിച്ച് ലൈസൻസ് എടുക്കുവാൻ ആവശ്യപ്പെടുന്നതായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.''

64. 111–ാം വകുപ്പിൽ, (1)–ാം ഉപവകുപ്പിൽ, (എ) എന്ന ഖണ്ഡത്തിൽ,

(i) ''ഒരു വൃക്ഷത്തിൻെറ ഏതെങ്കിലും ശാഖയോ'' എന്നതിനുപകരം ''ഒരു വൃക്ഷത്തിൻെറ ഏതെങ്കിലും ശാഖയോ മററു ഭാഗങ്ങളോ'' എന്നതു ചേർക്കേണ്ടതുമാകുന്നു.

(ii) ''ഏതെങ്കിലും എടുപ്പിനോ'' എന്നതിനുശേഷം ''ഏതെങ്കിലും കൃഷിക്കോ'' എന്നതു ചേർക്കേണ്ടതാകുന്നു.

65. 116–ാം വകുപ്പിനുപകരം, താഴെപറയുന്ന വകുപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:—

''116 വില്ലേജ് ആഫീസർമാരിൽനിന്നും വിവരം ആവശ്യപ്പെടുന്നതിനുള്ള അധികാരം.—(1) എക്സിക്യൂട്ടീവ് അധികാരസ്ഥന്, രേഖാമൂലമുള്ള ഉത്തരവുമൂലം പഞ്ചായത്തുപ്രദേശത്തുള്ള ഏതൊരു വില്ലേജ് ആഫീസറോടും അങ്ങനെയുള്ള വില്ലേജിനേയോ അതിൻെറ ഏതെങ്കിലും ഭാഗത്തേയോ അഥവാ അതിലെ ഏതെങ്കിലും ആളിനെയോ വസ്തുവിനേയോ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും സംഗതി സംബന്ധിച്ച് വിവരം ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഏതൊരുത്തരവും വില്ലേജ് ആഫീസർ അനുസരിക്കേണ്ടതുമാകുന്നു.

(2) ഏതുസമയത്തിനുള്ളിൽ അത് അനുസരിക്കണമെന്നുള്ളത് ഉത്തരവിൽ പ്രത്യേകം പറയേണ്ടതും എന്നാൽ എക്സിക്യൂട്ടീവ് അധികാരസ്ഥന് അങ്ങനെയുള്ള സമയം അപ്പപ്പോൾ നീട്ടി കൊടുക്കാവുന്നതുമാകുന്നു.

66. 118-ാം വകുപ്പിൽ, ഒന്നാം ക്ലിപ്ത നിബന്ധനയിൽ,—

(1) ''കളക്ടറോ അദ്ദേഹത്തിന്റെ കീഴിലുള്ള ആരെങ്കിലുമോ'' എന്നതിനുപകരം ''ലാൻഡ് റവന്യൂ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ'' എന്നതു ചേർക്കേണ്ടതാകുന്നു.

(2) ''കളക്ടറോ'' എന്നതിനുപകരം ''സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ'' എന്നത് ചേർക്കേണ്ടതാകുന്നു.

67. 112-ാം വകുപ്പിന്റെ തലക്കെട്ടിലും (1) -ാം ഉപവകുപ്പിലും വരുന്ന ''കാര്യനിർവ്വഹണാധികാരസ്ഥൻ'' എന്നതിനുപകരം ''സെക്രട്ടറി'' എന്നതു ചേർക്കേണ്ടതാകുന്നു.

68. 123-ാം വകുപ്പിൽ, ''കാര്യനിർവ്വഹണാധികാരസ്ഥന്റെയോ'' എന്നുവരുന്ന മൂന്നു സ്ഥലത്തും അതിനുപകരം ''സെക്രട്ടറിയുടെയോ'' എന്നതു ചേർക്കേണ്ടതാകുന്നു.

69. 124-ാം വകുപ്പിൽ ''കാര്യനിർവ്വഹണാധികാരസ്ഥന്റെയോ'' എന്നു വരുന്ന രണ്ടു സ്ഥലത്തും, അതിനുപകരം ''സെക്രട്ടറിയുടെയോ'' എന്നതുചേർക്കേണ്ടതാകുന്നു.

70. 126-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(1) ''കാര്യനിർവ്വഹണാധികാരസ്ഥൻ'' എന്ന് എവിടെയെല്ലാം വരുന്നോ അവിടെയെല്ലാം അവയ്ക്കുപകരം ''സെക്രട്ടറി'' എന്നതു ചേർക്കേണ്ടതാകുന്നു.

(2) ''ഡയറക്ടരുടെ'' എന്നതിനുപകരം ''സർക്കാരിന്റെ'' എന്നതു ചേർക്കേണ്ടതാകുന്നു.

71. 128-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡത്തിൽ ''എക്സിക്യൂട്ടീവ് അതോറിററി'', എന്ന വാക്കുകൾക്കു പകരം, അവ വരുന്ന രണ്ടു സ്ഥലങ്ങളിലും ''സെക്രട്ടറി'' എന്ന വാക്കു ചേർക്കേണ്ടതാണ്.

72. VII-ാം അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായവും വകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

''അദ്ധ്യായം VII എ.

128എ. താലൂക്ക് സമിതികൾ.—(1) ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, താലൂക്കിലെ എല്ലാ പഞ്ചായത്തുകളിലേയും പ്രസിഡൻറുമാർ അംഗങ്ങളായുള്ള ഒരു താലൂക്ക് സമിതി ഓരോ താലൂക്കിലും ഉണ്ടായിരിക്കേണ്ടതാണ്. അംഗങ്ങൾ, അവരിൽനിന്നു തന്നെ ഒരു പ്രസിഡൻറിനെ തെരഞ്ഞെടുക്കേണ്ടതാണ്.

(2) താലൂക്കിലുൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭയിലേയും ജില്ലാ കൗൺസിലിലേയും അംഗങ്ങൾ ആ താലൂക്കിന്റെ താലൂക്ക് സമിതിയിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളായിരിക്കുന്നതാണ്.

(3) കുറഞ്ഞപക്ഷം മൂന്നുമാസത്തിൽ ഒരിക്കലും ആവശ്യമാണെങ്കിൽ കൂടുതൽ പ്രാവശ്യവും സമിതി സമ്മേളിക്കേണ്ടതാണ്.

(4) താലൂക്കിലെ പഞ്ചായത്തുകളെ സംബന്ധിക്കുന്ന എല്ലാ പൊതു കാര്യങ്ങളും അനുയോജ്യമായ പരിഹാരം കണ്ടെത്തുന്നതിനായി സമിതിയിൽ ചർച്ചചെയ്യേണ്ടതാണ്.

(5) സമിതിയുടെ യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമം ഇതിനായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾമൂലം ക്രമീകരിക്കേണ്ടതാണ്.

(6) താലൂക്കിലെ വികസന പ്രവർത്തനങ്ങൾ താലൂക്ക് സമിതിയോടു കൂടിയാലോചിച്ച് ജില്ലാകൗൺസിൽ നടത്തേണ്ടതാണ്.

(7) ഇതിലേയ്ക്കായി നിർണ്ണയിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥൻ താലൂക്കു സമിതിയുടെ സെക്രട്ടറിയും കൺവീനറും ആയിരിക്കേണ്ടതാണ്.

വിശദീകരണം.—ഈ അദ്ധ്യായത്തിൽ, ''താലൂക്ക്'' എന്നതിന് ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി ഒരു താലൂക്കായി ഗവൺമെന്റ് വിജ്ഞാപനം ചെയ്ത പ്രദേശം എന്നർത്ഥമാകുന്നു.

73. 129—ാം വകുപ്പിൽ (2)—ാം ഉപവകുപ്പിലെ (XX) എന്ന ഇനത്തിൽ ''എക്സിക്യൂട്ടീവ് അതോറിററികൾ'' എന്ന വാക്കുകൾക്കുപകരം ''സെക്രട്ടറിമാർ'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

74. 130—ാം വകുപ്പിൽ (2)—ാം, ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

75. 131—ാം വകുപ്പിൽ ,''ഡയറക്ടർ'' എന്ന വാക്ക് വരുന്ന സ്ഥലങ്ങളിലെല്ലാം അതിനുപകരം ''ഗവൺമെന്റ്'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

76. 134—ാം വകുപ്പിൽ, രണ്ടാം ക്ലിപ്ത നിബന്ധനയിൽ ''കളക്ടർ'' എന്ന വാക്കിനു പകരം ''തദ്ദേശ ഗവൺമെന്റ് കമ്മീഷണർ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

77. 136—ാം വകുപ്പിൽ, ''എക്സിക്യൂട്ടീവ് അതോറിററി''എന്ന വാക്കുകൾക്കുപകരം ''സെക്രട്ടറി'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

78. 143—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ, ''ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, കളക്ടർ'' എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(2) (2)—ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

(3) (3)—ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) (1)—ാം ഉപവകുപ്പിൻകീഴിൽ ഏൽപ്പിച്ചു കൊടുത്ത ഏതൊരു അധികാര വിനിയോഗവും, നിർണ്ണയിക്കപ്പെടുന്നതോ അല്ലെങ്കിൽ വിജ്ഞാപനത്തിൽ നിർദ്ദേശിക്കപ്പെടാവുന്നതോ ആയ നിയന്ത്രണങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായിരിക്കേണ്ടതും ഗവൺമെന്റിന്റെയോ ഇതിലേക്കുവേണ്ടി ഗവൺമെന്റ് അധികാരപ്പെടുത്താവുന്ന വ്യക്തികളുടെയോ നിയന്ത്രണത്തിനും, പുനഃപരിശോധനയ്ക്കും വിധേയമായിരിക്കേണ്ടതും ആകുന്നു. അപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഏതൊരു വ്യക്തിയുടേയും പ്രവർത്തി

കളും നടപടികളും നിയന്ത്രിക്കുവാനും, പുനഃപരിശോധിക്കുവാനും ഗവൺമെൻറിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.''

(4) (4)—ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

79. 144—ാം വകുപ്പിൽ,—

(1) (2)—ാം ഉപവകുപ്പിൽ ''ഡെപ്യൂട്ടി ഡയറക്ടർ'' എന്ന വാക്കുകൾക്കു പകരം ''ഇതിലേക്കുവേണ്ടി നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (3)—ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) (i) ഗവൺമെൻറിന് വിവേചനം ഉപയോഗിച്ച് ഏതു സമയത്തും സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ—

(എ) 143—ാം വകുപ്പ് (1)—ാം ഉപവകുപ്പുപ്രകാരം ഗവൺമെൻറ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥാനമോ വ്യക്തിയോ, അല്ലെങ്കിൽ ആ വകുപ്പുപ്രകാരം അവർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ,

(ബി) മറേറതെങ്കിലും അധികാരസ്ഥാനമോ, ഉദ്യോഗസ്ഥനോ ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് പാസാക്കിയ ഏതെങ്കിലും ഉത്തരവിൻെറയോ അല്ലെങ്കിൽ രേഖപ്പെടുത്തിയ നടപടിയുടേയോ റിക്കാർഡുകൾ അങ്ങനെയുള്ള ഉത്തരവിൻെറ നിയമസാധുതയോ, അല്ലെങ്കിൽ അങ്ങനെയുള്ള നടപടിയുടെ ക്രമാനുസാരിത്വത്തേയോ സ്വയം ബോദ്ധ്യപ്പെടുന്നതിനു വേണ്ടി, ആവശ്യപ്പെടാവുന്നതും പരിശോധിച്ച് അതിൻമേൽ ഉചിതമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കാവുന്നതുമാണ്.''

(ii) (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട വിധത്തിലുള്ള അധികാരങ്ങൾ, ഗവൺമെൻറ് ഇതിനുവേണ്ടി അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനും ഉദ്യോഗസ്ഥനും വിനിയോഗിക്കാവുന്നതാണ്.''

80. 146—ാം വകുപ്പും അതിൽ പറഞ്ഞിട്ടുള്ള V—ാം പട്ടികയും വിട്ടുകളയേണ്ടതാണ്.

81. 148—ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

82. 149—ാം വകുപ്പ് (2)—ാം ഉപവകുപ്പിൽ ''കളക്ടർ'' എന്ന വാക്കിനു പകരം ''ഗവൺമെൻേറാ അല്ലെങ്കിൽ ഗവൺമെൻറിനാൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

83. I—ാം പട്ടികയ്ക്കുശേഷം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ് അതായത്:—

## പട്ടിക I എ

(16—ാം വകുപ്പ് നോക്കുക)

### സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുള്ള ഫാറം

......................പഞ്ചായത്തിലെ...............—ാം നമ്പർ വാർഡിൽ ഒരംഗമാകുന്നതിനുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായ...............എന്ന

ഞാൻ നിയമാധിഷ്ഠിതമായ ഇൻഡ്യൻ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും നിലനിറുത്തുമെന്നും, തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഭയാശങ്കകൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവു പ്രയോജനപ്പെടുത്തിയും നിർവ്വഹിക്കുമെന്നും ഈശ്വരനാമത്തിൽ സത്യ പ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

84. III-ം IV-ം പട്ടികകളിൽ ''സ്വകാര്യസയാഹ്ന ചന്തകളിൽ (അന്തിക്കട) ഫീസ് ചുമത്തൽ'' എന്ന ഇനവും അതിലുള്ള ഉപക്കുറിപ്പുകളും വിട്ടുകള യേണ്ടതാണ്.

85. V—ാം പട്ടികയ്ക്കുശേഷം താഴെപറയുന്ന പട്ടികകൾ ചേർക്കേണ്ട താണ്, അതായത്:—

## പട്ടിക VI

(57—ാം വകുപ്പ് നോക്കുക)

(i) വില്ലേജ് കോടതികളുടെ ചെലവ് നിർവ്വഹിക്കലും അവയുടെ സംരക്ഷണവും.

(ii) ചെറിയ ജലസേചന പണികളുടെ നിർമ്മാണവും സംരക്ഷണവും.

(iii) ഗവൺമെന്റ് വില്ലേജ് റോഡുകളായി തരംതിരിച്ചിട്ടുള്ള റോഡു കളുടെ നിർമ്മാണവും സംരക്ഷണവും.

(iv) പൊതു റോഡുകളിലും പൊതു സ്ഥലങ്ങളിലും വിളക്കു കത്തിക്കൽ.

(v) ഡ്രെയിനേജും ശുചീകരണവും.

(vi) ശ്മശാനം സ്ഥാപിക്കലും സംരക്ഷണവും.

(vii) ജലവിതരണത്തിനുള്ള ഏർപ്പാട്.

(viii) മാർക്കററുകളും, കശാപ്പുശാലകളും, ബസ്സ്ററാൻറുകളും, വണ്ടിപ്പുരകളും ഇറങ്ങുന്ന സ്ഥലങ്ങളും തങ്ങുന്ന സ്ഥലങ്ങളും, കടത്തുകളും, കുളിക്കുന്നതിനും, അലക്കുന്നതിനുമുള്ള സ്ഥല ങ്ങളും സ്ഥാപിക്കലും, സംരക്ഷണവും ലൈസൻസ് നൽകലും.

(ix) മേളകളും ഉൽസവങ്ങളും നിയന്ത്രിക്കൽ.—

(x) കന്നുകാലി പ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും വിളവ് മൽസരങ്ങളും നടത്തിക്കൽ.

(xi) ശിശുക്ഷേമം.

(xii) വിധവകളേയും വൃദ്ധരേയും അവശരേയും അംഗവൈകല്യ മുള്ളവരേയും ക്ഷയരോഗികളേയും സഹായിക്കൽ.

(xiii) വായനശാലകൾ, ലൈബ്രറികൾ, വിനോദകേന്ദ്രങ്ങൾ, കുട്ടി കളുടെ പാർക്കുകൾ, കമ്മ്യൂണിററി ഹാളുകൾ, കളിസ്ഥലങ്ങൾ, ഓപ്പൺ എയർ തീയേററുകൾ മുതലായവ സ്ഥാപിക്കലും സംരക്ഷിക്കലും പ്രോൽസാഹിപ്പിക്കലും.

(xiv) പഞ്ചായത്ത് സ്ക്കൂളുകളുടെ ഭരണവും സെക്കണ്ടറി സ്ക്കൂളുകളോട് ബന്ധപ്പെടാത്ത മററു പ്രീപ്രൈമറി സ്ക്കൂളുകളുടെയും പ്രൈമറി സ്ക്കൂളുകളുടെയും പൊതു മേൽനോട്ടവും.

(xv) സ്ക്കൂൾ കുട്ടികൾക്കുവേണ്ടി കലയിലും, നാടകത്തിലും, പ്രസംഗമത്സരത്തിലും, കായിക വിനോദങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കലും, കുട്ടികൾക്ക് മെറിററ് സ്ക്കോളർഷിപ്പുകൾ നൽകലും, സ്ക്കൂൾ ലൈബ്രറികൾ പ്രോൽസാഹിപ്പിക്കലും.

(xvi) കമ്മ്യൂണിററി ആസ്തികളും ആദായകരമായ സംരംഭങ്ങളും സ്ഥാപിക്കൽ.

(xvii) ജനനങ്ങളും, വിവാഹങ്ങളും, മരണങ്ങളും രജിസ്ററർ ചെയ്യൽ.

(xviii) സാംക്രമിക രോഗങ്ങൾക്കെതിരെ ഗോവസൂരി പ്രയോഗവും മററു നിവാരണ പരിഹാര നടപടികളും.

(xix) കുററകരവും അപകടകരവുമായ വ്യാപാരങ്ങൾ നിയന്ത്രിക്കലും അത്തരം വ്യാപാരങ്ങൾ ശരിയായ രീതിയിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യലും.

(xx) കന്നുകാലി പൗണ്ഡുകളുടെ നിയന്ത്രണവും; അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളേയും അവകാശിയില്ലാത്ത കന്നുകാലികളേയും കയ്യൊഴിക്കലും.

(xxi) അവകാശിയില്ലാത്ത മനുഷ്യരുടെ ശവശരീരങ്ങളും ജന്തുക്കളുടെ ശവശരീരങ്ങളും നശിപ്പിക്കൽ.

(xxii) പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും ചോലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും, പരിപാലിക്കലും സംരക്ഷിക്കലും.

(xxiii) പ്രകൃതിക്ഷോഭം കൊണ്ടോ മററു പ്രകാരത്തിലോ ദുരിതമനുഭവിക്കുന്ന ആളുകൾക്ക് ആശ്വാസം നൽകൽ.

## പട്ടിക VII

(57-ാം വകുപ്പ് നോക്കുക)

(i) കൃഷി

(എ) കൃഷിവികസനവും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കലും;

(ബി) ധാന്യസംഭരണശാലകൾ സ്ഥാപിക്കൽ;

(സി) പഞ്ചായത്തിൻെറ വകയായതോ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ ഉപയോഗശൂന്യമായതും തരിശായതും ആയ സ്ഥലങ്ങൾ കൃഷിക്ക് യുക്തമാക്കൽ;

(ഡി) വളസമൃദ്ധമായവയുടെ സംരക്ഷണം ഉറപ്പുവരുത്തലും പച്ചില വളങ്ങളുടെ സംസ്കരണവും, കമ്പോസ്ററുവളങ്ങൾ തയ്യാറാക്കലും വിൽപ്പനയും;

(ഇ) മേൽത്തരം വിത്തുകളുടേയും തൈകളുടേയും നഴ്സറികൾ സ്ഥാപിക്കലും, സംരക്ഷിക്കലും;

(എഫ്) ഉപകരണങ്ങൾ, സ്റോറുകൾ, കീടനാശിനികൾ മുതലായവയ്ക്ക് വക കൊള്ളിക്കൽ;

(ജി) കൂട്ടുകൃഷി അഭിവൃദ്ധിപ്പെടുത്തൽ;

(എച്ച്) വിള പരീക്ഷണങ്ങളുടെ നടത്തിപ്പും വിള സംരക്ഷണ പദ്ധതികൾ ആരംഭിക്കലും;

(ഐ) കർഷകരുടെ ക്ലബ്ബുകളേയും കൃഷിക്കാരുടെ മററു സംഘടനകളേയും പ്രോൽസാഹിപ്പിക്കൽ;

(ജെ) ഭൂപരിഷ്കരണ പദ്ധതിയുടെ നടത്തിപ്പിനെ സഹായിക്കൽ;

(കെ) മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കൽ.

(ii) മൃഗസംരക്ഷണം

(എ) കന്നുകാലികളേയും കന്നുകാലി വളർത്തലിനേയും അഭിവൃദ്ധിപ്പെടുത്തലും കന്നുകാലികളുടെ പൊതുവായ സംരക്ഷണവും;

(ബി) ഡയറി ഫാമുകൾ അഭിവൃദ്ധിപ്പെടുത്തൽ;

(സി) വിത്തുകാളകളേയും മുട്ടനാടുകളേയും സംരക്ഷിക്കൽ;

(ഡി) കോഴിവളർത്തലും തേനീച്ചവളർത്തലും അഭിവൃദ്ധിപ്പെടുത്തൽ.

(iii) വിദ്യാഭ്യാസവും സംസ്ക്കാരവും

(എ) തീയേററുകൾ സ്ഥാപിക്കലും സംരക്ഷിക്കലും ഉൾപ്പെടെ കലയും സംസ്ക്കാരവും അഭിവൃദ്ധിപ്പെടുത്തൽ;

(ബി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ;

(സി) പ്രശസ്തരായവർക്കും ചരിത്രപുരുഷൻമാർക്കും വേണ്ടി സ്മാരകങ്ങൾ നിർമ്മിക്കൽ.

(iv) സാമൂഹ്യക്ഷേമം

(എ) മാതൃശിശു ക്ഷേമവും കേന്ദ്രങ്ങളും അനാഥാലയങ്ങളും സ്ഥാപിക്കലും സംരക്ഷിക്കലും;

(ബി) കുടുംബക്ഷേമം;

(സി) ഗ്രാമവികസനത്തിനുവേണ്ടി സമൂഹജോലികൾക്കായി ശ്രമദാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ;

(ഡി) അനാഥാലയങ്ങളും, യാചകമന്ദിരങ്ങളും.

[1][(ഇ) നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന ബന്ധപ്പെട്ട കക്ഷികളുടെ ആവശ്യപ്രകാരമുള്ള, വിവാഹങ്ങളുടെ രജിസ്ററർ ചെയ്യലും അതു സംബന്ധിച്ച സർട്ടിഫിക്കററിനു വേണ്ടിയുള്ള അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കിക്കൊണ്ട് അങ്ങിനെയുള്ള സർട്ടിഫിക്കററ് നൽകലും].

[1] 1990-ലെ 18-ാം ആക്ററ് പ്രകാരം കൂട്ടിച്ചേർത്തത്.

(v) പൊതുജനാരോഗ്യവും ശുചീകരണവും

(എ) പൊതുജനാരോഗ്യം സംരക്ഷിക്കലും മെച്ചപ്പെടുത്തലും;

(ബി) ആരോഗ്യപ്രദമല്ലാത്ത പ്രദേശങ്ങൾ പുനരുദ്ധരിക്കൽ;

(സി) വൈദ്യസഹായം നൽകൽ;

(ഡി) മൃഗങ്ങൾക്കും, പക്ഷികൾക്കും പ്രതിരോധ കുത്തിവെയ്പ് നടത്തൽ;

(ഇ) ഡിസ്പെൻസറികൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ഗ്രാമീണ ഡോക്ടർമാർക്ക് സബ്സിഡി നൽകുകയും ചെയ്യൽ;

(എഫ്) മൽസ്യം, മാംസം മററ് ആഹാരസാധനങ്ങൾ എന്നിവ ശുചിയായി സൂക്ഷിക്കൽ.

(vi) പൊതുമരാമത്തുകൾ

(എ) കോളനൈസേഷൻ പദ്ധതി പ്രകാരവും പുനരധിവാസ പദ്ധതി പ്രകാരവും കെട്ടിടങ്ങൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യൽ;

(ബി) സത്രങ്ങളുടേയും ട്രാവലേഴ്സ് ബംഗ്ലാവുകളുടെയും റെസ്ററു ഹൗസുകളുടെയും നിർമ്മാണവും സംരക്ഷണവും;

(സി) പഞ്ചായത്തു ജീവനക്കാർക്കും മററു ഗ്രാമീണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കുംവേണ്ടിയുള്ള ഭവനങ്ങളുടെ നിർമ്മാണവും സംരക്ഷണവും;

(ഡി) തൊഴിലില്ലായ്മ അനുഭവപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ നൽകുന്നതിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തലും, സംരക്ഷിക്കലും.

(vii) പൊതുവായവ

(എ) പഞ്ചായത്തു പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കൽ;

(ബി) കുടിൽ വ്യവസായങ്ങളെയും ഗ്രാമവ്യവസായങ്ങളെയും അഭിവൃദ്ധിപ്പെടുത്തുകയും വികസിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യൽ;

(സി) മൽസ്യം വളർത്തൽ അഭിവൃദ്ധിപ്പെടുത്തൽ;

(ഡി) ലഘുസമ്പാദ്യം പ്രോൽസാഹിപ്പിക്കൽ;

(ഇ) പുരാവസ്തു എന്ന നിലയിൽ പ്രാധാന്യമുള്ള വസ്തുക്കളുടെ സംരക്ഷണം;

(എഫ്) പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സാമൂഹ്യവും സദാചാരപരവുമായ ക്ഷേമവും സാമൂഹ്യസമത്വവും അഭിവൃദ്ധിപ്പെടുത്തൽ; പിന്നോക്ക വിഭാഗക്കാരുടെ നില മെച്ചപ്പെടുത്തൽ; അഴിമതി നിർമ്മാർജ്ജനം ചെയ്യൽ; ചൂതുകളിയും തൊട്ടുകൂടായ്മയും മററ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും നിരുൽസാഹപ്പെടുത്തൽ;

(ജി) പഞ്ചായത്തു പ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെ ആരോഗ്യം, സുരക്ഷിതത്വം, വിദ്യാഭ്യാസം, സുഖസൗകര്യങ്ങൾ എന്നിവയോ അല്ലെങ്കിൽ സാമൂഹ്യമോ സാമ്പത്തികമോ സാംസ്കാരികമോ ആയ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ മററ് ഏതു് നടപടിയും പ്രവർത്തനവും,''

## അഞ്ചാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

## 1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ററ് (1961-ലെ 30) ന്റെ ഭേദഗതികൾ

1. 3-ാം വകുപ്പിൽ (15)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്,

അതായത്,—

''(15എ) ''ജില്ലാ കൗൺസിൽ'' എന്നതിന് 1979-ലെ കേരള ജില്ലാ ഭരണ ആക്ററ് 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച ജില്ലാ കൗൺസിൽ എന്ന് അർത്ഥമാകുന്നു.''

2. 5-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്,—

''5എ. ജില്ലാ കൗൺസിലിലെ അംഗങ്ങൾ മുനിസിപ്പൽ കോർപ്പറേഷനുകളിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ആയിരിക്കുന്നതാണെന്ന്.— ഒരു നഗരത്തിനകത്തുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജില്ലാ കൗൺസിലിലെ അംഗങ്ങൾ വോട്ടു ചെയ്യുന്നതിനോ മുനിസിപ്പൽ കോർപ്പറേഷനിൽ ഉദ്യോഗം വഹിക്കുന്നതിനോ അവകാശമില്ലാത്ത കോർപ്പറേഷൻ കൗൺസിലിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ആയിരിക്കുന്നതാണ്.''

3. IV-ാം ഭാഗത്തിലെ XIII-ാം അദ്ധ്യായത്തിനുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്,—

## ''അദ്ധ്യായം XIIIഎ

## ജില്ലാ കൗൺസിലുകൾ ഏൽപ്പിച്ചുകൊടുക്കുന്ന പ്രവർത്തികൾ

''366എ. ജില്ലാ കൗൺസിലുകൾ ഏൽപ്പിച്ചുകൊടുക്കുന്ന പ്രവർത്തികളുടെ നിർവ്വഹണം.—(1) ജില്ലാ കൗൺസിൽ നിർദ്ദേശിക്കാവുന്ന നിബന്ധന

കൾക്കും വ്യവസ്ഥകൾക്കും വിധേയമായി 1979–ലെ കേരള ജില്ലാ ഭരണ ആക്ററ്, ഒന്നാം പട്ടികയിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ജില്ലാ കൗൺസിൽ ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന പ്രവൃത്തികൾ ഒരു കോർപ്പറേഷൻ കൗൺസിൽ നിർവഹിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(2) (1)–ാം ഉപവകുപ്പുപ്രകാരം കോർപ്പറേഷൻ കൗൺസിലിന് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള പ്രവർത്തികൾ നിറവേററുന്നതിന് സഹായിക്കത്തക്ക വിധം വിഭവങ്ങളുടെ ലഭ്യതയ്ക്ക് വിധേയമായി, ജില്ലാ കൗൺസിൽ, ആവശ്യമുള്ള സാമ്പത്തികവും സാങ്കേതികവും മററുവിധത്തിലുമുള്ളതുമായ സഹായങ്ങൾ കോർപ്പറേഷൻ കൗൺസിലിന് നൽകേണ്ടതാണ്.

(3) (1)–ാം ഉപവകുപ്പിൻകീഴിൽ ഭരമേൽപ്പിച്ചിട്ടുള്ള പ്രവൃത്തികൾ നിറവേററുന്നതു സംബന്ധിച്ച് കോർപ്പറേഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പരിശോധിക്കുന്നതിനും ജില്ലാ കൗൺസിലിനും അതിലെ ജീവനക്കാർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (1)–ാം ഉപവകുപ്പിൻകീഴിൽ ഒരു കോർപ്പറേഷൻ കൗൺസിലിനെ പ്രവൃത്തികൾ ഭരമേൽപ്പിച്ചിട്ടുള്ള സംഗതിയിൽ, കോർപ്പറേഷൻ കൗൺസിൽ ആ പ്രവൃത്തികൾ നിർണ്ണയിക്കപ്പെട്ടാവുന്നതോ അഥവാ പൊതുവായതോ പ്രത്യേകമായതോ ആയ ഗവൺമെൻറ് ഉത്തരവുമൂലം നിശ്ചയിക്കാവുന്നതോ ആയ പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അപ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാകുന്നു.

## ആറാം പട്ടിക

(102–ാം വകുപ്പു നോക്കുക)

### 1960–ലെ കേരള മുനിസിപ്പാലിററി ആക്ററ് (1961–ലെ 14) ന്റെ ഭേദഗതി

(1) 3–ാം വകുപ്പിൽ,—

(1) (6)–ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(6) ''കളക്ടർ'' എന്നതിന് 1979–ലെ കേരള ജില്ലാ ഭരണ ആക്ററ് (2)–ാം വകുപ്പ് (പി) എന്ന ഖണ്ഡത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരമുള്ള ജില്ലാ കൗൺസിലിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നതും, ഗവൺമെൻറ് വിജ്ഞാപനം ചെയ്യാവുന്ന മററ് അധികാരസ്ഥാനമോ ആഫീസറോ ഉൾപ്പെടുന്നതുമാണ്.''

(2) (13)–ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത:—

13(എ) ''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 3–ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു.

2. 7–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാകുന്നു, അതായത്;—

"7എ. ജില്ലാകൗൺസിലുകളുടെ അംഗങ്ങൾ മുനിസിപ്പൽ കൗൺസിലുകളുടെ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കുമെന്ന്.—ഒരു മുനിസിപ്പാലിററിയിലെയോ അഥവാ അതിന്റെ ഒരു ഭാഗത്തെയോ പ്രതിനിധീകരിക്കുന്ന ജില്ലാ കൗൺസിൽ അംഗങ്ങൾ ആ മുനിസിപ്പൽ കൗൺസിലിൽ വോട്ടു ചെയ്യുന്നതിനോ സ്ഥാനം വഹിക്കുന്നതിനോ ഉള്ള അവകാശമില്ലാത്ത ആ മുനിസിപ്പൽ കൗൺസിലിന്റെ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കുന്നതാണ്."

3. IV–ാം ഭാഗത്തിൽ XIII–ാം അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

## അദ്ധ്യായം XIII എ

## ജില്ലാ കൗൺസിലുകൾ ഏൽപ്പിച്ചുകൊടുക്കുന്ന പ്രവൃത്തികൾ

"343എ. ജില്ലാ കൗൺസിലുകൾ ഏൽപ്പിച്ചുകൊടുക്കുന്ന പ്രവൃത്തികളുടെ നിർവഹണം.—(1) ജില്ലാ കൗൺസിൽ നിർദ്ദേശിക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 1979–ലെ കേരള ജില്ലാ ഭരണ ആക്ററ്, ഒന്നാം പട്ടികയിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ജില്ലാ കൗൺസിൽ ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന പ്രവൃത്തികൾ ഒരു മുനിസിപ്പൽ കൗൺസിൽ നിർവഹിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(2) (1)–ാം ഉപവകുപ്പുപ്രകാരം മുനിസിപ്പൽ കൗൺസിലിന് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള പ്രവൃത്തികൾ നിറവേററുന്നതിന് സഹായിക്കത്തക്ക വിധം വിഭവങ്ങളുടെ ലഭ്യതയ്ക്കു വിധേയമായി, ജില്ലാ കൗൺസിൽ, ആവശ്യമുള്ള സാമ്പത്തികവും, സാങ്കേതികവും മററുവിധത്തിലുള്ളതുമായ സഹായങ്ങൾ മുനിസിപ്പൽ കൗൺസിലിന് നൽകേണ്ടതാണ്.

(3) (1)–ാം ഉപവകുപ്പിൻ കീഴിൽ ഭരമേൽപ്പിച്ചിട്ടുള്ള പ്രവൃത്തികൾ നിറവേററുന്നതു സംബന്ധിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പരിശോധിക്കുന്നതിനും ജില്ലാ കൗൺസിലിനും അതിലെ ജീവനക്കാർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (1)–ാം ഉപവകുപ്പിൻ കീഴിൽ ഒരു മുനിസിപ്പൽ കൗൺസിലിനെ പ്രവൃത്തികൾ ഭരമേൽപ്പിച്ചിട്ടുള്ള സംഗതിയിൽ, മുൻസിപ്പൽ കൗൺസിൽ ആ പ്രവൃത്തികൾ നിർണ്ണയിക്കപ്പെടാവുന്നതോ അഥവാ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിശ്ചയിക്കാവുന്നതോ ആയ പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അപ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാകുന്നു.

## ഏഴാം പട്ടിക

(102–ാം വകുപ്പു നോക്കുക)

## 1960–ലെ കേരള ഗവൺമെൻറ് ഭൂമി പതിച്ചുകൊടുക്കൽ ആക്ററിനുള്ള (1960–ലെ 30) ഭേദഗതി

8–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്;—

''8എ. ജില്ലാ കൗൺസിൽ സർക്കാരിന്റെ അധികാരങ്ങൾ വിനിയോഗിക്കൽ.—അതതു സമയം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള പരിമിതികൾക്കും, നിയന്ത്രണങ്ങൾക്കും വിധേയമായി, കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിൽ ഈ ആക്റ്റ് പ്രകാരമുള്ള സർക്കാരിന്റെ അധികാരങ്ങൾ 7-ാം വകുപ്പിൻ കീഴിലുള്ളതൊഴികെ വിനിയോഗിക്കേണ്ടതാകുന്നു.

## എട്ടാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1972-ലെ കേരള സസ്യരോഗങ്ങളും കീടബാധകളും ആക്റ്റിനുള്ള (1972-ലെ 25) ഭേദഗതികൾ

1. (2)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''ജില്ലാ കളക്ടർ'' എന്നാൽ 1979-ലെ കേരള ജില്ലാ ഭരണ ആക്റ്റ് 2-ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്ന് അർത്ഥമാകുന്നതും, ജില്ലാ കൗൺസിൽ അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അതിലെ മററുദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു.

2. 15-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്:—

''15എ. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിൽ വിനിയോഗിക്കൽ.—നിർണ്ണയിക്കപ്പെടാവുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി, 16-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ ഒഴികെ, ഈ ആക്റ്റുപ്രകാരമുള്ള സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിലോ ജില്ലാ കൗൺസിൽ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്താവുന്ന അധികാരസ്ഥാനങ്ങളോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കേണ്ടതാണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യാർത്ഥം ''ജില്ലാ കൗൺസിൽ'' എന്നാൽ 1979-ലെ കേരള ജില്ലാ ഭരണ ആക്റ്റ് 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്ന് അർത്ഥമാകുന്നു.

## ഒൻപതാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1961-ലെ കേരള കന്നുകാലി അതിക്രമിച്ചു കടക്കൽ ആക്റ്റിനുള്ള (1961-ലെ 26) ഭേദഗതി

''2-ാം വകുപ്പ് (2)-ാം ഖണ്ഡത്തിൽ, ''1960-ലെ കേരള പഞ്ചായത്ത് ആക്റ്റ് (1960-ലെ 32) 2-ാം വകുപ്പ് (7)-ാം ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഡയറക്ടർ'' എന്നതിനുപകരം '' ഈ ആവശ്യത്തിനായി സർക്കാർ അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ'' എന്ന് ചേർക്കേണ്ടതാണ്.

## പത്താം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### തൂക്കങ്ങളും അളവുകളും (നടപ്പാക്കൽ) സംബന്ധിച്ച് 1958–ലെ കേരളാ ആക്ററിനുള്ള (1958–ലെ 45) ഭേദഗതി

41–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

"41എ. ജില്ലാ കൗൺസിലിനും അതിന്റെ ഉദ്യോഗസ്ഥൻമാർക്കും സർക്കാരിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന് ഗസററിൽ വിജ്ഞാപനം വഴിയും വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന തീയതി മുതലും 42–ം 43–ം വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ ഒഴികെ, ഈ ആക്ററിൻ കീഴിൽ അവരിൽ നിക്ഷിപ്തമായിരിക്കുന്ന അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാഭരണ ആക്ററ്, 1979, 3–ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലും അതിന്റെ ജീവനക്കാരും നിർണ്ണയിക്കപ്പെടാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്."

## പതിനൊന്നാം പട്ടിക

(102–ാം വകുപ്പു നോക്കുക)

### 1950–ലെ തിരുവിതാംകൂർ–കൊച്ചി ഫിഷറീസ് ആക്ററിനുള്ള (1950–ലെ 34) ഭേദഗതി

23–ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 എ. ജില്ലാ കൗൺസിലുകൾക്ക് സർക്കാരിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന് ഗസററിൽ വിജ്ഞാപനം വഴിയും വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന തീയതി മുതൽക്കും 4–ം, 9–ം, 18–ം, 22–ം വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററിൻ കീഴിലുള്ള അവരുടെ അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാ ഭരണ ആക്ററ്, 1979–ലെ 3–ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലും അതിലെ ജീവനക്കാരും സർക്കാർ പ്രത്യേകം പറയാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്."

## പന്ത്രണ്ടാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1927-ലെ ഇൻഡ്യൻ ഫിഷറീസ് (മദിരാശി ഭേദഗതി) ആക്റ്റുമൂലം (1929-ലെ 11-ാം മദിരാശി ആക്റ്റ്) ഭേദഗതി ചെയ്യപ്പെട്ട 1897-ലെ ഇൻഡ്യൻ ഫിഷറീസ് ആക്റ്റിനുള്ള (1897-ലെ 4-ാം കേന്ദ്ര ആക്റ്റ്) ഭേദഗതി

1. 8-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''8. ഈ ആക്റ്റിൻ കീഴിൽ താഴെപ്പറയുന്ന പാട്ടവും, ഫീസും, മററു തുകകളും വസൂലാക്കൽ.—ഈ ആക്റ്റിൻ കീഴിൽ അനുവദിച്ചതും ഫിഷറി സംബന്ധിച്ചതുമായ പാട്ടവും ലൈസൻസും ഇനത്തിൽ ഈ ആക്റ്റിൻ കീഴിൽ നല്കേണ്ടതായ എല്ലാ പാട്ടവും ഫീസും മററു തുകകളും അവ ഭൂനികുതി കുടിശ്ശികയായിരുന്നാൽ ഇങ്ങനെയോ അതേ രീതിയിൽ വസൂലാക്കേണ്ടതാണ്.''

2. 8-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

''9. ജില്ലാ കൗൺസിലുകൾക്ക് സർക്കാരിൻെറ അധികാരങ്ങളും കർത്തവ്യങ്ങളും ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഗസററിൽ വിജ്ഞാപനം വഴിയും വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന തീയതി മുതൽക്കു, 6-ാം വകുപ്പുപ്രകാരമുള്ള അധികാരം ഒഴികെ ഈ ആക്റ്റിൻ കീഴിലുള്ള അവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാകൗൺസിലും അതിലെ ജീവനക്കാരും സർക്കാർ പ്രത്യേകം പറയാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കു വിധേയമായി, വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.''

## പതിമൂന്നാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1955-ലെ തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ ആക്റ്റിനുള്ള (1955-ലെ 16) ഭേദഗതികൾ

1. 2-ാം വകുപ്പിൽ (6)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(6എ) ''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാ ഭരണ ആക്റ്റ്, 1978, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു.''

2. 154-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(154എ). സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിൽ വിനിയോഗിക്കൽ.—നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഈ ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സർക്കാരിന്റെ അധികാരവും 6 (2), 135, 161 എന്നീ വകുപ്പുകൾ പ്രകാരമുള്ള അവരുടെ അധികാരങ്ങളും ഒഴികെ ഈ ആക്റ്റ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ, കേരള ജില്ലാ ഭരണ ആക്റ്റ്, 1979 ഒന്നാം പട്ടിക 13–ാം ഇനത്തിൻ കീഴിൽ ജില്ലാ കൗൺസിൽ നിക്ഷിപ്തമാകുന്നിടത്തോളം, ജില്ലാ കൗൺസിലും ജില്ലാ കൗൺസിൽ അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അധികാരസ്ഥാനങ്ങളോ ജീവനക്കാരോ അവരും വിനിയോഗിക്കാവുന്നതാണ്.''

## പതിനാലാം പട്ടിക

(102–ാം വകുപ്പു നോക്കുക)

## 1939–ലെ മദിരാശി പൊതുജനാരോഗ്യ ആക്റ്റിനുള്ള (1939–ലെ III–ാം മദിരാശി ആക്റ്റ്) ഭേദഗതികൾ

1. 3–ാം വകുപ്പിൽ, (3)–ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''3(എ) ''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാ ഭരണ ആക്റ്റ് 1979, 3–ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു.''

2. 143എ. വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''143 ബി. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിൽ വിനിയോഗിക്കൽ.—നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഈ ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സർക്കാരിന്റെ അധികാരവും 2 (2), 2 (3) (ബി), 8 (2), 127 (1), 145 എന്നീ വകുപ്പുകൾ പ്രകാരമുള്ള അവരുടെ അധികാരങ്ങളും ഒഴികെ, ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ കേരള ജില്ലാ ഭരണ ആക്റ്റ്, 1979 ഒന്നാം പട്ടിക xiii–ാം ഇനത്തിൻകീഴിൽ ജില്ലാ കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത അധികാരങ്ങൾ ആവശ്യമാകുന്നിടത്തോളം, ജില്ലാ കൗൺസിലും ജില്ലാ കൗൺസിൽ അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അധികാരസ്ഥാനങ്ങളോ ജീവനക്കാരോ അവരും വിനിയോഗിക്കാവുന്നതാണ്.''

## പതിനഞ്ചാം പട്ടിക

(102–ാം വകുപ്പു നോക്കുക)

## 1956–ലെ തിരുവിതാംകൂർ–കൊച്ചി ജലസേചന ആക്റ്റിനുള്ള (1956–ലെ 7) ഭേദഗതികൾ

1. 2–ാം വകുപ്പിൽ—

(1) (1)–ാം ഖണ്ഡത്തിനു പകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(1) ''കളക്ടർ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979 2—ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ജില്ലാ സമിതിയുടെ സെക്രട്ടറി എന്നർത്ഥമാകുന്നു.

(2) (2)—ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(2എ) ''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 3—ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു.''

2. 3—ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''3 എ. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിലും അതിന്റെ ജീവനക്കാരും വിനിയോഗിക്കൽ.—42—ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററ്പ്രകാരം സർക്കാരിന് നൽകിയിട്ടുള്ള അധികാരങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, വൻകിടജലസേചന പദ്ധതികളല്ലാതുള്ള ജലസേചന പദ്ധതികളെ സംബന്ധിച്ച് ജില്ലാ കൗൺസിലിലോ അഥവാ അത് അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അധികാരസ്ഥനോ അഥവാ ഉദ്യോഗസ്ഥനോ വിനിയോഗിക്കേണ്ടതാകുന്നു.

## പതിനാറാം പട്ടിക

(102—ാം വകുപ്പ് നോക്കുക)

### 1952—ലെ തിരുവിതാംകൂർ—കൊച്ചി ജലസേചന കുളങ്ങൾ (സംരക്ഷണവും നന്നാക്കലും) ആക്ററിനുള്ള (1952—ലെ 23) ഭേദഗതി

1. 2—ാം വകുപ്പിൽ,—

(1) (1)—ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(1) ''കളക്ററർ'' എന്നാൽ, കേരള ജില്ലാ ഭരണ ആക്ററ്, 1979, 2—ാം വകുപ്പ് (പി) എന്ന ഖണ്ഡത്തിൽ നിർവചിച്ച പ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി, എന്നർത്ഥമാകുന്നു.''

2. (11)—ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(111)''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 3—ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു.

3. 3—ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''3(എ) സർക്കാരിൻെറ അധികാരങ്ങൾ ജില്ലാ കൗൺസിലും അതിൻെറ ജീവനക്കാരും വിനിയോഗിക്കൽ.—7–ാം വകുപ്പ് (2)–ാം ഉപവകുപ്പു പ്രകാരമുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററുപ്രകാരം സർക്കാരിന് നൽകിയിട്ടുള്ള അധികാരങ്ങൾ, ഗസററിൽ വിജ്ഞാപനംമൂലം സർക്കാർ പ്രത്യേകം പറയാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ജില്ലാ കൗൺസിലോ അഥവാ അത് അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അധികാരസ്ഥനോ അഥവാ ഉദ്യോഗസ്ഥനോ വിനിയോഗിക്കേണ്ടതാകുന്നു.''

## പതിനേഴാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1949–ലെ മദിരാശി ജലസേചന കുളങ്ങൾ (നന്നാക്കൽ) ആക്ററ് (1949–ലെ 19) നുള്ള ഭേദഗതി

1. 2–ാം വകുപ്പിൽ (എ) എന്ന ഖണ്ഡം ആ വകുപ്പിൻെറ (എഎ) എന്ന ഖണ്ഡമായി വീണ്ടും നമ്പരിടേണ്ടതും അങ്ങനെ നമ്പരിട്ട (എഎ) എന്ന ഖണ്ഡത്തിനുമുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാകുന്നു, അതായത്:—

(എ) ''ജില്ലാ കളക്ററർ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 2–ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.''

2. 7–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പ് (സി) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

3–ാം വകുപ്പുപ്രകാരം സർക്കാരിനുള്ള അധികാരങ്ങൾ, 1979–ലെ ജില്ലാ ഭരണ ആക്ററുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിലിനോ, മറേറതെങ്കിലും അധികാരസ്ഥാനത്തിനോ, ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനോ ഏൽപ്പിച്ചുകൊടുക്കലും അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിൻെറ ഉദ്യോഗസ്ഥൻെറയോ പ്രവൃത്തികളും നടപടികളും നിയന്ത്രിക്കലും അവയുടെ പുന:പരിശോധനയും.

## പതിനെട്ടാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1943–ലെ മദിരാശി ജലസേചനപ്പണികൾ (നന്നാക്കലും പരിഷ്ക്കരണവും നിർമ്മാണവും) ആക്ററിനുള്ള ഭേദഗതി)

(1943–ലെ 18–ാം മദിരാശി ആക്ററ്)

1. 6–ാം വകുപ്പിൽ, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

''വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യത്തിനായി 'ജില്ലാ കളക്ടർ'' എന്നാൽ, കേരള ജില്ലാ ഭരണ ആക്ററ്, 1974, 2–ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.

2. 7—ാം വകുപ്പ് (1)—ാം ഉപവകുപ്പിൽ, ''സംസ്ഥാനസർക്കാരിനു കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ''എന്ന വാക്കുകൾക്കുപകരം 1979 കേരള ജില്ലാ ഭരണ ആക്ററുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിലോ, ഏറേറതെങ്കിലും അധികാരസ്ഥാനമോ, സർക്കാരിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## പത്തൊൻപതാം പട്ടിക

(102—ാം വകുപ്പ് നോക്കുക)

### 1947—ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്ററിനുള്ള ഭേദഗതി (1947—ലെ 7)

1. 2—ാം വകുപ്പിൽ,—

(1) (എ) എന്ന ഖണ്ഡത്തിന് (എഎ) എന്ന ഖണ്ഡമായി നമ്പരിടേണ്ടതും അങ്ങനെ നമ്പരിട്ട (എഎ) ഖണ്ഡത്തിനുമുമ്പായി, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാകുന്നു, അതായത്:—

''(എ) ''കളക്ററർ'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979 2—ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.''

(2) (ബി) എന്ന ഖണ്ഡത്തിന് (ബിബി) എന്ന ഖണ്ഡമായി നമ്പരിടേണ്ടതും അങ്ങനെ നമ്പരിട്ട (ബിബി) ഖണ്ഡത്തിനു മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാകുന്നു, അതായത്:—

''(ബി) ജില്ലാ കൗൺസിൽ എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 3—ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നു''.

2. 2—ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''2എ. <u>സർക്കാരിൻെറ അധികാരങ്ങൾ ജില്ലാസമിതിയും അതിലെ ജീവനക്കാരും വിനിയോഗിക്കൽ.</u>—7—ാം വകുപ്പിനും 20—ാം വകുപ്പിനും കീഴിലുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററിൻകീഴിൽ സർക്കാരിനു നൽകിയിട്ടുള്ള അധികാരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ജില്ലാ കൗൺസിലോ അഥവാ അത് അധികാരപ്പെടുത്താവുന്ന മററു അധികാരസ്ഥനോ, വൻകിടപദ്ധതികളല്ലാതുള്ള ജലസേചനപ്പണികൾ സംബന്ധിച്ച് വിനിയോഗിക്കേണ്ടതാണ്.''

## ഇരുപതാം പട്ടിക

(102—ാം വകുപ്പ് നോക്കുക)

### 1955—ലെ മദിരാശി ജലസേചന (അഭിവൃദ്ധി നികുതി ചുമത്തൽ) ആക്ററിനുള്ള (1955—ലെ 3—ാം മദിരാശി ആക്ററ്) ഭേദഗതി

2—ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''2എ. <u>ജില്ലാ കൗൺസിലും അതിലെ ജീവനക്കാരും സർക്കാരിൻെറ അധികാരങ്ങൾ വിനിയോഗിക്കൽ.</u>—13—ാം വകുപ്പ് ഒഴികെ ഈ ആക്ററിൻ കീഴിൽ സർക്കാരിന് നൽകിയിട്ടുള്ള അധികാരങ്ങൾ വൻകിട പദ്ധതികള

ല്ലാത്ത ജലസേചനജോലികൾ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കും, നിയന്ത്രണങ്ങൾക്കും വിധേയമായി, കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിലിനോ അഥവാ അത് അധികാരപ്പെടുത്താവുന്നപ്രകാരമുള്ള മററ് അധികാരസ്ഥനോ ഉദ്യോഗസ്ഥനോ വിനിയോഗിക്കാവുന്നതാണ്.''

## ഇരുപത്തി ഒന്നാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1967-ലെ കേരള ജലസേചനപ്പണികൾ (കൂട്ടായ പ്രവർത്തനം മൂലം നടപ്പാക്കൽ) ആക്റ്റിനുള്ള ഭേദഗതി (1967-ലെ 20)

1. 2-ാം വകുപ്പിൽ, നിലവിലുള്ള (എ) എന്ന ഖണ്ഡത്തെ ആ വകുപ്പിന്റെ (എഎ) എന്ന ഖണ്ഡമായി വീണ്ടും നമ്പരിടേണ്ടതും അങ്ങനെ നമ്പരിട്ട (എഎ) എന്ന ഖണ്ഡത്തിനുമുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

''(എ) ''ജില്ലാകളക്ടർ'' എന്നാൽ കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 2-ാം വകുപ്പ് (പി) എന്ന ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.''

2. 12-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''12എ. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിലിന് ഏല്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഗസററിൽ വിജ്ഞാപനം മൂലവും, 7-ം, 8-ം, 12-ം വകുപ്പുകളിൻകീഴിലുള്ള അധികാരങ്ങൾ ഒഴികെയുള്ള ഈ ആക്റ്റിൻകീഴിൽ അവർക്കുള്ള അധികാരങ്ങളിൽ ഏതെങ്കിലും സർക്കാർ പ്രത്യേകം പറയാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലിന് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

## ഇരുപത്തി രണ്ടാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1961-ലെ കേരള സർവ്വേ—അതിരടയാള ആക്റ്റി (1961-ലെ 37) നുള്ള ഭേദഗതി

1. 2-ാം വകുപ്പിൽ (1)-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(1) ''കളക്റ്റർ'' എന്നാൽ കേരള ജില്ലാഭരണ ആക്റ്റ്, 1979, 2-ാം വകുപ്പ് (പി) എന്ന ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.''

2. 23–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''23എ. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിൽ വിനിയോഗിക്കൽ.—22–ാം വകുപ്പുപ്രകാരമുള്ള അധികാരം ഒഴികെ ഈ ആക്റ്റിൻകീഴിൽ സർക്കാരിനുള്ള അധികാരങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഈ ആവശ്യത്തിന് സർക്കാർ ഗസററിൽ വിജ്ഞാപനം ചെയ്യാവുന്ന തീയതി മുതൽ ജില്ലാ കൗൺസിലിന് വിനിയോഗിക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനായി, ''ജില്ലാ കൗൺസിൽ'' എന്നാൽ കേരള ജില്ലാഭരണ ആക്റ്റ്, 1979, 3–ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥമാകുന്നതും അതിൽ ജില്ലാ കൗൺസിലിനാൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും അധികാരസ്ഥനോ ജീവനക്കാരനോ ഉൾപ്പെടുന്നതുമാകുന്നു.

## ഇരുപത്തിമൂന്നാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### പാർക്കുകളും, കളിസ്ഥലങ്ങളും തുറസ്സായ സ്ഥലങ്ങളും (സൂക്ഷിക്കലും നിയന്ത്രിക്കലും) ചെയ്യുന്നത് സംബന്ധിച്ച് 1969–ലെ ആക്റ്റി(1969–ലെ 2) നുള്ള ഭേദഗതി

13–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''13എ. സർക്കാരിന്റെ ചില അധികാരങ്ങൾ ജില്ലാ കൗൺസിൽ വിനിയോഗിക്കൽ.—14–ാം വകുപ്പൊഴികെയുള്ള സർക്കാരിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കുവിധേയമായി, കേരള ജില്ലാഭരണ ആക്റ്റ്, 1979, 3–ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ വിനിയോഗിക്കേണ്ടതാണ്.''

## ഇരുപത്തിനാലാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1096–ലെ തിരുവിതാംകൂർ പൊതുതോടുകളും പൊതുകടത്തുകളും ആക്റ്റിനുള്ള (1096–ലെ 6) ഭേദഗതി

83–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''84. സർക്കാരിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ജില്ലാ കൗൺസിലിന് ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഗസററിൽ വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന തീയതി മുതല്ക്കും, X–ാം അദ്ധ്യായത്തിൻകീഴിലുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററിൻകീഴിൽ അവർക്കുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാ ഭരണ ആക്ററ്, 1979, 3–ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലും അതിന്റെ ഉദ്യോഗസ്ഥൻമാരും പ്രസ്തുത ആക്ററ് ഒന്നാം പട്ടികയിലെ (7)–ാം ഇനത്തിൻകീഴിൽ അതിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അവ ആവശ്യമാകുന്നിടത്തോളവും സർക്കാർ ഈ ആവശ്യത്തിനായി പ്രത്യേകം പറഞ്ഞിരിക്കാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.''

## ഇരുപത്തിയഞ്ചാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1890–ലെ മദിരാശി തോടുകളും പൊതു കടത്തുകളും ആക്ററി (1890–ലെ 2–ാം മദിരാശി ആക്ററ്) നുള്ള ഭേദഗതി

21–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''22 സർക്കാരിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ജില്ലാ കൗൺസിലിന് ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന് ഗസററിൽ വിജ്ഞാപനം മൂലവും വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന തീയതി മുതൽക്കും ഈ ആക്ററിൻകീഴിൽ അവർക്കുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാ ഭരണ ആക്ററ്, 1979, 3–ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലും അതിന്റെ ഉദ്യോഗസ്ഥൻമാരും പ്രസ്തുത ആക്ററ് ഒന്നാം പട്ടികയിലെ (7)–ാം ഇനത്തിൻകീഴിൽ അതിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അവ ആവശ്യമാകുന്നിടത്തോളവും സർക്കാർ ഈ ആവശ്യത്തിനായി പ്രത്യേകം പറഞ്ഞിരിക്കാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.''

## [1][ഇരുപത്തിയാറാം പട്ടിക

(102–ാം വകുപ്പ് കാണുക)

### 1082–ലെ കൊച്ചി—കടത്തുകളും ടോളും ആക്ററിനുള്ള ഭേദഗതി (1082–ലെ 111)

12–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''13. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിലിനും അതിന്റെ ഉദ്യോഗസ്ഥൻമാർക്കും ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന് ഗസററിൽ വിജ്

ഞാപനം മൂലവും വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന തീയതി മുതൽക്കും ഈ ആക്ററിൻകീഴിൽ അവർക്കുള്ള അധികാരങ്ങളും കർത്തവ്യങ്ങളും 1979-ലെ കേരള ജില്ലാ ഭരണ ആക്ററ്, 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ കൗൺസിലും അതിന്റെ ഉദ്യോഗസ്ഥൻമാരും പ്രസ്തുത ആക്ററ് ഒന്നാം പട്ടികയിലെ XI(7)-ാം ഇനത്തിൻകീഴിൽ അതിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് അവ ആവശ്യമാകുന്നിടത്തോളവും സർക്കാർ ഈ ആവശ്യത്തിനായി പ്രത്യേകം പറഞ്ഞിരിക്കാവുന്ന പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.'']

## ഇരുപത്തിയേഴാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1958-ലെ കേരള വിദ്യാഭ്യാസ ആക്ററി (1959-ലെ 6) നുള്ള ഭേദഗതി

34-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''34എ. അധികാരങ്ങൾ ജില്ലാ കൗൺസിലിനും അതിന്റെ ഉദ്യോഗസ്ഥൻമാർക്കും ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന് ഗസററിൽ വിജ്ഞാപനം മൂലവും നിശ്ചയിക്കപ്പെടാവുന്ന തീയതി മുതലും, 36-ാം വകുപ്പിൻ കീഴിലുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്ററിൻകീഴിൽ അവർക്കുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാഭരണ ആക്ററ് 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കൗൺസിലും, അതിന്റെ ഉദ്യോഗസ്ഥൻമാരും പ്രസ്തുത ആക്ററ് ഒന്നാം പട്ടികയിലെ XV-ാം ഇനത്തിൻകീഴിൽ അവരിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അവ ആവശ്യമാകുന്നിടത്തോളം വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.''

## ഇരുപത്തിയെട്ടാം പട്ടിക [1][omitted]

## ഇരുപത്തിഒൻപതാം പട്ടിക

(102-ാം വകുപ്പ് നോക്കുക)

### 1120-ലെ കൊച്ചി യാചക ആക്ററിനുള്ള (1120-ലെ 21) ഭേദഗതി

27-ാം വകുപ്പിനു ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''27എ. സർക്കാരിന്റെ അധികാരങ്ങൾ ജില്ലാ കൗൺസിലുകൾ വിനിയോഗിക്കൽ.—സർക്കാരിന് ഗസററിൽ വിജ്ഞാപനം മൂലവും വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന തീയതി മുതലും ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അവരുടെ അധികാരവും 1-ാം വകുപ്പു പ്രകാരമുള്ള അവരുടെ അധികാരവും ഒഴികെ ഈ ആക്ററ് പ്രകാരം അവർക്കുള്ള അധികാരങ്ങളും കർത്തവ്യങ്ങളും കേരള ജില്ലാഭരണ ആക്ററ്, 1979, 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാകൗൺസിലും അതിന്റെ ഉദ്യോഗസ്ഥൻമാരും പ്രസ്തുത

[1] 1990-ലെ 18-ാം ആക്ററ് പ്രകാരം വിട്ടുകളഞ്ഞത്.

ആക്ററ് ഒന്നാം പട്ടിക (3)—ാം ഇനത്തിൻകീഴിൽ അതിൽ നിക്ഷിപ്ത മായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമാകുന്നിടത്തോളവും സർക്കാർ ഈ ആവശ്യത്തിനായി പറഞ്ഞിരിക്കാവുന്ന പരിമിതികൾക്കും നിയന്ത്ര ണങ്ങൾക്കും വിധേയമായും വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവു ന്നതാണ്.''

## മുപ്പതാം പട്ടിക

(102—ാം വകുപ്പ് നോക്കുക)

### 1964—ലെ കേരള ഭൂവികസന ആക്ററി (1964—ലെ 17) നുള്ള ഭേദഗതി

1. 2—ാം വകുപ്പിൽ,—

(1) (എ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(2) (ബി) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർ ക്കേണ്ടതാണ്, അതായത്:—

''(ബി) കളക്ടർ എന്നാൽ കേരള ജില്ലാഭരണ ആക്ററ്, 1979, 2—ാം വകുപ്പ്(പി) എന്ന ഖണ്ഡത്തിൽ നിർവചിച്ച പ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.''

(3) (സി) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർ ക്കേണ്ടതാണ്, അതായത്:—

''(സി) ''ജില്ലാ കമ്മിററി'' എന്നാൽ കേരള ജില്ലാ ഭരണ ആക്ററ്, 1979, 3—ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ എന്നർത്ഥ മാകുന്നു.''

2. 3—ം 4—ം 5—ം 6—ം വകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

3. 7—ാം വകുപ്പിൽ,—

(1) (1)—ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(2) (2)—ാം ഖണ്ഡത്തിൽ ''ബോർഡിന്റെ നിർദ്ദേശാനുസരണം'' എന്ന വാക്കുകൾ വിട്ടുകളയണം.

(3) (4)—ാം ഖണ്ഡത്തിൽ ''കൂടെ'' എന്ന വാക്ക് വിട്ടുകളയേണ്ട താണ്.

(4) (5)—ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

4. 7എ. വകുപ്പിൽ, ''ബോർഡോ അല്ലെങ്കിൽ'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

5. 9—ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''9. പദ്ധതികൾ തയ്യാറാക്കൽ.—(1) ജില്ലാ കമ്മിററിക്ക്, അങ്ങനെ ചെയ്യേണ്ടത് ആവശ്യമെന്നുതോന്നുന്നപക്ഷം, ജില്ലയിലുള്ള ഏതെങ്കിലും പ്രത്യേക പ്രദേശത്തിനുവേണ്ടി ഒരു കരടു പദ്ധതി തയ്യാറാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കിയ കരടു പദ്ധതിയിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) പദ്ധതിയുടെ ഉദ്ദേശങ്ങൾ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഭൂമികളുടെ അതിരുകളും ഏകദേശ വിസ്തീർണ്ണവും;

(സി) ഈ പദ്ധതി മൂലം ബാധിക്കപ്പെടുന്ന സർക്കാരും, ജില്ലാ കമ്മിററിയും ഉൾപ്പെടെയുള്ള ആളുകളും;

(ഡി) പദ്ധതിയിൻകീഴിൽ ചെയ്യേണ്ടതായ ജോലി;

(ഇ) ജോലി ഏത് ഏജൻസിയോ ഏജൻസികളോ വഴി ചെയ്യണമോ ആ ഏജൻസിയോ, ഏജൻസികളോ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ.

(3) കരട് പദ്ധതി തയ്യാറാക്കുന്നതിൻമേൽ ജില്ലാ കമ്മിററി താഴെ പറയുന്ന കാര്യങ്ങൾക്കായി അന്വേഷണ ഉദ്യോഗസ്ഥൻ എന്നു വിളിക്കുന്ന ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്''.

6. 12-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''12. പദ്ധതിക്കുള്ള അനുമതി.—(1) അന്വേഷണ ഉദ്യോഗസ്ഥ ന്റെ ആക്ഷേപങ്ങളും റിപ്പോർട്ടും ശുപാർശകളും ജില്ലാ കമ്മിററി അദ്ദേഹത്തിൽ നിന്നും ആവശ്യപ്പെടാവുന്ന ഏതെങ്കിലും കൂടുതൽ റിപ്പോർട്ടുകളും പരിഗണിച്ച ശേഷം ജില്ലാ കമ്മിററിക്ക് ഭേദഗതിയോടുകൂടിയോ കൂടാതെയോ കരട് പദ്ധതിക്ക് അനുമതി നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുമതി നൽകപ്പെട്ട പ്രകാരമുള്ള പദ്ധതി ഗസററിൽ വിജ്ഞാപനംമൂലം പ്രസിദ്ധപ്പെടുത്തേണ്ടതും ഏത് സ്ഥലത്തും ഏതുസമയത്തും പദ്ധതി പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വച്ചിരിക്കുമെന്ന് അങ്ങനെയുള്ള നോട്ടീസിൽ പറഞ്ഞിരിക്കേണ്ടതുമാകുന്നു.

(3) പ്രസ്തുത പദ്ധതി (2)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം ഗസററിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയിലും അന്നുമുതൽക്കും പ്രാബല്യത്തിൽ വരുന്നതാണ്.

7. 14-ാം വകുപ്പിൽ,—

(1)-ാം ഉപവകുപ്പിൽ ''ഗവൺമെൻറ്'' എന്ന വാക്കിനുപകരം ''ജില്ലാ കമ്മിററി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (5)—ാം ഉപവകുപ്പിൽ ''ബോർഡോ'' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

8. 15—ാം വകുപ്പിൽ ''ഗവൺമെൻറ്'' എന്ന വാക്ക് വരുന്നിടത്തെല്ലാം അവയ്ക്കുപകരം ''ജില്ലാ കമ്മിററി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 16—ാം വകുപ്പിൽ ''ഗവൺമെൻറ്'' എന്നുവരുന്ന സ്ഥലങ്ങളിലെല്ലാം അവയ്ക്കുപകരം ''ജില്ലാ കമ്മിററി'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. 19—ാം വകുപ്പിൽ (ഡി)-ം (ഇ)—ം ഖണ്ഡങ്ങൾക്കുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(ഡി) ജില്ലാ കമ്മിററിയുടെ സെക്രട്ടറിയോ പ്രസിഡൻേറാ അഥവാ അവരാൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ ആളോ.''

11. 22—ാം വകുപ്പിൽ, ഗവൺമെൻറ് എന്ന വാക്കിനുപകരം ജില്ലാ കമ്മിററി എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. 23—ാം വകുപ്പിൽ ''ഗവൺമെൻറ്'' എന്ന വാക്കിനുപകരം ജില്ലാ കമ്മിററി എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 27—ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്:—

''27. തുക ഭൂനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതാണെന്ന്.— ജില്ലാ കമ്മിററിയോ അഥവാ ജില്ലാ കമ്മിററിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ടതോ അഥവാ അവർക്ക് വസൂലാക്കേണ്ടതോ ആയ എല്ലാ തുകകളും ഭൂനികുതി കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കേണ്ടതാകുന്നു.''

14. 29—ാം വകുപ്പിൽ ''ബോർഡിലേയും ജില്ലാ കമ്മിററിയിലേയും ചെയർമാനും അംഗങ്ങളും'' എന്ന വാക്കുകൾക്കുപകരം ''ജില്ലാ കമ്മിററികളുടെ പ്രസിഡൻറും അംഗങ്ങളും'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു.

15. 30—ാം വകുപ്പ് (1)—ാം ഉപവകുപ്പിൽ ''ഗവൺമെൻറിനോ, ബോർഡിനോ'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

16. 31—ാം വകുപ്പിൽ,—

(1) ശീർഷകത്തിൽ, ''ബോർഡിൻേറയോ'' എന്നത് വിട്ടുകളയണം.

(2) ''നടപടികൾ'' എന്ന വാക്കിനുശേഷം വരുന്ന ''ബോർഡോ അല്ലെങ്കിൽ ഒരു'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

17. 32—ാം വകുപ്പ് വിട്ടുകളയണം.

## മുപ്പത്തിഒന്നാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്റ്റിനുള്ള (1961–ലെ 20) ഭേദഗതി

12–ാം വകുപ്പ് (3)–ാം ഉപവകുപ്പിലുള്ള വിശദീകരണത്തിൽ (11) എന്ന ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(11) ഒരു പഞ്ചായത്തുണ്ടാക്കിയ ഉപനിയമങ്ങൾക്ക് അവ ബാധകമാകുന്നതും സംഗതിയിൽ, ഈ ആവശ്യത്തിന് സർക്കാർ അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള അധികാരസ്ഥാനങ്ങളോ ഉദ്യോഗസ്ഥൻമാരോ എന്നർത്ഥമാകുന്നു."

## മുപ്പത്തിരണ്ടാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1958–ലെ കേരള സിനിമ (നിയന്ത്രിത) ആക്റ്റിനുള്ള (1958–ലെ 32) ഭേദഗതി

2–ാം വകുപ്പിൽ, (1)–ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(എ) "ജില്ലാ കളക്ടർ" എന്നാൽ കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 2–ാം വകുപ്പ് (പി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു.

## മുപ്പത്തിമൂന്നാം പട്ടിക

(102–ാം വകുപ്പ് നോക്കുക)

### 1961–ലെ കേരള ഭൂനികുതി ആക്റ്റിനുള്ള (1961–ലെ 13) ഭേദഗതി

9–ാം വകുപ്പിന് താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിനായി, "കളക്ടർ" എന്നാൽ കേരള ജില്ലാ ഭരണ ആക്റ്റ്, 1979, 2–ാം വകുപ്പ് (പി) എന്ന ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ജില്ലാ കൗൺസിൽ സെക്രട്ടറി എന്നർത്ഥമാകുന്നു."

## [1]["മുപ്പത്തിനാലാം പട്ടിക

(102–ാം വകുപ്പ് കാണുക)

### 1980–ലെ കേരള സമുദ്ര മൽസ്യബന്ധന (നിയന്ത്രണ) ആക്റ്റിന്റെ (1981–ലെ 10) ഭേദഗതി

2–ാം വകുപ്പിൽ, (സി) ഖണ്ഡത്തോട് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

[1] 1990–ലെ 18–ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

എന്നാൽ, 1979-ലെ കേരള ജില്ലാ ഭരണ ആക്ററ് 3-ാം വകുപ്പുപ്രകാരമുള്ള ജില്ലാ കൗൺസിലിന്റെ രൂപീകരണത്തിൻമേൽ, 9, 10, 11 എന്നീ വകുപ്പുകളുടെ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നാൽ ഗസററിൽ വിജ്ഞാപനംമൂലം ജില്ലാ കൗൺസിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് അർത്ഥമായിരിക്കുന്നതാണ്.'']

[1][മുപ്പത്തഞ്ചാം പട്ടിക

(102-ാം വകുപ്പ് കാണുക)

1957-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ്

ആക്ററിന്റെ (1957-ലെ 9) ഭേദഗതി

16-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''16എ. ജില്ലാകൗൺസിലുകളുടെയും മററ് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അധികാരങ്ങൾ.—(1) 1979-ലെ കേരള ജില്ലാ ഭരണ ആക്ററ് 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാ കൗൺസിലുകൾക്കും മററ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും യഥാക്രമം തങ്ങളുടെ അധികാരിതയ്ക്കുള്ളിൽ ഖാദി-ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള പദ്ധതികൾ ബോർഡിന്റെ മുൻപാകെ, അതിന്റെ അംഗീകാരത്തിനും സഹായത്തിനുംവേണ്ടി സമർപ്പിക്കാവുന്നതുമാണ്.

(2) ബോർഡ് അതിന്റെ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനായി, കഴിയുന്നിടത്തോളം, ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏജൻസി ഉപയോഗപ്പെടുത്തേണ്ടതാണ്.'']

[1][''മുപ്പത്താറാം പട്ടിക

(102-ാം വകുപ്പ് കാണുക)

1989-ലെ കേരള പബ്ലിക് ലൈബ്രറി (കേരള ഗ്രന്ഥശാലാ സംഘം)

ആക്ററിന്റെ (1989-ലെ 15) ഭേദഗതി

(1) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോട് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ 1979-ലെ കേരള ജില്ലാ ഭരണ ആക്ററ് 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഒരു ജില്ലാ കൗൺസിൽ ഉള്ളിടത്ത്, ഈ വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം, നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ആ ജില്ലാ കൗൺസിലിന് വിനിയോഗിക്കാവുന്നതാണ്.''

1. 1990-ലെ 18-ാം ആക്ററ്പ്രകാരം കൂട്ടിച്ചേർത്തത്.

(2) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ''സർക്കാർ വിജ്ഞാപനം ചെയ്ത തീയതിമുതൽ'' എന്ന വാക്കുകൾക്കുപകരം ''വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോട് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''1979-ലെ കേരള ജില്ലാ ഭരണ ആക്റ്റ് 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഒരു ജില്ലാ കൗൺസിൽ ഉള്ളിടത്ത്, ഈ ഉപവകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം, നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ആ ജില്ലാ കൗൺസിലിന് വിനിയോഗിക്കാവുന്നതാണ്.''

(4) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ''സർക്കാർ വിജ്ഞാപനം ചെയ്ത തീയതിമുതൽ'' എന്ന വാക്കുകൾക്കുപകരം ''വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.'']

---

LIBRARY & DOCUMENTATION CENTRE
National Institute of Educational
Planning and Administration.
17-B, Sri Aurobindo Marg,
New Delhi-110016 D-7812
DOC, No ........
Date ........ 26-1-92
NIEPA DC
D07812